**നിയമനിർമ്മാണകാര്യം**

1. 2013–ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പ്രമേയവും

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2013–ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2013 –ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് പ്രമേയം ഞാൻ അവതിരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, കേരള ഭൂപരിഷ്ക്കരണ നിയമത്തിന്റെ നൂലാമാലകളിൽ കുരുങ്ങി, മിച്ചഭൂമിയാണെന്നറിയാതെ ജന്മിമാരിൽനിന്നും ധാരാളം ആളുകൾ വിലകൊടുത്തുവാങ്ങി കബളിപ്പിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ആൾക്കാരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുന്നതിനുവേണ്ടിയാണ് 2005–ൽ 11–ാം കേരള നിയമസഭ ഭൂപരിഷ്കരണ നിയമം പാസാക്കുകയും 05–10–2006–ൽ പ്രസിഡന്റിന്റെ അനുമതി ലഭിക്കുകയും 2006 –ലെ 21–ാം ആക്റ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തത്. 2006–ലെ 21–ാം ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1963–ലെ കേരള ഭൂപരിഷ്കരണ

ആക്ടിലെ 7 ഇ വകുപ്പുപ്രകാരം, 1963–ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ പ്രാരംഭ തീയതിക്കും 2005–ലെ ഭൂപരിഷ്കരണ (ഭേദഗതി) ആക്റ്റിന്റെ (2006–ലെ 21) പ്രാരംഭ തീയതിക്കും ഇടയിലുള്ള കാലയളവിൽ പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞ ഭൂമി കൈവശമുണ്ടായിരുന്ന ഏതെങ്കിലും ആളിൽനിന്നും അയാളോ അയാളുടെ മുൻഗാമിയോ പ്രതിഫലം നൽകി വാങ്ങുക വഴിയോ മറ്റ് വിധത്തിലോ ആർജ്ജിച്ച നാലു ഹെക്ടറിൽ കവിയാത്ത വ്യാപ്തിയുള്ള ഏതെങ്കിലും ഭൂമി കൈവശമുള്ള ഏതൊരാളും ഒരു കുടിയാനായി കരുതപ്പെടുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ, 'സീറോ ലാന്റ്ലെസ്' പദ്ധതി വിഭാവനം ചെയ്യുന്ന പ്രകാരം ഭൂരഹിതരായ പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള മിച്ചഭൂമിയുടെ ലഭ്യതയിൽ കുറവ് വരുത്തുന്നതിനും സർക്കാരിന്റെ വികസനപ്രവർത്തനങ്ങളെ ദോഷകരമായി ബാധകമാകുന്നതിനും കാരണമാകുന്നതാണ്. ആയതിനാൽ 7–ഇ വകുപ്പുപ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 4 ഹെക്ടറിൽനിന്നും 1 ഹെക്ടർ, 61 ആർ 87 ചതുരശ്ര മീറ്റർ (4 ഏക്കർ) ആയി പരിമിതപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

അതുപോലെ 2012–ലെ 6–ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്ത പ്രസ്തുത ആക്ടിലെ 81–ാം വകുപ്പ് (4)–ാം ഉപവകുപ്പുപ്രകാരം തോട്ടവും, അതിനോടനുബന്ധമായോ അങ്ങനെയുള്ള തോട്ടങ്ങൾക്കുള്ളിൽ വ്യാപിച്ചുകിടക്കുന്നതോ ആയ ഭൂമിയും കൈവശമുള്ള ഒരാൾക്ക്, കൈവശഭൂമിയുടെ വ്യാപ്തിയുടെ 5 ശതമാനത്തിൽ കവിയാത്ത ഭാഗം ഉദ്യാന കൃഷിക്കോ, വാനിലയുടെയോ, ഔഷധസസ്യങ്ങളുടെയോ, മറ്റ് കാർഷിക വിളകളുടെയോ

കൃഷിക്കോ അല്ലെങ്കിൽ ഹോട്ടലുകളോ, റിസോർട്ടുകളോ, മറ്റ് വിനോദ സഞ്ചാര പദ്ധതികളോ സ്ഥാപിക്കുന്നതിനും അതുമായി അനുബന്ധമായിട്ടുള്ളതോ ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ഇളവ് പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള രൂക്ഷമായ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും തോട്ടങ്ങളെ തോട്ടങ്ങളുമായി ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്കായി വൻതോതിൽ പരിവർത്തനപ്പെടുത്തുന്നതിന് കാരണമാവുകയും ചെയ്തു. ആയതിനാൽ മേൽപ്പറഞ്ഞ വ്യാപ്തിയിലുള്ള ഭൂമി ഉപയോഗിക്കുന്നതിന്മേൽ ചട്ടങ്ങൾവഴി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും അതിനുവേണ്ടി 81-ാം വകുപ്പ് (4)-ാം ഉപവകുപ്പ് അനുയോജ്യമായ ഭേദഗതി ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി, 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. ഇ. പി. ജയരാജൻ: ഒരു ഏക്കർ 60 ആർ എന്നുള്ളതിന് എന്താണ് അടിസ്ഥാനം; ഒരേക്കർ ആക്കിയാൽ പോരേ?

മി. സ്പീക്കർ: നമുക്ക് ഇന്നത്തെ ഈ മൂന്ന് ബില്ലുകൾക്ക് കൂടി 14 പേർ സംസാരിക്കാനുണ്ട്.

ശ്രീ. സാജു പോൾ: സർ, 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ബഹുമാന്യരായ ശ്രീ. ഇ.

പി. ജയരാജനും എ.കെ. ബാലനും സി. ദിവാകരനും ഈ ബില്ലുമായി ബന്ധപ്പെട്ടുള്ള കുറേ പ്രശ്നങ്ങൾ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഭൂമി എല്ലാം പോയി. നാടൻ ഭാഷയിൽ പറഞ്ഞാൽ വണ്ടി പോയതിനുശേഷം കൈകാണിക്കുന്ന രീതിയിൽ ഭൂമിയെല്ലാം ഏതെല്ലാമോ ആളുകളുടെ കൈവശമെത്തി. അതിനുശേഷം നിയമനിർമ്മാണം നടത്തി, കേരളത്തിൽ ഒരിക്കലും കഴിയാത്ത പലരുടെയും കൈവശമുള്ള അല്ലെങ്കിൽ മറ്റുപലരും അന്യാധീനമാക്കിയ ഭൂമി തിരികെയെടുത്ത് പ്രയോജനപ്രദമാക്കും എന്നുള്ള നിലയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഉണ്ണായിവാര്യർ നളചരിതം ആട്ടക്കഥയിൽ വളരെ മനോഹരമായി എഴുതിവച്ചിട്ടുണ്ട്:

> "പാഥസാംനിചയംവാർന്നൊഴിഞ്ഞളവു
> സേതുബന്ധനോദ്യോഗമെന്തെടോ?
>
> നലമുള്ളൊരുനവഗുണപരിമളനേ
> നളനെന്നൊരുനൃപനെ അവൾ വരിച്ചു."

ദമയന്തിയേയുംകൊണ്ട് നളൻ പോയി. വെള്ളം മുഴുവൻ ഒഴുകിപ്പോയി കഴിഞ്ഞിട്ട് ചിറകെട്ടിയിട്ട് എന്തുകാര്യം? അങ്ങേയ്ക്ക് വളരെ കൃത്യമായിട്ടറിയാമല്ലോ; ഭൂമി മുഴുവൻ പോയിക്കഴിഞ്ഞശേഷം ഇവിടെ നിയമം നിർമ്മിച്ച് അതെല്ലാം തിരികെ എടുക്കുമെന്നോ ഉപയോഗപ്രദമാക്കുമെന്നോ അല്ലെങ്കിൽ നിയമവിധേയമാക്കുമെന്നോ ഉള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ആഗ്രഹമാണ് ഈ ബിൽ അവതരിപ്പിച്ചതിലൂടെ അദ്ദേഹം ഇവിടെ പ്രകടിപ്പിക്കുന്നത്. അത് യാഥാർത്ഥ്യമായാൽ നല്ലത്. പക്ഷേ അതിനൊരു സാദ്ധ്യതയുമില്ല എന്നാണ് എനിക്കുമുമ്പ് സംസാരിച്ച നേതാക്കന്മാർ സൂചിപ്പിച്ചത്. നമ്മുടെ കേരളം സാക്ഷരസുന്ദരമായ ഒരു സംസ്ഥാനമാണ്. നൂതന വികസന സംസ്കാരമാണ്

നമുക്കുള്ളതെന്ന് നാം അഭിമാനിക്കുകയാണ്. അങ്ങനെയുള്ള ഈ മലയാള ക്കരയെ രൂപപ്പെടുത്തിയ നിയമമാണ് കേരള ഭൂപരിഷ്കരണ ബിൽ. അത് ആരെല്ലാം നിഷേധിച്ചാലും നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാക്കിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ മാറ്റിനിർത്തിയിട്ടുള്ള ഒരു ചരിത്രം കേരളത്തിൽ നമുക്ക് ഉണ്ടാക്കാൻ കഴിയില്ല. 1957-ൽ ഭൂപരിഷ്കരണമെന്ന വാക്കു പോലും ഇന്ത്യയിൽ ഒരിടത്തും ഉച്ചരിക്കപ്പെട്ടിട്ടില്ല. ഭൂപരിഷ്കരണം മാത്രമല്ല വിദ്യാഭ്യാസ പരിഷ്കാരം, സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം, കുടുംബശ്രീ ഇങ്ങനെ കേരളത്തിൽ നടപ്പാക്കിയ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ, തികഞ്ഞ തൊഴിലാളിവർഗ്ഗത്തോട് ആഭിമുഖ്യം പുലർത്തി കർഷക ജനസാമാന്യത്തോട് ആത്മാർത്ഥത പ്രകടിപ്പിച്ച് ഈ കേരളത്തിൽ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ കൊണ്ടുവന്ന അത്തരം ചരിത്ര പരിഷ്കാരങ്ങളെ നമുക്ക് നിഷേധിക്കാൻ കഴിയുമോ; 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തി ആറാം ദിവസമാണ് ഇവിടെ കുടിയൊഴിപ്പിക്കൽ നിരോധിക്കാൻ തീരുമാനമെടുത്തത്. അങ്ങനെ ചരിത്രത്തിൽ ഏറ്റവും തങ്കലിപികളാൽ രേഖപ്പെടുത്തപ്പെട്ട ഒരു തീരുമാനമെടുത്ത് ലക്ഷക്കണക്കിന് ജനങ്ങൾക്ക് അവർ തലചായ്ക്കുന്ന സ്ഥലങ്ങൾ അവരുടേതാക്കിമാറ്റിക്കൊടുത്ത ചരിത്രപരമായ ഒരു തീരുമാനം ആ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആറാം ദിവസമെടുത്തു. സഖാവ് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് ആയിരുന്നു ആ ഗവൺമെന്റിൽ മുഖ്യമന്ത്രിയായിരുന്നത്. ശ്രീമതി കെ. ആർ. ഗൗരിയമ്മ ആയിരുന്നു റവന്യൂ വകുപ്പുമന്ത്രി. സഖാവ് എം. എൻ. ഗോവിന്ദൻ നായർ ആയിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാനസെക്രട്ടറി. 25 ലക്ഷം കുടുംബങ്ങൾക്കാണ് അന്ന് ഭൂമി ലഭിച്ചത്. ഇപ്പോൾ 50-60 വർഷക്കാലം

പിന്നിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അന്നത്തെ കേരളമാണോ ഇന്നത്തെ കേരളം? അന്ന് നിലത്ത് കുഴികുത്തി തേക്ക് ഇലവച്ച് കഞ്ഞികൊടുത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അടിച്ചമർത്തപ്പെട്ട പട്ടികജാതി–പട്ടികവർഗ്ഗ പിന്നോക്കക്കാർക്കും ഈഴവാദി ജനവിഭാഗങ്ങൾക്കും വഴിനടക്കാനും ആരാധനാലയങ്ങളിൽ പോകാനും വിദ്യ അഭ്യസിക്കാനും കഴിയാത്ത ഒരു കാലഘട്ടമായിരുന്നു. ഇന്ന് നമ്മുടെ വീടുകളിലെ വളർത്തുമൃഗങ്ങൾക്കുപോലും നിലത്ത് കുഴികുത്തി അതിനകത്ത് തേക്ക് ഇലവച്ച് കഞ്ഞി കൊടുക്കുന്നുണ്ടോ; പക്ഷേ അങ്ങനെയുള്ള കേരളത്തെയാണ് സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നുവിളിച്ചത്. അങ്ങനെയുള്ള കേരളത്തെ മാറ്റിമറിച്ച ഏറ്റവും വലിയ നിയമനിർമ്മാണമായിരുന്നു കാർഷിക ഭൂപരിഷ്കരണ നടപടികൾ എന്നുപറയുന്നത്. അങ്ങനെ 25 ലക്ഷം കൂടുംബങ്ങൾക്കാണ് ഭൂമി ലഭിച്ചത്. അന്ന് 91 ശതമാനം ആളുകളും കുടികിടപ്പുകാരായിരുന്നു. കേവലം 9 ശതമാനം ആളുകൾ മാത്രമാണ് അന്ന് ഭൂമിയുടെ ഉടമസ്ഥരായി ഉണ്ടായിരുന്നത്. ജന്മിമാരുടെ ദയകാത്തിരുന്ന 91 ശതമാനം ജനങ്ങൾക്കാണ് കേരളത്തിലെ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ തലചായ്ക്കാൻ ഒരിടം എന്ന അവന്റെ സ്വപ്നം യാഥാർത്ഥ്യമാക്കിക്കൊടുത്തത്.

ശ്രീ. കെ. രാജു: ഭേദഗതി ബില്ലിലൂടെ നിലവിലിരുന്ന ഭൂപരിഷ്കരണ നിയമത്തിന് വിരുദ്ധമായി അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. തീർച്ചയായും ഈ സമൂഹം മുഴുവനും ഇതിനെ എതിർക്കേണ്ടതല്ലേ?

ശ്രീ. സാജു പോൾ: അതിനോട് നമ്മൾ യോജിക്കുന്നില്ല എന്നുള്ള താണ് ഇവിടെ സൂചിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേര ളത്തിൽ നമുക്ക് മറക്കാൻ കഴിയാത്ത "പാമ്പുകൾക്ക് മാളമുണ്ട് പറവ കൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല" എന്നുള്ള അവസ്ഥയിൽനിന്ന് കേരളം മാറിയെന്നത് നിഷേധിക്കാൻ കഴിയുമോ; 1957-ൽ 9 ശതമാനം ഭൂമിയുള്ളവരിൽ നിന്നും ഇന്ന് കേരളത്തിലെ 93 ശത നമാനം ആളുകൾ ഭൂമിയുള്ളവരായി മാറി. 7 ശതമാനത്തോളം വരുന്ന കുടുംബങ്ങൾ മാത്രമാണ് സ്വന്തമായി ഭൂമിയില്ലാത്തവരായി സർക്കാരിന്റെ തന്നെ കണക്കുകൾ പ്രകാരമുള്ളത്. ഇങ്ങനെ മാറിയ കേരളത്തിന്റെ ചരിത്രം ഇഴപിരിച്ചറിയുന്നതിന് കെ. ദാമോദരന്റെ പാട്ടബാക്കിയും എ.കെ.ജി.യുടെ മണ്ണിനുവേണ്ടിയും ഇ.എം.എസ്.-ന്റെ ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രവും തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകളും ചെറുകാട്-ന്റെ ഭൂപ്രഭുവും ഇ. കെ. നായനാരുടെ കേരളം ഒരു രാഷ്ട്രീയ പരീക്ഷണശാലയും പട്ടം മുതൽ ഉമ്മൻചാണ്ടിവരെ എന്ന ഡോ. ഡി. ബാബുപോളിന്റെ പുസ്തകവും ലോന പ്പൻ നമ്പാടന്റെ സഞ്ചരിക്കുന്ന വിശ്വാസിയും മുതൽ എത്രയോ ഈടുറ്റ ഗ്രന്ഥങ്ങൾ കേരളത്തിലുണ്ടായി. ഈ പറഞ്ഞതൊക്കെ അംഗീകരിക്കാൻ പറ്റാ ത്തവർ കെ.എം. മാത്യുവിന്റെ എട്ടാമത്തെ മോതിരമെങ്കിലും വായിച്ചാൽ മതി. ശ്രീ. പി.സി. ജോർജിനെപ്പോലെയുള്ളവർ ഇതൊക്കെ ഒന്ന് പഠിക്കുന്നത് നല്ല താണ്. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ഞാൻ ഇവിടെ ഈ കാര്യ ങ്ങളെല്ലാം വിശദീകരിക്കുമ്പോൾ എഴുപതുകളിൽ നടന്ന ഭൂമിയേറ്റെടുക്കൽ പ്രവർത്തനവും മിച്ചഭൂമി കണ്ടുകെട്ടലുമായി ബന്ധപ്പെട്ട് 100 ഏക്കർ ഭൂമി

നഷ്ടപ്പെട്ട കുടുംബത്തിലെ ഒരംഗമാണ് ഞാൻ. അത് ഞാൻ ഇവിടെ മറച്ചു വയ്ക്കുന്നില്ല. ആ നൂറേക്കർ സ്ഥലത്ത് കുടികിടപ്പുകാരായിരുന്ന നിരവധി യാളുകൾക്ക് ഭൂമി നൽകിക്കൊണ്ട് ബാക്കി തോട്ടം നിയമത്തിന്റെ എല്ലാം പരി ധിയിൽപ്പെട്ട് നിയമപരമായി മാത്രം കൈവശം വയ്ക്കാവുന്ന ഭൂമിമാത്രം കൊണ്ടുനടന്ന് തലമുറ അവകാശമായി കൈമാറി ലഭിച്ച, ഞാനായിട്ട് ഒന്നും സമ്പാദിച്ചിട്ടില്ല. എന്റെ പിതാവും അദ്ദേഹത്തിന്റെ പിതാവും കൈവശം വച്ചി രുന്നതിൽ നിയമപരമായി ഞങ്ങൾക്ക് കൂടുംബാവകാശമായി നൽകാവുന്ന ഭൂമി മാത്രമേ ഇന്നിപ്പോൾ ഞങ്ങളുടെ കൈവശമുള്ളൂ. എന്റെ കുടുംബ ത്തിന് 100 ഏക്കർ സ്ഥലം ആണ് നഷ്ടപ്പെട്ടതെങ്കിൽ അമ്പതിനായിരപ്പറ പാട്ട മായി വാരമായി ലഭിച്ചിരുന്ന എളങ്കുളം മനയ്ക്കലെ ഇ.എം. ശങ്കരൻ നമ്പൂതി രിപ്പാടിന്റെ ആ ത്യാഗത്തെ എങ്ങനെയാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുക; ആർക്കെങ്കിലും വിലയിരുത്താൻ പറ്റുമോ;

പട്ടാമ്പിയിലെ തമ്പുരാൻ എന്ന് വിളിക്കപ്പെട്ടിരുന്ന മഹാനായ സഖാവ് ഇ.എം.എസ്. ഈ കേരളത്തിനുവേണ്ടി ചെയ്ത സേവനങ്ങൾ......... അമ്പതിനാ യരപ്പറ പാട്ടമായി വാരമായി ലഭിച്ചിരുന്ന കുടുംബത്തിലെ അംഗമാണ് അദ്ദേഹം. ഇന്നിപ്പോൾ പല ഭരണാധികാരികളുടെയും അവരുടെ ബന്ധുമി ത്രാദികളുടെയും ആസ്തികൾ അവർ അധികാരം കയ്യാളിത്തുടങ്ങുമ്പോൾ ഉണ്ടായിരുന്നതിൽ നിന്ന് സങ്കൽപ്പിക്കാൻ കഴിയാത്തത്ര ഉയരത്തിലും ഉന്നത ങ്ങളിലും എത്തിച്ചേരുകയല്ലെ; അപ്പോൾ മാധവേട്ടനെപ്പോലെയുള്ള ആളു കൾക്ക് ഇ.എം.എസ്. ചെയ്ത കാര്യം, അമ്പതിനായരപ്പറ പാട്ടമായി വാരമായി ലഭിച്ചിരുന്ന എളങ്കുളം മനയ്ക്കലെ ആ തമ്പുരാൻ തൈയ്ക്കാട് വൈദ്യുതി

ശ്മശാനത്തിൽ എരിഞ്ഞടങ്ങുമ്പോൾ, തലചായ്ക്കാൻ ആറടി മണ്ണുപോലും ഇല്ലാതിരുന്ന അവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ കഴിയില്ല. പേനെടുക്കുന്നതിന് മൂട്ട കൂലി എന്നുള്ള നിലയ്ക്ക് നമ്മൾ നിൽക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, എളങ്കുളം മനയല്ല, ഏലങ്കുളം മനയാണ്. ആ മനയുടെ പേര് തെറ്റിക്കല്ലെ.

ശ്രീ. സാജു പോൾ: സർ, ഇ.എം.എസ്.നെക്കുറിച്ച് അത്രയെങ്കിലും ബഹുമാന്യനായ ശ്രീ. എം. ഉമ്മർ ഇവിടെ പറഞ്ഞത്...... ഞാൻ പറഞ്ഞുവന്നപ്പോൾ മാറിപ്പോയതാണ്. ഏലങ്കുളം മനയ്ക്കലെ ഇ.എം.എസ്.നെക്കുറിച്ച് നമുക്കറിയണമെങ്കിൽ ഏലങ്കളം മനയ്ക്കലെ കാര്യസ്ഥനായ നാരായണൻ നായരുടെ മകൻ പെരിന്തൽമണ്ണ ഹയർ സെക്കണ്ടറി സ്കൂളിലെ ഗോവിന്ദൻ നായർ എന്ന വിദ്യാർത്ഥിയോട് uncrowned King അഥവാ unruled King എന്ന വാക്ക് വാക്യത്തിൽ പ്രയോഗിക്കാൻ പറയുന്നുണ്ട്. The Nampoothirippad of Elamkulam Mana is the uncrowned King of Elamkulam Desam എന്നാണ് അവിടെ എഴുതിവച്ചത്. അത്രമാത്രം നമുക്ക് സങ്കല്പിക്കാൻ കഴിയാത്തത്ര ത്യാഗം ചെയ്ത മഹാനായ ഒരു നേതാവിന്റെ നേതൃത്വത്തിൽ നടന്ന നിയമത്തെയാണ് ഇവിടെ നമ്മൾ വികൃതവൽക്കരിക്കാൻ ശ്രമിക്കുന്നതെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാൻ ഇതിവിടെ പറഞ്ഞത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാന്യനായ നമ്പൂതിരിപ്പാടിന്റെ സ്ഥലം കൊടുത്തതും ശ്രീ. സാജു പോളിന്റെ പിതാവ് സ്ഥലം കൊടുത്തതും..... ശ്രീ. സാജുവിന്റെ കുടുംബത്തെക്കുറിച്ച് അദ്ദേഹത്തെപ്പോലെ എനിക്കും അറിയാം. ഒരു വിവാദത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ പ്രശ്നം, ഇതെങ്ങനെ വികൃതവൽക്കരിക്കപ്പെടും എന്നതാണ്. പത്തര ഏക്കർ

കസ്റ്റഡിയിൽ വെയ്ക്കാവുന്നത് നാല് ഏക്കർ മിച്ചഭൂമിയായി കുറയ്ക്കണമെന്ന നിയമം ആണിത്, കൂട്ടണമെന്ന് പറയുന്നതല്ല. ശ്രീ. സാജു പോൾ പറയുന്നത് കേട്ടാൽ ഇത് കൂട്ടാൻ പോകുകയാണെന്ന് തോന്നും. നമ്മൾ ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഉണ്ടാക്കിയ നിയമനിർമ്മാണങ്ങളിലൂടെ കൈവശം വെയ്ക്കാവുന്നതിന്റെ പരിധി കുറച്ചുകൊണ്ടുവരണം എന്നുപറയുന്ന നിയമത്തെ എങ്ങനെ വികൃതവൽക്കരിക്കും?

<u>ശ്രീ. സാജു പോൾ:</u> സർ, ബഹുമാന്യനായ മന്ത്രി ശ്രീ. അടൂർ പ്രകാശിനോ അല്ലെങ്കിൽ ശ്രീ. ബെന്നി ബെഹനാനോ ഈ നിയമ ഭേദഗതി വഴി ഇത്ര ഏക്കർ സ്ഥലം ഇത്ര നാൾക്കകം ഏറ്റെടുക്കുമെന്ന് ഈ സഭയിൽ ഉറപ്പു പറയാൻ പറ്റുമോ; ഇവിടെ സീറോലാന്റ് എന്നൊക്കെ പറഞ്ഞ് എത്രയെത്ര പരിപാടികളാണ്, ഭൂരഹിതരില്ലാത്ത കേരളത്തിന്റെയൊക്കെ വിശദാംശങ്ങൾ ഞാൻ ഇപ്പോൾ പറയുന്നില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കാൻവേണ്ടി ഇവിടെ ബഹുമാനപ്പെട്ട ശ്രീമതി സോണിയാ ഗാന്ധിയടക്കം വന്ന് കേരളത്തിലെ നാലയ്യായിരത്തോളം റവന്യൂ ജീവനക്കാർ, 142 ബസ്സിൽ ആളുകൾ തിരുവനന്തപുരത്തേയ്ക്ക് വന്നു, 1300 ഓളം ഫ്ളക്സ് ബോർഡുകൾ വച്ചു, എന്നിട്ട് ആളുകൾക്ക് ഭൂമി കിട്ടിയത് എവിടെയാണ്; മൂന്നാറിലുള്ള വരയാടുകളെപ്പോലെ ചരിഞ്ഞ സ്ഥലത്ത് ജീവിക്കാൻ പഠിച്ചാൽ മാത്രമേ അവർക്ക് കിട്ടിയ മൂന്ന് സെന്റ് സ്ഥലത്ത് ചെല്ലാൻ പറ്റുകയുള്ളൂ. കാരണം അത്തരം കീഴുക്കാംതൂക്കായ മലനിരകളിലൂടെ സഞ്ചരിച്ചുവേണം അവിടെ ചെന്നെത്തേണ്ടത്. ബഹുമാന്യനായ ശ്രീ. കെ. എം. മാണി സാറിനൊക്കെ അറിയാം, ആ മൂന്ന് സെന്റ് സ്ഥലത്ത് ആർക്കെങ്കിലും ചെല്ലാനോ അവിടെ വീട് വെയ്ക്കാനോ പറ്റുമോ? വലിയ പർവ്വതങ്ങളൊക്കെ കയറിയിറ

ങ്ങുന്ന പട്ടാളക്കാർക്കോ അതുപോലെ പരിശീലനം കിട്ടിയ ആളുകൾക്കോ ഒരുപക്ഷേ ആ സ്ഥലത്ത് ചെല്ലാൻ പറ്റുമായിരിക്കും. അല്ലാതെ ആർക്കെങ്കിലും ചെല്ലാൻ പറ്റുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങിവിടെ 1957–ലെ ഭൂനിയമം എന്നുപറയുന്നുണ്ട്. കേരളത്തിൽ ഭൂനിയമം പാസ്സാക്കിയത് 1963–ൽ ശ്രീ. പി. റ്റി. ചാക്കോയുടെ കാലത്താണ്. അതാണ് ഇവിടെ മാറ്റം വരുത്തുന്നത്. അപ്പോൾ 1957–ൽ ഈയൊരു നിയമം പാസ്സാക്കിയിട്ടില്ല എന്നത് അങ്ങ് ബോധപൂർവ്വം മറച്ചുവെയ്ക്കുകയാണോ?

ശ്രീ. സാജു പോൾ: സർ, 1957–ൽ നിയമം പാസ്സാക്കിയിട്ടില്ല. പക്ഷെ, കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നത് നിർത്തിവച്ചത് 1957–ലെ ഗവൺമെന്റാണ്. 1963–ൽ നിയമം പാസ്സാക്കി. 1969-ൽ കൊണ്ടുവന്ന നിയമത്തെ വീണ്ടും വെള്ളം ചേർത്തുകൊണ്ടാണ് 1970–ൽ വന്ന ഗവൺമെന്റ് ഇവിടെ നടപ്പിലാക്കിയത്. അതിന്റെ നിബന്ധനകളിലൊക്കെ ഒരുപാട് മാറ്റം വരുത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാനിപ്പോൾ പോകുന്നില്ല. ഇവിടെ യഥാർത്ഥത്തിൽ ഭൂപരിഷ്കരണം പോയി. ഇന്നിവിടെ മുഴുവൻ ഭൂപരിവർത്തനമാണ് നടക്കുന്നത്. ഭൂവുടമ പോയി ഭൂമാഫിയ വന്നു. അതുപോലെതന്നെ ജീവിക്കാനും കൃഷിചെയ്യാനുമുള്ള ഭൂമി തട്ടിപ്പുകാർക്കുള്ള ഉപാധിയായി മാറി. ഇതാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. ഇവിടെ അടുത്ത കാലത്തുണ്ടായ ആറന്മുള, പ്ലാച്ചിമട, ചെങ്ങറ, ആറളം, കടകംപള്ളി, കളമശ്ശേരി മുതലായ ഭൂപ്രശ്നങ്ങളുടെയൊക്കെ അനുഭവം എന്താണ്? ഭൂമി തട്ടിപ്പാണ്, ഭൂപ്രശ്നങ്ങളാണ് കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, അങ്ങ് കേരളത്തിലെ ഭൂപ്രശ്നങ്ങളെക്കുറിച്ചാണല്ലോ സംസാരിച്ചുകൊണ്ടിരിക്കുന്നത്, ഇൻഡ്യയിൽ ഭൂപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരംകണ്ട ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ ഇതിന്റെകൂടെ മനസ്സിലാക്കേണ്ട ഒരു കാര്യം, 2008-ൽ പാസ്സാക്കിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഉണ്ടായിരുന്നു. അതിലൊരു ഭേദഗതി വരുത്താൻ പോകുന്നു. ആ തണ്ണീർത്തട നിയമവുമായി ബന്ധപ്പെട്ട് കേരളത്തിലാകെ ഒരുപാട് പ്രശ്നങ്ങളുണ്ട്. പ്രത്യേകിച്ച് ഈ ഗവൺമെന്റ് ഒരു ജാഗ്രതയോടുകൂടി പ്രവർത്തിക്കാത്ത കാര്യം, അന്ന് ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുകയെന്ന് പറഞ്ഞ് കേരളത്തിലെ 14 ജില്ലകളിൽ പാലക്കാടും വയനാടും ഒഴികെ ബാക്കി എല്ലാ ജില്ലകളിലെയും എല്ലാ പഞ്ചായത്തുകളിലേയും ഡാറ്റാ ബാങ്ക് ഉണ്ടാക്കി. ആ ഡാറ്റാ ബാങ്ക് ഇപ്പോൾ പ്രസിദ്ധീകരിക്കാൻ പോകുന്നു. അഗ്രിക്കൾച്ചറൽ ഓഫീസറും വില്ലേജ് ഓഫീസറും പഞ്ചായത്ത് സെക്രട്ടറിയും കൂടിച്ചേന്ന് ഫിസിക്കലായി പരിശോധന നടത്തിയാണ് ആ ഡാറ്റാ ബാങ്ക് അന്ന് ഉണ്ടക്കേണ്ടിയിരുന്നത്. ഇതെല്ലാം ഓഫീസിലിരുന്ന് തയ്യാറാക്കി അത് ഗസറ്റ് നോട്ടിഫിക്കേഷനായി വരാൻ പോകുന്നു. അങ്ങനെ ഗസറ്റ് നോട്ടിഫിക്കേഷൻ വന്നാൽ നൂറ് വർഷംമുമ്പ് വയൽ കരയായി മാറിയ, രണ്ടാം തെങ്ങ് അടക്കമുള്ള സ്ഥലംപോലും ഇപ്പോഴും വയലായി നിൽക്കുന്നു. അതിനൊരു മാറ്റം വരുത്താൻ സാധിക്കാത്ത ഒരവസ്ഥയുണ്ട്. അത്തരം കാര്യങ്ങൾകൂടി ഭൂമിയുമായി ബന്ധപ്പെട്ട് ഈ ഘട്ടത്തിൽ പരിശോധിക്കപ്പെടേണ്ടതല്ലേ?

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, ഇവിടെ ലാന്റ് ബാങ്കും ഡാറ്റാ ബാങ്കും സ്വിസ്സ് ബാങ്കുമൊക്കെ വളരെ

സജീവമായിട്ടുണ്ട്. പക്ഷെ ഫലത്തിൽ ഇതിൽനിന്നൊന്നും നമുക്ക് കാര്യങ്ങൾ നടപ്പാക്കിയെടുക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുപോകുന്നില്ലെന്നുള്ളതാണ്. ഈ മുൻകാല പ്രാബല്യംകൊണ്ട് ഒരു ഭൂമിയും നമുക്ക് തിരിച്ചുകിട്ടാൻ പോകുന്നില്ല. അതുപോലെതന്നെ ഈ നിയമത്തിൽ, ഈ ഭേദഗതിയിൽ വന്നിട്ടുള്ള അഞ്ച് ശതമാനം പ്ലാന്റേഷൻ, തോട്ടങ്ങളിൽ ............

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ശ്രീ. സാജു പോൾ വളരെ പ്രസക്തമായ രണ്ട് കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഒന്ന്, മിച്ചഭൂമി ഇല്ലാതാകുന്നു. യഥാർത്ഥത്തിൽ ഒരു സെന്റ് ഭൂമിപോലും മിച്ചഭൂമി ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണ്. കേരളത്തിലെ പ്ലാന്റേഷൻ ഭൂമി പ്ലാന്റേഷനായി സംരക്ഷിക്കപ്പെട്ടതാണ്. ആ പ്ലാന്റേഷൻ ഭൂമിയാണ് ഈ അഞ്ച് ശതമാനത്തിന്റെ പേരിൽ റിസോർട്ടുകൾ, ഹോട്ടലുകൾ, ക്വാറികൾ എന്നിവ വന്നു. ഈ അഞ്ച് ശതമാനം എക്സംപ്ഷൻ കിട്ടുന്നതോടുകൂടി.......... കരുണ എസ്റ്റേറ്റിൽ ക്വാറി വന്നതായി ഡി.എഫ്.ഒ.യുടെ റിപ്പോർട്ടിൽ ഉണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത് കരുണ എസ്റ്റേറ്റിൽ ക്വാറി വന്നത് 2012-ലെ ആറാം ആക്ടിന്റെ അടിസ്ഥാനത്തിലാണെന്നാണ്. ഇനിയിപ്പോൾ ശേഷിക്കുന്ന പ്ലാന്റേഷൻ ഉടമകൾ അവരുടെ കൈയിലുള്ള ഭൂമി വേറൊരാൾക്ക് വിൽക്കും. വാങ്ങുന്നവർ അഞ്ച് ശതമാനം ഫ്ളാറ്റിന് വേണ്ടിയും റിസോർട്ടിന് വേണ്ടിയും ഉപയോഗിക്കും. ആ രൂപത്തിൽ കുറഞ്ഞ കാലഘട്ടംകൊണ്ട് കേരളത്തിലെ പ്ലാന്റേഷൻ ഭൂമി ഇല്ലാതാകാൻ പോകുന്നുവെന്ന അപകടം ഈ ഭേദഗതിയുടെ ഭാഗമായുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സാജു പോൾ:</u> സർ, അതുതന്നെയാണ് ഞാൻ പറഞ്ഞുവന്നത്. നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം, 200 വർഷക്കാലം ഇൻഡ്യ ഭരിച്ച ബ്രിട്ടീഷുകാർ മൂന്നാറിലോ വയനാട്ടിലോ ഒരു കോൺക്രീറ്റ് കെട്ടിടംപോലും ഉണ്ടാക്കിയിട്ടില്ല. പക്ഷെ നമ്മളിപ്പോൾ അവിടെയെല്ലാം കോൺക്രീറ്റ് സൗധങ്ങളും കോൺക്രീറ്റ് വനങ്ങളും തീർത്തുവരികയാണ്. അത്രയേറെ അനധികൃത നിർമ്മാണങ്ങളുടെയും ഒരുപാട് ഇടിച്ചുനിരത്തലുകളുടെയുമൊക്കെ വാർത്തകൾ വന്നല്ലോ; ഈ സർക്കാർ ചിലതൊക്കെ ചെയ്യുമെന്ന് പറഞ്ഞല്ലോ; പക്ഷെ ഒരിഞ്ചുപോലും മുന്നോട്ടുപോയില്ല.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട അംഗം പ്ലാന്റേഷൻ, പരിസ്ഥിതി അതോടൊപ്പംതന്നെ കുടികിടപ്പവകാശം, സീറോ ലാന്റ്ലെസ് പദ്ധതി തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ടുംമറ്റുമാണ് പറഞ്ഞുവരുന്നത്. പ്ലാന്റേഷന്റെ പ്രത്യേകതയെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചു. നമ്മുടെ കേരള സംസ്ഥാനത്തെ ഓരോ ജില്ലയിലും ഓരോ താലൂക്കിലും ഓരോ വില്ലേജിലും ഭൂമി പ്രശ്നം വിവിധ മേഖലകളിൽ ഉണ്ടെന്ന വസ്തുതയും നിലനിൽക്കുകയാണ്. ഒരു പ്ലാന്റേഷൻ തൊഴിലാളിയുടെ മകനായി ജനിച്ചുവളർന്ന് ഇവിടെ എത്തിച്ചേർന്ന ഒരാളാണ് ഞാൻ. ഇവിടെ പണ്ടുണ്ടായിരുന്ന ചരിത്രത്തിൽനിന്ന് വ്യത്യസ്തമായി ഭൂമിയുടെ മേൽ അതിയായ ആഗ്രഹമുള്ള സാഹചര്യവും മാഫിയയും ഉയർന്നുവന്നിട്ടുണ്ടെന്ന വസ്തുതയും ഉണ്ട്. ഇതിന് മുമ്പ് കുറെയധികം കമ്മീഷനുകൾ, ഏകാംഗ കമ്മീഷൻ, ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് തുടങ്ങിയവ ഗവൺമെന്റ് തയ്യാറാക്കുകയും പഠനത്തിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഇതൊന്നും എവിടെയും എത്തിച്ചേർന്നിട്ടില്ലെന്ന് മാത്രമല്ല, റീ-സർവ്വേയും തീർന്നിട്ടില്ല.

പട്ടയം കിട്ടിയ ആളുകൾക്ക് ഭൂമി കിട്ടിയിട്ടില്ല, ഭൂമി കിട്ടിയവർക്ക് പട്ടയം കിട്ടിയിട്ടില്ല. ഇങ്ങനെ ധാരാളം പ്രശ്നങ്ങൾ സങ്കീർണ്ണമായി നിലനിൽക്കുന്ന ഒരു ജില്ലയാണ് ഇടുക്കി ജില്ല. ഈ നിയമം വരുന്നതോടുകൂടി തോട്ടം, കശുവണ്ടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പ്രശ്നങ്ങളുണ്ടാകും. അതുപൊലെ തോട്ടം മേഖലയിൽ കാപ്പി, ഏലം ഇവ സംബന്ധിച്ച പ്രശ്നങ്ങളുണ്ടാവും. ഞാൻ താമസിക്കുന്ന മേഖലയിൽ ഒന്നര – രണ്ട് ലക്ഷത്തോളം വരുന്ന ആളുകൾ ഒരു തോട്ടത്തിൽനിന്നുള്ള വരുമാനത്തിൽനിന്ന് ഉപജീവനം നടത്തുന്നവരാണ്. അങ്ങനെ വരുന്ന സ്ഥലങ്ങളിൽ നിലനിൽക്കുന്ന തേയില, കാപ്പി, ഏലം മുതലായവയുടെ ക്രൈസിസ്, അതിന്റെ വില, എന്നിവകൊണ്ട് ഉപജീവനം നടത്തുന്നവരുടെ പ്രശ്നങ്ങൾ അതിജീവിക്കാൻ കഴിയുന്ന നിലയിൽ പുതിയ മാറ്റങ്ങളും നിർദ്ദേശങ്ങളും എന്തൊക്കെയാണ്; പരിസ്ഥിതി സംരക്ഷിക്കേണ്ടത് നിർബന്ധമാണ്. ടൂറിസത്തിന്റെ പേരിൽ ബഹുനിലകെട്ടിടങ്ങൾ വരാതിരിക്കാനുള്ള ഉപാധികളും ഇതൊക്കെ സംരക്ഷിക്കാനും അങ്ങ് വയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ശ്രീ. സാജു പോൾ: സർ, ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞതുതന്നെയാണ് എനിക്കും പറയാനുള്ളത്. ഇവിടെ ഈ നിയമങ്ങളെല്ലാം ഉണ്ടാക്കിയതും നമ്മുടെ ഭൂമി സംരക്ഷിച്ചതും തോട്ടങ്ങൾക്ക് പരിരക്ഷ നൽകിയതും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും അതുപോലെതന്നെ കാർഷികോൽപ്പാദന വളർച്ച നിലനിർത്താനുമൊക്കെ ഉദ്ദേശിച്ചുകൊണ്ടാണ്. പക്ഷെ, അതിനെയെല്ലാം തകിടം മറിക്കുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകുന്നു എന്ന സൂചനയാണ് ഞങ്ങളിവിടെ നൽകിയത്. ഈ തോട്ടങ്ങളിൽ കാർഷികോൽപ്പാദന വളർച്ച, അല്ലെങ്കിൽ യഥാർത്ഥ

കൃഷിക്കാരന് പട്ടയം, അവന് അവിടെ താമസിക്കാനുള്ള അവകാശം, ഇത് നൽകാൻ കഴിയാതെ വൻകിടക്കാർക്കും അതുപോലെതന്നെ മറ്റു ലക്ഷ്യ ങ്ങളോടെ ഈ ഭൂമിയിൽ കണ്ണുവച്ചുകൊണ്ടുകൊണ്ട് വരുന്ന ആളുകൾക്കും സഹായകരമായ നിലപാടിലേയ്ക്ക് പോകുന്നതിനെയാണ് ഞങ്ങൾ എതിർത്തത്. ഇവിടെ ബഹുമാന്യനായ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ പറഞ്ഞ ഡേറ്റാ ബാങ്കിന്റെ പ്രശ്നം, കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്ന അതിലെ ഘടകങ്ങൾ നീക്കപ്പെടുന്നില്ല. പക്ഷേ ഏതെങ്കിലുമൊരു മണ്ണ് മാഫിയയുമായി ബന്ധപ്പെട്ട ആളുകൾക്ക് താൽപര്യമുണ്ടെങ്കിൽ അവരുടെ നിലപാടുകൾക്ക് ഗുണപരമായ രീതിയിൽ ഉദ്യോഗസ്ഥൻമാർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥ വൈരുദ്ധ്യമെന്ന് പറയുന്നത്. അപ്പോൾ കർഷകർക്ക് അവിടെ വർഷങ്ങളായി, പതിറ്റാണ്ടുക ളായി.... ഇവിടെ ശ്രീ. എസ്. രാജേന്ദ്രൻ മാത്രമല്ല, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. പി. സി. ജോർജ്, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീമതി ഇ. എസ്. ബിജി മോൾ ഇവരെല്ലാം ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും സബ്മിഷനോ, ശ്രദ്ധക്ഷണിക്കലോ ഉന്നയിക്കാത്ത ഏത് അംഗങ്ങളാണ് ഇവിടെയുള്ളത്? ശ്രീ. ബി. ഡി. ദേവസ്സി കഴിഞ്ഞ ദിവസം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലെ കുറെയേറെ പട്ടയങ്ങ ളുടെ പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, 1968-ലെ മാത്യു മണിയങ്ങാടൻ കമ്മീഷൻ ശുപാർശ ചെയ്ത സ്ഥലങ്ങൾക്കാണ് ഇന്നും പട്ടയങ്ങൾ നൽകാതെ കൃഷിക്കാരെ വലച്ചു കൊണ്ടിരിക്കുന്നത്. വനസംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്ന തിനുമുമ്പുതന്നെ വനമേഖലയിൽ വർഷങ്ങളായി താമസിച്ചിരുന്ന

ആളുകൾക്ക് എന്തുകൊണ്ടാണ് പട്ടയം കിട്ടാത്തത്? ഇന്ന് കേരളത്തിൽ മിക്കവർക്കും, ഈ ഇരിക്കുന്ന ബഹുഭൂരിപക്ഷം അംഗങ്ങൾക്കും നമ്മുടെ ഉദ്യോഗസ്ഥർക്കും പാസ്പോർട്ടുണ്ടാകും, അല്ലെങ്കിൽ റേഷൻ കാർഡോ ഡ്രൈവിംഗ് ലൈസൻസോ ആധാർ കാർഡോ ഐ.ഡി. കാർഡോ ഉണ്ടാകും. ഒരു പട്ടയം കിട്ടണമെങ്കിൽ എന്താണ് ബുദ്ധിമുട്ട്? ഞാൻ പ്രവർത്തിക്കുന്ന വേങ്ങൂർ പബ്ലിക്ക് ലൈബ്രറിക്ക് മാർക്കറ്റ് വിലയടയ്ക്കുന്നതിൽ നിന്നും എക്സംപ്ഷനുള്ളതാണ്, 1992 മുതൽ 2000 വരെ 8 വർഷം നടന്നിട്ടാണ് 5 സെന്റ് സ്ഥലത്തിന് പട്ടയം ലഭിച്ചത്. ഗവൺമെന്റ് കുത്തകപാട്ടം തന്നിരുന്ന താണ്. 10 സെന്റ് പുറമ്പോക്ക് ആ ലൈബ്രറിയുടെ കൈവശമുണ്ടായിരുന്നു. അവിടെ ഞങ്ങൾ വില്ലേജോഫീസ് പണിതു. ബാക്കി 5 സെന്റ് സ്ഥലത്തിന് പട്ടയം തരാൻ ഞങ്ങൾ നടന്നത് 8 വർഷമാണ്. അങ്ങനെയൊക്കെ സംഭവി ക്കുന്നത് എന്തുകൊണ്ടാണ്; ഇപ്പോഴും ലക്ഷക്കണക്കിന് അപേക്ഷകർ പട്ടയ ത്തിനായി കാത്തിരിക്കുകയല്ലേ? പട്ടയത്തിന്റെ കാര്യത്തിൽ, പോക്കു വരവിന്റെ വിഷയത്തിൽ, ഇങ്ങനെ ഏത് പ്രശ്നമെടുത്താലും ഇതാണ് അവ സ്ഥ. ഇവിടെ റീ സർവ്വെയുടെ കാര്യം ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞു. യഥാർത്ഥത്തിൽ, ഞങ്ങളുടെ അനുഭവത്തിൽ റീ സർവ്വെ നടക്കാത്ത പ്രദേശ ങ്ങളിലെ സർവ്വെ റെക്കോർഡുകൾക്കാണ് കുറെക്കൂടി കൃത്യതയുള്ളത്. റീ സർവ്വെ നടത്തിയത് ഇപ്പോഴൊന്നുമല്ല, 1970-കളിലാണ്. അന്ന് റീ സർവ്വെ നടത്തിയ ഉദ്യോഗസ്ഥർ ചായക്കടകളിലും ഏതെങ്കിലും കവലകളിലും പോയിരുന്ന് ഓരോ സ്ഥലങ്ങളും ഇന്നയിന്ന രീതിയിലാണെന്ന്, പുറമ്പോക്ക് പതിവാക്കി, പതിവ് പുറമ്പോക്കാക്കി, കുത്തകപാട്ടം പുറമ്പോക്കാക്കി

അവർക്ക് തോന്നിയപോലെ ചെയ്തു വച്ചതിന്റെ ദുരന്തഫലങ്ങൾ ഇപ്പോഴും നമ്മൾ അനുഭവിക്കുകയാണ്. അപ്പോൾ റീ സർവ്വെ നടന്നാൽ...., അതിനാണ് 'ഭൂമി കേരളം' പദ്ധതിയുണ്ടാക്കിയത്. റീ സർവ്വെയുടെ കാര്യത്തിൽ ഇപ്പോൾ കുറെക്കൂടി കൃത്യതയുണ്ടാകുമായിരിക്കും. കാരണം ടോട്ടൽ സ്റ്റേഷൻ പോലെയുള്ള അത്യാധുനിക ഉപകരണങ്ങൾ, ഏരിയൽ സർവ്വെ പോലുള്ള ആധുനിക സംവിധാനങ്ങൾ ഇങ്ങനെ ഒരുപാട് മുന്നേറ്റങ്ങൾ നമുക്ക് സർവ്വെ രംഗത്ത് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ആവശ്യത്തിന് സർവ്വെയർമാരില്ലാത്തതിനാൽ വേണ്ടത്ര ഫലപ്രദമാകുന്നില്ല. ഏതെങ്കിലുമൊരു നിയോജകമണ്ഡലമെടുത്താൽ, ഏതെങ്കിലും പാലത്തിന്റെയോ, റോഡിന്റെയോ ഉൾപ്പെടെ, പൊതു ആവശ്യങ്ങൾക്ക് വേണ്ടിയുള്ള രണ്ടോ മൂന്നോ പ്രശ്നങ്ങളിലെങ്കിലും......., ലാന്റ് അക്വിസിഷന്റെ കാര്യം പറയാതിരിക്കുകയാണ് ഭേദം. അതിനെപ്പറ്റി ഇവിടെ ഒരുപാട് ചർച്ചകൾ നടന്നതാണ്. ഇത് ഈ ഗവൺമെന്റിന്റെ മാത്രം പ്രശ്നമല്ല. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് റൂൾസെല്ലാം ഫ്രെയിം ചെയ്ത് അവതരിപ്പിച്ചു പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉറപ്പു പറഞ്ഞിട്ടുള്ളതുമാണ്. ഒരു അംഗനവാടിക്കോ മറ്റേതെങ്കിലും സർക്കാർ സംവിധാനത്തിനോ, പുറമ്പോക്ക് മാത്രമല്ല ഏതെങ്കിലുമൊരു ഡിപ്പാർട്ടുമെന്റിന്റെ കൈവശമിരിക്കുന്ന ഭൂമിപോലും വിട്ടുകിട്ടുന്നതിന് വളരെ ബുദ്ധിമുട്ടാണ്. എന്റെ നിയോജക മണ്ഡലത്തിൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ 4 ഏക്കർ സ്ഥലമാണ് ഒരു ഹയർ സെക്കണ്ടറി സ്കൂളിന് വിട്ടുതന്നത്. പക്ഷേ 4 വർഷം നടന്നതിനുശേഷമാണ് വിട്ടു കിട്ടിയത്. 50 സെന്റ് സ്ഥലം ഒരു ഫയർ സ്റ്റേഷൻ വയ്ക്കാൻ വേണ്ടി

വിട്ടുകിട്ടി. 4 വർഷം അതിനുവേണ്ടി നടക്കേണ്ടി വന്നു. ഇവിടെ തിരുവനന്ത പുരത്ത് എത്തുന്ന ഒരു ഫയൽ പാമ്പും കോണിയും കളിക്കുന്നതുപോലെ ഒറ്റ യടിക്ക് വില്ലേജോഫീസ് വരെയെത്തുകയാണ്. വീണ്ടും അതവിടെനിന്ന് കുറേശ്ശെയായി ഉന്തിക്കയറ്റി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും സർക്കാരിലും കൊണ്ടു വരണം. അപ്പോൾ ഇങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. യഥാർത്ഥത്തിൽ, കൃഷിക്കാർക്ക് അല്ലെങ്കിൽ പൊതുആവശ്യങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃത്യമായി കൊണ്ടുപോകാത്തതിനെ ക്കുറിച്ചാണ് ഞാൻ പറഞ്ഞത്. 5 ശതമാനം ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോ ഗിക്കുന്നതിനെ സംബന്ധിച്ച് ഞങ്ങളുടെ പാർട്ടി സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയൻ പറഞ്ഞത്, പച്ചക്കറികൃഷി പോലെ ജനോപകാ രപ്രദമായ ആവശ്യങ്ങൾക്ക് ആ ഭൂമി ഉപയോഗിക്കുമെങ്കിൽ ആ കാര്യത്തിൽ ഞങ്ങൾ സഹകരിക്കുമെന്നാണ്. ബഹുമാന്യനായ പി. സി. ജോർജ് ഞാൻ പാർട്ടി അംഗമാണോയെന്നാണ് ചോദിക്കുന്നത്, ഞാൻ 1983 മുതൽ കമ്മ്യൂ ണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)–ന്റെ അംഗമാണ്. 1991 മുതൽ ലോക്കൽ കമ്മിറ്റി അംഗമായിരുന്നു. 1997 മുതൽ പെരുമ്പാവൂർ ഏരിയാ കമ്മിറ്റി അംഗമാണ്. നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും സന്തോഷമുണ്ടായ മുഹൂർത്തമേതാണെന്ന്, ഏറ്റവും സംതൃപ്തി നൽകിയ സന്ദർഭമേതാണെന്ന് നമ്മളോടൊക്കെ ആരെങ്കിലും ചോദിച്ചാൽ, അത് ചിലപ്പോൾ വിവാഹം കഴി ച്ചതാകാം, മക്കളുണ്ടായതാകാം, ജോലി കിട്ടിയതാകാം, വീടു വച്ചതാകാം. പക്ഷെ, എന്നെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ പാർട്ടി ബ്രാഞ്ച് സെക്രട്ടറിയായിരുന്ന സഖാവ് കെ. സി. തങ്കപ്പൻ, കുറുമ്പനെന്നൊരു

സഖാവിന്റെ വീട്ടിൽ വച്ച് ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെയും അതുപോലെ പാർട്ടിയുടെയും താൽപര്യങ്ങൾ മറ്റെല്ലാ വ്യക്തിപരമായ താൽപര്യങ്ങൾക്കും ഉപരിയായി ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ പാർട്ടിയിൽ ഞാൻ അംഗമായി ചേരുന്നു എന്ന പ്രതിജ്ഞ ഒപ്പിട്ട നിമിഷമാണ് എന്റെ ജീവിതത്തിലെ ഏറ്റവും ചൈതന്യധന്യമായ നിമിഷമെന്ന് കണക്കാക്കുന്ന ആളാണ് ഞാൻ. അല്ലാതെ കേരള കോൺഗ്രസ് പോലെ ഒരു *******

..........(ബഹളം).............

<u>മി. ചെയർമാൻ</u>: ശ്രീ. സാജു പോൾ, ഒരു രാഷ്ട്രീയപാർട്ടിയേയും മോശമായി ചിത്രീകരിക്കാൻ പാടില്ല. അങ്ങനെ ചിത്രീകരിച്ചാൽ അത് സഭാ രേഖകളിൽ കാണില്ല. ഒരു രാഷ്ട്രീയ പാർട്ടിയെക്കുറിച്ച് പറഞ്ഞ വാചകം രേഖകളിൽ ഉണ്ടാകുകയില്ല. അത് നീക്കം ചെയ്യുന്നതാണ്. .......(ബഹളം)....... പ്ലീസ്... പ്ലീസ്.. ശ്രീ. റോഷി അഗസ്റ്റിൻ... പ്ലീസ്.... ശ്രീ. സാജു പോൾ, കഴിയുന്നത്ര ഒരു രാഷ്ട്രീയ പാർട്ടിയെയും മോശമായി ചിത്രീകരിക്കാതിരിക്കാൻ ശ്രമിക്കുക. അത് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയേയും പറഞ്ഞിട്ടില്ല. ശ്രീ. സി. എഫ്. തോമസും ശ്രീ. മോൻസ് ജോസഫും കേരളാ കോൺഗ്രസ് (എം)–ലെ ആളുകളാണ്. കേരളാ കോൺഗ്രസ് (ജേക്കബ്), കേരളാ കോൺഗ്രസ് (ബാലകൃഷ്ണപിള്ള)...., ഇങ്ങനെയൊന്നും ഞാൻ പറഞ്ഞില്ല. ഞാൻ കേരളാ കോൺഗ്രസ് എന്നേ പറഞ്ഞുള്ളൂ, ഇവരുടെ പാർട്ടിയല്ല അത്. .......(ബഹളം).......

---

* രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. ചെയർമാൻ: അങ്ങനെയല്ല. താങ്കൾ പറഞ്ഞത് എല്ലാവരും കേട്ടതാണ്. .......(ബഹളം)....... പ്ലീസ്... പ്ലീസ്... അത് സഭാ രേഖകളിൽ കാണില്ല. കേരളാ കോൺഗ്രസിനെക്കുറിച്ച് പറഞ്ഞ പരാമർശങ്ങൾ രേഖകളിൽ ഉണ്ടാവുകയില്ല. പ്ലീസ്... പ്ലീസ് ടേക്ക് യുവർ സീറ്റ്..... പ്ലീസ്... ശ്രീ. സാജുപോൾ, മറ്റു പാർട്ടികളെ അധിക്ഷേപിക്കുന്നത് ഒഴിവാക്കിക്കൊണ്ട് സബ്ജക്റ്റിൽ നിന്നുകൊണ്ട് സംസാരിക്കൂ. .......(ബഹളം)....... പ്ലീസ്... പ്ലീസ്... അത് രേഖകളിൽ കാണില്ല. പ്ലീസ്.. പ്ലീസ്... ശ്രീ. സാജു പോൾ, പ്ലീസ് കണ്ടിന്യൂ...

ശ്രീ. സാജു പോൾ: സർ, 2001-ലും 2006-ലും 2011-ലും ചുറ്റിക അരിവാൾ നക്ഷത്രം അടയാളത്തിൽ മൽസരിച്ചു ജയിച്ച ഞാൻ പാർട്ടി അംഗമാണോയെന്ന് ശ്രീ. പി. സി. ജോർജ് കുത്തിക്കുത്തി ചോദിച്ചപ്പോൾ അധ്വാനവർഗ്ഗ സിദ്ധാന്തം ഉയർത്തിപ്പിടിക്കുന്ന, കർഷകരുടെ ആവശ്യങ്ങൾ ഏറ്റവും ഉച്ചത്തിൽ പറയുന്ന, ശ്രീ. കെ. എം. മാണി നേതൃത്വം കൊടുക്കുന്ന കർഷകരുടെ പാർട്ടിപോലെയല്ല കുറച്ചുകൂടി വ്യത്യാസമുള്ള ഒരു കേഡർ പാർട്ടിയാണ് സി.പി.ഐ (എം) എന്നു മാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ. ഞാൻ പറഞ്ഞതിൽ ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായെങ്കിൽ ഞാൻ ക്ഷമ ചോദിക്കുന്നു. ഞാൻ പറഞ്ഞത് പിൻവലിച്ചു. ഈ പറയുന്ന കേരളാ കോൺഗ്രസിന്റെ പതാകയും പകുതി ചുവപ്പാണ്. അത് അവരുടെ മനസ്സും പകുതി ചുവപ്പാണ്, അതിൽ എനിക്ക് തർക്കമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.മാണി): സർ, ആ ചുവപ്പിന്റെ കൂടെ വെള്ളയും കൂടി ചേർന്നാൽ ഒന്നാന്തരമായി.

ശ്രീ. സാജുപോൾ: സർ, ഞാനിവിടെ ശ്രീ. റോഷി അഗസ്റ്റിൻ ഉൾപ്പെടെയുള്ള അംഗങ്ങൾ കൃഷിക്കാർക്ക് പട്ടയം ലഭിക്കാത്തതിന്റെ പ്രശ്നങ്ങൾ ഉന്നയിച്ചതുകൊണ്ട് ......

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ ഒരു അരിവാൾ ചുറ്റിക നക്ഷത്രം കൂടി ഉണ്ടെങ്കിൽ വളരെ നന്നായിരിക്കും.

ശ്രീ. സാജു പോൾ: സർ, അതു തന്നെയാണ് എനിക്കും പറയാനുള്ളത്, ഒരു അരിവാൾ ചുറ്റിക കൂടി ആ കൊടിയിൽ, ആ ചുവപ്പിൽ ഉണ്ടായിരുന്നുവെങ്കിൽ ഏറ്റവും ഗംഭീരമായേനെ. അതാണ് ഞങ്ങളുടെ അഭിപ്രായം. ഞാൻ പറയുന്നതിൽ എന്തെങ്കിലുമൊരു ദുരുദ്ദേശ്യം ആരെങ്കിലും കാണുന്നുണ്ടെങ്കിൽ ഞാൻ ഉത്തരവാദിയല്ല. ശ്രീ. ഹൈബി ഈഡന് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ എഴുന്നേറ്റ് നിന്ന് ചോദിച്ചോളൂ, ഞാൻ ഇരുന്ന് തരാം.

മി. ചെയർമാൻ: ശ്രീ. സാജു പോൾ, നേരത്തെ ചെയർ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. ബില്ലിന്റെ ചർച്ചയിൽ സാധാരണ ചെയർ നിയന്ത്രിക്കാറില്ല. പക്ഷേ ഇന്നത്തെ ദിവസം കൂടി കണക്കിലെടുത്തുകൊണ്ട് കഴിയുന്നത്ര സ്വയം ചുരുക്കുക.

ശ്രീ. സാജു പോൾ: സർ, യഥാർത്ഥത്തിൽ ഇൻഡ്യയിലെ ഒരു പ്രധാന രാഷ്ട്രീയപാർട്ടിയാണ് ഇങ്ങനെയൊരു രൂപമാറ്റം സംഭവിച്ച് ആൾക്കൂട്ടമായിപ്പോയത്. ഞാനതിനെപ്പറ്റിയൊന്നും ഇപ്പോൾ വിശദമായിട്ട് പറയുന്നില്ല. അതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. അതുകൊണ്ട് നമുക്ക് ഈ ഭൂമികേരളം സർവ്വേ, ഭൂരഹിതരില്ലാത്ത കേരളം, തരിശുരഹിത കേരളം, സീറോ ലാന്റ്ലെസ്, ഡേറ്റാ ബാങ്ക് ഇങ്ങനെയുള്ള കുറെയേറെ.................

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഭൂരഹിത കേരളത്തെപ്പറ്റി അങ്ങ് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയതനുസരിച്ച് ഭൂപരിഷ്കരണ നിയമത്തെതുടർന്നുള്ള നാളുകളിൽ കൈമാറ്റം ചെയ്യപ്പെട്ട് അനധികൃതമെന്ന് മാറ്റിനിർത്തപ്പെട്ട നാലേക്കറോളം ഭൂമി യെങ്കിലും സ്വന്തമാക്കാനുള്ള അവസരമാണിത് ഉറപ്പിച്ച് നല്കുന്നത്. മിച്ച ഭൂമിയായി ഏറ്റെടുക്കപ്പെടേണ്ട ഭൂമിയിൽ ഒരുപാട് ഭൂമി ഇപ്പോഴും ഏറ്റെടുക്ക പ്പെടാതിരിക്കുന്നുവെന്നും, താലൂക്ക് ലാന്റ് ബോർഡും സ്റ്റേറ്റ് ലാന്റ് ബോർഡും ഹൈക്കോടതിയും സുപ്രീം കോടതിയുമുൾപ്പടെയുള്ള വിവിധ തലങ്ങളിലെ തർക്കവിതർക്കങ്ങളെത്തുടർന്ന്, ആ ഭൂമി ഏറ്റെടുക്കാൻ കഴിയാതെ നിലനിൽക്കുകയാണെന്നുമുള്ള ഒരു വസ്തുത നിലവിലുണ്ട്. മിച്ച ഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഭൂമി യഥാർത്ഥത്തിൽ ഭൂരഹിതരായ കർഷ കത്തൊഴിലാളികൾക്ക് വിതരണം ചെയ്യാനുള്ളതാണ്. ഭൂമി പതിവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ, ലാന്റ് ട്രൈബ്യൂണൽ മുഖാന്തിരം അംഗീകരിച്ച് കൊടുക്കുന്ന പട്ടയങ്ങൾ, മിച്ച ഭൂമി അനുവദിച്ച് കൊടുക്കുന്നതി നുള്ള വ്യവസ്ഥ, ഇങ്ങനെ കേരളത്തിലെ ഭൂ വിതരണത്തിൽ വ്യത്യസ്തങ്ങ ളായ ചട്ടങ്ങൾ നിലനിൽക്കുന്നുവെന്നതൊരു വസ്തുതയാണ്. മിച്ച ഭൂമി അനുവദിച്ച് കൊടുക്കുന്നതിനായി അധികാരപ്പെടുത്തിയിരിക്കുന്നത് ജില്ലാ കളക്ടറെയാണ്. മറ്റെല്ലാത്തിനും പ്രത്യേക സംവിധാനങ്ങളുണ്ട് – ട്രൈബ്യൂ ണൽ ഉണ്ട്, ലാന്റ് അസൈൻമെന്റിന് പ്രത്യേകം കമ്മിറ്റിയുണ്ട്. എന്നാൽ ഭൂര ഹിത കർഷകത്തൊഴിലാളികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് അവരിൽ അർഹ തപ്പെട്ട ആളുകൾക്ക് മിച്ചഭൂമി പതിച്ച് നൽകുന്നതിനുള്ള അധികാരവും അവ കാശവും നിക്ഷിപ്തമായിരിക്കുന്നത് ജില്ലാ കളക്ടറിലാണ്. ഭൂരഹിത കേരളം പദ്ധതിയിൽ ഇത്തരത്തിലുള്ള ചട്ടങ്ങളെയും നിയമങ്ങളെയും മറികടന്ന്

സാധാരണ ഗതിയിലുള്ള അസൈൻമെന്റിന്റെ രീതിയിൽ ആളുകൾക്ക് പതിച്ച് കൊടുക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അത് നിലനൽക്കുന്ന നിയമത്തെ മറികടന്നുകൊണ്ടുള്ളതാണെന്ന് എന്നുള്ളത് ........

<u>ശ്രീ.സാജുപോൾ</u> : സർ, അതു തന്നെയാണ്, ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലെ അപാകതകളാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇത് നടപ്പിലാക്കാനുള്ള തീരുമാനത്തോടുകൂടി തിരുവനന്തപുരത്തുവച്ചുനടത്തിയ പരിപാടിയുടെ പൊള്ളത്തരവും........., ബോണക്കാട് എസ്റ്റേറ്റിൽ 148 ഏക്കർ ഭൂമി 4933 പേർക്ക് 3 സെന്റ് വീതം നൽകി, 2047 പേർക്ക് പട്ടയം കൊടുത്തു. എന്നാൽ 80% പേർക്കുപോലും ഭൂമി കിട്ടിയിട്ടില്ല എന്നാണ് റിപ്പോർട്ട്. അങ്ങനെ അതിലെ അപാകതകളും അതുപോലെ തന്നെ മിച്ച ഭൂമിയില്ലാതാകുന്ന സാഹചര്യം............

<u>ശ്രീ.പി.സി. ജോർജ്</u> : സർ, ഞാൻ ഇത്രയും നേരം മിണ്ടാതിരുന്നത് ശ്രീ. സാജു പോൾ വിവരത്തോടുകൂടി എന്തെങ്കിലും പറയുന്നത് കേൾക്കാമെന്ന് വിചാരിച്ചാണ്. 1967-ൽ മണിയങ്ങാടൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റിയൊക്കെ പറയുന്നത് കേട്ടപ്പോൾ എന്തൊക്കെയോ വിവരമൊക്കെയുണ്ടല്ലോ; പഠിച്ചുകൊണ്ട് വന്നിട്ടുണ്ടല്ലോ; അത് കേൾക്കാമല്ലോയെന്നുകരുതി ഇരിക്കുകയായിരുന്നു. അതൊക്കെ വിട്ട് വിവരക്കേടിലേയ്ക്ക് പോകുന്നതുകൊണ്ട് ചോദിക്കുകയാണ്, ........(ബഹളം)......... ഞാനും അദ്ദേഹവുമായിട്ടുള്ള തർക്കത്തിൽ നിങ്ങൾ ഇടപെടേണ്ട. ഇടുക്കി ജില്ല ഉണ്ടാകുന്നതിന് മുമ്പുള്ള കാര്യമാണ്. ആ കാലഘട്ടത്തിൽ, കോട്ടയം ജില്ലയുടെ മലയോര മേഖലയെന്ന് പറഞ്ഞാൽ ഇടുക്കി ജില്ല മുഴുവനും വരുന്നതാണ്. ആ മേഖലയിലെ കൃഷിക്കാർക്ക് ഇപ്പോഴും പട്ടയം കിട്ടിയിട്ടില്ല. കോട്ടയം ജില്ലയിൽ, എന്റെ

നിയോജകമണ്ഡലത്തിലെ എരുമേലിയിൽ ഏയ്ഞ്ചൽ വാലി ഉൾപ്പടെയുള്ള മേഖലകളിൽ പട്ടയം കൊടുത്തത് ക്യാൻസലായി പോയത് ഇപ്പോഴും കിട്ടിയിട്ടില്ല. സത്യത്തിൽ, അത്തരം കാര്യങ്ങളെപ്പറ്റി സംസാരിക്കുവാനുള്ള സമയമാണിത്. ഇതുപോലെ നിയമങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ എത്രയോ പ്രധാനപ്പെട്ട കാര്യമാണിത്. 01–01–1977 മുതലുള്ള കർഷകർക്ക് പട്ടയം കൊടുക്കണമെന്ന നയം പ്രിയങ്കരനായ എ. കെ. ആന്റണി പ്രഖ്യാപിച്ചിട്ട് ഇപ്പോൾ എത്ര വർഷമായി? 34 വർഷമായിട്ടും പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനെപ്പറ്റിയല്ലേ ചർച്ചയിൽ ഉയർന്ന് വരേണ്ടത്? പട്ടയം കൊടുക്കാത്തതിന് മാറി മാറി വന്ന എല്ലാ ഗവൺമെന്റുകളും ഉത്തരവാദികളാണ്.

ശ്രീ.സാജു പോൾ : സർ, ശ്രീ എ. കെ. ആന്റണി പ്രഖ്യാപിച്ച കാര്യം നടപ്പായിട്ടില്ലായെന്നാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞത്. അദ്ദേഹം എത്രയോ കാര്യങ്ങൾ പറഞ്ഞു; പറഞ്ഞ ഒരു കാര്യവും നടപ്പായില്ല. വിവാദമാകുമെന്നുള്ളതുകൊണ്ട് അതൊന്നും ഉദാഹരണ സഹിതം ഞാനിവിടെ വിശദീകരിക്കുന്നില്ല. ഇൻഡ്യയിൽ സഞ്ജയ് ഗാന്ധിക്ക് സ്വീകരണം കൊടുക്കാതിരുന്ന ഏക പി.സി.സി. പ്രസിഡന്റ് ആണ് അദ്ദേഹം. അതുപോലെ തന്നെ ഇന്ദിരാ ഗാന്ധിക്കെതിരെ ശക്തമായ നിലപാടെടുത്തു, അടിയന്തിരാവസ്ഥയെ വിമർശിച്ചു. പക്ഷേ .......

മി.ചെയർമാൻ : മി. സാജുപോൾ, നിങ്ങൾ സബ്ജക്റ്റിലൊതുങ്ങിനിന്നുകൊണ്ട് സംസാരിക്കൂ, സബ്ജക്ടറ്റിന് പുത്ത് പോകുമ്പോഴാണ് പ്രശ്നം.

ശ്രീ. സാജു പോൾ : സർ, ഞാനിവിടെ സൂചിപ്പിച്ചത്, യഥാർത്ഥത്തിൽ എന്തുകൊണ്ടാണ് ഈ പട്ടയ പ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരി

ക്കപ്പെടാത്തത്? യഥാർത്ഥ കൃഷിക്കാരന് പട്ടയം നൽകുന്നതിനും നമ്മുടെ പൊതു ആവശ്യങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും ഉപയുക്തമാകത്തക്ക വിധത്തിൽ നിയമ നിർമ്മാണവും മറ്റ് നടപടികളും എടുക്കത്തക്ക വിധത്തിൽ സർക്കാരിന്റെ ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനം................

ശ്രീ. വി. ശിവൻകുട്ടി : സർ, ബഹുമാനപ്പെട്ട ശ്രീ സാജു പോൾ പറയുന്നത് പട്ടയ വിതരണത്തിന്റെ കാര്യമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി ആവർത്തിച്ചാവർത്തിച്ച് എല്ലാ ജില്ലകളിലും ചെന്ന് പട്ടയത്തിന്റെ കാര്യം പ്രഖ്യാപിക്കുന്നുണ്ട്. സാധാരണ ഗതിയിലുള്ള പട്ടയം കൊടുക്കുന്ന കാര്യത്തിൽ വലിയ പ്രശ്നമില്ല. പക്ഷേ ഇപ്പോൾ യഥാർത്ഥ ത്തിലുള്ള പ്രശ്നമെന്ന് പറയുന്നത്, ഒന്നുകിൽ തോട് പുറമ്പോക്ക് അല്ലെങ്കിൽ കുളം പുറമ്പോക്ക് അതുമല്ലെങ്കിൽ ഏതങ്കിലുമൊരു ഡിപ്പാർട്ടു മായി ബന്ധപ്പെട്ടുകിടക്കുന്നത്, അങ്ങനെയൊക്കെയുള്ള, മുന്നൂറും നാനൂറും വർഷങ്ങൾക്ക് മുൻപേയുള്ള വില്ലേജ് രജിസ്റ്ററിൽ എഴുതി വച്ചിരിക്കുന്ന തെറ്റായതോ ശരിയായതോ ആയ രേഖകളാണ് വില്ലേജ് ആഫീർമാർ എഴുതി വിടുന്നത്. അതിന്റെ ഫലമായി എന്ത് പ്രഖ്യാപിച്ചാലും നടക്കില്ല. ഇതുപോലെയുള്ള നൂലാമാലകളും കടമ്പകളുമുണ്ട്. മാത്രമല്ല വില്ലേജ് ആഫീസർമാരും താലൂക്കാഫീസർമാരും ഒരിക്കലും പട്ടയം കൊടുക്കുന്നതിന് താൽപര്യമുള്ളവരല്ല. ഏത് ഗവൺമെന്റ് ആയിരുന്നാലും അവർ ഈ പാവങ്ങളെ പലപ്രാവശ്യം നടത്തും. അവസാനം ഫയലിൽ എന്തെങ്കിലും ഒരു കുഴപ്പമെഴുതിവച്ച് മന്ത്രിയുടെ അടുത്തേയ് വിടും. മന്ത്രി പറയും കാബിനറ്റിൽ വയ്ക്കണമെന്ന്. അതോടുകൂടി അത് തീരും, അല്ലെങ്കിൽ റവന്യൂ സെക്രട്ടറി അവിടെവച്ച് ക്ലോസ് ചെയ്യും. ചെറിയ ചെറിയ പ്രശ്നങ്ങ ൾകൊണ്ട് പട്ടയം ലഭിക്കാത്ത പതിനായിരക്കണക്കിന് ആൾക്കാർ കേരളത്തി

ലുണ്ട് അങ്ങനെയുള്ള എത്ര പേർക്ക് പട്ടയം കൊടുത്തുവെന്ന് പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അടൂർ പ്രകാശിന് സാധിക്കുമോ?

മി.ചെയർമാൻ : ശ്രീ. സാജു പോളിനോടാണ് ചോദിക്കേണ്ടത്, പക്ഷേ ഇപ്പോൾ അങ്ങ് മന്ത്രിയോടാണ് ചോദിക്കുന്നത് അത് ശരിയല്ല.

ശ്രീ. സാജു പോൾ: റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട്, ഇപ്പോഴത്തെ ഗവൺമെന്റിന്റെയോ അല്ലെങ്കിൽ ഇപ്പോഴത്തെ മന്ത്രിയുടേയോ മാത്രം പ്രശ്നമല്ല, വില്ലേജ്, താലൂക്ക് തലങ്ങളിൽ റവന്യൂ വകുപ്പുദ്യോഗസ്ഥന്മാരുമായി സംസാരിച്ചാൽ തടസ്സവാദമായി കുറേ പ്രശ്നങ്ങൾ ഉന്നയിക്കുകയെന്ന ഒരു പ്രത്യേക രീതിയാണ്. ഡിജിറ്റിലൈസേഷന്റെ ഈ കാലഘട്ടത്തിൽ പോലും ഓരോ സർക്കാർ പദ്ധതികളുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട സർവ്വേ റെക്കോർഡുകൾ പരിശോധിക്കുന്ന സർവ്വേ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് ഇസ്നോഫീലിയയും അലർജിയും പോലുള്ള ഗുരുതരമായ അസുഖം പിടിപെടും. സാധാരണക്കാർക്ക് ഒരു ദിവസംപോലും അതിന്റെ ഉള്ളിൽ കയറാൻ പറ്റില്ല. അതൊക്കെ മാറ്റേണ്ട കാര്യങ്ങളാണ്. കരം അടയ്ക്കുമ്പോൾ എത്ര പ്രാകൃതമായ പഴഞ്ചൻ രസീതാണ് ഇപ്പോഴും നൽകുന്നത്. അതിൽ എന്താണ് എഴുതിയിരിക്കുന്നതെന്നുപോലും വായിക്കാനോ മനസ്സിലാക്കാനോ സാധിക്കുകയില്ല. തണ്ടപ്പേർ രജിസ്റ്റർ, സർവ്വേ റെക്കോർഡുകൾ, കരം തീർത്തതിന്റെ രേഖകൾ തുടങ്ങി ഒരുപാട് കാര്യങ്ങളുണ്ട്. ആധാരഭാഷയിലൊക്കെ ഇപ്പോൾ ഒരുപാട് മാറ്റം വന്നുകഴിഞ്ഞു. ഡി.റ്റി.പി. എടുത്ത്, ഫോട്ടോ പതിച്ച്, തിരിച്ചറിയുന്നതിനുള്ള രേഖകൾ സഹിതം പ്രമാണങ്ങൾ രജിസ്റ്റർചെയ്യുന്ന സാഹചര്യമുണ്ടായി. അങ്ങനെ ഭൂമിയുമായി ബന്ധപ്പെട്ട് യഥാർത്ഥ അവകാശികൾക്ക്, കൃഷിക്കാരന് ഗുണപര

മായ രീതിയിൽ പട്ടയം കൊടുക്കുന്ന അവസ്ഥയിൽ വനം മേഖലയിലുൾപ്പെടെ പരിഷ്കാരങ്ങൾ നടത്തി മുന്നോട്ടുപോകണമെന്ന നിർദ്ദേശമാണ് ഞാൻ മുന്നോട്ടു വച്ചത്. അങ്ങനെ ഭൂമിയുടെ അവകാശികളെ മാറ്റി മറിച്ചുകൊണ്ട് ഭൂ മാഫിയകളെ സഹായിക്കുന്ന തരത്തിലേയ്ക്ക് സർക്കാർ പോകരുതെന്നുള്ള നിർദ്ദേശത്തോടുകൂടി എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2013–ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1969-ലെ നിയമം വികലമാക്കിയാണ് കേരളത്തിൽ നടപ്പിലാക്കിയതെന്ന് ശ്രീ. സാജു പോൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ഇ. ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ള ആളുകൾ ശ്രീ. സാജു പോളിന്റെ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോയെന്ന് അറിഞ്ഞാൽ കൊള്ളാം. ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടി ആ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ; കാരണം, 1-1-1970–ലാണ് ഇത് നടപ്പിലാക്കിയത്. 1969–ലെ ഗവൺമെന്റ് ഈ നിയമം പാസ്സാക്കി നടപ്പിലാക്കാൻ ശ്രമിക്കുന്നതിനുപകരം രണ്ട് മന്ത്രിമാരുടെ അഴിമതി സംരക്ഷിക്കുന്നതിനുവേണ്ടി അധികാരം ഒഴിഞ്ഞുപോകുകയാണ് ചെയ്തത്. അതിനുശേഷം അച്യുതമേനോൻ മുഖ്യമന്ത്രിയായ, കോൺഗ്രസ്സിന് മുഖ്യപങ്കാളിത്തമുള്ള ഗവൺമെന്റാണ് ആ നിയമം നടപ്പിലാക്കിയതെന്ന കാര്യം പ്രത്യേകമായി സൂചിപ്പിക്കട്ടെ. അതിനെയാണ് വികലമായി നടപ്പിലാക്കിയെന്ന് ശ്രീ. സാജു പോൾ പറഞ്ഞതും സി.പി.ഐ–കാരെല്ലാം അതുകേട്ട് മേശപ്പുറത്ത് അടിച്ചതും. വികലമായിട്ടാണോ അന്ന് ആ നിയമം നടപ്പിലാക്കിയത്; വെള്ളം ചേർത്താണോ ആ നിയമം

നടപ്പിലാക്കിയതെന്ന് സി.പി.ഐ.കാർ പറയട്ടെ. അപ്പോൾ സി. അച്യുത മേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കോൺഗ്രസ്സിന് മുഖ്യപങ്കാളിത്ത മുള്ള ഗവൺമെന്റാണ് ഈ ഭൂപരിഷ്കരണ നിയമം കേരളത്തിൽ നടപ്പിലാക്കി യത്. ഇത് നടപ്പിലാക്കുന്നത് കണ്ടപ്പോൾ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകു മെന്ന് ഭയന്ന് സഖാവ് എ. കെ. ഗോപാലന്റെ നേതൃത്വത്തിൽ വളച്ചുകെട്ടൽ സമരം നടത്തിയ കാര്യം കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ട് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത് ഞങ്ങളാണെന്ന് പറഞ്ഞ് മേനി നടിക്കരുത്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിനുമുമ്പ്, 1968–ൽ എൽ. ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇ.എം.എസ്.നമ്പൂതിരിപ്പാട് മുഖ്യമന്ത്രി യായിരുന്നപ്പോൾ ഇതിന്റെ അടിസ്ഥാനത്തിൽ ഒരു സർവ്വേ നടത്തി, ഞെട്ടിപ്പി ക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. ഈ നിയമം വരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ജന്മിമാർ വസ്തുക്കളുടെ ഭൂരിഭാഗവും കൈമാറ്റം ചെയ്ത് ഈ നിയമത്തിൽ നിന്ന് ഒഴിയുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവെന്ന് 1968-ലെ സർവ്വേയിൽത്തന്നെ വ്യക്തമായിട്ടുണ്ട്. അന്ന് ഭൂ പരിഷ്കരണ നിയമപ്രകാരം 7 ലക്ഷത്തിൽപ്പരം ഹെക്ടർ ഭൂമിയാണ് പ്രതീക്ഷിച്ചതെങ്കിലും ഇന്നുവരെ 1 ലക്ഷം ഹെക്ടർ പോലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ശ്രീ. സാജു പോളിന്റെ സംസാരം കേട്ടാൽ യു.ഡി.എഫ്. ഗവൺമെന്റ് ഇതുമുഴു വൻ കെമാറ്റം ചെയ്തുകൊടുക്കാൻ കൂട്ടുനിന്നുവെന്നും ഇതെല്ലാം കൈമാറ്റം ചെയ്തുവെന്നുമാണ് തോന്നുന്നത്. 1968-ലെ സർവ്വേ പറയുന്നത് ഈ നിയമ ത്തിന്റെ പരിധിയിൽ വരുമായിരുന്ന ഭൂമി, ആധാരങ്ങൾ ചമച്ച് ജന്മിമാർ ബന്ധുക്കളുടെയും വേലക്കാരുടെയും ഡ്രൈവറുടേയും പേരിൽ കൈമാറ്റം ചെയ്ത് സുരക്ഷിതമാക്കിയിരുന്നു എന്നാണ്. ഈ നിയമം വരുമെന്ന് മനസ്സി

ലാക്കി തമ്പുരാക്കന്മാർ ഓരോരുത്തരായി ഭൂമി കൈമാറ്റം ചെയ്ത് സുരക്ഷിത മാക്കിയ കാര്യം മറച്ചുവച്ചിട്ട് കാര്യമുണ്ടോ? ഇവിടെ 1963-ലാണ് ഈ നിയമം വന്നത്. അത് 1969-ൽപരിഷ്കരിച്ച് വീണ്ടും പുതിയ നിയമം കൊണ്ടുവന്നു. ആ നിയമമാണ് 1-1-1970-ൽ പ്രാബല്യത്തിൽവന്നത്. 1970-ലെ നിയമവ്യവസ്ഥ യാണ് 2005-ൽ ഭേദഗതി ചെയ്തത്. 1-1-1970-ൽ നിലവിൽവന്ന നിയമ പ്രകാരം ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന ഭൂമി 15 ഏക്കറാണ്. എന്നാൽ പ്ലാന്റേഷൻ ക്രോപ്സിന് ലാന്റ് സെല്ലിംഗിൽ ചില എക്സംപ്ഷൻസ് കൊടു ത്തു. അങ്ങനെ എക്സംപ്ഷൻ കൊടുത്ത വസ്തുവിൽ അഞ്ച് ശതമാനം മറ്റാ വശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് 2005-ൽ കൊണ്ടുവന്നത്. 2005-ൽ ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നതിന് ഒരു പശ്ചാ ത്തലമുണ്ട്. തേയിലത്തോട്ടങ്ങൾ നഷ്ടമാണെന്നതിന്റെ പേരിൽ തേയില ഫാക്ടറികൾ പൂട്ടുകയും തോട്ടം ഉടമകൾ അത് ഉപേക്ഷിച്ചുപോവുകയും ചെയ്ത സാഹചര്യത്തിൽ പീരുമേട്ടിലേയും മറ്റ് പല സ്ഥലങ്ങളിലേയും തൊഴിലാളികൾ കൊടുംപട്ടിണിയിലായി. അന്ന് എല്ലാ വിഭാഗത്തിലുംപെട്ട തൊഴിലാളി സംഘടനകൾ രാഷ്ട്രീയ വ്യത്യാസമില്ലാതെ ഗവൺമെന്റ് മുമ്പാകെ നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് ആവശ്യ ങ്ങൾക്കുകൂടി അഞ്ച് ശതമാനം വസ്തു ഉപയോഗിക്കാമെന്ന വ്യവസ്ഥ കൊണ്ടുവന്നത്. ഹോർട്ടികൾച്ചർ, വാനില, ഔഷധ സസ്യങ്ങൾ, ടൂറിസം എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്നുള്ള വ്യവസ്ഥ ഭേദഗതി യിൽ കൊണ്ടുവന്നു. ഈ നിയമത്തിന്റെ പഴുതുപയോഗിച്ച് ഭൂമി ധാരാളമായി വിൽപ്പന നടത്തി. നിയമവിരുദ്ധമായ പർച്ചേസ് ആണെന്നറിയാതെ ആളുകൾ അത് വാങ്ങി. അങ്ങനെയുള്ള ആളുകൾക്ക് നാല് ഹെക്ടർ ഭൂമി എന്നുള്ളതാ

യിരുന്നു നേരത്തെ പറഞ്ഞിരുന്നത്. പക്ഷെ, ഇപ്പോൾ നാല് ഏക്കർ ഭൂമി എന്നുള്ള നിലയിലേയ്ക്ക് മാറി. അവർക്ക് നാല് ഏക്കറിലെ കുടിയാനെന്നുള്ള അവകാശം കൊടുക്കുകയാണ്. ബാക്കി ഭൂമി പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിൽ വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: പീരുമേട് അടക്കമുള്ള തോട്ടങ്ങൾ അടച്ചിട്ടപ്പോൾ എല്ലാ തൊഴിലാളി സംഘടനകളും അഞ്ച് ശതമാനം ഭൂമി ടൂറിസത്തിനും മറ്റാവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കണമെന്ന് പറഞ്ഞത് നിവേദനം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് തികച്ചും അടിസ്ഥാന രഹിതമാണ്. സി.ഐ.റ്റി.യു.ഉം എ.ഐ.ടി.യു.സി.യും അപ്രകാരം നിവേദനം കൊടുത്തിട്ടില്ലെന്നുമാത്രമല്ല, തോട്ടങ്ങൾ 2006–2011 കാലഘട്ടത്തിലാണ് തുറന്നത്. അന്ന് ഫാകടറികൾ തുറക്കുന്നതിനാവശ്യമായിട്ടുള്ള ഇലക്ട്രിസിറ്റി കുടിശ്ശികയിൽ കിഴിവ് അനുവദിക്കാനുള്ള നടപടി ഉൾപ്പെടെ മറ്റ് പല കിഴിവുകളും നൽകിയതിന്റെ ഫലമായാണ് തോട്ടങ്ങളെല്ലാം തുറന്നത്. അപ്പോൾ തോട്ടങ്ങൾ തുറക്കുന്നതിന്റെ ഭാഗമായി ഇപ്രകാരം അഞ്ച് ശതമാനം ഭൂമി ടൂറിസത്തിനും മറ്റും കൊടുക്കാമെന്ന വ്യവസ്ഥയുണ്ടായിരുന്നു എന്നുള്ളത് അങ്ങ് തെറ്റിദ്ധരിച്ച് പറയുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ബഹുമാനപ്പെട്ട അംഗം ഈ നിയമസഭയിലെ രേഖകൾ പരിശോധിച്ചാൽ ഇക്കാര്യങ്ങൾ വളരെ വ്യക്തമായി മനസ്സിലാകും. സി.എ. കുര്യന്റെ നേതൃത്വത്തിൽ, മുഴുവൻ രാഷ്ട്രീയ പാർട്ടികളും ചേർന്നാണ് അന്ന് അങ്ങനെയൊരു നിവേദനം നൽകിയത്. ഈ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 2005–ലാണ് ഭേദഗതി കൊണ്ടുവന്നത്. 2006–ലാണ്

ഫാക്ടറികൾ തുറന്നതെന്നകാര്യം ശരിയാണ്, തെറ്റാണെന്ന് പറയുന്നില്ല. ബസ്സ് പോയതിനുശേഷം കൈ കാണിക്കുന്ന കാര്യത്തെപ്പറ്റി ഇവിടെ പറഞ്ഞു. ആരാണ് ബസ് പോയതിനുശേഷം കൈകാണിച്ചത്; ശ്രീ. പി. കെ. ഗുരുദാസൻ, അങ്ങും മന്ത്രിയായി അഞ്ച് വർഷം അധികാരത്തിലിരുന്നില്ലേ; ഈ നിയമത്തിനോട് എതിർപ്പുണ്ടായിരുന്നെങ്കിൽ ഈ നിയമം മാറ്റാൻ പാടില്ലായിരുന്നോ; ഭൂരിപക്ഷമുണ്ടായിരുന്നല്ലോ?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. കെ. ശിവദാസൻ നായർ ഒരു വക്കീൽ കൂടി ആണല്ലോ; പ്ലാന്റേഷൻ ഭൂമിയിൽ അഞ്ച് ശതമാനം മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്നത് 2012-ലെ ആക്ട് പ്രകാരമാണ് കൂട്ടിച്ചേർത്തത്, 2006-ലേതല്ല. ഇതുകൊണ്ടുള്ള അപകടം വളരെ ഗുരുതരമായിരിക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞു. ഇതിന്റെ പേരിൽ ഭൂമി വൻതോതിൽ പരിവർത്തനം നടത്തുന്നുവെന്ന് അദ്ദേഹം തന്നെ ഈ ഉദ്ദേശ്യകാര്യങ്ങളുടെ വിവരണത്തിൽ പറഞ്ഞിട്ടുണ്ട്. അത്തരമൊരു സാഹചര്യത്തിൽ ഈ അഞ്ച് ശതമാനം പ്ലാന്റേഷൻ ഭൂമി കൺവെർഷൻ നടത്തി ഹോട്ടലുകളും റിസോർട്ടുകളും ക്വാറികളുമായി മാറുകയാണ്. ഈ അഞ്ച് ശതമാനം കഴിഞ്ഞാൽ ശേഷിക്കുന്ന ഭൂമി വേറൊരാൾക്ക് വിൽക്കാം. അയാൾക്കും അതിൽ നിന്ന് അഞ്ച് ശതമാനം ഈ രൂപത്തിൽ കൺവെർഷൻ നടത്താം. ബാക്കി ഭൂമി വീണ്ടും വേറൊരാൾക്ക് വിൽക്കാം, അയാൾക്കും അഞ്ച് ശതമാനം കൺവർഷൻ നടത്താം. ഇങ്ങനെ തുടർന്നാൽ ആത്യന്തികമായി സംഭവിക്കാൻ പോകുന്നത് പ്ലാന്റേഷൻ ഭൂമി ഉണ്ടാവില്ല. ഈയൊരപകടമാണ് ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിച്ചത്.

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. എ. കെ. ബാലൻ, അങ്ങ് കാര്യങ്ങൾ അറിയാവുന്ന ഒരാളാണ്. 2012–ലെ ആക്ടാണെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. 2005–ലെ വേറൊരു ഭേദഗതിക്കാണ് 2012–ൽ അസെന്റ് കിട്ടിയത്. ഈ ഭേദഗതിക്ക് 2006–ൽ അസെന്റ് കിട്ടി.

ശ്രീ. പി. കെ. ഗുരുദാസൻ: 2005–ലെ ഭേദഗതിക്ക് 2006-2011 കാലയളവിൽ .................

ശ്രീ. കെ. ശിവദാസൻ നായർ: രണ്ട് അമെന്റ്മെന്റ് ആക്ടുണ്ട്. അതിൽ ഒന്ന്, ..........

ശ്രീ. എ. കെ. ബാലൻ: 2006–ലെ ഭേദഗതിയെന്ന് പറയുന്നത് പത്തേക്കറിന്റേതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: 2012–ലെ Act 6 of 2012 –ലെ രണ്ട് ഭേദഗതികളാണ്. 2012–ൽ അസെന്റ് കിട്ടുന്നതിനുമുമ്പ് 2005–ൽ പാസ്സാക്കിയ അമെന്റ്മെന്റിന് അസന്റ് ലഭിക്കുന്നതിന് 2012 വരെ കാത്തിരുന്നതെന്തിനാണ്; 2012–വരെ കാലതാമസമുണ്ടായത് എന്തുകൊണ്ടാണ്?

കാരണം, ഇത് 2006-ൽ വന്നുകഴിഞ്ഞപ്പോൾ ഗവൺമെന്റ് മാറി. ഗവൺമെന്റ് മാറിയപ്പോൾ ഇവർ ആ അമെന്റ്മെന്റിന് ഒരു കത്തയച്ചു – ഞങ്ങൾക്ക് ഇതിൽ താൽപ്പര്യമില്ല, പ്രസിഡന്റ് ഇതിന് അസന്റ് കൊടുക്കാൻ പാടില്ല. അവിടെനിന്നും ഇങ്ങോട്ടയച്ചു, ഇതിന്റെ വിശദമായ കാരണങ്ങൾ എഴുതി അറിയിക്കാൻ പറഞ്ഞു. ഇവർ 3 വർഷം കാത്തിരുന്നു. ഒരു മറുപടിയും കൊടുത്തില്ല. ഒരു മറുപടിയും കൊടുക്കാതെ അവസാന വർഷമായപ്പോൾ ഒരു കാബിനറ്റ് റെസല്യൂഷൻ കൊടുത്തു. 3 വർഷം മിണ്ടിയില്ല.

കാബിനറ്റ് റസല്യൂഷൻ കൊടുത്തുകഴിഞ്ഞപ്പോൾ അവിടെനിന്നും പറഞ്ഞത് ഒരു ആക്ട് അമെന്റ്മെന്റ് ലെജിസ്ലേച്ചർ പാസ്സാക്കിയതിനെതിരായി ഒരു ക്യാബിനറ്റ് ഡിസിഷൻ കൊണ്ട് പറ്റുമോ; അത് ലെജിസ്ലേച്ചർ തന്നെ പാസ്സാക്കണ്ടേ എന്നാണ്. ശ്രീ. എ. കെ. ബാലനെപ്പോലെയുള്ള ആളുകൾ അന്നത്തെ ഗവൺമെന്റിലുണ്ടായിരുന്നത്. നിയമം അറിയാവുന്ന ആളുകളായിരുന്നിട്ടും ആ നിയമത്തിൽ ഒന്നും ചെയ്തില്ല. ഇത് പാസ്സായിക്കൊള്ളട്ടെ എന്നുള്ള രീതിയിൽ പോയി. 2006-ൽ അസന്റ് കിട്ടിയതിന് റൂൾസുണ്ടാക്കിയില്ല എന്ന് മാത്രമല്ല, അതിനോട് എതിർപ്പുണ്ടായിരുന്നെങ്കിൽ ആ ഭേദഗതി മാറ്റുന്നതിന് ഭൂരിപക്ഷമുണ്ടായിരുന്ന ശ്രീ. എ. കെ. ബാലൻ നിങ്ങളുടെ ഗവൺമെന്റ് എന്തുകൊണ്ട് അതിന് നടപടിയെടുത്തില്ല; നിങ്ങൾക്കെതിരല്ലേ; നിങ്ങൾ ഇവിടെ ഒരുപാട് പ്രസംഗിക്കുന്നല്ലോ? നിങ്ങൾക്ക് ഈ വകുപ്പിനോട് വലിയ എതിർപ്പാണ്, നിങ്ങൾക്ക് യോജിപ്പില്ല. ഇതുകൊണ്ട് ഈ തോട്ടങ്ങൾ മുഴുവൻ തുണ്ടുതുണ്ടായിപ്പോകും. നിങ്ങൾ 5 വർഷം ഭരിച്ചിട്ട്, നിങ്ങളുടെ കയ്യിൽ ആയുധമിരുന്നിട്ട് അത് ഉപയോഗിക്കാതെ ഇവിടെ വന്നിട്ട് ഇപ്പോൾ ഇതിനെതിരെ വർത്തമാനം പറഞ്ഞിട്ട് എന്താണ് കാര്യം? നിങ്ങൾ എന്നും ഇങ്ങനെയാണ്. ശ്രീ. സാജുപോൾ പ്ലാച്ചിമടയെക്കുറിച്ച് പറഞ്ഞു. കൊക്കോ ക്കോളയ്ക്ക് അനുമതി കൊടുത്തു. അതെല്ലാം കഴിഞ്ഞതിനുശേഷം പിന്നെ പ്ലാച്ചിമടയുടെ ചാമ്പ്യൻമാരുമായി. ഇപ്പോൾ ഇടയ്ക്കിടയ്ക്ക് പുട്ടിനിടയിൽ തേങ്ങാ ഇടുന്നതുപോലെ ആറന്മുള എന്ന് പറഞ്ഞുകൊണ്ടിരിക്കും. എല്ലാ സാങ്ഷൻസും കൊടുത്തു. സി.എ.ജി.യുടെ റിപ്പോർട്ടിൽ അത് പറഞ്ഞിട്ടുണ്ട്. എന്നാലും ഇപ്പോഴും ഇടയ്ക്കിടയ്ക്ക് ആറന്മുളയെന്നും പറഞ്ഞുകൊണ്ടിരിക്കും. നിങ്ങൾ എന്നും ഇങ്ങനെയാണ്. നിങ്ങൾക്ക് ചെയ്യാവുന്ന കാര്യ

ങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യാതെ നിങ്ങൾ വലിയ വിപ്ലവമാണ് പ്രസംഗിക്കുന്നത്. അങ്ങനെ വിപ്ലവം പ്രസംഗിച്ചിട്ട് കാര്യമുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, 5 ശതമാനം പ്ലാന്റേഷൻ ഭൂമിയും മറ്റ് ആവശ്യങ്ങൾക്കുവേണ്ടി conversion ചെയ്യുന്നത് 2012-ലെ 6-ാം ആക്ട് പ്രകാരം കൂട്ടിച്ചേർത്ത ആക്ടിലെ 81-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരമാണ്. അത് ഞങ്ങൾ പാസ്സാക്കിയതല്ല, നിങ്ങൾ പാസ്സാക്കിയ നിയമമാണ്. നിങ്ങൾ സഭയെ തെറ്റിദ്ധരിപ്പിച്ച് പറയരുത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, രണ്ടും ഞങ്ങൾ പാസ്സാക്കിയതാണ്. ഞങ്ങൾ പാസ്സാക്കിയതല്ലെന്നുള്ള ഒരു കേസ് എനിക്കില്ല. നിങ്ങൾ പാസ്സാക്കിയതാണെന്നുള്ള കേസ് എനിക്കില്ല. 2005-ലെ ഭേദഗതിയാണ്. 2005-ലെ ഭേദഗതിക്കുശേഷം 5 വർഷം നിങ്ങൾ അധികാരത്തിലിരുന്നിട്ട് ഒന്നും ചെയ്തില്ലെന്നേ എനിക്ക് പരാതിയുള്ളൂ. നിങ്ങൾ എന്താണ് അത് മനസ്സിലാക്കാതിരുന്നത്; വായിച്ചാൽ മനസ്സിലാകുന്ന ആളല്ലേ നിങ്ങൾ; 5 വർഷം അധികാരത്തിലിരുന്നിട്ട് ഒന്നും ചെയ്യാതെ ഇപ്പോൾ ഇവിടെ വന്ന് ഈ പ്രസംഗം നടത്തിയിട്ട് എന്താണ് കാര്യം? 2012-ൽ അസന്റ് കിട്ടിയത് മാത്രമേയുള്ളൂ. പാസ്സാക്കിയ അമെന്റ്മെന്റ് 2005-ലാണ്. അത് എന്താണ് മനസ്സിലാക്കാത്തത്? ഇത് രണ്ടും ഞങ്ങൾ കൊണ്ടുവന്ന നിയമമാണ്. ഇക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇങ്ങനെ പറഞ്ഞ് ആടിനെ പട്ടിയാക്കുന്ന തന്ത്രമൊന്നും എടുത്തിട്ട് കാര്യമില്ല. 1968-ലെ അവരുടെ ഗവൺമെന്റ് തന്നെ വച്ച ഒരു പഠനത്തിൽ പറയുന്നു - ഭൂപരിഷ്ക്കരണ നിയമം വരുന്നതിനുമുമ്പു തന്നെ ഈ ഭൂമി മുഴുവൻ പോയിരിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, നിങ്ങളുടെ ബഡ്ജറ്റ് പ്രഖ്യാപനമായിരുന്നു 5 ശതമാനം ഭൂമി ഇത്തരം ആവശ്യത്തിന് വിട്ടുകൊടുക്കുമെന്നുള്ളത്. 2011-ലെ ബഡ്ജറ്റ് പ്രസംഗം അങ്ങ് പരിശോധിച്ചിട്ടുണ്ടോ; അതെങ്ങനെയാണ് പഴയ ഗവൺമെന്റ് കൊണ്ടുവന്നുവെന്ന് നിങ്ങൾ പറയുന്നത്?

<u>ശ്രീ. കെ. രാജു</u>: സർ, അങ്ങ് കോടതിയിൽ വാദിക്കുന്നതുപോലെ തന്നെ അങ്ങയുടെ നിലപാട് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശക്തമായിട്ടുള്ള വാദം നടത്തുകയാണ്. ഞാൻ ചോദിക്കുന്നത്, 5 ശതമാനം ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് പറഞ്ഞാൽ കേരളത്തിൽ മൊത്തത്തിൽ എത്ര ഏക്കർ ഭൂമി അതിനുവേണ്ടി ഉപയോഗിക്കാൻ പോകുകയാണെന്നുള്ള ഒരു കണക്കെടുത്തിട്ടുണ്ടോ? ഈ കാര്യങ്ങളെല്ലാംതന്നെ പരിശോധിക്കുന്ന കൂട്ടത്തിൽ അങ്ങ് അത്തരമൊരു കണക്കെടുത്തിരുന്നെങ്കിൽ എത്രയോ ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ഒരു കൈമാറ്റമാണ് ഇവിടെ നടക്കാൻ പോകുന്നത് എന്നുള്ള കാര്യത്തിൽ നമുക്ക് വല്ല സംശയവുമുണ്ടോ? യഥാർത്ഥത്തിൽ ഭൂമി ഇല്ലാത്ത ആളുകൾക്ക് ഭൂമി കൊടുക്കാൻവേണ്ടി മിച്ചഭൂമിയായി പ്രഖ്യാപിച്ച, ഉപയോഗിക്കാൻ കഴിയാവുന്ന ഭൂമി അന്ന് എക്സംപ്റ്റ് ചെയ്ത് കൊടുത്തതെന്തിനാണ്? തോട്ടം തോട്ടമായിതന്നെ സംരക്ഷിക്കണം. തൊഴിലാളികൾ അവിടെ പണിയെടുക്കുന്നവരാണ്. അവർക്ക് ജോലിയുണ്ടാകണം. ഇതെല്ലാം കൂടി കണക്കിലെടുത്തുകൊണ്ടല്ലേ നമ്മൾ അന്ന് ചെയ്തത്? അതിൽ ഇങ്ങനെ ഒരു ഭേദഗതി വരുന്നതിനുവേണ്ട ......ലക്ഷക്കണക്കിന് ആളുകൾ.......(മൈക്ക് ഓഫ്)..........

ശ്രീ. കെ. ശിവദാസൻ നായർ: ബഹുമാനപ്പെട്ട ശ്രീ. കെ. രാജു, ഈ ഭൂമിയെല്ലാം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽത്തന്നെയുണ്ടായിരുന്നല്ലോ; വേറെ ഒരിടത്തും പോയില്ലല്ലോ; കേരളത്തിൽത്തന്നെ ഈ ഭൂമിയൊക്കെ ഉണ്ടായിരുന്നല്ലോ; ആർക്കെങ്കിലും എടുത്ത് കൊടുത്തോ നിങ്ങൾ; എന്താണ് കൊടുക്കാത്തത്; ആദിവാസികൾക്കുണ്ടായിരുന്നല്ലോ; ആദിവാസികൾക്ക് നിങ്ങൾ കൊടുത്തില്ലല്ലോ; എന്താണ് എടുത്ത് കൊടുക്കാത്തത്? ഇപ്പോൾ നാല് ഹെക്ടർ എന്നുള്ളത് മാറ്റി, നാല് ഏക്കർ എന്നാക്കി ബാക്കി ഭൂമി ഏറ്റെടുത്ത് ആളുകൾക്ക് വിതരണം ചെയ്യാൻവേണ്ടിയാണ് ഈ ഗവൺമെന്റ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതി അതിനുവേണ്ടിയാണ്. അത് മനസ്സിലാക്കാതെ, ഇപ്പോൾ ഞങ്ങളുടെ മുഖത്ത് നോക്കുന്നതെന്തിനാണ്? നിങ്ങൾ നിങ്ങളുടെ മുഖത്തോട്ടുതന്നെ നോക്ക്. നിങ്ങൾ നിങ്ങളുടെ കണ്ണാടിയിൽ നോക്ക്. 5 വർഷക്കാലം നിങ്ങൾ അവിടെ ഇരുന്നിട്ട് ഒന്നും ചെയ്യാതെ ഞങ്ങളുടെ മുഖത്ത് നോക്കിയിട്ട് എന്താണ് കാര്യം? ഇവിടെ പറയുന്ന ചില കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ ഗവൺമെന്റ് കാണണം. അതായത് ഫ്രാഗ്മെന്റേഷൻ, അത് ഗൗരവമായിത്തന്നെ കാണണം. റൂൾസുണ്ടാക്കുമ്പോഴും ഇക്കാര്യത്തിൽ ഫ്രാഗ്മെന്റേഷൻ വന്ന് ഈ ഭൂമി നഷ്ടപ്പെടുകയും അന്യാധീനപ്പെടുകയുമൊക്കെ ചെയ്യുന്ന ഒരു ലൂപ്പ്ഹോൾ ഇതിനകത്ത് ഉപയോഗിക്കാനുള്ള ഒരു സാദ്ധ്യതയുണ്ട്. തീർച്ചയായും അത് മുന്നിൽ കണ്ടുകൊണ്ടുതന്നെ റൂൾസുണ്ടാക്കണമെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. ഫ്രാഗ്മെന്റേഷൻ, ഫർതർ ഫ്രാഗ്മെന്റേഷൻ, പിന്നെയും അത് അങ്ങനെ ഒരു കണ്ടിന്യൂവസ് പ്രോസസ്സായി വരികയാണ്. അതുകൊണ്ട് അത് നിർത്തണം. ഭൂപരിഷ്ക്കരണ നിയമത്തിൽ 7,20,000 ഏക്കർ മിച്ചഭൂമി

യെടുത്ത് വിതരണം ചെയ്യാനാണ് ആദ്യംതന്നെ ലക്ഷ്യമിട്ടത്. പക്ഷേ നമുക്ക് ഇന്നുവരെ 93,178 ഏക്കർ മാത്രമേ....അതായത് ലക്ഷ്യമിട്ടതിന്റെ 13 ശതമാനം മാത്രമേ നമുക്ക് achieve ചെയ്യാൻ കഴിഞ്ഞുള്ളൂ. ആദിവാസികളെപ്പോലെയുള്ള ദുർബല ജനവിഭാഗങ്ങൾക്ക് ഭൂമി ഇല്ല. ഇതുംകൂടി മുന്നിൽകണ്ടുകൊണ്ടാണ് 1971-ലെ കണ്ണൻ ദേവൻ ഭൂമി നിയമം, സ്വകാര്യ വനദേശസാൽക്കരണ നിയമം എന്നിവയൊക്കെ കൊണ്ടുവന്നത്. പക്ഷേ, അന്നും ആ ഭൂമി എടുത്ത് 50 ശതമാനം ആദിവാസികൾക്ക് കൊടുക്കണമെന്നായിരുന്നു നിയമം. പക്ഷേ, ദൗർഭാഗ്യമെന്നുപറയട്ടെ, അതിനെതിരെ ഗ്രാസിം ആദ്യമായി ഹൈക്കോടതിയിൽ പോയി. ആ നിയമം കോടതി അംഗീകരിച്ചതിനുശേഷം നിരവധി ആളുകൾ കേസിനുപോയി, ട്രിബ്യൂണൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. ആ ട്രിബ്യൂണൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതിനുശേഷം ഗവൺമെന്റ് പല കാലഘട്ടങ്ങളിലായി മന:പൂർവ്വമായി കേസ് തോറ്റുകൊടുത്തുകൊണ്ടിരുന്നു. അങ്ങനെ കേസ് തോറ്റുകൊടുത്തു, ആദിവാസികൾക്കും ദുർബല ജനവിഭാഗങ്ങൾക്കും അവകാശപ്പെട്ട ധാരാളം ഭൂമികൾ കാലക്രമത്തിൽ നമുക്ക് നഷ്ടമായി. അത് ഗൗരവമായി ഈ ഗവൺമെന്റ് കാണേണ്ട ഒരു കാര്യമാണെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

സർ, 1969–ൽപ്പോയ ഗവൺമെന്റ്, 1970–ൽ ഇത് നടപ്പിലാക്കിയതിനുശേഷം വളച്ചുകെട്ടൽ സമരം നടത്തിയെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് ലാന്റ്ലസ്സിന് ഭൂമി കൊടുക്കുമെന്ന് പറഞ്ഞപ്പോൾ ഭൂസമരവുമായി ഇറങ്ങി. വലിയ സമരമായി. ഭൂസമരം എങ്ങോട്ടുപോയി; എവിടെചെന്നെത്തി ഭൂസ

മരം? ഭൂസമരത്തിന്റെ ഉദ്ഘാടനം എറണാകുളം ജില്ലയിലെ കോതാട് എന്ന സ്ഥലത്തുവച്ചായിരുന്നു. നിങ്ങൾ മെഡിസിറ്റിക്കുവേണ്ടി കണ്ടുവച്ച സ്ഥലം. അവിടെത്തന്നെയാണ് നിങ്ങൾ ഉദ്ഘാടനം ചെയ്തത്. ഇത് എന്തൊരു കാപഠ്യമാണ്? നിങ്ങൾ ചെയ്യുന്ന ഓരോന്നിന്റെയും യാഥാർത്ഥ്യങ്ങൾ സാധാരണക്കാരായ കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകുമെന്നെങ്കിലും മനസ്സിലാക്കുക. എനിക്ക് ഗവൺമെന്റിനോട് പറയുവാനുള്ളത്, അവിടെ ലാന്റ്ലെസ്സിന് ഭൂമി കണ്ടെത്തി കൊടുക്കുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ്, കമിറ്റ്മെന്റാണ്. ആ കമിറ്റ്മെന്റ് നിർവ്വഹിക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. എന്നും ഈ മിച്ചഭൂമികൾ വൻകിടക്കാരുടെ കൈവശമാണ്. ഓരോ കാരണങ്ങൾ പറഞ്ഞ് കോടതികളിൽപ്പോയി ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച്, ഗവൺമെന്റിനെ സ്വാധീനിച്ച്, നിയമങ്ങൾ അട്ടിമറിച്ച് പാവപ്പെട്ടവന് കൊടുക്കാനുള്ള സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ് എന്നുമുള്ളത്. അതിനൊരു മാറ്റമുണ്ടാകണം. തീർച്ചയായും ഈ ഗവൺമെന്റ് ഈ നിയമംകൂടി കൊണ്ടുവന്നതിനുശേഷം അതിനൊരു വലിയ ഡ്രൈവ് നടത്തണം. കൂടുതൽ ഭൂമി കണ്ടെത്തണം. വൻകിടക്കാരുടെ കൈവശമിരിക്കുന്ന ഭൂമി കണ്ടെത്തി അത് സാധാരണക്കാരനും പാവപ്പെട്ടവനും ആദിവാസികൾക്കും വിതരണം ചെയ്യുന്നതിനുള്ള ഒരു നടപടികൂടി എടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. മലയാളം പ്ലാന്റേഷന്റെയും കണ്ണൻ ദേവന്റെയും കൈവശമിരിക്കുന്ന ഭൂമികൾ മിച്ചഭൂമിയെന്ന് മാത്രമല്ല, പാട്ടക്കാലാവധി അവസാനിച്ച തോട്ടങ്ങൾവരെ എടുക്കണം. എനിക്ക് കരുണ അറിയില്ല. കരുണനാണെങ്കിലും കരുണയില്ലാത്തവനാണെങ്കിലും ആരുടെയാണെങ്കിലും, നിയമവിരുദ്ധ

മായി ആരൊക്കെ തോട്ടങ്ങൾ കൈവശം വച്ചിട്ടുണ്ടോ അത് ഏറ്റെടുക്കാനുള്ള ഒരു ചങ്കൂറ്റം ഈ ഗവൺമെന്റ് കാണിക്കണം. ഹാരിസൺ മലയാളം പ്ലാന്റേഷൻ....... അത് റവന്യൂ വകുപ്പുമന്ത്രിക്കും അറിയാം. അങ്ങയുടെ നിയോജകമണ്ഡലത്തിലുമുണ്ട്. ആ തോട്ടങ്ങളിലാണ് ചെങ്ങറ സമരം നട ന്നത്. ചെങ്ങറ സമരം നടക്കുമ്പോൾ ശ്രീ. എ. കെ. ബാലനായിരുന്നു ഇവിടത്തെ മന്ത്രി. അന്ന് ചെങ്ങറ സമരം നടത്തിയ ആളുകളെ എങ്ങനെയാണ് ശ്രീ. എ. കെ. ബാലന്റെ ഗവൺമെന്റ് നേരിട്ടത് എന്നുള്ളത് നമുക്ക് നന്നായിട്ടറിയാമല്ലോ. അങ്ങനെ നേരിടാനായിട്ട് ഈ ഗവൺമെന്റ് പോകേണ്ട കാര്യമില്ല. ഒരു ലാത്തിയുമില്ല. പട്ടിണിക്കിട്ട്, വളഞ്ഞുവെച്ച്, ആഹാരംപോലും അങ്ങോട്ട് കൊണ്ടുപോകാൻ അനുവദിക്കാതെ, ഈ നിയമ സഭയ്ക്കകത്തുതന്നെ അവരെ റബ്ബർ ഷീറ്റ് മോഷ്ടാക്കളെന്ന് വിളിച്ച് ആക്ഷേ പിച്ച് ഏതെല്ലാം തരത്തിലാണ് അവരെ ബുദ്ധിമുട്ടിച്ചത്. പക്ഷേ ആ നിലയി ലൊന്നും ഈ ഗവൺമെന്റ് മുന്നോട്ടുപോകണ്ട. ഹാരിസൺ മലയാളം പ്ലാന്റേ ഷനാണെങ്കിലും ഏത് വൻകിടക്കാരനാണെങ്കിലും അവന്റെ കയ്യിൽനിന്ന് ഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്തവർക്ക് കൊടുക്കാനുള്ള ഒരു പ്രതിജ്ഞാബദ്ധത ഈ ഗവൺമെന്റ് കാണിക്കുന്നുണ്ട്. അത് മുന്നോട്ടുകൊണ്ടുപോകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇതു മായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത് ആദ്യമേ പറഞ്ഞുകഴിഞ്ഞു. സബ്ജക്ട് കമ്മിറ്റിക്കുപോയി മടങ്ങിവന്നതിനുശേഷം കാര്യങ്ങൾ പറയാം.

മി. ചെയർമാൻ: ശ്രീ. സാജു പോൾ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. സാജു പോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മി. ചെയർമാൻ: ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി ശ്രീ. രമേശ് ചെന്നിത്തല, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര

മുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് അഴിമതി സർവ്വസാധാരണമായ ഒരു പ്രക്രിയയായി മാറിയിരിക്കുകയാണ്. Corruption is old as mankind. And its scope and extent grew simultaneously with the Civilization and the changing Science and Technology, and the Environment. ഇന്ത്യയിൽത്തന്നെ 1947 മുതൽ അഴിമതി തടയാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അഴിമതിയെന്നുള്ളത് ഒരു വൈറ്റ് കോളർ ക്രൈം ആണ്. 1860-ൽ ഇന്ത്യൻ പീനൽ കോഡ് നിലവിൽവന്ന സാഹചര്യത്തിൽ, Sections-161, 165 dealing with Corruption. Subsequently, the Section 165 (A) also has been incorporated. That shows the firm commitment of our people of India to fight against Corruption. 1860 മുതൽ അഴിമതിക്കെതിരായ ശക്തമായ

പോരാട്ടം നടത്താനുള്ള നിശ്ചയദാർഢ്യം ഇന്ത്യയിലെ ജനങ്ങൾ കാട്ടിയിട്ടുണ്ട്. അതുകൊണ്ടാണ് ഐ.പി.സി.-യിൽത്തന്നെ ഇത്രയും ശക്തമായ വകുപ്പുകൾ ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചത്. അതിനുശേഷം 1947, The Prevention of Corruption Act has been came into existence. സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് നമ്മൾ നിയമമാക്കിയ The Prevention of Corruption Act, 1988-ൽ it has been revised and a new Act has been came into existence. അതാണ് PC Act 1988. 1983-ൽ ഇൻഡ്യയിൽ ആദ്യമായി ആന്ധ്രാപ്രദേശ് നിയമസഭയാണ് ലോക് ആയുക്ത എന്നൊരു നിയമം പാസ്സാക്കിയത്. അതിനുശേഷം 1984-ൽ കർണ്ണാടക നിയമസഭ ലോക് ആയുക്ത നിയമം പാസ്സാക്കുകയുണ്ടായി. അതിനെത്തുടർന്നാണ് കേരളത്തിൽ 1987-ൽ Kerala Public Men's Corruption (Investigations & Inquiries) Act നടപ്പാക്കിയത്. 1998 ആയപ്പോൾ ലോക് ആയുക്ത അതൊരു ഓർഡിനൻസായി കൊണ്ടുവരികയുണ്ടായി. 1999-ൽ അത് ആക്ടാകുകയും ചെയ്തു. ഇന്ത്യയിൽ അഴിമതിക്കെതിരായിട്ടുള്ള നടപടികൾ ആരംഭിക്കുന്നതിന്റെ ഏകദേശ ചിത്രമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. 1860 മുതൽ 1999 വരെയുള്ള ഈ കാലഘട്ടങ്ങളിൽ വൈറ്റ് കോളർ ക്രൈംസിനെതിരായിട്ടുള്ള ശക്തമായ നടപടികൾ സ്വീകരിക്കാനുള്ള ഇച്ഛാശക്തി ഓരോ കാലഘട്ടങ്ങളിലെയും സർക്കാരുകൾ കാട്ടിയിട്ടുണ്ടെന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഒരു കറപ്ഷൻ ഫ്രീ സൊസൈറ്റിയെന്നുള്ളതാണ് ഇന്ന് നമ്മുടെ ലക്ഷ്യം. കേരള ലോക് ആയുക്ത നൽകിയ സജഷൻസിന്റെ

അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ജസ്റ്റിസ് ശ്രീ. കെ. പി. ബാലചന്ദ്രൻ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഒരു കാര്യമാണ്. Now that report is being examined by the Home Department and P&ARD Department. ഇതിനുശേഷമാണ് പാർലമെന്റ് പുതിയ ലോക്പാൽ നിയമം പാസ്സാക്കിയത്. 2014 ജനുവരി 1-ാം തീയതി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ബിൽ, പ്രസിഡന്റ് അസെന്റ് നൽകിയതോടുകൂടി ലോക്പാൽ നിയമം നിലവിൽ വന്നിരിക്കുകയാണ്. പക്ഷേ അതിനനുസരിച്ചുള്ള നടപടികൾ ഇന്ന് പൂർത്തിയായില്ലായെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ലോക്പാൽ നിയമ മെന്നുള്ളത് വളരെ ശക്തമായ ഒരു നിയമമാണ്. ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്ന അഴിമതിക്കെതിരായ പോരാട്ടങ്ങൾക്ക് ഏറ്റവും ശക്തമായ നിലയിലുള്ള നടപടികൾ കൈക്കൊള്ളാൻ പാകത്തിലാണ് ലോക്പാൽ നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുള്ളത്. The question before us is to whether we will follow the Lokpal Bill or not? Whether we are going to examine the suggestions given by the Justice K.P. Balachandran Committee report. ഈ രണ്ട് ചോദ്യങ്ങളാണ് നമ്മുടെ നിയമസഭയുടെയും ഗവൺമെന്റിന്റെയും മുന്നിലുള്ളത്. നമ്മൾ പാസ്സാക്കിയിട്ടുള്ള ലോക് ആയുക്ത നിയമം സത്യം പറഞ്ഞാൽ റെക്കമെന്ററി നേച്ചറിലുള്ള ഒരു നിയമം മാത്രമാണ്.

ശ്രീ. പി. സി. ജോർജ് : സർ, ആഭ്യന്തരമന്ത്രി വളരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് സംസാരിക്കുകയാണ്. അങ്ങ് പറയുന്ന ലോക്പാൽ നിയമം ഇൻഡ്യയിൽ പ്രാവർത്തികമായിക്കഴിഞ്ഞു. പിന്നെ എന്തിനാണ് ഈ ലോക് ആയുക്ത നിയമം? യാതൊരു ശക്തിയുമില്ലാത്ത പ്രവർത്തനവുമില്ലാത്ത അധികാരവുമില്ലാത്ത ഈ ലോക് ആയുക്ത നിയമം കൊണ്ടുവന്നിട്ട് നമുക്ക് എന്ത് കിട്ടാനാണ്? ആ നിലക്ക് അങ്ങേയ്ക്ക് ലോക്പാൽ നിയമത്തിനു തുല്യമായ നിയമം ഉണ്ടാക്കുവാനായി ആലോചിക്കാൻ കഴിയില്ലേ?

ശ്രീ. രമേശ് ചെന്നിത്തല : Sir, so the Government is contemplating to have a real look on this entire issues. ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ലോക് പാൽ നിയമത്തിന്റെ പശ്ചാത്തലത്തിൽ പുതിയ ഒരു ലോക് ആയുക്ത നിയമത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കുകയാണ്. ജസ്റ്റിസ് കെ. പി. ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളുടെയും സജഷൻസിന്റെയും അടിസ്ഥാനത്തിലും പാർലമെന്റ് പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെ അടിസ്ഥാനത്തിലും ഇന്നു സംസ്ഥാനത്ത് 1999–ൽ പാസ്സാക്കിയ നിയമം എത്രമാത്രം ഫലപ്രദമാണ് അതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്നുള്ളതിനെ സംബന്ധിച്ചുള്ള ഗൗരവപൂർവ്വമായ ഒരു ആലോചന ഗവൺമെന്റ് നടത്തുകയാണ്. ഈ ബിൽ പരിശോധിച്ചാൽ, definitely I am of the firm opinion that the Lok Ayukta should have given more teeth. കൂടുതൽ അധികാരങ്ങൾ നൽകികൊണ്ട് അഴിമതിയെ ശക്തമായി തടയാൻ വേണ്ടിയിട്ടുള്ള നടപടികൾ ഉണ്ടാകണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ലോക്പാൽ നിയമം പരിശോധിച്ചു നോക്കിയാൽ എട്ട് അംഗങ്ങളാണ് ഉള്ളത്. നാലെണ്ണം ജുഡീഷ്യറിയിൽ

നിന്നാണ്, നാലെണ്ണം from the areas related to Public Administration, Vigilance, Finance, Insurance, Banking, Law and Management, and pursuance of integrity, outstanding ability with at least 25 years of experience in any of these areas mentioned above. പാർലമെന്റ് പാസ്സാക്കിയ ലോക്പാൽ നിയമത്തിൽ എട്ട് അംഗങ്ങളുണ്ട്. അതിൽ നാലെണ്ണം ജുഡീഷ്യറിയിൽ നിന്നും ബാക്കിയുള്ള നാലുപേർ വളരെ പരിജ്ഞാനമുള്ള കൂടുതൽ outstanding ആയിട്ടുള്ള വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള 25 വർഷക്കാലത്തെ മുൻ പരിചയമുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ചെയർപേഴ്സനെ സംബന്ധിച്ചിടത്തോളം ചീഫ് ജസ്റ്റിസ് ആകാം, സുപ്രീം കോടതി ജഡ്ജാകാം or any other person who is having an experience of more than twenty five years and his track record should be excellent. അങ്ങനെയുള്ള ആളുകളെ ലോക്പാലിൽ നിയമിക്കാൻ സാധിക്കും. മാത്രമല്ല നമ്മുടെ ലോക് ആയുക്ത നിയമം പരിശോധിച്ചാൽ ജുഡീഷ്യൽ മെമ്പർമാർ മാത്രമാണുള്ളത്. അതുപോലെ തന്നെ വിപുലമായ അധികാരങ്ങളാണ് ലോക്പാലിനുള്ളത്. ലോക്പാൽ കൂടി കൊണ്ട് they can assigned investigation to C.B.I., C.V.C. etc. അതേസമയം കേരളത്തിലെ ലോക്പാലിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇത്തരം അധികാരങ്ങളൊന്നും നിലവിലില്ല. മാത്രമല്ല കേരളത്തിൽ സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ നിലവിലില്ല, and also we don’t have any other specialized body

like C.B.I. ലോക്പാലിനെ സംബന്ധിച്ചിടത്തോളം അഴിമതി പൂർണ്ണമായി തുടച്ചുനീക്കാൻ കഴിയത്തക്ക ഇഫക്ടീവായിട്ടുള്ള ഒരു മെഷിനറി എന്നുള്ള നിലയിലാണ് പാർലമെന്റ് അതിനെ വിഭാവനം ചെയ്തത്. അതുകൊണ്ടാണ്, they can even assign any of the investigation into C.B.I or C.V.C without any consultation with the Central Government or any other body existing in this country. അതുപോലെതന്നെയാണ് നമ്മുടെ ലോക് ആയുക്ത എടുത്ത് പരിശോധിച്ച് കഴിഞ്ഞാൽ, we have only a reccommendary nature. ലോക് ആയുക്തക്ക് ചെയ്യാൻ സാധിക്കുന്നത് ഗവൺമെന്റിനും വിവിധ ഡിപ്പാർട്ടുമെന്റുകൾക്കും ഒരു സജഷൻ നൽകാൻ അല്ലെങ്കിൽ റെക്കമെന്റ് ചെയ്യാനുള്ള അധികാരങ്ങളാണുള്ളത്. Where as Lokpal is also an Appellate Authority in case of Judgments passed by the anti-corruption courts. അഴിമതി നിരോധന കോടതികൾ പറയുന്ന കാര്യ ങ്ങളിൽ ഒരു അപ്പീൽ അതോറിറ്റി കൂടിയാണ് ലോക്പാൽ. അങ്ങനെ വിപുല മായ അധികാരമാണ് ലോക്പാൽ നിയമത്തിൽ നൽകിയിട്ടുള്ളത്. ലോക്പാൽ നിയമത്തിലെ സെക്ഷൻ 49 അനുസരിച്ച് ലോക്പാൽ എന്നു പറയുന്നത് ഫൈനൽ അപ്പലെറ്റ് അതോറിറ്റിയാണ്. അതുമാത്രമല്ല, കേരള ത്തിലെ ലോക് ആയുക്ത നിയമത്തിൽ ഹൈക്കോടതിക്ക് വേണമെങ്കിൽ ലോക് ആയുക്ത നിയമം പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് സ്റ്റേ ചെയ്യാനുള്ള അധികാരമുണ്ട്. Where as Lokpal is the final Appellate Authority അതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ലോക്പാലിനെ തെരഞ്ഞെടുക്കുന്നതിനു

മുമ്പായി ഒരു സെർച്ച് കമ്മിറ്റി ഉണ്ടായിരിക്കണം. ആ സെർച്ച് കമ്മിറ്റി ഇൻഡ്യയിലെ പ്രഗത്ഭരായ ആളുകളുടെ ഒരു പാനൽ തയ്യാറാക്കിയിട്ടാണ് ഗവൺമെന്റും പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും സ്പീക്കറും കൂടി ചേർന്ന് തെരഞ്ഞെടുക്കുന്നത്. അങ്ങനെയൊരു സെർച്ച് കമ്മിറ്റി ലോക് ആയുക്തയ്ക്കില്ല. ലോക്പാലിനെ സംബന്ധിച്ചിടത്തോളം 50% of the members should be from SC/ST, OBC, minority and women. ലോക് ആയുക്തയിലാണെങ്കിൽ, no such provision is existing. Only one Lok Ayukta and Two Upa Lok Ayuktas. മറ്റൊരു സവിശേഷത കാണാൻ സാധിക്കുന്നത് ലോക്പാലിന് രണ്ട് വിങ്ങുണ്ട്. ഒന്ന് എൻക്വയറിയും മറ്റൊന്ന് പ്രോസിക്യൂഷനും. എന്നാൽ ലോക് ആയുക്തയിൽ അങ്ങനെ യാതൊരു നടപടികളും നിലവിലില്ല. ഇവിടെ സംഭവിക്കുന്നത് അഴിമതി നിരോധന നടപടികൾക്ക് ഏറ്റവും കൂടുതൽ പ്രതിസന്ധി ഉണ്ടാകുന്നത് inordinate delay മൂലമാണ്. ഞാൻ വിജിലൻസ് കൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയാണ്. Inordinate delay in disposing the vigilance cases is the major concern for the Government. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും വലിയ പ്രതിസന്ധിതന്നെയാണ്. ഒരു ഉദ്യോഗസ്ഥന്റെ പേരിൽ കറപ്ഷൻ ആരോപിക്കപ്പെട്ടാൽ അദ്ദേഹം റിട്ടയർ ചെയ്ത് വളരെക്കാലം കഴിഞ്ഞാണ് പലപ്പോഴും ആ കേസിൽ വിധി കല്പിക്കുന്നത്. ചില പ്രതികളായിട്ടുള്ള ആളുകൾ മരിച്ചുപോയിട്ടുണ്ടാകും. Inordinate delay, അതാണ് ഇത്തരം അഴിമതി കേസുകളിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസം. ലോക് പാൽ അക്കാര്യത്തിൽ വലിയ ഫലപ്രദമായ നടപടി പറയുന്നുണ്ട്.

ലോക് പാൽ പറയുന്നത്, preliminary inquiry should be completed within 90 days. 90 ദിവസത്തിനുള്ളിൽ പ്രിലിമിനറി എൻക്വയറി പൂർത്തിയാക്കണം. ഇനി ഏതെങ്കിലും കാരണവശാൽ further ആയി sufficient reasons കാണിച്ചുകൊണ്ട് എക്സ്റ്റൻഷൻ വെണമെന്നു പറഞ്ഞാൽ, 90 ദിവസം കൂടി വേണമെങ്കിൽ കൊടുക്കാവുന്നതാണ്. അങ്ങനെ 180 ദിവസത്തിനുള്ളിൽ പ്രിലിമിനറി എൻക്വയറി പൂർത്തിയായിരിക്കണം. അതുപോലെ investigation has to be completed within six months. അത് ഏതെങ്കിലുമൊരു പ്രത്യേക സാഹചര്യത്തിൽ sufficient reasons കാണിച്ചുകൊണ്ട് ആവശ്യപ്പെട്ടാൽ, another six months can be granted. That means within one year all the investigations has to be completed എന്നുള്ളതാണ് ലോക്പാലിൽ പ്രത്യേകമായി പറയുന്നത്. എന്നാൽ നമ്മുടെ ലോക് ആയുക്തയിൽ ഒരു ടൈം ലിമിറ്റും പറയുന്നില്ല. അവിടെ എത്രവേണമെങ്കിലും സമയമെടുക്കാമെന്ന നിലയിലാണ് ഇന്ന് നിലനിൽക്കുന്നത്. ലോക്പാൽ നിയമത്തിലെ സെക്ഷൻ 35-ൽ, special courts has to be set-up by the Central government as per the recommendation of the Lokpal. ലോക്പാലിന്റെ നിർദ്ദേശമനുസരിച്ച് സ്പെഷ്യൽ കോടതികൾ കേന്ദ്ര ഗവൺമെന്റ് സെറ്റ്-അപ് ചെയ്തുകൊണ്ട് ട്രയൽ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് പ്രത്യേകമായി സെക്ഷൻ 35-ൽ പറയുന്നുണ്ട്. But in Lok Ayukta no such provision has to be incorporated in our Act. ലോക്പാലിന് വിപുലമായ അധികാരങ്ങൾ നൽകുന്നു എന്ന് പറഞ്ഞു. പ്രഥമദൃഷ്ട്യാ ഒരു ഉദ്യോഗസ്ഥൻ

കുറ്റക്കാരനാണെങ്കിൽ ആ കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ട്രാൻസ്ഫർ ചെയ്യാനും സസ്പെന്റ് ചെയ്യാനുമുള്ള അധികാരംവരെ ഇന്ന് ലോക്പാൽ നിയമത്തിലുണ്ട്. ഇത്തരം വലിയ തോതിലുള്ള അധികാരങ്ങളോടു കൂടിയ ലോക്പാൽ നിയമം പാർലമെന്റ് പാസ്സാക്കി രാഷ്ട്രപതിയുടെ അസെന്റ് ഉണ്ടെങ്കിൽപോലും ഇപ്പോഴും പ്രായോഗികമായി ഇത് നടപ്പിലായിട്ടില്ല എന്നു ള്ളതാണ് സത്യം.

ഞാൻ പറഞ്ഞുവന്നത് അഴിമതി നിരോധനമെന്നുള്ളത്, കണ്ടുപിടി ക്കപ്പെടുന്ന കേസുകൾപോലും പല കാരണങ്ങൾകൊണ്ടും ഫലപ്രദമായി നമുക്ക് ലോജിക്കൽ കൺക്ലൂഷനിലേയ്ക്കെത്തിക്കാനും അഴിമതിക്കാരായി ട്ടുള്ള ആളുകളെ ശിക്ഷിക്കാനും കഴിയാതെ പോകുന്നത് അഴിമതി നിരോധന ത്തെപ്പറ്റി ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്താൻ മാത്രമേ ഉപകരിക്കു കയുള്ളൂ. ക്യാൻസർ പോലെ പൊതുജീവിതത്തിൽ വളർന്നുവരുന്ന അഴിമ തിയെ തടയാനും അഴിമതിക്കാരെ നിലയ്ക്കുനിർത്താനും ഫലപ്രദമായ നിയ മനിർമ്മാണത്തിന്റെ ആവശ്യകതയിലേയ്ക്കാണ് ഇതെല്ലാം ചൂണ്ടിക്കാണിക്കു ന്നത്. ജനാധിപത്യ സംവിധാനത്തെപ്പറ്റി ജനങ്ങൾക്കുള്ള വിശ്വാസം നഷ്ട പ്പെടാനുള്ള കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അഴിമതി. നിയ മങ്ങളനുസരിക്കുന്ന, സത്യസന്ധമായി പ്രവർത്തിക്കുന്ന ആളുകൾ പരിഗണന യിലില്ലാതെ വരികയും അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് പരിഗണനയുണ്ടാ കുകയും ചെയ്യുന്നത് definitely it will create confusion as well as problems among the general public.

മി. സ്പീക്കർ: ഇത്തരം ആളുകൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നത് ആരാണ്; അങ്ങ് പറഞ്ഞ അഴിമതി നടത്തുന്ന ആളുകളെ പ്രൊട്ടക്ട് ചെയ്യുന്നത് ആരാണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, What I mean is we have to correct the system. The system has to be more efficient; so that this corrupt people can be punished.

മി. സ്പീക്കർ: We are also responsible for all these ...............

ശ്രീ. രമേശ് ചെന്നിത്തല: സർ, We are all responsible for that, we are all not only me, we are all responsible for, even all the legislators are a part and parcel of this kind of system. So systemic correction is the most important thing. That is why I am proposing for a comprehensive ......അതുകൊണ്ടാണ് സമഗ്രമായ ഒരു അഴിമതി നിരോധന നിയമം നമ്മുടെ സംസ്ഥാനത്തുണ്ടാകണമെന്ന് ഞാൻ പ്രൊപ്പോസ് ചെയ്യുന്നത്. ഇന്നത്തെ ലോക്പാൽ നിയമം...... ജസ്റ്റിസ് ബാലചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിവിടെ യുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുമുമ്പുള്ള ചർച്ചാവേളയിൽ അതിന്റെ എല്ലാ വിശദാംശങ്ങളും പറഞ്ഞതുകൊണ്ടാണ് ഞാൻ ആവർത്തി ക്കാതിരിക്കുന്നത്. ജസ്റ്റിസ് ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിനകത്ത് ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇന്നിപ്പോൾ വിജിലൻസിനെ സംബന്ധിച്ചിട ത്തോളം വിജിലൻസിന്റെ പ്രവർത്തനങ്ങൾ അഴിമതി തടയാൻ ഒരു പരിധി വരെ സഹായിക്കുന്നുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ മാറി വരുന്ന സാഹചര്യങ്ങളിൽ അഴിമതിക്ക് പുതിയ പുതിയ വഴികൾ കണ്ടെ

ത്തുന്ന ഒരു കാലഘട്ടത്തിൽ, വൈറ്റ് കോളർ ക്രൈംസ് കൂടുതൽ ശക്തമാകുന്ന ഒരു കാലഘട്ടത്തിൽ ലോക്പാലിന് അനുസൃതമായ ഒരു ലോക് ആയുക്ത നിയമം കേരളത്തിൽ പാസ്സാക്കേണ്ടത് അനിവാര്യമാണ്. ഈ നിയമസഭ പാസ്സാക്കേണ്ടത് അനിവാര്യമാണ്. മാത്രമല്ല സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ പോലെയുള്ള സംവിധാനങ്ങൾ നമുക്കുണ്ടാകേണ്ടത് ആവശ്യമാണ്. ഉദ്യോഗ നിയമനങ്ങളിൽ അതോടൊപ്പം ശക്തമായ ഒരു വാച്ച് ഡോഗായി പ്രവർത്തിക്കാൻ കഴിയത്തക്ക വിധത്തിലുള്ള സ്റ്റേറ്റ് വിജിലൻസ് കമ്മീഷനും സി.ബി.ഐ. മോഡലിലുള്ള അന്വേഷണ ഏജൻസിയുമെല്ലാം ഇത്തരം അഴിമതികളെ തടയുവാൻ നമ്മുടെ സംസ്ഥാനത്ത് അനിവാര്യമാണ് എന്നുള്ള നിഗമനത്തിലാണ് ഞാൻ എത്തിയിരിക്കുന്നത്. That is why I am proposing for a comprehensive legislation in this regard. നമുക്ക് ഭാവിയിൽ അഴിമതി ശക്തമായി തടയുവാനും അഴിമതിയുടെ വേരറുക്കുവാനും കഴിയത്തക്കനിലയിൽ ശക്തമായ നിയമനിർമ്മാണത്തിലേയ്ക്കാണ് നാം എത്തിച്ചേരേണ്ടത്. ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള ലോക് ആയുക്ത സംബന്ധിച്ചുള്ള കൂടുതൽ ചുമതലകൾ) ബിൽ ഒരു ലിമിറ്റഡ് പർപ്പസ്സിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ലോക് ആയുക്തയിലെ ജീവനക്കാരുടെ നിയമനവും മറ്റും സംബന്ധിച്ച സ്പെഷ്യൽ റൂൾസ് നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള നടപടികളുടെ നിർവ്വഹണ ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ലിമിറ്റഡ് സ്കോപ്പോടുകൂടിയ ഒരു അമെന്റ്മെന്റാണിവിടെ കൊണ്ടുവന്നിട്ടുള്ളത്. ലോക് ആയുക്ത ജീവന

ക്കാരുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കണമെങ്കിൽ നിയമനാധികാരം പി. എസ്.സി.–യെ ഏൽപ്പിച്ചുകൊണ്ടുള്ള ആർട്ടിക്കിൾ 321 അനുസരിച്ചുള്ള നിയമനിർമ്മാണം നടപ്പിലാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയും ലോക് ആയുക്ത രജിസ്ട്രാറും നിയമനവുമായി ബന്ധപ്പെട്ട കേസിൽ സ്പെഷ്യൽ റൂൾസ് നാളിതുവരെ പുറപ്പെടുവിക്കാത്തതിനുള്ള കാരണം ആരായുകയുണ്ടായി. സർക്കാർ ഫയൽചെയ്ത സത്യവാങ്മൂലത്തിൽ നിയമനം പി.എസ്.സി.–ക്ക് വിടുന്നത് സംബന്ധിച്ചുള്ള ബിൽ നിയമസഭ പാസ്സാക്കുന്നുണ്ടെന്നും അതിനുശേഷം സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് ആറുമാസത്തെ സമയം വേണ്ടിവരുമെന്നും ഹൈക്കോടതിയിൽ ഗവൺമെന്റ് അഫിഡവിറ്റ് കൊടുക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ കൊണ്ടുവന്ന ഒരു ലിമിറ്റഡ് പർപ്പസിനുവേണ്ടിയുള്ള ഒരു നിയമമാണ്. പക്ഷെ ഞാനിത്രയും കാര്യങ്ങൾ സൂചിപ്പിച്ചത് ഈ സഭ നിരവധി പുരോഗമനപരമായ നിയമങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള നിയമസഭയാണ്. ഇന്ത്യയിലെതന്നെ നിയമനിർമ്മാണ സഭകൾക്ക് മാതൃകയായിട്ടുള്ള ഒരു നിയമസഭയാണിത്. ഈ നിയമസഭ പാസ്സാക്കിയിട്ടുള്ള നിരവധി നിയമങ്ങൾ ഇന്ത്യയിലെ ജനങ്ങളെ ആകർഷിച്ചിട്ടുള്ള നിയമനിർമ്മാണങ്ങളാണ്. നമുക്കും ഇന്നത്തെ പ്രസന്റ് സിറ്റുവേഷനിൽ ലോക്പാൽ നിയമത്തിന്റെ വെളിച്ചത്തിൽ ശക്തമായ ലോക് ആയുക്ത നിയമം കേരള നിയമസഭ പാസ്സാക്കണം. അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കും. ഞങ്ങൾ അതിനുശേഷം നിയമസഭയിലേയ്ക്ക് വരുമെന്നുകൂടി അങ്ങയെ അറിയിച്ചുകൊണ്ട് ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>മി. സ്പീക്കർ:</u> ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ആവർത്തിക്കുന്നു. ഇത് പ്രധാനപ്പെട്ട ഒരു നിയമമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇതിന്റെ പർപ്പസ് വളരെ ചെറുതാണ്. അദ്ദേഹം പറഞ്ഞത് വരാൻപോകുന്ന, നമ്മൾ കൊണ്ടുവരേണ്ട ലോക്പാൽ മോഡലിലുള്ള ഒരു നിയമത്തെക്കുറിച്ചാണ് അദ്ദേഹമിവിടെ സൂചിപ്പിച്ചത്. നമ്മുടെ മുമ്പിലുള്ള ബില്ലിൽ ഒരു പ്രത്യേക പർപ്പസാണ് വരുന്നത്. ഞാൻ പ്രാസംഗികർക്ക് ക്ലാസ് തരുന്നതല്ല. സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, മാത്യൂ. റ്റി. തോമസ്, സി. ദിവാകരൻ, വി.ഡി സതീശൻ, എം. ഹംസ, എൻ. ഷംസുദ്ദീൻ, ബെന്നി ബെഹനാൻ തുടങ്ങിയ 7 മെമ്പർമാരാണ് സംസാരിക്കാനുള്ളത്. ഇതുകഴിഞ്ഞ് വേറൊരു ബില്ലുമുണ്ട്. വിയോജനക്കുറിപ്പ് രേഖപ്പെടുത്താൻ മൂന്നുപേരെയുള്ളൂ. ശ്രീ. മാത്യൂ. റ്റി. തോമസ്, ഒരു ബില്ല് വരുമ്പോൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നവർ മാത്രമല്ല സംസാരിക്കുന്നത്. ചെയർ എന്നുള്ള നിയിൽ ഇവിടെ പ്രസംഗിക്കാനുള്ള 7 പേരുടെ പേരുകളാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് തീർച്ചയായും പ്രസംഗിക്കുന്ന അംഗങ്ങൾ സ്വയം നിയന്ത്രിതമായി പ്രസംഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള അങ്ങയുടെ വിയോജനക്കുറിപ്പ് അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം സഭയിലേയ്ക്ക് വന്നിരിക്കുന്ന ഒരു ബില്ലാണ് ഇത്. ഇവിടെ അവതരിപ്പിച്ച ബില്ലിനെക്കുറിച്ചാണ് സബ്ജക്ട് കമ്മിറ്റി പരിശോധിച്ചത്. ലോക് ആയുക്തയിലെ

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ചുമാത്രമെ ആ ബില്ലിൽ ഉണ്ടായിരുന്നുള്ളൂ. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഗൗരവതരമായ ചർച്ചയ്ക്ക് വിഷയമാക്കുന്ന കുറെ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: അത് സഭയുടെ മുമ്പിലുള്ള ബില്ലല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതുകൊണ്ട് പറയാതിരിക്കാൻ കഴിയുമോ; മന്ത്രി പറഞ്ഞുകഴിഞ്ഞില്ലേ; പിന്നെ മെമ്പർമാർ പറയേണ്ട എന്ന് ചെയർ പറഞ്ഞിട്ടെന്താണ് കാര്യം?

മി. സ്പീക്കർ: ഞാൻ പറയേണ്ട എന്നല്ല പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പുതിയൊരു നിയമനിർമ്മാണമാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ സമയം പോക്കേണ്ട കാര്യം എന്തായിരുന്നു; ഒരു പുതിയ നിയമവുമായി സഭയെ സമീപിക്കുകയായിരുന്നു മന്ത്രി ചെയ്യേണ്ടിയിരുന്നത്. അങ്ങനെ പുതിയൊരു ലോക്പാൽ ബിൽ വരികയാണെങ്കിൽ ഈ അമെന്റ്മെന്റിന്റെ ആവശ്യമേ ഉണ്ടാകില്ല. ലോക് ആയുക്തയേ പോകുമല്ലോ.

മി. സ്പീക്കർ: അത് വരുമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വരുന്ന കാര്യമാണ്. അങ്ങനെ വരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ നിയമസഭയിൽത്തന്നെ അങ്ങനെയൊരു ബിൽ അവതരിപ്പിക്കുകയായിരുന്നു മന്ത്രി ചെയ്യേണ്ടിയിരുന്നത്. ഇവിടെ യഥാർത്ഥത്തിൽ ഇപ്പോൾ നമ്മൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി, ഞങ്ങൾ ഡിസന്റ് എഴുതുന്നതിനുള്ള കാരണമെന്താണ്; ലോക് ആയുക്ത നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിടാനാണുദ്ദേശിക്കുന്നത്. എന്നാൽ ഇതിനകത്തൊരു വകുപ്പ് പറയുന്നുണ്ട് മൂന്നാം വകുപ്പിന്റെ മൂന്നാം

ഉപവകുപ്പിൽ "പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടായാൽ അക്കാര്യം സർക്കാരിന്റെ തീരുമാനത്തിന് വിടണമെന്ന്" വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുസംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മിഷനുള്ള അധികാരംതന്നെ സർക്കാരിൽ നിക്ഷിപ്തമാക്കത്തക്കവിധത്തിലുള്ള ഒരു ഉപഭേദഗതി വന്നിരിക്കുകയാണ്. ഇത് ഒഴിവാക്കണമെന്നുള്ള പ്രശ്നമാണ് സബ്ജക്ട് കമ്മിറ്റിയിൽ ഉന്നയിച്ചത്. നിലവിലുള്ള ലോക് ആയുക്തയെ സംബന്ധിച്ചുതന്നെ, ഇത് കൊണ്ടുവരുന്ന സന്ദർഭത്തിൽ ഒരു പുരോഗമന നിയമമായിട്ടാണ് നമുക്കന്ന് തോന്നിയത്. ബഹുമാനപ്പെട്ട മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞതുപോലെ 1987-ലെ ആക്ട് - നമ്മളൊക്കെ അതിൽ പങ്കാളികളായിരുന്നാണല്ലോ ആ നിയമം കൊണ്ടുവന്നത്. അന്ന് പൊതു പ്രവർത്തക അഴിമതി നിരോധന നിയമം സംബന്ധിച്ച് നമ്മൾ വളരെ ശക്തമായി ചിന്തിച്ചിരുന്നു. അക്കാലത്ത് അതൊരു പ്രോഗ്രസ്സീവ് ആക്ടായിരുന്നു. ലോക് ആയുക്ത വന്നതോടുകൂടി ഈ നിയമങ്ങളെല്ലാംതന്നെ ലോക് ആയുക്തയുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ദുർബ്ബലമായ നിയമങ്ങളായിട്ടാണ് നിലനിൽക്കുന്നത്. അതാണ് ബഹുമാനപ്പെട്ട മന്ത്രിയും ചൂണ്ടിക്കാണിച്ചത്. ലോക് ആയുക്തയിൽത്തന്നെ കുറെയധികം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

1999-ലെ ലോക് ആയുക്ത ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പൊതുപ്രവർത്തകരുടെ അഴിമതി, ദുർഭരണം തുടങ്ങിയ ആരോപണങ്ങൾ അന്വേഷണം നടത്തി, യുക്തമായ തീരുമാനങ്ങളും പരിഹാരമാർഗ്ഗങ്ങളും സർക്കാരിന്റെ പരിഗണനയ്ക്ക്, നടപടിക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒരു

അധികാരമാണ് ഇപ്പോൾ നിലവിലുള്ള ലോക് ആയുക്തക്ക് കൊടുത്തിട്ടു ള്ളത്. ലോക് ആയുക്ത നിലവിൽ വന്നതിനുശേഷം 28,667 കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളതായാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതിൽ 27,252 കേസ്സുകൾ ലോക് ആയുക്ത തീർപ്പാക്കപ്പെട്ടു. ഇത്രയും കേസുകൾ ലോക് ആയുക്ത തീർപ്പാക്കപ്പെട്ടതിനുശേഷം ഒരു അഴിമതിക്കെതി രായി ശക്തമായ നടപടിയെടുക്കുന്നൊരു സംവിധാനമാണ് ലോക് ആയുക്ത എന്നൊരു ധാരണ കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? അഴിമതി കാണിക്കുന്ന ആളുകൾക്ക് എന്തെങ്കിലും ഒരു ഭയം ലോക് ആയുക്ത സംബന്ധിച്ച് ഉണ്ടായിട്ടുണ്ടോ? 27,000-ൽപ്പരം കേസുകൾ ഡിസ്പോസ് ചെയ്യപ്പെട്ടിട്ടും ലോക് ആയുക്ത സംബന്ധിച്ച് അങ്ങനെയൊരു അവസ്ഥ 15 വർഷത്തിനിടയിൽ എന്തുകൊണ്ട് ഉണ്ടായിട്ടില്ല? നിലവിലുള്ള നിയമപ്രകാരം സർക്കാരിന് റിപ്പോർട്ട് കൊടുക്കാനുള്ള അധികാരം മാത്രമേ ഇപ്പോൾ ലോക് ആയുക്തയ്ക്ക് ഉള്ളു. ഈ അധികാരം കൊടുക്കാനുള്ള ഒരു സംവിധാനമായ തുകൊണ്ടാണ് ലോക് ആയുക്ത ഇന്ന് പ്രസക്തമല്ലാതായി തീർന്നിരിക്കുന്നത്. ഈ റിപ്പോർട്ട് വേണമെങ്കിൽ സർക്കാരിന് അംഗീകരിച്ചാൽ മതി, അല്ലെങ്കിൽ തള്ളിക്കളയാം., ലോക് ആയുക്തയുടെ തീരുമാനത്തിനുമേൽ ഹൈക്കോടതി ഇടപെടുന്നൂവെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. ഹൈക്കോടതി മാത്രമല്ല നമ്മുടെ ഗവൺമെന്റിനുതന്നെ ഈ റിപ്പോർട്ട് തള്ളിക്കളയാം, അംഗീകരിക്കേണ്ട കാര്യമില്ല. ഇതിൽ ഇടപെട്ടുകൊണ്ട് കോടതികൾക്കും ലോക് ആയുക്ത നിയമപ്രകാരം ഭേദഗതി വരുത്താം. ലോക് ആയുക്തക്കും ഉപ ലോക് ആയുക്തയ്ക്കും സ്വമേധയാ കേസ്സെടുക്കാനുള്ള അധികാരമില്ല. നമ്മൾ ഈ നിയമത്തിനകത്ത് ലോക്

ആയുക്തയാണ് നിലനിൽക്കുന്നതെങ്കിൽ, അവർക്ക് സ്വമേധയാ ഒരു കേസ് എടുക്കാനുള്ള അധികാരം കൊടുത്താൽ ലോക് ആയുക്തയ്ക്ക് കുറച്ചൊരു പ്രസക്തിവരും. അതുപോലും നിലവിലുള്ള ലോക് ആയുക്തയ്ക്ക് ഇപ്പോൾ ഇല്ല. ലോക് ആയുക്തയിൽ കേസ് ഫയൽ ചെയ്തതിനുശേഷം പരാതിക്കാ രൻ ഏതെങ്കിലും കാരണവശാൽ കേസ് ഉപേക്ഷിച്ചു പോരുകയാണെങ്കിൽ ലോക് ആയുക്തയ്ക്ക് കേസ് തുടർന്നുനടത്താനുള്ള അധികാരമില്ല. ഉദാഹര ണമായി, കേസ് നടക്കുന്ന സമയത്ത് ഒരാൾ ഒരുദിവസം പറയുന്നു ഞാൻ കേസ് നടത്തുന്നില്ല എന്ന്. അപ്പോൾ അക്കാര്യത്തിൽ ലോക് ആയുക്തയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല, നിസ്സഹായാവസ്ഥയിൽ നിൽക്കാനേ ഇന്നത്തെ നിയമപ്രകാരം ലോക് ആയുക്തയ്ക്ക് കഴിയുകയുള്ളു. അത്തരം കേസുകൾ പ്രോസിക്യൂട്ട് ചെയ്യുന്നത് സർക്കാരിന്റെ ഡ്യൂട്ടി ആയിരിക്കണം എന്നുള്ള നിലയിൽ അതിനും നമുക്ക് ഇന്ന് സാധിക്കില്ല. ഒരു പല്ലും നഖവും ഇല്ലാത്ത ഒരു സംവിധാനമാണ് ഇന്നത്തെ ലോക് ആയുക്തയുടെ വസ്തുത. കഴിഞ്ഞ ദിവസം പറഞ്ഞു, പല്ലും നഖവും ലെജിസ്ലേച്ചർ ഞങ്ങൾക്ക് തരാത്തത് അത് അവരെത്തന്നെ തിരിച്ചുകടിക്കുമോ എന്ന് ഭയമുള്ളതുകൊണ്ടാണ് എന്ന് മുൻ ലോക് ആയുക്ത ജസ്റ്റീസ് ശ്രീധരൻ അഭിയാപ്രായപ്പെട്ടതായി എനിക്ക് വായിക്കാൻ സാധിച്ചു. ലോക് ആയുക്ത ആക്ട് സെക്ഷൻ 13 പ്രകാരം പരാതി ഭാഗികമായോ, മുഴുവനായോ തെളിയിക്കപ്പെട്ടാൽ പരാതിക്കാരന് ചെലവായ തുക ആരാണോ അത് നൽകേണ്ടതാണെന്ന് ലോക് ആയുക്തക്ക് ഉത്തരവിടാം. ഇത്തരം തുക റവന്യൂ റിക്കവറി ആക്ട് പ്രകാരം വസൂലാക്കാൻ നിയമഭേദഗതി അത്യാവശ്യമായി കൊണ്ടുവരണം. അല്ലെങ്കിൽ ലോക് ആയുക്ത ഉത്തരവിട്ടാലും ഈ പൈസ വസൂലാക്കാൻ ഇന്ന് യാതൊരു

സംവിധാനവുമില്ല. റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ കഴിയില്ല. സെക്ഷൻ 22 അനുസരിച്ച് പൊതുപ്രവർത്തകൻ കോമ്പീറ്റന്റ് അതോറിറ്റി മുമ്പാകെ രണ്ടുവർഷത്തിലൊരിക്കൽ അതായത് (ജൂൺ 31–നുമുമ്പായി) തന്റെയുംതന്നെ ആശ്രയിച്ചുകഴിയുന്ന കുടുംബാംഗങ്ങളുടേയും ആസ്തി കളുടേയും ബാദ്ധ്യതകളുടേയും സ്റ്റേറ്റ്മെന്റ് നൽകണം. പൊതുപ്രവർത്ത കൻ മന:പൂർവ്വമായി പ്രസ്തുത സ്റ്റേറ്റ്മെന്റ് നിർദ്ദിഷ്ടസമയത്ത് ഫയൽ ചെയ്യാത്തത് ലോക് ആയുക്തയ്ക്ക് ബോദ്ധ്യപ്പെട്ടാൽ അതുസംബന്ധിച്ച് പിഴ ഈടാക്കാനോ മറ്റുനടപടികൾ തീരുമാനിക്കാനോ ഒന്നും ലോക് ആയു ക്തയ്ക്ക് അധികാരമില്ല. ഇത് നിശ്ചിതസമയത്ത് കൊടുത്തില്ല; നിലവിലുള്ള നിയമപ്രകാരം ഒന്നും ചെയ്യാൻ ലോക് ആയുക്തയ്ക്ക് കഴിയില്ല. ഫലത്തിൽ ഇതെല്ലാംതന്നെ ഒരു പ്രഹസനമായി മാറുന്നുവെന്നുള്ളതാണ്. 15 വർഷ ക്കാലത്തെ ലോക് ആയുക്തയുടെ പ്രവർത്തനം പരിശോധിച്ചുനോക്കിയാൽ, ഒരുകാര്യവും ഉദ്ദേശിച്ചതുപോലെ ലോക് ആയുക്തയെകൊണ്ട് സാധിച്ചില്ല എന്നുള്ളതാണ് നമുക്കുണ്ടായ അനുഭവം. ഇന്നത്തെ സ്ഥിതിയിൽ ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞതുപോലെ, ലോക്പാലിന് സമാനമായൊരു സ്റ്റേറ്റ് ലോക്പാൽ അടിയന്തരമായി കൊണ്ടുവരണം. ലോക്പാൽ എന്നുള്ളതെല്ലാം കുറ്റമറ്റൊരു നിയമമാണെന്നുള്ള ഒരു അഭിപ്രായം എനിക്കില്ല. ലോക്പാൽ നിയമത്തിനകത്തുള്ള ചില ന്യൂനതകൾകൂടി പരിഹരിച്ചുകൊണ്ട് കേരളം ഇതിന് മാതൃക കാണിക്കാൻ തയ്യാറാകണം. ഇതിന്റെ ഫലമായി നമ്മുടെ ലോക് ആയുക്തയ്ക്ക് ഇൻവെസ്റ്റിഗേഷൻ ടീമും പ്രോസിക്യൂഷൻ ടീമുമില്ല. ലോക് ആയുക്തയുടെ കീഴിൽത്തന്നെ ഇൻവെസ്റ്റിഗേഷൻ, പ്രോസിക്യൂഷൻ സംവിധാനങ്ങൾ വേണം. ലോക്പാലിന് ഇതൊക്കെ കൊടുത്തിട്ടുണ്ട്. അതു

കൊണ്ട് എന്റെ അഭിപ്രായം, ഇന്നത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പൂർണ്ണമായി ലോക് ആയുക്തയുടെ കീഴിൽ കൊണ്ടുവരണം. പ്രസ്തുത ഓഫീസ് ലോക് ആയുക്തയുടെ കീഴിൽ അല്ലെങ്കിൽ പുതുതായി വരുന്ന ലോക്പാലിന്റെ കീഴിൽ കൊണ്ടുവരണം. അത് മാറിനിന്ന് പ്രവർത്തിച്ചാൽ മാത്രമേ അഴിമതിക്കാർക്ക് ഭയമുണ്ടാകുകയുള്ളൂ. ഇന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡിപ്പാർട്ട്മെന്റിനെ ആർക്കെങ്കിലും ഭയമുണ്ടോ? വിജിലൻസ് ചാർജ് ചെയ്യുന്ന കേസ് വേണമെങ്കിൽ ഗവൺമെന്റിന് പിൻവലിക്കാം. ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര വിജിലൻസ് കേസുകൾ പിൻവലിച്ചു? മന്ത്രിമാരുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകൾ ഈ ഗവൺമെന്റ് പിൻവലിച്ചിട്ടില്ലേ? മുഖ്യമന്ത്രിക്കെതിരായ വിജിലൻസ് ആരോപണം സംബന്ധിച്ചുള്ള അന്വേഷണം വേണ്ടെന്ന് വച്ചിട്ടില്ലേ? ഇങ്ങനെ മുഖ്യമന്ത്രിക്ക് എതിരായിട്ടുള്ള ആരോപണങ്ങൾ, അല്ലെങ്കിൽ മന്ത്രിമാർക്കെതിരായുള്ള ആരോപണങ്ങളൊക്കെ റദ്ദാക്കാൻ ഇന്നത്തെ ഗവൺമെന്റിന് അധികാരമുണ്ട്. ഇത് നിലനിൽക്കുന്നിടത്തോളം കാലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് എങ്ങനെയാണ് അഴിമതി തടയാൻ സാധിക്കുക? അതുകൊണ്ട് സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ലോക് ആയുക്തയുടെ കീഴിലേയ്ക്ക് മാറ്റണം. സി.ബി.ഐ. മറ്റ് ഇൻവെസ്റ്റിഗേഷൻ ടീം തുടങ്ങിയവയുടെ സേവനം ലോക്പാലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്; സി.ബി.ഐ.-യെ ലോക്പാലിന്റെ കീഴിൽ കൊണ്ടുവന്നിട്ടില്ല; അത് വലിയൊരു ആവശ്യമായിരുന്നു. അത് കൊണ്ടുവന്നിട്ടില്ല. ലോക്പാൽ ബിൽ തന്നെ എങ്ങനെ വന്നു? അണ്ണാഹസാരെയുടെ നേതൃത്വത്തിൽ നടന്ന വമ്പിച്ച സമരം....

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അതിന്റെ കീഴിൽ കൊണ്ടുവരുന്നതല്ല, ലോക്പാൽ ഉദ്ദേശിക്കുന്നത് ലോക്പാലിന് ഏത് കേസും സി.ബി.ഐ.-യ്ക്ക് റഫർ ചെയ്യാം; ഏത് കേസും സെൻട്രൽ വിജിലൻസ് കമ്മീഷന് ശുപാർശ ചെയ്യാം. അതാണ് അവരുടെ സ്ട്രക്ച്ചർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അത്രമാത്രമേ ഇപ്പോൾ ലോക് ആയുക്ത ചെയ്തിട്ടുള്ളു. അണ്ണാഹസാരെയും അഴിമതിവിരുദ്ധ പ്രവർത്തകന്മാരും പറഞ്ഞത്, സി.ബി.ഐ.-യെത്തന്നെ പൂർണ്ണമായി ലോക്പാൽ ബില്ലിന്റെ കീഴിൽ കൊണ്ടുവരണമെന്നൊരു ആവശ്യമുണ്ടായിരുന്നു, അത് അംഗീകരിപ്പെട്ടില്ല. നമ്മൾ ഇവിടെ ഒരു പുതിയ നിയമം കൊണ്ടുവരുമ്പോൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പൂർണ്ണമായും ഈ നിമയത്തിന്റെ കീഴിൽ, ലോക്പാലിന്റെ കീഴിൽ, അല്ലെങ്കിൽ ലോക് ആയുക്തയുടെ കീഴിൽ കൊണ്ടുവരണം. ഇന്നത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം പരിശോധിച്ചാൽ ഇതെല്ലാംതന്നെ പോലീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്ന ഉദ്യോഗസ്ഥരാണ്. വിജിലൻസ് ഡയറക്ടർ മുതൽ അവിടത്തെ ഇൻവസ്റ്റിഗേറ്റിംഗ് ഓഫീസാറായുള്ളവർവരെ പോലീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നവരാണ്. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിൽ പ്രധാനപ്പെട്ടൊരു നിർദ്ദേശമുണ്ടായിരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ മാറ്റി അതിനെയൊരു സ്വതന്ത്ര വിംഗായി മാറ്റണം; അതിൽ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തണം. ഇതുസംബന്ധിച്ച് പരിശോധിക്കാൻവേണ്ടി ഞാൻ മന്ത്രിയായ സന്ദർഭത്തിൽ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. അന്നത്തെ വിജിലൻസ് ഡയറക്ടർ ആയിരുന്നു

ആ കമ്മീഷൻ. അദ്ദേഹം എഴുതിത്തന്നത് ഇത് അപ്രായോഗ്യമാണെന്നാണ്. ഇത് പാടില്ല എന്ന് ആയതുകൊണ്ട് പിന്നീട് അത് മുന്നോട്ടുനീങ്ങിയില്ല. യഥാർത്ഥത്തിൽ, വിജിലൻസിനകത്തുള്ളവരോട് ഒരു റിപ്പോർട്ട് ചോദിച്ചാൽ അവർ ഈ സംവിധാനം തുടരുന്നുവെന്ന് മാത്രമേ പറയൂവെന്നുള്ള കാര്യം എനിക്ക് മനസ്സിലായി. അതുകൊണ്ട് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത വിധത്തിൽ തന്നെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നിയമനങ്ങൾ പ്രത്യേകമായി നടത്തി, അതിലേക്ക് മാത്രമായി പ്രത്യേകം ആളുകളെ നിയമിച്ച്, 50 ശതമാനം ആളുകളെ മറ്റു വകുപ്പുകളിൽ നിന്ന്.... ഏത് വകുപ്പിന്റേയും സേവനം ഉപയോഗിക്കാൻ ലോക് ആയുക്തയ്ക്ക് അധികാരം നൽകികൊണ്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കീഴിൽ കൊണ്ടുവന്നാൽ മാത്രമേ നിഷ്പക്ഷമായൊരു അന്വേഷണം നടത്തുകയുള്ളു. അല്ലെങ്കിൽ ഇന്നത്തെ മന്ത്രിമാർ നാളെ മന്ത്രിമാർ അല്ലാതാകും; ഇന്ന് പ്രതിപക്ഷത്തിരിക്കുന്നവർ നാളെ മന്ത്രിമാർ ആകും. വിജിലൻസ് രജിസ്റ്റർ ചെയ്യുന്ന കേസ് മുഴുവൻ മറ്റൊരു മന്ത്രിസഭ വന്നാൽ റദ്ദാക്കാം. ഇപ്പോൾ അതാണ് കണ്ടത്? കഴിഞ്ഞ ഭരണകാലത്ത് ചാർജ് ചെയ്തിട്ടുള്ള വിവിധ മന്ത്രിമാരുടെ പേരിലുള്ള കേസുകൾ മുഴുവൻ പോയില്ലേ? അപ്പോൾ വിജിലൻസിന്റെ അന്വേഷണത്തിന് എന്താണ് പ്രസക്തി? അഞ്ച് കൊല്ലം അവർ കഷ്ടപ്പെട്ട് പല കേസും അന്വേഷിക്കുക, പിന്നീട് ആ കേസ് ഇല്ലാതാക്കുക എന്നുള്ളതുകൊണ്ട് ഇത് കേരളത്തിലുള്ള അഴിമതി നിരോധന സംവിധാനം അങ്ങേയറ്റം പ്രഹസനമായി മാറി എന്നുള്ളതാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. ഇവിടെ ഉയർന്നുവരുന്ന അഴിമതി ആരോപണങ്ങൾ ആരെങ്കിലും ഗൗരവമായി എടുക്കുന്നുണ്ടോ?

കോൺഗ്രസിതര മന്ത്രിമാരുടെ ചില വകുപ്പുകളിൽ സ്ഥലംമാറ്റത്തിലും മറ്റും അഴിമതി നടക്കുന്നതായുള്ള ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിന്റെ ഒരു പ്രസ്താവന ഞാൻ ഇന്നലെ വായിച്ചിരുന്നു. കോൺഗ്രസിതര മന്ത്രിമാരുടെ വകുപ്പുകളിൽ അഴിമതി നടക്കുന്നുവെന്ന് കെ.പി.സി.സി. പ്രസിഡന്റാണ് ആരോപിച്ചിട്ടുള്ളത്. ഏതെല്ലാം വകുപ്പുകളിലാണ് അഴിമതി നടക്കുന്നതെന്ന് കെ.പി.സി.സി. പ്രസിഡന്റിന് അറിവുണ്ട്. മുസ്ലീം ലീഗ്, കേരള കോൺഗ്രസ്, ശ്രീ. അനൂപ് ജേക്കബ്, ശ്രീ. ഷിബു ബേബി ജോൺ എന്നിവരുടെ വകുപ്പുകളിൽ ഏത് വകുപ്പിലാണ് അഴിമതി നടക്കുന്നത്? കെ.പി. സി.സി. പ്രസിഡന്റിന്റെ ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഏത് മന്ത്രിമാരാണ് അഴിമതി കാണിച്ചതെന്ന് കെ.പി.സി.സി. പ്രസിഡന്റിനോട് ചോദിച്ച് ആ മന്ത്രിമാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യണം. കോൺഗ്രസിതര മന്ത്രിമാരുടെ വകുപ്പുകളിൽ സ്ഥലം മാറ്റത്തിൽ അഴിമതി നടക്കുന്നതായി കെ.പി. സി.സി. പ്രസിഡന്റിന് തെളിവ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ കേസ് എടുക്കേണ്ടതല്ലേ; വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ എന്തിനാണ്? വാളയാർ ചെക്പോസ്റ്റിലെ ഉദ്യോഗസ്ഥൻമാരെ സ്ഥലംമാറ്റിയത് അവർ അഴിമതി കാണിച്ചതുകൊണ്ടാണെന്ന് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി രാവിലെ പറഞ്ഞു. അവർ അഴിമതി കാട്ടിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ കേസ് എടുക്കാത്തത് എന്താണ്? നമ്മുടെ നാട്ടിൽ ലോക് ആയുക്ത എന്ന സംവിധാനത്തെ ആരാണ് ഭയപ്പെടുന്നത്? അഴിമതി കാണിക്കുന്ന ആളുകളെ പൊതുപ്രവർത്തന രംഗത്തുനിന്ന് മാറ്റിനിർത്തത്തക്ക വിധത്തിലുള്ള നിയമമാണ് നമ്മുടെ രാജ്യത്ത് വേണ്ടത്. അഴിമതി കാണിക്കുന്ന ആളുകളെ കോടതി ശിക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ ചിലർക്ക് ഇലക്ഷനിൽ മത്സരിക്കാൻ

കഴിയുന്നില്ല. എന്റെ അനുഭവത്തിൽ ഇവിടെ മത്സരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായത് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് മാത്രമാണെന്നാണ് തോന്നുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന് മത്സരിക്കാൻ കഴിഞ്ഞില്ല. ഇനി അടുത്ത തെരഞ്ഞെടുപ്പിലും മത്സരിക്കാൻ കഴിയുമോ എന്നറിയില്ല. ഇപ്പോൾ പല കേസുകളിലും ശിക്ഷിക്കപ്പെടുന്ന ആളുകളെ ഇങ്ങനെ മാറ്റിനിർത്തുന്നുണ്ട്. അഴിമതിക്കാർക്ക് രാഷ്ട്രീയത്തിൽ സ്ഥാനമില്ല എന്ന് വ്യക്തമാക്കത്തക്കവിധത്തിലുള്ള സ്ഥിതിവന്നാൽ മാത്രമേ ഇക്കാര്യ ത്തിലൊരു മാറ്റം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവുകയുള്ളൂ. ഇന്ന് അഴിമതി സംബന്ധിച്ച് ഉയർന്നുവരുന്ന ആക്ഷേപങ്ങൾ നോക്കിയാൽ ലോക് ആയുക്ത എന്ന സംവിധാനം ആർക്കുംവേണ്ടാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ലോക് ആയുക്ത പല സംസ്ഥാനത്തും ഉണ്ട്. ഗുജറാത്തിൽ 10 വർഷം ലോക് ആയുക്ത ഉണ്ടായിരുന്നില്ല. ലോക് ആയുക്ത നിയമനവുമായി ബന്ധപ്പെട്ട് ഗവർണ്ണറുമായി ഗുജറാത്ത് മുഖ്യമന്ത്രിക്ക് അഭിപ്രായ വ്യത്യാസമുണ്ടായി രുന്നു. ലോക് ആയുക്ത നിയമനം നടത്തിയില്ല. ആ മുഖ്യമന്ത്രി ഇപ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. പ്രധാനമന്ത്രിയായപ്പോൾ അനുമതി സംബന്ധിച്ച് നിലപാടെടുത്ത ഗവർണ്ണറെ ആ സ്റ്റേറ്റിൽനിന്നുതന്നെ സ്ഥലം മാറ്റി. ലോക് ആയുക്ത നിയമനം സംബന്ധിച്ച് ഗവർണ്ണറും മുഖ്യമന്ത്രിയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ ആ സംസ്ഥാനത്ത് ലോക് ആയു ക്തയേ ഇല്ല എന്നതാണ് ഗുജറാത്തിലെ അനുഭവം. ലോക്പാൽ ഇനിയും രൂപ പ്പെട്ടുകഴിഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. ലോക്പാലിന്റെ രൂപീകരണം വരാൻ പോകുന്നത് എങ്ങനെയായിരിക്കും? പ്രതിപക്ഷ നേതാ വിനോടുംകൂടി ആലോചിച്ച് കമ്മിറ്റി തീരുമാനമെടുക്കണമെന്ന ഒരു വകുപ്പ്

അതിൽ ഉണ്ട്. ഇപ്പോൾ പ്രതിപക്ഷ നേതാവില്ലാത്തതിനാൽ കേന്ദ്ര ഗവൺമെന്റിന് തോന്നുന്ന ആളെ ലോക്പാൽ ആക്കാൻ കഴിയുന്ന അന്തരീക്ഷം വന്നിരിക്കുകയാണ്. ലോക്പാൽ വന്നുകഴിഞ്ഞാൽ മാത്രമേ അതിന്റെ മറ്റുകാര്യങ്ങളെ സംബന്ധിച്ച് പറയാൻ കഴിയുകയുള്ളൂ. ഇന്നൊരു സംവിധാനം ഇല്ലാത്ത ഇന്ത്യയിൽ ലോക്പാൽ വരുന്നത് വളരെ നല്ലതാണ്. ലോക്പാൽ നിയമത്തിനനുസൃതമായി അതിനെക്കാൾ പുരോഗമനപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിന്റെ അനുഭവങ്ങൾ ചേർത്തുകൊണ്ട് അടിയന്തരമായി പുതിയ നിയമനിർമ്മാണം നടത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണം. ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം പ്രസക്തമാണ്. ലോക് ആയുക്ത നിയമം യഥാർത്ഥത്തിൽ കാണഹരണപ്പെട്ടിരിക്കുകയാണ്. ലോക്പാൽ ഉള്ള ഒരു രാജ്യത്ത് ലോക് ആയുക്ത വായിച്ചുനോക്കിയാൽ എന്താണ് ഈ ലോക് ആയുക്ത എന്ന് തോന്നിപ്പോകും. 1999-ലെ ലോക് ആയുക്ത നിയമവും ഇപ്പോഴുള്ള കേന്ദ്ര ആക്ടുംകൂടി വായിച്ചുനോക്കിയാൽ ഇപ്പോൾ കേരളത്തിലെ ലോക് ആയുക്തയും ലോക്പാലും തമ്മിലുള്ള വ്യത്യാസം മനസിലാകും. 1999-നെ അപേക്ഷിച്ച് രാജ്യത്തുവന്ന മാറ്റമാണ് ലോക്പാൽ രൂപം കൊള്ളാൻ കാരണം. അഴിമതിക്കെതിരായി വലിയ അവബോധം, ജനകീയ മൂവ്മെന്റ് രാജ്യത്ത് വളർന്നുവന്നിട്ടുണ്ട്. ഓരോ കാലഘട്ടത്തിലുമുണ്ടായിട്ടുള്ള ജനങ്ങളുടെ മുന്നേറ്റമാണ് ഓരോ നിയമങ്ങളുണ്ടാക്കിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു. കേരളം അഴിമതി നിരോധനപ്രവർത്തനങ്ങൾക്ക് എല്ലാ കാലത്തും മാതൃക കാട്ടിയ സംസ്ഥാനമെന്ന നിലയിൽ ലോക് ആയുക്തയ്ക്ക് പകരം പുതിയ ഒരു സ്റ്റേറ്റ് ലോക്പാൽ രൂപീകരിക്കണം. അതിനനുസരിച്ചി

ട്ടുള്ള പുതിയ ബില്ലുമായി ഈ സഭയിൽ അടിയന്തരമായി സമീപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്പോഴുള്ള ലോക്പാൽ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഈ വകുപ്പിനെക്കുറിച്ചുള്ള വിയോജനക്കുറിപ്പ് ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഞാനിവിടെ അവതരിപ്പിക്കുന്നു. ഇത്രയുമാണ് എനിക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്. മന്ത്രിസഭാ തീരുമാനം കൊണ്ടോ എക്സിക്യൂട്ടീവ് ഉത്തരവുമൂലമോ പബ്ലിക് സർവീസ് കമ്മീഷനെ പുതിയ ചുമതലകൾ ഏൽപ്പിക്കാൻ കഴിയുന്നതല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 321 പ്രകാരം പി.എസ്.സി.-യെ അധിക ചുമതലകൾ ഏൽപ്പിക്കണമെങ്കിൽ നിയമസഭയുടെ നിയമനിർമ്മാണത്തിലൂടെ വ്യവസ്ഥ ചെയ്തുകൊണ്ടുമാത്രമേ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. ലോക് ആയുക്തയിലെ നേരിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം പി.എസ്.സി.-ക്ക് കൊടുക്കുക എന്ന പരിമിതമായ നിയമനിർമ്മാണം മാത്രമാണ് ഇപ്പോഴുള്ളത്. ഈ പരിമിതമായ നിയമനിർമ്മാണം സർക്കാരിന് തൃപ്തിയല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ആമുഖപ്രസംഗത്തിൽനിന്ന് മനസിലാകുന്നത്. പി. എസ്.സി.-യെ അധിക ചുമതല ഏൽപ്പിക്കുന്നതുകൊണ്ട് ലോക് ആയുക്തയിലെ നിയമനങ്ങളിലുണ്ടാകുന്ന മാറ്റം മാത്രമാണ് ഇപ്പോൾ വ്യവസ്ഥ ചെയ്യുന്നത്. അതിനപ്പുറത്തേയ്ക്ക് നമ്മുടെ സംസ്ഥാനത്തുള്ള അഴിമതി നിയന്ത്രിക്കാനും തുടച്ചുനീക്കാനും ശക്തമായ നിയമവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു

കൊണ്ടുള്ള നിയമനിർമ്മാണ ഭേദഗതികൾ വരുന്നു എന്ന് അദ്ദേഹം സൂചിപ്പിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ലോക് ആയുക്തയിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും നേരിട്ടുള്ള നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടുക എന്ന ഓപ്പറേഷൻ ക്ലോസാണ് ഇപ്പോൾ പരിഗണിക്കുന്നത്. ഇത് പൊതുവെ സ്വാഗതാർഹമായി തോന്നാം. കാരണം ഏത് മേഖലയിലും നിലവിലുള്ള നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനെ കേരളത്തിലെ പൊതുസമൂഹം സ്വാഗതം ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ലോക് ആയുക്തയിലെ നേരിട്ടുള്ള നിയമനങ്ങൾ പി.എസ്.സി.–യുടെ ചുമതലയിലേയ്ക്ക് കൊണ്ടുവരുന്ന ആശയത്തെ നമ്മളെല്ലാവരും സ്വാഗതം ചെയ്യുകയാണ്. പക്ഷേ ഈ നിയമത്തിന്റെ വസ്തുതകളിലേയ്ക്ക് കടന്നുവരുമ്പോൾ വലിയ അപകടങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു എന്നത് ചൂണ്ടിക്കാണിക്കാനാണ് ഈ വിയോജനക്കുറിപ്പിലൂടെ ഞങ്ങൾ ശ്രമിച്ചിരിക്കുന്നത്. 1999–ലെ ലോക് ആയുക്ത നിയമം ഒരു ആക്ടെന്ന രീതിയിൽ നിലനിൽക്കുകയാണ്. ഇപ്പോൾ പരിഗണിക്കുന്ന നിയമത്തിൽ പറയുന്നത്, 1999–ലെ ലോക് ആയുക്ത നിയമത്തിലും അതിനെ അടിസ്ഥാനപ്പെടുത്തിയുണ്ടാക്കിയ ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് പി.എസ്.സി. –യുടെ ചുമതലയായിരിക്കും. ഇത് കേട്ടാൽ നിർദ്ദോഷമെന്നേ തോന്നാറുള്ളൂ. എന്നാൽ ആർട്ടിക്കിൾ 321 പ്രകാരം ഈ ചുമതല പബ്ലിക് സർവീസ് കമ്മീഷന് നൽകുമ്പോൾത്തന്നെ അതേ വകുപ്പിന്റെ മൂന്നാം വകുപ്പിൽ പറയുന്നത് ലോക് ആയുക്തയും പബ്ലിക് സർവീസ് കമ്മീഷനും തമ്മിൽ ഒരു തർക്ക

മുണ്ടായാൽ ആ തർക്കം സർക്കാരിന് റഫർ ചെയ്യണമെന്നും ആ തർക്കത്തിന്റെ തീരുമാനം സർക്കാരിന്റേതായിരിക്കുമെന്നുമാണ്. എവിടെയാണ് പി.എസ്.സി.-യുടെ നിഷ്പക്ഷത; എവിടെയാണ് ലോക് ആയുക്തയുടെ നിഷ്പക്ഷത? 1999-ലെ ലോക് ആയുക്ത ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ലോക് ആയുക്തയിൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള അധികാരം പി.എസ്.സി-യെ ഏൽപ്പിച്ചുകൊടുക്കുന്നു എന്ന വിപ്ലവകരം എന്ന് വിശേഷിപ്പിക്കാവുന്ന, എല്ലാവർക്കും സ്വാഗതാർഹം എന്നുപറയുന്ന ഒരു നിയമം കൊണ്ടുവന്നിട്ട്, ഒരു നിയമംമൂലം നിയമിക്കപ്പെട്ടിരിക്കുന്ന ലോക് ആയുക്തയും മറ്റൊരു നിയമംമൂലം നിയമിക്കപ്പെട്ടിരിക്കുന്ന പി.എസ്.സി.-യും തമ്മിൽ തർക്കമുണ്ടായാൽ സർക്കാർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും, അത് ലോക് ആയുക്തയെയും പി.എസ്.സി.-യെയും ബന്ധിക്കുന്നതായിരിക്കും എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കുമ്പോൾ ഈ നിയമത്തിന്റെ എല്ലാ ശോഭയും കെടുത്തിക്കളയുന്നതാണ് മൂന്നാം വകുപ്പ്.

അനുയോജ്യത സംബന്ധിച്ചോ മറ്റേതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ തർക്കമുണ്ടായാൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണെന്ന് 2-ാം വകുപ്പിൽത്തന്നെ പറയുന്നുണ്ട്. ഈ നിയമം ലോക് ആയുക്തയിലെ നിയമനങ്ങൾ കൂടുതൽ സുതാര്യമായി നടത്താൻ വേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കുന്നതിനപ്പുറത്തേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുകളിലും അതേസമയം ലോക് ആയുക്തയുടെ മുകളിലും

ഒരു അധീശത്വം സർക്കാരിൽ അടിച്ചേൽപ്പിക്കുന്ന നിയമമായി ഇത് പരിമിതപ്പെടുകയാണ്. അവിടെയാണ് നിയമത്തിന്റെ പോരായ്മ. പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയ്ക്കും മാന്യത കൽപ്പിച്ചുകൊടുക്കാറുണ്ട്. സ്വാഭാവികമായും ലോകായുക്ത നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയായിരിക്കണം ഇനിയുള്ള നിയമനങ്ങൾ നടത്തേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ട് ലോക് ആയുക്തയും പബ്ലിക് സർവ്വീസ് കമ്മീഷനും തമ്മിലുണ്ടായ തർക്കം പരിഹരിക്കാൻ രണ്ടുനിയമങ്ങളും മാറ്റിവച്ച് അധികാരം സർക്കാർ ഏറ്റെടുക്കുന്ന ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചതോടുകൂടി ഈ നിയമത്തിന്റെ ശോഭ പരിപൂർണ്ണമായും നഷ്ടപ്പെടുകയാണ്. എന്താണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്? ലോക് ആയുക്തയിലെ ജീവനക്കാരുടെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ എൻട്രൻസ് ടെസ്റ്റ് നടത്തി സുതാര്യവും സത്യസന്ധവുമായി നടപ്പാക്കണമായിരുന്നുവെങ്കിൽ ആ അധികാരത്തെ സംബന്ധിച്ച തർക്കംപോലും സർക്കാർ തീരുമാനിക്കുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് നിയമം പാസ്സാക്കിയാൽ അത് സംസ്ഥാനത്തെ നിയമനിർമ്മാണ ചരിത്രത്തിലെ കറുത്ത ഏടായി നിലനിൽക്കുമെന്നുള്ളതാണ് ഇക്കാര്യത്തിൽ ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഇപ്പോൾ ധാരാളം വിമർശനങ്ങളുണ്ട്. പഴയ കാലത്ത് സ്റ്റാറ്റ്യൂട്ടറി ബോഡിക്ക് ഉണ്ടായിരുന്ന നിഷ്പക്ഷത, വിശ്വാസ്യത ഇന്ന് ജനങ്ങൾ കൽപ്പിച്ചുകൊടുക്കുന്നില്ല. ലോക് ആയുക്തയുടെ വിമർശനങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. ലോക് ആയുക്ത അധികാരികൾ പരിമിതമാണെന്നും ലോക് ആയുക്തയുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര ഫലപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ള വിമർശനമായി ബഹുമാനപ്പെട്ട മന്ത്രിയും ശ്രീ.

കോടിയേരി ബാലകൃഷ്ണനനും പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല.

ശ്രീ. ജോസ് തെറ്റയിൽ : സർ, നിയമനാധികാരം പബ്ലിക് സർവ്വീസ് കമ്മീഷന് കൊടുത്താൽ ആക്ടിന്റെ ശോഭ നഷ്ടപ്പെടുമെന്നുള്ള പോയിന്റാണ് അങ്ങിവിടെ പറഞ്ഞത്. ആർട്ടിക്കിൾ 236 പ്രകാരം കണ്ടീഷണലായി പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നത് ultra vires ആകുമെന്നുള്ള അഭിപ്രായമുണ്ടോ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതടക്കമുള്ള നിയമപ്രശ്നങ്ങൾ നിയമവകുപ്പ് വസ്തുനിഷ്ഠമായി പരിശോധിച്ചിട്ടുണ്ടോയെന്ന് എനിക്ക് ബലമായ സംശയമുണ്ട്. ഒരഭിപ്രായം പറയാൻ തക്ക വിധത്തിൽ തയ്യാറെടുത്തിട്ടില്ല. പക്ഷേ, ഗൗരവമുള്ള വിഷയമാണ് ശ്രീ. ജോസ് തെറ്റയിൽ ഉന്നയിച്ചിട്ടുള്ളത്. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെങ്കിൽ ആ നിയമം അവതരിപ്പിക്കുന്ന ഘട്ടത്തിൽത്തന്നെ ക്രമപ്രശ്നമായി ഉന്നയിക്കാമായിരുന്ന വിഷയമാണ്. ഭരണഘടനയുടെ തന്നെ അന്തസ്സിന് വിഘാതമായ തരത്തിൽ ഒരു നിയമനിർമ്മാണം ഈ സഭ നടത്തുന്നത് ആപൽക്കരമായിരിക്കുമെന്ന് ഞാൻ ചൂണ്ടിക്കാണിച്ച് ആ ഭാഗം വിടുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യതയ്ക്ക് എങ്ങനെയാണ് മങ്ങലേറ്റത്? ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ സുതാര്യമായി പ്രവർത്തിക്കുന്നുവെന്ന ധാരണ ഇന്ന് ജനങ്ങളിലില്ല. ശുപാർശകളുടെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ ഇന്റർവ്യൂവിന് മാർക്കിടുന്നതും ലിസ്റ്റ് തയ്യാറാക്കുന്നതുമായ ആക്ഷേപങ്ങൾ വളരെ വ്യാപക

മായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു കാലഘട്ടത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന് നാം കൽപ്പിച്ചുകൊടുത്തിരുന്ന മാന്യതയും നിഷ്പക്ഷ തയും ഇന്നില്ലാതായിരിക്കുന്നത് യാഥാർത്ഥ്യമാണ്. പബ്ലിക് സർവ്വീസ് കമ്മീ ഷൻ അഡ്വൈസ് ചെയ്യുന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നില്ല. ഏത് ഘട്ടത്തിലാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്യുന്നത്? പബ്ലിക് സർവ്വീസ് കമ്മീഷനിൽ റാങ്ക്ലിസ്റ്റ് ഉണ്ടായിരിക്കുകയും മതിയായ തസ്തികകൾ ഉണ്ടെന്ന് സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കു കയും ചെയ്യുമ്പോൾ സംവരണ തത്വങ്ങളടക്കമുള്ള കാര്യങ്ങൾ പാലിച്ചു കൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്യും. വേക്കൻസി ഉണ്ടെന്ന് സർക്കാർ അറിയിച്ചതിനുശേഷമാണ് അഡ്വൈസ് കൊടുക്കുന്നത്. അഡ്വൈസ് ചെയ്യുന്ന ആളുകളിൽ നിന്നുപോലും നിയമനം നടത്താത്ത സംവിധാനത്തിൽ സംസ്ഥാനമിന്ന് എത്തിനിൽക്കുകയാണ്. കെ.എസ്.ആർ. ടി.സി.യിൽ ആ വിഷയമുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ തസ്തികകൾ വേക്കന്റായി കിടക്കുന്നുവെന്ന് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചതിനു ശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത ആളുകളിൽ നിന്നും നിയമനം നടക്കുന്നില്ല. കെ.എസ്.ആർ.ടി.സി.യുടെ വാഹനങ്ങൾ ഓടി ക്കാൻ പലപ്പോഴും ഡ്രൈവർമാരും കണ്ടക്ടർമാരുമില്ല. ഞാനൊരുദാഹ രണം പറഞ്ഞതാണ്. അതുകൊണ്ട് സർക്കാർ തസ്തികയിൽ ഒഴിവുണ്ടെന്ന് കണ്ടെത്തി, പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ച് അഡ്വൈസ് ചെയ്യുന്ന വേക്കൻസികളിലേയ്ക്ക് നിയമനം നടത്തുന്ന കാര്യത്തിൽ സർക്കാർ ശുഷ്കാന്തി കാണിക്കണം. ലോക് ആയുക്തയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിമർശനത്തിന് ഞാനിപ്പോൾ മുതിരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ആമുഖപ്രസംഗത്തിൽ, വിജിലൻസ് കേസ്സുകളുടെ ലോംങ്

പെൻഡൻസി തീരുമാനമാകാതെ നീണ്ടുപോകുന്നതിൽ വളരെയധികം അസംതൃപ്തി പ്രകടിപ്പിച്ചു. ഞങ്ങൾ ആ വികാരത്തെ പരിപൂർണ്ണമായി പങ്കു വയ്ക്കുകയാണ്. സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തിന് ഫലപ്രദ മായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോയെന്ന ഒരു പ്രശ്നമുണ്ട്. വിജി ലൻസ് ജഡ്ജിമാരെപ്പോലും ഭീഷണിപ്പെടുത്തി നാട്ടിൽ നിന്ന് ചുമതലകൾ വിട്ടൊഴിപ്പിക്കുന്ന സംവിധാനം ഇവിടെയുണ്ടായില്ലേ? ജഡ്ജിമാരെ രാഷ്ട്രീയ കാരണങ്ങളുടെ പേരിൽ ഭീഷണിപ്പെടുത്തുകയും അപലപിക്കു കയും ചെയ്തു. ഉപയോഗിച്ച വാക്കുകൾ ഒന്നും ഞാൻ പറയുന്നില്ല. ഉത്തര വാദിത്തപ്പെട്ട രാഷ്ട്രീയ നേതാക്കന്മാർ ജഡ്ജിമാരെ ഏറ്റവും നീചമായ രീതി യിൽ അഭിസംബോധന ചെയ്തത് സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുണ്ടായതല്ലേ? വിജിലൻസ് ജഡ്ജിമാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യമില്ലാതിരിക്കു മ്പോൾ എങ്ങനെ വിജിലൻസ് ഉദ്യോഗസ്ഥന്മാർക്ക് പ്രവർത്തിക്കാൻ കഴിയും? ബില്ലിന്റെ ചർച്ചയിൽ രാഷ്ട്രീയ ആരോപണത്തിൽ ഞാൻ അതി രുവിട്ടുപോകുന്നില്ലെങ്കിലും ഈ ഗവൺമെന്റ് വന്നതിനുശേഷമുണ്ടായ ചില സംഭവ വികാസങ്ങളാണിത്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : സർ, നമ്മുടെ എല്ലാ ജഡ്ജിമാരുടെ ജഡ്ജ്മെന്റുകളും പൂർണ്ണമായും നീതിന്യായ വ്യവസ്ഥയിൽ ഒതുങ്ങി നിന്നു കൊണ്ടുള്ളതും ശരിയായ രീതിയിലുള്ളതാണെന്നും നെഞ്ചത്ത് കൈവച്ച് ശ്രീ. മാത്യു റ്റി. തോമസിന് സഭയിൽ പറയാൻ കഴിയുമോ? ജഡ്ജിമാർ പല പ്പോഴും സാമൂഹിക പ്രതിബദ്ധത ഇല്ലാതെ, ദന്തഗോപുര വാസികളെപ്പോലെ വിധി പറയുന്നത് നമ്മൾ കേട്ടിട്ടും വായിച്ചിട്ടുമുണ്ട്. അങ്ങനെ പറയപ്പെടുന്ന വിധികൾ, തീരുമാനങ്ങൾ പലപ്പോഴും സാമൂഹിക സമത്വത്തിനും സാമൂ

ഹിക നീതിക്കും എതിരാകാറുമുണ്ട്. അത്തരം കാര്യങ്ങൾ ശ്രീ. മാത്യു റ്റി. തോമസിന്റെ പ്രസ്ഥാനം ഉൾപ്പെടെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളടക്കം പലപ്പോഴും വിമർശിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഞാൻ നെഞ്ചത്ത് കൈവച്ചാൽ ആദ്യം പറയുന്നത് നിലവിലുള്ള പല നിയമങ്ങളും നിഷ്പക്ഷമല്ലെന്നാണ്. നിലവിലിരിക്കുന്ന സാമൂഹിക ക്രമത്തിലെ ഗുണഭോക്താക്കളുടെ ഒരു സമ്മർദ്ദം നിയമനിർമ്മാണങ്ങളിൽ പലപ്പോഴും ഉണ്ടാകാറുണ്ട്. കേരളം ഒരു പക്ഷേ, അതിന് അപവാദമായിരിക്കാം. ഒരു രാജ്യത്ത് നിയമം നിർമ്മിക്കുമ്പോൾ ആ രാജ്യത്ത് അല്ലെങ്കിൽ ആ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു പക്ഷേ, ചൂഷണാധിഷ്ഠിതമായ സാമൂഹിക ക്രമത്തിന്റെയും സാമ്പത്തിക ഘടനകളുടെയും സമ്മർദ്ദം നിയമനിർമ്മാണ വേളകളിൽ ഉണ്ടാകാറുണ്ട്. അതുകൊണ്ട് നിയമം പലപ്പോഴും നിഷ്പക്ഷമാകാറില്ല. നിഷ്പക്ഷമായ നിയമം എഴുതപ്പെട്ടാൽപ്പോലും അത് നിഷ്പക്ഷമായി നടപ്പാക്കപ്പെടണമെന്നില്ല. ഏതെങ്കിലും ഒരു ജഡ്ജി ഒരു വിധി പറയുമ്പോൾ ആക്ഷേപം ഉണ്ടെങ്കിൽ നടപടിക്രമങ്ങളില്ലേ? ജഡ്ജി ഉത്തരവിട്ടാൽ അതിന് അപ്പീൽ പോകാൻ കഴിയില്ലേ? അപ്പീൽ പോകേണ്ട ആളുകൾ പോകാതിരിക്കുകയും മറ്റുള്ള ആളുകളെക്കൊണ്ട് ജഡ്ജിക്കെതിരെ ആക്ഷേപങ്ങൾ ചൊരിയുകയും ചെയ്യുന്നത് ആരോഗ്യകരമായ ജനാധിപത്യക്രമത്തിലുള്ള നിയമവാഴ്ചയ്ക്ക് ഭൂഷണമാണോയെന്ന് ചോദിച്ചാൽ അല്ലെന്നുള്ള കാര്യത്തിൽ ശ്രീ. റ്റി. എൻ. പ്രതാപൻ എന്നോട് യോജിക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം. ഇവിടത്തെ പ്രധാനപ്പെട്ട വിഷയം നിയമങ്ങൾ നിഷ്പക്ഷമായിരിക്കണമെന്നുള്ളതാണ്. നിഷ്പക്ഷമായിരിക്കണമെന്ന് പറയുമ്പോൾ ശരിയുടെ

പക്ഷത്ത് ആയിരിക്കണം. എവിടെയെങ്കിലും ശരിയും തെറ്റും തമ്മിൽ സംഘർഷമുള്ളിടത്ത് നിഷ്പക്ഷമാകേണ്ടവയല്ല നിയമങ്ങൾ. അവിടെ നീതിയുടെയും സത്യത്തിന്റെയും ശരിയുടെയും പക്ഷത്തുചേരുന്ന തരത്തിൽ നിയമനിർമ്മാണങ്ങൾ നടക്കണം. ആ നിയമങ്ങൾ ഏറ്റവും ഫലപ്രദമായി, ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ, സാമൂഹിക നീതി ഉറപ്പാക്കുന്ന രീതിയിൽ നടപ്പിലാക്കപ്പെടണം. അതിന് വിഘാതമായി സംസ്ഥാനത്ത് ഒന്നും ഉണ്ടാകാൻ പാടില്ല. ഞാൻ വിഷയത്തിലേയ്ക്ക് മടങ്ങിവരികയാണ്. എന്റെ വിയോജനക്കുറിപ്പിന്റെ അടിസ്ഥാനം ആവർത്തിച്ച് അവസാനിപ്പിക്കുകയാണ്. ലോക് ആയുക്തയുടെയും പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പ്രവർത്തനങ്ങളുടെ സ്വാതന്ത്ര്യത്തിൽ കൈകടത്തുന്ന വ്യവസ്ഥകൾ ഈ നിയമത്തിൽ കടന്നുകൂടിയതിന് പല ഭേദഗതികളും വന്നിട്ടുണ്ട്. ആ ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷന് മറ്റ് മേഖലകളിലുള്ള സ്വാതന്ത്ര്യം നിലനിർത്തുന്ന തരത്തിൽ രണ്ടാം വായനാഘട്ടത്തിൽ ഭേദഗതികൾ അംഗീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്.

Mr. Speaker: Sri. C. Divakaran, not in the seat. അദ്ദേഹം വിയോജനക്കുറിപ്പ് നൽകിയിരുന്നതാണ്.

മി. ചെയർമാൻ : ശ്രീ. വി. ഡി. സതീശൻ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭി പ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ പറഞ്ഞതുപോലെ ലോക് ആയുക്തയിലെ ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടുള്ള ഒരു തീരുമാ നമാണ് ഈ ബില്ലിലൂടെ യാഥാർത്ഥ്യമാകുന്നത്. തീർച്ചയായും ലോക് ആയു ക്തയുടെ പ്രവർത്തനങ്ങളും അതിന്റെ നിയമപരമായ കുറവുകളും ഈ നിയ മസഭയിൽ ചർച്ചചെയ്യപ്പെടുകയാണ്. ഈ നിയമം നിർമ്മിച്ച് 15 വർഷമായി. ഈ 15 വർഷം കൊണ്ട് എന്ത് ലെജിസ്ലേറ്റീവ് ഇന്റൻഷനാണ് ലോക് ആയുക്ത പൂർത്തിയാക്കിയത്, സാക്ഷാത്കരിച്ചത് എന്നുള്ള ഒരു ചോദ്യമാണ് ഏറ്റവും പ്രധാനം. അതിനേക്കാൾ പ്രധാനം, എന്തായിരുന്നു ലെജിസ്ലേറ്റീവ് ഇന്റൻഷൻ; നിയമനിർമ്മാണങ്ങൾ നടക്കുന്നതിനുപുറകിൽ എല്ലാ നിയമ നിർമ്മാണ സഭകൾക്കുമൊരു ലെജിസ്ലേറ്റീവ് ഇന്റൻഷനുണ്ട്. ഇന്നിവിടെ പലരും സൂചിപ്പിച്ചതുപോലെ പല്ലും നഖവുമില്ലാത്ത ലോക് ആയുക്ത നിയമംപോലെ ഒരു നിയമുണ്ടാക്കിയതിന്റെ പുറകിലുള്ള ലെജിസ്ലേറ്റീവ് ഇന്റൻഷൻ എന്തായിരുന്നു? ഈ 15 വർഷക്കാലം ലോക് ആയുക്തയായും ഉപലോക് ആയുക്തയായും സേവനമനുഷ്ഠിച്ച, സുപ്രീം കോടതി ജഡ്ജിമാ രായിരുന്നവർ, ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ്മാരായിരുന്നവർ

ഹൈക്കോടതി ജഡ്ജിമാരായിരുന്നവർ, അവരാണോ കുറ്റക്കാർ? യഥാർത്ഥ ത്തിൽ ഇതുപോലുള്ള ഒരു നിയമം നിർമ്മിച്ച് ജനങ്ങളുടെ കണ്ണിൽ പൊടിയി ടാൻവേണ്ടി നിയമസഭാ സാമാജികരായ ആളുകളും രാഷ്ട്രീയ നേതൃത്വവും ഭരണനേതൃത്വവും രൂപംനൽകിയ ഒരു കപട നിയമമാണ് യഥാർത്ഥത്തിൽ ലോക് ആയുക്ത. ആക്ഷേപങ്ങളും അഴിമതി ആരോപണങ്ങളുണ്ടാകുമ്പോൾ തങ്ങൾക്കെതിരായി ഇതെല്ലാം തിരിയുമോ എന്ന് ഭയപ്പെടുന്ന ആളുകൾ, നീതിന്യായ വ്യവസ്ഥയുടെ അല്ലെങ്കിൽ നിയമ വ്യവസ്ഥിതിയുടെ പിന്നിൽ പോകേണ്ടിവരുമോയെന്നുള്ള ഭയംകൊണ്ടും എന്നാൽ ഇവിടെ നാട്ടിൽ അഴിമതി നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനങ്ങൾ ഉണ്ട് എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുമുള്ള ഒരു ഇരട്ടത്താപ്പാണ് യഥാർത്ഥത്തിൽ ഇതുപോലുള്ള നിയമനിർമ്മാണങ്ങളുണ്ടാക്കിയതിന്റെ പിന്നിലുള്ളത്. ഒരു വശത്ത് ഭയവും മറുവശത്ത് ജനങ്ങളെന്ത് ധരിക്കും ഇതുപോലുള്ള സംവിധാ നങ്ങളില്ലെങ്കിില്ലെന്നുള്ള പേടി. അപ്പോൾ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി പല്ലും നഖവുമില്ലാത്ത നിയമങ്ങളുണ്ടാക്കി State Exchequer-ന് വമ്പിച്ച ബാദ്ധ്യത വരുത്തിവച്ചുവെന്നല്ലാതെ ഇതുപോലുള്ള സംവിധാന ങ്ങൾക്കും നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന മറ്റൊരുപാട് കമ്മീഷനുകൾക്കും ഒരു റിസൾട്ടുമില്ല. യാതൊരു റിസൾട്ടുമുണ്ടാക്കാതെ, ഞാൻ കമ്മീഷനുക ളുടെ പേരുകളൊന്നും പറയുന്നില്ല, റിട്ടയർ ചെയ്ത ജഡ്ജിമാർക്കും ഉദ്യോഗ സ്ഥന്മാർക്കും, റിട്ടയർമെന്റിനുശേഷമുള്ള ലാവണങ്ങൾ എന്നതിലുപരി, ഞാനവരെ കുറ്റപ്പെടുത്തുന്നതല്ല, അവരോട് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള അത്തരം ബോഡികളിൽ അദ്ധ്യക്ഷം വഹിക്കാനോ അംഗങ്ങളായിരിക്കാനോ പറയു മ്പോൾ അവരത് ചെയ്യുന്നു, അവരത് ആഗ്രഹിക്കുന്നവെന്നല്ലാതെ എന്തു ഫല

ങ്ങളാണ് ഇത്തരം കമ്മീഷനുകളുണ്ടാക്കുന്നത്? ഈ സംസ്ഥാന നിയമസഭ വളരെ ഗൗരവതരമായി സംസ്ഥാനത്ത് അങ്ങനെ നിലവിലുള്ള ലോക് ആയുക്ത ഉൾപ്പെടെയുള്ള നിയമ സംവിധാനങ്ങളെക്കുറിച്ചും നിരവധിയായ കമ്മീഷനുകളെക്കുറിച്ചും ഗൗരവതരമായി ചിന്തിക്കണം. ചില കമ്മീഷനുകൾ വന്നിട്ടുള്ളത് സുപ്രീം കോടതിയുടെ വിധി പ്രകാരമാണ്. സുപ്രീം കോടതിയിൽ ഇത്തരം കമ്മീഷനുകൾ രൂപീകരിക്കണമെന്ന് വിധി പ്രഖ്യാപന ങ്ങളുണ്ടാകുമ്പോൾ ആ കമ്മീഷനുകളുടെ റിസൾട്ടെന്താണെന്ന് കാലാനുസൃ തമായി പരിശോധിക്കാനുള്ള സംവിധാനങ്ങൾകൂടി സുപ്രീം കോടതി യഥാർത്ഥത്തിൽ ഏർപ്പെടുത്തണം. അല്ലാതെ, സുപ്രീം കോടതിയുടെ നിർദ്ദേ ശപ്രകാരം നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിനുവേണ്ടി സംസ്ഥാ നങ്ങളുണ്ടാക്കുന്ന അത്തരം കമ്മീഷനുകൾ, നിരവധി കമ്മീഷനുകളുണ്ട്, ഞാൻ പേരെടുത്തൊന്നും പറയുന്നില്ല അവയെല്ലാം അവയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടോയെന്നോ സംസ്ഥാനത്തെ Exchequer-ന് വരുത്തി വയ്ക്കുന്ന ഗുരുതരമായ ബാദ്ധ്യത എത്രയാണെന്നോ നമുക്ക് പരിശോധി ക്കാൻ കഴിയുന്നില്ല. ഇത്തരത്തിൽ ലോക് ആയുക്ത നിയമമുണ്ടാക്കിയ തിന്റെ പിന്നിൽത്തന്നെ ഒരു യഥാർത്ഥ ആത്മവിമർശനത്തിന് തയ്യാറായി പല്ലും നഖവുമുള്ള ഒരു നിയമമുണ്ടാക്കാൻ നമ്മൾ തയ്യാറാകണം. ഈ ലോക് ആയുക്ത നിലനിർത്തികൊണ്ടുപോയിട്ട് കാര്യമില്ല. ഇപ്പോൾ പാർല മെന്റ് പാസ്സാക്കിയ ലോക്പാൽ നിയമത്തിന് അനുരോധമായി നമ്മുടെ സംസ്ഥാന നിയമസഭയ്ക്ക് ഒരു നിയമനിർമ്മാണം നടത്താനുള്ള ലെജിസ്ലേ റ്റീവ് കോമ്പീറ്റൻസിയുണ്ട്. അതുപയോഗിച്ചുകൊണ്ട് എല്ലാ പ്രദേശങ്ങളിലും വ്യാപകമായി നടന്നു കൊണ്ടിരിക്കുന്ന വേണമെങ്കിൽ സ്ഥാപനവൽക്കരിക്ക

പ്പെട്ടിരിക്കുന്ന (ഇൻസ്റ്റിറ്റ്യൂഷണലൈസ്) അഴിമതി, ഇന്ന് അഴിമതി സ്ഥാപന വൽക്കരിക്കപ്പെട്ടിരിക്കുകയാണ്. ഭരണരംഗത്തുമാത്രമല്ല ജുഡീഷ്യറിയിലും ധനകാര്യ സ്ഥാപനങ്ങളിലും മതസ്ഥാപനങ്ങളിലുമെല്ലാം വ്യാപകമായിട്ടുള്ള അഴിമതിയാണ്. അതുകൊണ്ട് ജനങ്ങൾക്ക് ഇത്തരം സ്ഥാപനങ്ങളിലുള്ള വിശ്വാസം തകർന്നുകൊണ്ടിരിക്കുകയാണ്. ഭരണത്തെക്കുറിച്ചും ഗവൺമെന്റു കളെക്കുറിച്ചും രാഷ്ട്രീയ പാർട്ടികളെക്കുറിച്ചും ജുഡീഷ്യറിയെക്കുറിച്ചും മതനേതാക്കന്മാരെക്കുറിച്ചും മതസ്ഥാപനങ്ങളെക്കുറിച്ചുമെല്ലാം ജനങ്ങൾക്ക് അതൃപ്തിയും അവിശ്വാസവുമുണ്ടായിക്കൊണ്ടിരിക്കുന്നു. ഈ അതൃപ്തിയും അവിശ്വാസവുമെല്ലാം അമർഷവും പ്രതിഷേധവുമായി മാറുമ്പോൾ അതിന്റെ കുത്തൊഴുക്കിൽ എല്ലാപേരും തെറിച്ചുപോകുന്ന ഒരു അവസ്ഥയുണ്ടാകും. ആ കാര്യത്തിലൊരു സംശയവുമുണ്ടാകില്ല. ഇന്ന് ലോകവ്യാപകമായി എങ്ങ നെയാണ് അഴിമതിയെ കൈകാര്യം ചെയ്യുന്നതെന്ന് ഗൗരവതരമായി ചർച്ചചെ യ്തുകൊണ്ടിരിക്കുകയാണ്. United Nations Convention against Corruption – 2007-ൽ നടത്തിയ ആ കൺവെൻഷനിൽ ഗൗരവതരമായി ലോകത്ത് വർദ്ധിച്ചുവരുന്ന അഴിമതിയെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. നമ്മുടെ രാജ്യമുൾപ്പെടെയുള്ള 104 സർക്കാരുകൾ അതിൽ പങ്കുചേരുകയു ണ്ടായി. India ranked 19th in the global bribery index അതായത് ഗ്ലോബൽ ബ്രൈബറി ഇൻഡെക്സിൽ 19-ാം സ്ഥാനത്താണ് നമ്മൾ വന്നിരി ക്കുന്നതെന്നാണ് ട്രാൻസ്പരൻസി ഇന്റർനാഷണലിന്റെ കണക്ക്. It is the 8th largest victim of black money loss. ലോകത്ത് ഏറ്റവും കൂടുതൽ ബ്ളാക്ക് മണിക്ക് ഇരയായി മാറുന്ന 8-ാമത്തെ രാജ്യമായി നമ്മുടെ രാജ്യം മാറിയിരി

ക്കുന്നു. ഓരോ സംവിധാനങ്ങളുടെയും അന്താരാഷ്ട്രതലത്തിലുള്ള റേറ്റിംഗുകളിൽ എല്ലാം സൂചിപ്പിക്കുന്നത് രാജ്യം ഗൗരവതരമായ അഴിമതികളിലേയ്ക്ക് പോകുന്നുവെന്നുള്ളതാണ്. ഈ അഴിമതി തടയുന്നതിൽ നിലവിലുള്ള നിയമങ്ങളും നിയമസംവിധാനങ്ങളും പൂർണ്ണമായും പരാജയപ്പെടുകയും നോക്കുകുത്തികളായി നിൽക്കുന്ന സാഹചര്യത്തിലാണിന്ന് നമ്മൾ നിൽക്കുന്നത്. വലിയ സാമ്പത്തിക ഇടപാടുകളിലെല്ലാം കമ്മീഷനിന്ന് അംഗീകരിക്കപ്പെട്ട വസ്തുതയായി മാറിയിരിക്കുകയാണ്. നാട്ടിൻപുറത്ത് നടക്കുന്ന ചെറിയ റോഡ് നിർമ്മാണത്തിനുള്ള കരാറുൾപ്പെടെ എല്ലാ അന്താരാഷ്ട്ര ഉടമ്പടിയിലും കരാറിലും എല്ലാ എഗ്രിമെന്റുകളിലും അനിവാര്യമായ വസ്തുതയായി ഇന്ന് കമ്മീഷൻ മാറിയിരിക്കുകയാണ്. രാജ്യത്തിന്റെ എല്ലാ തലങ്ങളിലും നടക്കുന്ന, പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റിടാൻ, ബൾബ് വാങ്ങിക്കുന്നതിൽ മുതൽ രാജ്യത്തിന്റെ പ്രതിരോധാവശ്യത്തിനുവേണ്ടി കോടാനുകോടി രൂപ....

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചില പരിഷ്കൃത രാജ്യങ്ങളിൽ Commission is legalized എന്നുണ്ട്. അത് കറപ്ഷന്റെ നിർവചനത്തിൽ വരുന്നില്ലായെന്നാണ് കാണപ്പെടുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പല രാജ്യങ്ങളിലും കമ്മീഷൻ ലീഗലൈസ് ചെയ്തിരിക്കുന്നത് അവിടത്തെ മാർക്കറ്റിംഗിന്റെ ഭാഗമായിട്ടാണ്. യഥാർത്ഥത്തിൽ അഴിമതിതന്നെയാണ്. മാർക്കറ്റിംഗിന്റെ ഭാഗമായി ആ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ലോക മാർക്കറ്റിൽ വിറ്റഴിക്കുന്നതിനുവേണ്ടി മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നുള്ള ഓമനപ്പേരിട്ടുകൊണ്ടാണ് കമ്മീഷനെ ലീഗലൈസ് ചെയ്തിരിക്കുന്നത്. അവിടെയും യഥാർത്ഥത്തിൽ

കിക്ക്ബാക്കുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തുകളിൽ ബൾബുകൾ വാങ്ങിക്കുന്നത് മുതൽ പ്രതിരോധാവശ്യങ്ങൾക്കുവേണ്ടിയുള്ള വലിയ അപകടകരമായ ആയുധങ്ങൾ വാങ്ങുന്നതുവരെ, വേണമെങ്കിൽ വലിയ പ്രശ്നങ്ങളുണ്ടാക്കാൻ സാദ്ധ്യതയുള്ള വലിയ പർച്ചേസുകളിൽവരെ കമ്മീഷനിപ്പോൾ ലീഗലൈസ് ചെയ്തിരിക്കുകയാണ്. ലോകത്തിലെ പല രാജ്യങ്ങളുടെയും ഭരണകക്ഷിക്കുള്ള അലിഘിതമായ തുകയാണ് ആയുധമിട പാടുകളിലെ കമ്മീഷനായി ഇന്ന് മാറിക്കൊണ്ടിരിക്കുന്നത്. അതു പോലെതന്നെ രാഷ്ട്രീയക്കാരും ഭരണകർത്താക്കളും ഉദ്യോഗസ്ഥരും ക്രിമിന ലുകളും തമ്മിലുള്ള അവിശുദ്ധമായ ബന്ധത്തിൽനിന്ന് ഉടലെടുക്കുന്ന അഴി മതി, ഔട്ട് ഓഫ് ദി വേ കാര്യങ്ങൾ ചെയ്തുകൊടുക്കുമ്പോഴുണ്ടാകുന്ന അഴി മതി, ഇതെല്ലാം അന്വേഷിക്കുന്നതിനുവേണ്ടി ഉത്തരവാദിത്വപ്പെട്ട ഏജൻസി കൾ, രാജ്യത്തെ ഏറ്റവും വിശ്വാസ്യതയുണ്ടായിരുന്ന ഏറ്റവും പ്രബലമായ സി.ബി.ഐ. ഉൾപ്പെടെയുള്ള ഏജൻസികളുടെ വിശ്വാസ്യത തകർന്നുവരുന്ന കാര്യമാണ്. ഇത് ഭരണരംഗത്ത് മാത്രമല്ല, മതസ്ഥാപനങ്ങളുടെയും ദേവാല യങ്ങളുടെയും നടത്തിപ്പിൽ എല്ലാം രാജ്യത്ത് വ്യാപകമായ അഴിമതിയാണ്. അഴിമതി ഭരണരംഗത്തുനിന്നും എല്ലാ രംഗങ്ങളിലേയ്ക്കും വ്യാപകമാകുക യാണ്. ഈ സമീപകാലത്ത് റിപ്പോർട്ട് ചെയ്ത തിരുപ്പതി വെങ്കിടേശ്വര ക്ഷേത്രം, മുബൈയിലെ സിദ്ധിവിനായക ക്ഷേത്രം, പുട്ടപർത്തിയിലെ സത്യ സായിബാബ ട്രസ്റ്റ്, ഷിർദ്ദിയിലെ സായിബാബ ക്ഷേത്രം, രാജ്യത്തെ നിരവധി വഖഫ് ബോർഡുകൾ, ഗുരുദ്വാരകൾ ക്ഷേത്ര കമ്മിറ്റികൾ, പള്ളികമ്മിറ്റികൾ തുടങ്ങിയ മതസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥലങ്ങളിൽനിന്നും അഴിമതിയുടെ അവസാനിക്കാത്ത കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാ ണ്. നമ്മുടെ രാജ്യത്തെ ധനകാര്യ സ്ഥാപനങ്ങൾ, സ്റ്റോക്ക് മാർക്കറ്റ് –

ലോകത്തിലെ ഏറ്റവും വെൽ റെഗുലേറ്റഡ് ഷെയർ മാർക്കറ്റാണ് ഇൻഡ്യയിലെ സ്റ്റോക്ക് മാർക്കറ്റ്. അമേരിക്കയിലെയോ യൂറോപ്പിലെയോ ഷെയർ മാർക്കറ്റുകളെക്കാൾ ഏറ്റവും നല്ല റെഗുലേഷനുള്ള ഒരു ഷെയർ മാർക്കറ്റാണ് ഇൻഡ്യയ്ക്കുള്ളത്.

ഏങ്കിൽപ്പോലും അവിടെനിന്നും അഴിമതിയുടെ കഥകൾ പുറത്തുവരുന്നു. നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ ഉൾപ്പെടെയുള്ള ഇന്ത്യയിലെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സ്ഥലത്തും നിരവധി അഴിമതികളുടെ കഥകൾ പുറത്തുവരികയാണ്. സുപ്രീംകോടതിതന്നെ ഇത് നിരവധി പ്രാവശ്യം പരിശോധിച്ചിട്ടുണ്ട്. ബീഹാറിലെ 1000 കോടി രൂപയുടെ കാലിത്തീറ്റ കേസ്സിൽ പാറ്റ്ന ഹൈക്കോടതിയുടെ വിധിയിൽ പറഞ്ഞിരിക്കുന്നത് .................... if things continued in this fashion, there was every likelihood of India soon emerging as the number one country as far as corruption was concerned എന്നാണ്. 10 വർഷം കഴിഞ്ഞ് സുപ്രീംകോടതി കാലിത്തീറ്റ കേസ്സെടുത്തപ്പോൾ വളരെ പ്രധാനപ്പെട്ടൊരു വിധിയുണ്ടായി. ആ വിധി ന്യായത്തിൽ സുപ്രീംകോടതി പറഞ്ഞിരിക്കുന്നു, 'Everyone wants to loot the country; the only panacea to rid the country of corrupt elements was to hang a few of them on the lamp post. The law does not permit us to do it but (given the choice) we would prefer to do it' അഴിമതിക്കാരെ വിളക്കുകാലിൽ കെട്ടിതൂക്കണമെന്ന് ഇന്ത്യയുടെ സുപ്രീംകോടതിക്ക് പറയേണ്ടിവന്ന തരത്തിൽ അഴിമതി വ്യാപക

മായി വർദ്ധിച്ചിരിക്കുന്നു. 2008–ൽ വി.ഐ.പി. ബംഗ്ലാവുമായി ബന്ധപ്പെട്ട ഒരു കേസ്സിൽ സുപ്രീംകോടതി പറഞ്ഞിരിക്കുന്നു, They (senior officials) don't apply their mind, rather they don't have a mind to apply........Even God will not be able to help this country............Our country's character has gone'. എന്ന് സുപ്രീംകോടതിക്ക് വിലപിക്കേണ്ട ഒരവസരം വന്നിരിക്കുന്നു. അതേയവസരത്തിൽ വേലിതന്നെ വിളവ് തിന്നുന്ന, ജുഡീഷ്യറിയിൽതന്നെ വ്യാപകമായിട്ടുള്ള അഴിമതിയുടെ കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ശാന്തിഭൂഷൻ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത ഒരു അഫിഡവിറ്റിൽ 8 മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ്മാർക്കെതിരായിട്ടുള്ള ആരോപണമാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. അവർ നടത്തിയ പ്രധാനപ്പെട്ട ഹ്യൂജ് എമൗണ്ട്സ് സ്റ്റേക്കായിട്ടുള്ള നിരവധി കേസ്സുകളിൽ അവരുടെ ജഡ്ജ്മെന്റിനെ ആക്ഷേപിച്ചുകൊണ്ടാണ് ശ്രീ. ശാന്തിഭൂഷൻ 8 മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ്മാർക്കെതിരായി ആരോപണമിന്നയിച്ചുകൊണ്ട് സുപ്രീംകോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിരിക്കുന്നത്. സമീപകാലത്ത് ചീഫ് ജസ്റ്റിസുമാരായിരുന്ന ശ്രീ. വൈ.കെ. സബർവാൾ, ശ്രീ. കെ.ജി. ബാലകൃഷ്ണൻ എന്നിവർക്കെതിരായിട്ടുള്ള ഗുരുതരമായ ആരോപണങ്ങൾ വന്നു. Ghaziabad provident fund scam -ൽ ഒരു സുപ്രീംകോടതി ജഡ്ജിയും 13 ഹൈക്കോടതി ജഡ്ജിമാരും ഉൾപ്പെട്ടിരുന്നു എന്നുള്ള വാർത്ത പുറത്തുവന്നു. സുപ്രീം കോടതിയുടെ മുൻ ചീഫ് ജസ്റ്റിസ് S.P. Bharucha പറഞ്ഞത് 20 ശതമാനം ജഡ്ജിമാരും അഴിമതിക്കാരാണ്, അവരെ കണ്ടെത്തി ഡിസ്മിസ് ചെയ്യാ

നുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. സുപ്രീംകോടതിയുടെ പഴയ ചീഫ് ജസ്റ്റിസ് Justice V. N. Khare, former CJI, bluntly stated, ‘corruption is rampant in lower courts’ എന്നാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ മറ്റൊരു കേസിൽ ‘Give some powers to the CJI. What powers does he have? How do I control the situation?’ എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നത് ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ചാണ്. ബാർ കൗൺസിൽ ഓഫ് ഇന്ത്യ, ഇന്ത്യയിലെ 131 ഹൈക്കോടതി ജഡ്ജിമാരെക്കുറിച്ച് പരാതി പറഞ്ഞിരിക്കുന്നു. കാരണം, അവരുടെ ഏറ്റവും അടുത്ത ബന്ധുക്കൾ അതേ കോടതിയിൽതന്നെ പ്രാക്ടീസ് ചെയ്യുന്നുവെന്നതാണ്. മക്കളും മരുമക്കളും ഉൾപ്പെടെയുള്ള ബന്ധുക്കളാണ് അവരുടെ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നത് എന്നുള്ള ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. അതുപോലെ ജുഡീഷ്യറിയിലിരിക്കുന്ന സമയത്ത് രാഷ്ട്രീയ നേതൃത്വവും ഭരണ നേതൃത്വവുമായി ബന്ധപ്പെടുകയും ആ ഭരണ നേതൃത്വത്തിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും ഇഷ്ടാനുസരണം ചില വിധി പ്രഖ്യാപനങ്ങൾ നടത്തുകയും അതിന്റെ പ്രതിഫലമായി റിട്ടയർ ചെയ്താൽ ഉടനെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻവേണ്ടി ഇറങ്ങിത്തിരിക്കുകയും ചെയ്യുന്ന റിട്ടയേർഡ് ജഡ്ജിമാരും ഇപ്പോൾ നാട്ടിൽ വർദ്ധിച്ചിരിക്കുകയാണ്. നമ്മൾ എല്ലാത്തിലും ക്വാട്ട് ചെയ്യുന്നത് സി.& എ.ജി (കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ) യാണ്. ഏത് കേസ് വന്നാലും സി.& എ.ജി. ക്വാട്ട് ചെയ്യും. ശ്രീ. റ്റി. എൻ. ചതുർവേദി സി. & എ.ജി ആയിരുന്ന സമയത്ത് bofors case –മായി ബന്ധപ്പെട്ടും മറ്റ് നിരവധി കേസ്സുകളിലും രാജീവ് ഗാന്ധിക്കെതിരായും രാജീ

വ് ഗാന്ധി ഗവണ്മെന്റിനെതിരായിട്ടും രൂക്ഷമായ പരാമർശങ്ങൾ നടത്തി. സി. & എ. ജി.യുടെ കാലാവധി പൂർത്തിയാക്കിയ ശ്രീ. റ്റി.എൻ. ചതുർവേദി പാർലമെന്റെ സ്ഥാനാർത്ഥിയായി, എം.പി.യായി, ബി.ജെ.പി.യുടെ ഭരണകാലത്ത് ഗവർണ്ണറായും മാറി. പ്രധാനപ്പെട്ട കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റിലിരിക്കുന്ന ആളുകൾ, ജുഡീഷ്യറിയിലിരിക്കുന്ന ആളുകൾ അതാത് സമയങ്ങളിൽ ഇരിക്കുന്ന രാഷ്ട്രീയ നേതൃത്വവുമായി സന്ധിയുണ്ടാക്കി അവരുടെ റിട്ടയർമെന്റിനുശേഷം നല്ല ലാവണം കണ്ടെത്താനുള്ള അവസരമായി അവരുടെ ഔദ്യോഗിക പദവിയെ ദുരുപയോഗപ്പെടുത്തുന്ന സ്ഥിതിയുണ്ടായിരിക്കുന്നു. അതുകൊണ്ട് ആരെയും വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് രാജ്യത്തെ ജനങ്ങൾ എത്തിച്ചേരുന്നുവെന്ന് പറയാതിരിക്കാൻ കഴിയുന്നില്ല. ഇവിടെ ജനങ്ങൾ ആഗ്രഹിക്കുന്നത് ഗുഡ് ഗവേണൻസാണ്. ഗവേണൻസ് എന്ന വാക്ക് ഇന്ന് വളരെ പ്രധാനപ്പെട്ട വാക്കാണ്. ഇന്ന് ഗവേണൻസ് ഡെഫിസിറ്റ് എന്നൊരു പുതിയ ടെർമിനോളജി ഉണ്ടായിരിക്കുന്നു. ഫിസ്ക്കൽ ഡെഫിസിറ്റ്, റവന്യൂ ഡെഫിസിറ്റ്, ക്രെഡിബിലിറ്റി ഡെഫിസിറ്റ് എന്നെല്ലാം പറയുന്നതുപോലെ ഗവേണൻസ് ഡെഫിസിറ്റ് എന്ന പുതിയൊരു പദമുണ്ടായിരിക്കുന്നു. അഴിമതിയെ പൂർണ്ണമായി ഇല്ലാതാക്കിയാൽ മാത്രമെ ഈ ഗവേണൻസ് ഡെഫിസിറ്റ് നികത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് നിരവധി മാതൃകാപരമായ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ള ഈ സഭ ഗൗരവതരമായ ലോക്പാൽ നിയമത്തിനെക്കാൾ നല്ലൊരു നിയമം കേരളത്തിലുണ്ടാക്കി അഴിമതി പൂർണ്ണമായും....... ഇതെല്ലാം ഒരു deterrent factor ആണ്. എന്താണ് നിയമം? കുറ്റകൃത്യങ്ങൾ ചെയ്താൽ നിയമത്തിന്റെ മുന്നിൽ അകപ്പെടുമെന്നുള്ള ഭീതിയുള്ളതുകൊണ്ടാണ് എല്ലാപേരും കുറ്റകൃത്യങ്ങൾ

ചെയ്യാൻ മടിക്കുന്നത്. ഒരു അഴിമതിക്കാരനും ശിക്ഷിക്കാതിരിക്കുമ്പോൾ, എല്ലാ അഴിമതിക്കാരും രക്ഷപ്പെട്ടുപോകുമ്പോൾ കൂടുതൽ അഴിമതി ചെയ്യാനുള്ള പ്രേരണയുണ്ടാകുന്നു. അഴിമതിയും സാമ്പത്തിക കുറ്റകൃത്യങ്ങളും ചെയ്താൽ നിയമത്തിന്റെ പിടിയിൽ അകപ്പെടും എന്നുള്ള ഭയം ഉണ്ടാക്കിയാൽ മാത്രമെ ഇപ്പോഴുണ്ടാകുന്ന അഴിമതി ഗൗരവതരമായി കുറയ്ക്കാൻ കഴിയുകയുള്ളൂ. അതിനുള്ള നല്ലൊരായുധം നിർമ്മിക്കേണ്ട ചുമതല കേരളത്തിന്റെ ഈ നിയമസഭയ്ക്കുണ്ട്. അതുകൊണ്ട് അഴിമതി തടയുന്നതിന് അതിശക്തമായ ഒരു നിയമം നിർമ്മിക്കാൻ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല തയ്യാറാകണമെന്നുള്ള അഭ്യർത്ഥനയോടെ ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. ജോസ് തെറ്റയിൽ : സർ, ഒരു കറക്ഷനുണ്ട്. ഞാൻ ഒരു ആർട്ടിക്കിൾ മിസ്ക്വാട്ട് ചെയ്ത് പറഞ്ഞു. അത് ആർട്ടിക്കിൾ 236 അല്ല, 320 ആണ് Functions of the Public Service Commission. റെക്കോർഡിൽ തിരുത്തുന്നതിനുവേണ്ടി പറഞ്ഞതാണ്.

മി. ചെയർമാൻ : ശ്രീ. എം. ഹംസ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. ഹംസ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ

സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ ബിൽ പൈലറ്റ് ചെയതുകൊണ്ട് നടത്തിയ പ്രസംഗം, അത് വീണ്ടും ഒരു പരിശോധനയ്ക്ക് വിധേയമാക്കണം എന്നതിന്റെ തെളിവുകളാണ് അദ്ദേഹം നിരത്തിയത്. അഴിമതി രഹിതമായ ഒരു സമൂഹം വളർത്തിയെടുക്കുന്നതിനുവേണ്ടിയും പൗരാവകാശം സംരക്ഷിക്കുന്നതിനുവേണ്ടിയും ഇന്ത്യാരാജ്യത്ത് രൂപംകൊണ്ടിട്ടുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മീഷൻ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ രൂപം കൊള്ളുകയും 1966-ൽ മൊറാർജി ദേശായി നൽകിയ ഇടക്കാല റിപ്പോർട്ടിലാണ് ലോക്പാൽ, ലോക് ആയുക്ത് എന്ന രണ്ട് ആശയങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തത്. ഈ അശയങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് കേരളത്തിൽ രൂപം കൊണ്ടിട്ടുള്ള നിയമങ്ങളിൽ ഒന്നാണ് ലോക് ആയുക്ത. ആ ലോക് ആയുക്തയ്ക്കുള്ള ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കണമെന്നുപറയുന്ന ഒരു ഭേദഗതി മൂന്നാം വകുപ്പും അതിന്റെ ചട്ടങ്ങളുണ്ടാക്കുന്നതിനുവേണ്ടി നാലാം വകുപ്പും ഈ നിയമത്തിലുണ്ട്. അതിൽ മൂന്നാം വകുപ്പ്, ഈ നിയമം തന്നെ വെറുതെ ആകുന്നു. ഇപ്പോൾ നമ്മൾ നിരവധി ചർച്ച നടത്തി. ഇത് ആദ്യം ഒരു ഘട്ടം ചർച്ച നടത്തി, സബ്ജക്ട് കമ്മിറ്റിക്ക് പോയി, സബ്ജക്ട് കമ്മിറ്റിയിൽനിന്ന് അത് വീണ്ടും നിയമസഭയിലേയ്ക്ക് വന്നു, നിയസഭ ഇന്ന് മൂന്നാം വായന നടത്തി വോട്ടിനിട്ട് ഈ നിയമം പാസ്സാക്കുകയാണ്. ഈ നിയമം വെറുതെയാവില്ലേ? ഈ നിയമത്തിൽ ഒരു ഒത്തുകളിയുടെ രൂപം വന്നാൽ എന്തായിരിക്കും ചെയ്യുക?

ലോക് ആയുക്തയും പി.എസ്.സി.യും തമ്മിൽ ഒത്തുകളിച്ചാൽ ഈ നിയമം വെറുതെയാവില്ലെ? ലോക് ആയുക്തയും പി.എസ്.സി.യും തമ്മിൽ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കംവന്നാൽ പിന്നെ അത് ഗവണ്മെന്റിന് അധികാരമായി. ഏതെങ്കിലും ഒരു നിയമം എപ്പോഴും എല്ലാപേരുടെയും കയ്യിൽ പരിശുദ്ധമല്ല എന്ന് കണ്ടുകൊണ്ടുവേണം നിയമം നിർമ്മിക്കാൻ. ഏറ്റവും സത്യസന്ധരുടെ കയ്യിൽ മാത്രമായിരിക്കും ഈ അധികാരം കിട്ടുകയെന്ന് ധരിച്ചുകൊണ്ട് ലെജിസ്ലേച്ചർ നിയമം നിർമ്മിക്കാൻ പാടില്ല. നിയമത്തെ മിസ്യൂസ് ചെയ്യുന്ന, നിയമത്തെ ദുർവ്യാഖ്യാനം ചെയ്യുന്ന ഏതാനും ചിലരെങ്കിലും വരുമെന്ന് കണ്ടുകൊണ്ടാണ് നിയമം നിർമ്മിക്കുന്നതെങ്കിൽ ഇവിടെ ഒത്തുകളിക്കാൻ അവസരമുണ്ട്. ഒത്തുകളിച്ചാൽ പി.എസ്.സി.ക്കല്ല, ഗവണ്മെന്റിനാണ് അധികാരം. പിന്നെ എന്തിനാണ് ഈ നിയമം ?

രണ്ടാമതായി നാലാം വകുപ്പിൽ, എല്ലാ നിയമങ്ങളും ലെജിസ്ലേച്ചർ നിർമ്മിക്കുന്നു. നിയമങ്ങളിൽ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം എന്തിനാണ് പി.എസ്.സി.യുമായും ലോക് ആയുക്തയുമായും ചർച്ച ചെയ്യുന്നത്? അഥവാ ചർച്ച ചെയ്താൽത്തന്നെ അതെന്തിന് ചട്ടങ്ങളിൽ വയ്ക്കണം? നാം എന്തിനാണ് ഇങ്ങനെ ഭയപ്പെടുന്നത്? ലെജിസ്ലേച്ചർ ഇങ്ങനെ ഭയപ്പെടാൻ പാടില്ല. ചട്ടം നിർമ്മിക്കാനുള്ള അധികാരം ഗവൺമെന്റിന്റേതാണ്. ലെജിസ്ലേച്ചറുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനിച്ച് ചട്ടമുണ്ടാക്കണം. ചട്ടമുണ്ടാക്കുന്നതിനു മുമ്പ് ഞങ്ങൾ ഇതാ ലോകായുക്തയുമായും പി.എസ്.സി.യുമായി ചർച്ച ചെയ്യുന്നു, അങ്ങനെ ലെജിസ്ലേച്ചർ ഭയപ്പെടാൻ പാടില്ല. ലെജിസ്ലേച്ചർ സ്വതന്ത്രമായി പോകണം. നാലാം വകുപ്പിൽ അങ്ങനെയൊരു പോരായ്മ

യുണ്ട്. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം എന്ന ആവശ്യമാണ് ഇതിന്റെ ഭാഗമായി വയ്ക്കാനുള്ളത്. അഴിമതിരഹിതമായ സമൂഹത്തെക്കുറിച്ച് അങ്ങ് സ്വപ്നം കാണുന്നുണ്ടെങ്കിൽ അഴിമതിരഹിതമായ സമൂഹം മുതലാളിത്ത സമൂഹത്തിൽ സാദ്ധ്യമല്ല എന്നുകൂടി മനസ്സിലാക്കുമ്പോൾ അഴിമതിക്കെതിരായ പോരാട്ടം ശക്തമാക്കണമെങ്കിൽ ധാരാളം കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്. അഴിമതിക്കെതിരായ വികാരത്തെ സ്വാഗതം ചെയ്യേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ചില കാര്യങ്ങളിൽ ചില തിരുത്തലുകൾ ആവശ്യമായിട്ടുണ്ട്. അതിലൊന്നാണ് പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി രൂപംകൊള്ളുന്ന ആശയം. ദേശീയ സമ്പത്ത് എന്ന ഒന്നുണ്ടോ? ദേശീയ സമ്പത്ത് സംരക്ഷിക്കുകായെന്ന അജണ്ടയുണ്ടോ? കഴിഞ്ഞ യു.പി.എ ഗവൺമെന്റ് ദേശീയ സമ്പത്ത് സംരക്ഷിച്ചില്ല. ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് ദേശീയ സമ്പത്ത് സംരക്ഷിക്കുന്നതേയില്ല. നാഷണലൈസ്ഡ് ബാങ്കുകൾക്ക് രണ്ടരലക്ഷം കോടിരൂപ എൻ.പി.എ. (നോൺ പെർഫോമിംഗ് അസറ്റ്) ഉണ്ട്. അത് മുഴുവൻ വിറ്റഴിക്കാൻ തീരുമാനിച്ചു. ദേശീയ സമ്പത്ത് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അഴിമതി വ്യാപകമാകും. അതുകൊണ്ട് ദേശീയ സമ്പത്ത് സംരക്ഷിക്കുന്നതിനുള്ള പോരാട്ടം ഈ രാജ്യത്തജനങ്ങളെ അണിനിരത്തിക്കൊണ്ട് നടത്തേണ്ട പോരാട്ടമാണ്. അതിൽ ശക്തമായി ഇടപെടുന്നതാണ് ഇന്നത്തെകാലത്തെ അനിവാര്യത. ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ ഇന്ത്യയുടെ വരുമാനത്തിന്റെ നല്ലൊരുഭാഗം ആയുധങ്ങൾ വാങ്ങാൻ നീക്കി വയ്ക്കുന്നു. അതിൽത്തന്നെ നല്ലൊരു വിഹിതം ഭരണാധികാരികൾ കമ്മീഷനായി വാങ്ങുകയാണ്. സൈനിക മേഖലയിൽ അഴിമതിയും സത്യസന്ധതയില്ലായ്മയും വരുമ്പോൾ നമ്മുടെ രാജ്യം എങ്ങോട്ടേയ്ക്കാണ്

പോകുന്നതെന്ന ഏതൊരു പൗരന്റെയും ഉത്കണ്ഠ പങ്കുവയ്ക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. നമ്മുടെ പ്രദേശത്തെ ചില കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഏറെ നീണ്ട സംസാരം നടത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങ് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നു. അഴിമതിക്കെതിരായ പോരാട്ടം ശക്തമായി നടത്താൻ നിയമ നിർമ്മാണം കൊണ്ടു വരുന്നു. പോലീസ് വകുപ്പിൽ കേസുകളെടുക്കുന്ന സന്ദർഭത്തിൽ പക്ഷപാതം കാണിക്കുന്നില്ലേ?. ഞാൻ ഒരു സബ്മിഷൻ തന്നു. അന്ന് അടിയന്തരപ്രമേയം വന്നപ്പോൾ അത് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിച്ച കാര്യം ഇതിന്റെ ഭാഗമായി സൂചിപ്പിക്കുന്നു. ഭരണകൂട ഭീകരത നമ്മളാരും അംഗീകരിക്കുന്നില്ല. കാപ്പ നിയമം ഉണ്ട്. അത് ദേശദ്രോഹികൾക്കെതിരായ നിയമമാണ്. കള്ളവാറ്റു കാർക്കും അതുപോലുള്ള ആൾക്കാർക്കുമെതിരായ നിയമമാണ്. എന്റെ മണ്ഡലത്തിലെ ഒരു പൊതുപ്രവർത്തകനെതിരെ കാപ്പ നിയമം എടുത്ത പ്പോൾ എഫ്.ഐ.ആർ.–ൽ പറഞ്ഞത്, മൂന്നാം പ്രതിയുൾപ്പെടെ ആറ് പ്രതിക ളുണ്ട്. ആറ് പ്രതികളും കൊലപാതകശ്രമക്കേസിലെ പ്രതികളാണെന്നാണ്. എന്നാൽ എഫ്.ഐ.ആർ.–ൽ പരാതിക്കാരൻ പറഞ്ഞത് മൂന്നാം പ്രതി ചൂരലെ ടുത്ത് അടിച്ചുവെന്നും. അങ്ങനെ ഒരു മുറിവും പറ്റാത്ത കേസിന് കൊലപാത കശ്രമത്തിന് കേസെടുക്കുകയാണ്. അത് അഴിമതിയിൽപ്പെടുകയാണ്. കാപ്പ നിയമപ്രകാരം കേസെടുക്കുകയാണ്. ജില്ല വിട്ടുപോകാൻ നിർദ്ദേശിക്കുകയാ ണ്. ഇത് അഴിമതിയല്ലേ? ഇത് സ്വജനപക്ഷപാതമല്ലേ, ഇത് അധികാര ദുർവിനി യോഗമല്ലേ? ഇതിനെ നമ്മൾ നേരിടേണ്ടതല്ലേ. ബഹുമാനപ്പെട്ട ആഭ്യന്തര വ കുപ്പുമന്ത്രി ബിൽ അവതരിപ്പിക്കുന്ന സമയത്ത് കാണിച്ച സ്പിരിറ്റിനെ സ്വാഗതം ചെയ്തുകൊണ്ട് പറയുകയാണ്. അങ്ങയുടെ കാലത്ത് ഇത്തരം

കാര്യങ്ങൾ ചെയ്യാൻ പാടില്ല, അത് തിരുത്തണം. ആ രീതിയിൽ നിർദ്ദേശം കൊടുക്കാൻ അങ്ങേയ്ക്ക് കഴിയണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, അഴിമതിയെക്കുറിച്ചാണല്ലോ പറയുന്നത്. അതിനെതിരായി നിയമമുണ്ടാക്കാൻ പോകുന്നു. എന്നാൽ ഇത്തരം അഴിമതിയെക്കുറിച്ച് ഈ സഭയിൽ കേട്ടാൽപ്പോലും ചെവികൊടുക്കാൻ തയ്യാറാകാത്ത ഭരണാധികാരികളും മന്ത്രിമാരും. ഉദാഹരണത്തിന് ഏതാനും ദിവസംമുമ്പ് ഇവിടെ ചർച്ച നടക്കുമ്പോൾ ഭരണകക്ഷിയിലെ ശ്രീ. റ്റി. എൻ. പ്രതാപൻ എം.എൽ.എ., അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട ആരോപണം ഉന്നയിച്ചു. ഫിഷറീസ് ഡിപ്പാർട്ടുമെന്റും സ്വകാര്യവ്യക്തിയുമായി ബന്ധപ്പെട്ട കേസിൽ സ്വകാര്യ വ്യക്തികൾക്കുവേണ്ടി ഹജരായിരുന്നത് അന്ന് വലിയ വക്കീലായിരുന്ന ശ്രീ. ദണ്ഡപാണിയാണ്. അദ്ദേഹം ഇപ്പോൾ അഡ്വക്കേറ്റ് ജനറലായി. ആ കേസിൽ ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ കുടുംബക്കാരാണ് ഹാജരാകുന്നത്. എന്നിട്ട് ബോധപൂർവ്വം തോറ്റുകൊടുക്കുന്നു. അക്കാര്യം ഇവിടെ ഉന്നയിച്ചപ്പോൾ അതിനെക്കുറിച്ച് ചെവികൊടുക്കാൻ ഇവിടെയുള്ള മന്ത്രിമാർ തയ്യാറായില്ല. അതാണ് ഇവിടെപോലും നടക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: സർ, അത്തരം ആശയങ്ങൾ മനസ്സിൽ വച്ചുകൊണ്ട് തന്നെയാണ് ഞാൻ ഇത് സംസാരിച്ചത്. പോലീസ് വകുപ്പിനെക്കുറിച്ച് പറഞ്ഞതുപോലെതന്നെ ഈ ബില്ലുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ച ചെയ്യേണ്ട വിഷയമാണ്..........

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിലെ പോലീസിനെയും ഉദ്യോഗസ്ഥൻമാരെയും സംബന്ധിച്ചാണല്ലോ ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശനും താങ്കളും പറഞ്ഞത്. ഇന്ത്യയുടെ ലഫ്റ്റനന്റ് കേണൽ, ആർമി

ചീഫിന് കൈക്കൂലി കൊടുക്കാൻ പോയ കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇന്ത്യയുടെ രാജ്യരക്ഷാ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി ഒരു വർഷം ആരോടും അത് പറഞ്ഞില്ല. ആർമി ചീഫ് പഞ്ഞതി നുശേഷമാണ് ലോകം അറിയുന്നത്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: സർ. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് മാത്രമല്ല, ഇന്ത്യയുടെ മുങ്ങിക്കപ്പലുകളുൾപ്പെടെ പത്ത് തവണ സ്ഫോടനത്തിന് വിധേ യമാകുന്ന അവസ്ഥയുണ്ടായത്, ഇന്ത്യയുടെ സുരക്ഷയെക്കുറിച്ചുതന്നെ വല്ലാത്ത ഉത്കണ്ഠയുണ്ടാക്കുന്ന സംഭവങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചിട്ടു ണ്ട്. അത്തരത്തിലുള്ള സംഭവങ്ങൾ ഇവിടെ നടക്കുന്നത് അഴിമതിയുടെ ഭാഗ മായിട്ടാണ്.

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങ് ഇവിടെ അഴിമതിയും രാഷ്ട്രീ യവും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ചാണല്ലോ പറഞ്ഞത്. ഈ സന്ദർഭ ത്തിൽ........ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കാൻ വേണ്ടി യാണ്.... എനിക്ക് കവിത ചൊല്ലാൻ അറിയില്ല. കവിത ഞാൻ പറയാം. അടുത്ത ദിവസം കലാകൗമുദിയിൽ വന്ന ഒരു കവിതയുണ്ട് നമ്മുടെ എ. ഡി.ജി.പി. ശ്രീമതി ബി. സന്ധ്യ എഴുതിയ ‘നിനക്ക് ആരാകണം’ എന്ന കവിത.

“പഠിച്ച് പഠിച്ച് നിനക്ക് ആരാകണം
ഐ.എ.എസ്., ഐ.പി.എസ്., ഡോക്ടർ
ഛെ, അല്ലല്ല എനിക്ക് പഠിച്ച് പഠിച്ച്
പറയൂ കുഞ്ഞേ പഠിച്ച് പഠിച്ച്
ആദ്യം കുറേ പേരെ തട്ടിക്കണം പിന്നെയാ–

കാശുകൊണ്ട് ക്വട്ടേഷൻ ഗ്യാങ്ങുകളെ വെല്ലുംവിധം
സൂര്യനെപ്പോലെ തിളങ്ങണം
അധികാരത്തിന്റെ അകത്തളങ്ങളിൽ
അധികാരികളെ പമ്പരം ചുറ്റിച്ച്
കുറേയേറെ പണം തട്ടണം.
ഹായ്! മാധ്യമക്കാരെ മഞ്ഞളിപ്പിച്ച്
മമ്മൂട്ടിയും മഞ്ജുവാര്യരും തോൽക്കുംവിധം
എന്റെ വാലാക്കിക്കെട്ടണം.
കോടതികളെ വട്ടം ചുറ്റിക്കണം
നാട്ടുകാരെ ഓട്ടോഗ്രാഫിനായി ക്യൂ നിർത്തിക്കണം
അങ്ങനെ അങ്ങനെ എനിക്ക് വലുതാകുമ്പോൾ
ഒരു സൂപ്പർസ്റ്റാറാകണം"

എ.ഡി.ജി.പി. ശ്രീമതി ബി. സന്ധ്യ എഴുതിയ ഈ കവിത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതാണ് രാഷ്ട്രീയവും അഴിമതിയും തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്ന ചിത്രം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഉന്നയിച്ചു, അതായത് ഭരണകക്ഷി എം.എൽ.എ. ശ്രീ. റ്റി. എൻ. പ്രതാപൻ അഡ്വക്കേറ്റ് ജനറലിനെപ്പറ്റി പറഞ്ഞത് വളരെ ഗൗരവമേറിയ പരാമർശമാണ്. അന്ന് അക്കാര്യം ഉന്നയിക്കപ്പെട്ടതിനു ശേഷം വ്യക്തമായ മറുപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പരാമർശത്തെപ്പറ്റി പല അഭിപ്രായങ്ങളും മുമ്പും വന്നിട്ടുള്ളതാണ്. ഭരണകക്ഷി

എം.എൽ.എ.–യുടെ ഭാഗത്തു നിന്നുതന്നെ വളരെ കാര്യകാരണസഹിതം ഒരു ആരോപണം ഉന്നയിക്കപ്പെട്ടിട്ടും നിയമസഭയിൽ അത് സംബന്ധിച്ച് ക്ലാരിഫി ക്കേഷൻ നടത്താതെ, ഡിസ്ക്ലോസ് ചെയ്യാതെ ഇപ്പോഴും നിലനിൽക്കുകയാ ണ്. ഇവിടെ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഉന്നയിച്ച കാര്യം, ഈ ചർച്ച ചെയ്യുന്ന വിഷയത്തിൽ എത്ര മാത്രം പ്രസക്തമാണെന്ന് അങ്ങേയ്ക്ക് അറി യാവുന്നതുകൊണ്ട് അക്കാര്യത്തിൽ ഊന്നൽ നൽകികൊണ്ട് സംസാരിക്കാൻ തയ്യാറാകാത്തതെന്തുകൊണ്ടാണ്?

ശ്രീ. എം. ഹംസ: സർ, ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ തന്നെ വളരെ ശക്തമായി പറഞ്ഞു. അതിനോടുള്ള യോജിപ്പും ഞാൻ പ്രകടിപ്പിച്ചു. ഇവിടെ ശ്രീ. എ. എം. ആരിഫ് പറഞ്ഞ കവിത......, ഇന്ന് കേരളത്തിലെ പോലീസ് വകുപ്പിനകത്ത് നല്ല ഉദ്യോഗസ്ഥന്മാരുണ്ട്, നല്ല കവികളുണ്ട്, നല്ല സാഹിത്യകാരന്മാരുണ്ട്, നന്നായി കുറ്റാന്വേഷണം നടത്തി വൈദഗ്ധ്യം തെളി യിച്ച കേരളത്തിന്റെ അഭിമാനസ്തംഭങ്ങളുണ്ട്. അവരുടെ ഒരു വികാരമാണ് പ്രകടിപ്പിച്ചത്. അത് നല്ലതുതന്നെയാണ്. ഇന്ന് അഴിമതിരഹിതമായ സമൂഹം സൃഷ്ടിക്കുമ്പോൾ പോലീസ് രംഗത്ത് വരുത്തേണ്ട മാറ്റത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ഇപ്പോൾ നടക്കുന്ന ഒരു സംഭവമുണ്ട്, പ്ലസ്ടുവിന്റെ അഡ്മിഷൻ കഴിഞ്ഞ് പ്ലസ് വൺ ക്ലാസ് ഇന്ന് ആരംഭിക്കുകയാണ്. എന്താണ് ഇന്ന് അവിടെ നടക്കുന്നത്? നല്ല മാർക്കുള്ള കുട്ടികൾക്ക് പ്ലസ് വണ്ണിന് അഡ്മി ഷൻ കിട്ടുമോ? പ്ലസ് വണ്ണിന്റെ മാനേജ്മെന്റ് സീറ്റിന് 50,000 രൂപ കൈക്കൂലി വാങ്ങുകയാണ്. അതുൾപ്പെടെയുള്ള കാര്യങ്ങൾ തടയാൻ ഇന്ന് എന്ത് സംവിധാനമാണ് ഇവിടെയുള്ളത്? ഒരു സംവിധാനങ്ങളും ഇന്നില്ല.

പ്ലസ് വണ്ണിന് മാനേജ്മെന്റ് സീറ്റ് മുഴുവൻ ഫുള്ളാക്കിയതിനുശേഷം മതിയോ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നടത്താൻ? അപ്പോൾ ആ മെക്കാനിസത്തിൽ എന്തോ തകരാറുണ്ട്. ആ തകരാറെന്താണെന്ന് കണ്ടെത്തി അതിൽ ഇടപെടുന്നതിനുവേണ്ടി കഴിയണം. എസ്.എസ്.എൽ.സി.–ക്ക് 95% മാർക്കുള്ള കുട്ടിക്ക് പ്ലസ് വണ്ണിന് അഡ്മിഷൻ കിട്ടിയിട്ടില്ല. പുസ്തകം യഥാസമയം കിട്ടിയിട്ടില്ല. ഈ രൂപത്തിൽ വല്ലാത്ത തോതിൽ അഴിമതി........

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്ന കാര്യം 100% വാസ്തവമല്ല. 90% ത്തോളം പുസ്തകങ്ങളും ഇതിനകംതന്നെ വിതരണം ചെയ്തു. ലേറ്റസ്റ്റ് കണക്കുപ്രകാരം പ്ലസ്വണ്ണിന്റെയും പ്ലസ്ടുവിന്റെയും 90% പാഠപുസ്തകങ്ങളും വിതരണം ചെയ്തുകഴിഞ്ഞു. അഡ്മിഷന്റെ രണ്ട് അലോട്ട്മെന്റാണ് കഴിഞ്ഞിട്ടുള്ളത്. 20% സീറ്റുകൾ വർദ്ധിപ്പിക്കാൻ ഇന്ന് രാവിലെ തീരുമാനിച്ചു, അതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുപുറമെ ഇന്ന് സ്പെഷ്യൽ ക്യാബിനറ്റ് കൂടി കോടതി നിർദ്ദേശപ്രകാരമുള്ള പുതിയ ബാച്ചുകളും അനുവദിക്കുകയാണ്.

ശ്രീ. എം. ഹംസ: സർ, ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുള്ളതുകൊണ്ടു തന്നെയാണ് അക്കാര്യം സംസാരിച്ചത്. സോഫ്റ്റ്വെയറിൽ എന്തെങ്കിലും തകരാറുണ്ടോ? അഡ്മിഷൻ പ്രക്രിയയിൽ എന്തെങ്കിലും തകരാറുണ്ടോയെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം 2000 പേർക്ക് ഒഴിച്ച് ജയിച്ച എല്ലാവർക്കും സീറ്റ് കിട്ടി. ഇപ്പോൾ 95% മാർക്ക് ലഭിച്ച കുട്ടിക്ക് രണ്ടു ഘട്ടങ്ങളിൽ അലോട്ട്മെന്റ് കഴിഞ്ഞിട്ടും സീറ്റ് കിട്ടാത്തതെന്തു

കൊണ്ടാണ്? അപ്പോൾ എന്തോ സാങ്കേതിക തകരാറുണ്ട്? ആ തകരാറിനെ മുതലെടുത്തുകൊണ്ട് മാനേജ്മെന്റുകൾ കൊള്ളയടിക്കുന്നു, അഴിമതി കാണിക്കുന്നു. അക്കാര്യത്തിലൊരു ഇടപെടൽ വേണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കഴിഞ്ഞ തവണത്തെയും ഇത്തവണത്തെയും തമ്മിലുള്ള വ്യത്യാസം, കഴിഞ്ഞ തവണ ഒരു ക്ലാസിൽ 60 സീറ്റുകളാണ് അനുവദിച്ചിരുന്നത്. പ്രൊഫ. പി. ഒ. ജെ. ലെബ്ബ കമ്മിറ്റി ശുപാർശ പ്രകാരം ഈ വർഷം അത് 50 ആയി ചുരുക്കി. അപ്പോൾ ആ കുറവ് കൂടെ വരും.

ശ്രീ. ജി. സുധാകരൻ: സർ, പണ്ടെങ്ങോ ഒരു പ്രത്യേക സാഹചര്യത്തിൽ കൊണ്ടുവന്ന ഈ എൻട്രൻസ് പരീക്ഷയും അതുപോലെ അലോട്ട്മെന്റുമൊക്കെ ഈ കേരളത്തിൽ ആവശ്യമുണ്ടോ? രക്ഷകർത്താക്കളുടെ ഉറക്കം കെടുത്തുന്ന ഈ പരിപാടി അവസാനിപ്പിക്കുന്നതിനെപ്പറ്റി അങ്ങ് എന്തുപറയുന്നു? എഴുതി വാങ്ങിയ മാർക്കിന്റെ അടിസ്ഥാനത്തിൽ സീറ്റ് കൊടുത്തുകൂടെ?

ശ്രീ. എം. ഹംസ: സർ, തീർച്ചയായും അതും ആലോചിക്കേണ്ടതാണ്. കാരണം ഏറ്റവും നല്ല പരീക്ഷാ സമ്പ്രദായം..... എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷയൊക്കെ നന്നായി നടക്കുന്നുണ്ട്. അപ്പോൾ എന്തിനാണ് എൻട്രൻസ് എന്നതിനെക്കുറിച്ചൊക്കെ ചിന്തിക്കേണ്ടതുണ്ട്.

അതുപോലെ വലിയൊരു അഴിമതി നടക്കുന്ന മറ്റൊരു മേഖല കേരളത്തിലുണ്ട് – ഹോസ്പിറ്റലുകൾ. സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻ എന്നിവരുടെയൊക്കെ ക്വാളിഫിക്കേഷൻ ആരാണ് പരിശോധിക്കുന്നത്? ലാബ് ടെക്നീഷ്യൻമാർ രക്തം, മൂത്രം എന്നിവ

പരിശോധിച്ച് അതിന്റെ റിപ്പോർട്ടിനനുസരിച്ച് ചികിത്സിക്കാൻ പോകുമ്പോൾ........ എന്തിനധികം നമ്മുടെ ഇപ്പോഴത്തെ എം.പി.–ക്കുപോലും ക്യാൻസറാണെന്ന് വിധിയെഴുതി പിന്നീട് ക്യാൻസറല്ല എന്ന് തിരിച്ചറിയുന്നത് വർഷങ്ങൾക്കുശേഷമാണ്. അപ്പോൾ ഇന്ന് സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള പാരാമെഡിക്കൽ സ്റ്റാഫിന്റെ ക്വാളിഫിക്കേഷൻ പരിശോധിക്കാൻ ആവശ്യമായ ഒരു സംവിധാനം ഇന്നില്ലാത്തതുകൊണ്ട് വല്ലാത്ത തോതിലുള്ള അഴിമതിയും ഈ രാജ്യത്തിലെ ജനങ്ങളുടെ ആരോഗ്യംതന്നെ അപകടത്തിലാവുന്ന പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതിനെ അഡ്രസ് ചെയ്യാൻ ഈ ഗവൺമെന്റിന് കഴിയണം. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന രൂപത്തിലുള്ള നിയമങ്ങൾ കൊണ്ടുവരേണ്ടതുണ്ട് എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുവാനുള്ളത്.

മറ്റൊന്ന്, പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ...... ബി.ടെകിനുള്ള അഡ്മിഷൻ നടക്കുകയാണ്. അവിടെ ഡൊണേഷൻ വാങ്ങുന്നു. മെരിറ്റ് സീറ്റ് കിട്ടിയാൽ ഡൊണേഷൻ തിരിച്ചുകൊടുക്കുന്നില്ല. ആദ്യം സീറ്റ് കിട്ടാൻ വേണ്ടിയുള്ള വ്യഗ്രതയുടെ അടിസ്ഥാനത്തിൽ പൈസ കൊടുത്ത് ബുക്ക് ചെയ്തിട്ടുണ്ടാവും. പക്ഷേ കൊടുത്ത സർട്ടിഫിക്കറ്റുകൾ തിരിച്ചുകിട്ടി മെരിറ്റ് സീറ്റിലേയ്ക്ക് പോകാൻ രക്ഷിതാക്കളും കുട്ടികളും ആഗ്രഹിക്കുമ്പോൾ സർട്ടിഫിക്കറ്റുകൾ കൊടുക്കില്ല എന്ന് വാശിപിടിക്കുന്ന സ്വാശ്രയ മാനേജ്മെന്റുകളെ നിലയ്ക്കുനിർത്താൻ എന്തെങ്കിലും ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും വേണ്ടേ? അതും നമ്മുടെ സമൂഹമനുഭവിക്കുന്ന ഏറ്റവും വേദന നിറഞ്ഞ പ്രശ്നമാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടിയിൽ പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ നിരവധി ഘട്ടങ്ങളിൽ ചർച്ച ചെയ്തിട്ടുള്ള

വിഷയങ്ങളിലേയ്ക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ, അഴിമതിക്കാരായ രാഷ്ട്രീയ നേതാക്കന്മാർ, അഴിമതിക്കാർ ആരാണോ അവരുടെ പേരിൽ നടപടിയെടുക്കാൻ വേണ്ടി കഴിയണം. കുരയ്ക്കും പക്ഷേ കടിക്കാത്തതാണ് എന്നതല്ല കുരയ്ക്കുകയും കടിക്കുകയും ചെയ്യുന്ന ഒരു നിയമം കേരളത്തിലെങ്കിലും മാതൃകാപരമായി കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഭേദഗതി അവതരിപ്പിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പൊതുജീവിതത്തിൽനിന്നും അഴിമതി തുടച്ചുനീക്കുന്നതിനുള്ള ശ്രമങ്ങൾ ദേശീയ തലത്തിലും സംസ്ഥാനതലത്തിലുമൊക്കെ എല്ലാക്കാലത്തുമുണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ Kerala Public Men's Corruption (Investigations and Inquiries) Act, 1987- നെപ്പറ്റി എനിക്കുമുമ്പ് സംസാരിച്ചവരൊക്കെ ചൂണ്ടിക്കാണിച്ചു. നമ്മുടെ സംസ്ഥാനത്ത് പൊതുപ്രവർത്തകർക്കിടയിലുണ്ടായിരുന്ന അഴിമതി, സ്വജനപക്ഷപാതം, ബോധപൂർവ്വമായ ഉത്തരവാദിത്വം നിർവ്വഹിക്കാതിരിക്കുക എന്നിവയ്ക്കൊക്കെ എതിരായി വന്ന 1987–ലെ നിയമമാണ്. എന്നാൽ ഈ നിയമം പര്യാപ്തമല്ല എന്ന് കണ്ടാണ് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന 1999–ലെ കേരള ലോക് ആയുക്ത നിയമം നിലവിൽ വന്നത്. ഇവിടെ ആ നിയമത്തിലെ രണ്ട് വകുപ്പുകളിലുള്ള ഒരു ഭേദഗതിയെ സംബന്ധിച്ചാണ് ചർച്ച നടക്കുന്നത്. സ്വാഭാവികമായും അഴിമതിയാണ് പ്രശ്നമെന്നുള്ളതുകൊണ്ട് അതിന്റെ വ്യത്യസ്ത തലങ്ങളിലേയ്ക്ക് എല്ലാവരും വളരെ വിശദമായിത്തന്നെ കടന്നുപോയി. സത്യത്തിൽ രണ്ട് വകുപ്പുകളിലുള്ള ഭേദഗതി, ഒന്ന്, ഇവിടെയുള്ള നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടുന്നതും ആവശ്യമായ

ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം സർക്കാരിന് സിദ്ധിക്കുന്നതുമാണ് ഈ ബിൽ. ഈ ബില്ലിൽ അത് മാത്രമേ പറയുന്നുള്ളൂ. പക്ഷേ ഈ നിയമനങ്ങൾക്ക് വ്യക്തമായ ഒരു വ്യവസ്ഥയുണ്ടാകുന്നതും അത് പി.എസ്.സി. മുഖാന്തിരമാകുന്നതും സ്വാഗതാർഹമാണ്. ഈ ബിൽ മാത്രം കണ്ടുകൊണ്ട് സംസാരിക്കുമ്പോൾ ആ കാര്യം മാത്രമേ പറയേണ്ടതുള്ളൂ. കാരണം ലോക് ആയുക്ത ഓഫീസിലെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ കീഴിൽവരുന്ന സർക്കാർ സേവനങ്ങൾ അത് മറ്റേതെങ്കിലും വിധത്തിലൂടെ നിയമിക്കുന്നതിനേക്കാൾ ഏറ്റവും സുതാര്യമായി പി.എസ്.സി. സംവിധാനത്തിലൂടെ നിയമിക്കാനും സ്വാഭാവികമായി ഒരു ആക്ടിന് ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം ഒന്നുകൂടി ഊന്നിപ്പറയുകയുമാണ് ഈ പുതിയ ബില്ലിലൂടെ ചെയ്യുന്നത്. പക്ഷേ അതിന്റെ അനുബന്ധ വിഷയങ്ങളെല്ലാം ചർച്ചയിൽ വരുമെന്നുള്ളത് സ്വാഭാവികമാണ്.

ലോകം നേരിടുന്ന പ്രധാന പ്രശ്നമാണ് അഴിമതി. അതിന് മുതലാളിത്തമെന്നോ കമ്മ്യൂണിസമെന്നോ സോഷ്യലിസമെന്നോ ജനാധിപത്യ വ്യവസ്ഥിതിയെന്നോ വ്യത്യാസമില്ലാതെ എല്ലാ സമൂഹങ്ങളിലും അഴിമതി പിടിമുറുക്കിയിരിക്കുകയാണ്. ഇവിടെ വിമർശനാത്മകമായിട്ടല്ല ഞാൻ പറയുന്നത്. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമ്മേളനത്തിൽ പ്രഖ്യാപിച്ചത്, ഇന്ന് പാർട്ടി നേരിടുന്ന ഗുരുതരമായ പ്രശ്നം അഴിമതിയാണെന്നാണ്. ഇന്ത്യയിലെ പാർട്ടി കോൺഗ്രസ്സിന് സമാനമായി ചൈനയിലെ ഭരണകക്ഷിയെന്നുള്ള നിലയ്ക്ക് അവരുടെ പാർട്ടി കോൺഗ്രസ് ചേർന്നപ്പോൾ അവിടെ ഉയർന്നുവന്ന വിഷയമാണ്. ഇന്ത്യൻ ജനാധിപത്യത്തിലും അതുപോലെ മുതലാളിത്ത രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും എല്ലാമുള്ള പ്രധാന

പ്രശ്നമെന്ന് പറയുന്നത് അഴിമതിയാണ്. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായിരത്തിൽപ്പരം പാർട്ടി ഭാരവാഹികൾക്കെതിരെ ഈ വിഷയത്തിൽ നടപടിയെടുത്തതും നമ്മൾ കാണേണ്ടതാണ്. അങ്ങനെ കമ്മ്യൂണിസത്തിൽ നിന്നും ജനാധിപത്യത്തിലേയ്ക്ക് വരുമ്പോൾ ഇന്ത്യൻ സാഹചര്യവും ഒട്ടും ഭിന്നമല്ല. ഇവിടെ ലക്ഷവും കോടിയും ആയിരംകോടിയും പതിനായിരം കോടിയും ഒന്നുമല്ല ഇപ്പോഴത്തെ അഴിമതിയുടെ കണക്ക്. ഒരുലക്ഷത്തി എഴുപത്തി അയ്യായിരം കോടി രൂപയാണ് (1,75,000) 2 ജി സ്പെക്ട്രം അഴിമതിയിൽ നാം കേട്ട് ഞെട്ടിയത്. അഴിമതി സംഖ്യ ഇന്ന് ലക്ഷം കോടിയാണെങ്കിൽ നാളെ കോടിക്കോടി ആകുമോയെന്ന് രാജ്യത്തെ സാധാരണക്കാരന്റെ ആശങ്ക. അവിടെയാണ് രാജ്യത്തെ സാധാരണക്കാരൻ നിൽക്കുന്നത്. അഴിമതിക്കെതിരായ അതിശക്തമായ മൂവ്മെന്റ് ഈ രാജ്യത്ത് ആരെങ്കിലും തുടക്കം കുറിച്ചാൽ അതിന് വലിയ പിന്തുണ കിട്ടുന്നത് ഇതുകൊണ്ടാണ്. കാരണം, ലക്ഷം കോടിയിൽ എത്തി നിൽക്കുന്ന അഴിമതി നാളെ കോടിക്കോടിയിലേയ്ക്ക് മാറുമോയെന്നാണ് നമ്മുടെ രാജ്യത്തിന്റെ അശങ്ക. ഇതിന്റെ എല്ലാം പശ്ചാത്തലത്തിൽ ഉയർന്നുവന്ന ഒരു ജനവികാരമാണ് സത്യത്തിൽ അണ്ണാ ഹസാരെയുടെ ജൻലോക്പാൽ നിയമത്തിനുവേണ്ടിയുള്ള സമരവും അതിന്റെ പരിണിത ഫലമായി രൂപപ്പെട്ട ആം ആദ്മി പാർട്ടിപോലുള്ള രാഷ്ട്രീയ പ്രതിഭാസങ്ങളും. ആം ആദ്മി പാർട്ടി പോലുള്ള രാഷ്ട്രീയ പ്രതിഭാസങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിൽ ഉയർന്നുവന്നത് അഴിമതിക്കെതിരായ വികാരത്തിന്റെ ഭാഗമായാണ്. അത്തരം അരാഷ്ട്രീയവാദികൾ രൂപം കൊടുത്ത രാഷ്ട്രീയ പാർട്ടിയെന്നാണ് അതിനെക്കുറിച്ച് പറയാൻ സാധിക്കുന്നത്. സത്യത്തിൽ അഴിമതിയുടെ ഭീകരമായ രൂപത്തെ ജനസമക്ഷം സമർപ്പി

ച്ചുകൊണ്ട് അത് മുതലെടുക്കുകയായിരുന്നു. വർണ്ണശബളമായ രാഷ്ട്രീയ കുമിളയ്ക്ക് അധികം ആയുസ്സുണ്ടായില്ല എന്ന് നമ്മൾ കണ്ടു. ദേ വന്നു ദേ പോയി എന്ന പരുവത്തിലാണ് ആം ആദ്മി പോലുള്ള രാഷ്ട്രീയ പ്രതിഭാസ ങ്ങളെ നമുക്ക് കാണാൻ സാധിച്ചത്. പക്ഷേ ആ പാർട്ടി രൂപപ്പെടുന്നതിനുള്ള ഇന്ത്യൻ സമൂഹത്തിലെ വികാരം അഴിമതിക്കെതിരായ അമർഷമാണ്. അഴിമ തിക്കെതിരായ അമർഷം കൃത്യമായി ഉൾകൊള്ളേണ്ടത് അപ്പുറത്തും ഇപ്പുറ ത്തുമിരിക്കുന്ന അംഗീകൃത ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങ ളാണെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. നമുക്ക് മാത്രമാണ് അഴിമ തിക്കെതിരായ ശരിയായ മൂവ്മെന്റിന് നേതൃത്വം കൊടുക്കാൻ സാധിക്കുന്നത്. ഈ ജനവികാരം ഉൾക്കൊണ്ടുകൊണ്ടുള്ള നിയമനിർമ്മാണം ഉണ്ടാക്കേ ണ്ടതും നമ്മൾ തന്നെയാണ്. അതല്ലാതെ, ഒരുപറ്റം അരാഷ്ട്രീയവാദികൾ കട ന്നുവന്ന് ഇതെല്ലാം ഞങ്ങൾ ഇപ്പോൾ ശരിയാക്കിതരാമെന്ന് പറഞ്ഞപ്പോൾ ജനങ്ങൾ കുറച്ചുപേരെങ്കിലും അതിനൊരു ബദലെന്ന നിലയിൽ പിന്തുണച്ച തിന്റെ ഫലമായി ഒരു രാഷ്ട്രീയ പ്രതിഭാസമാവുകയും കേവലം ഒന്നര വർഷത്തെ പഴക്കം കൊണ്ട് രാജ്യ തലസ്ഥാനത്തിന്റെ അധികാരം തങ്ങളുടെ കൈകളിലേയ്ക്ക് കൊണ്ടുവരാൻ ആം ആദ്മി പാർട്ടിക്ക് സാധിച്ചത്. ആ വികാരം നമ്മൾ കാണണം. അത്തരമൊരു വ്യവസ്ഥയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കില്ലായെന്നുള്ളത് കുറഞ്ഞ മാസംകൊണ്ട് തെളിയിച്ചു. ആം ആദ്മി പോലുള്ള രാഷ്ട്രീയ പ്രതിഭാസങ്ങൾ കേവലം രാഷ്ട്രീയ കുമിളകളാ ണെന്നും ഒന്ന് കുത്തിയാൽ പൊട്ടിപ്പോകുമെന്നുള്ളത് ഇവിടെ തെളിഞ്ഞിരി ക്കുകയാണ്. അത്തരം പ്രതിഭാസങ്ങൾക്കൊന്നും നിലനിൽക്കാൻ സാധിക്കില്ല. അപ്പോൾ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കേണ്ടതും ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ കാണിക്കേണ്ടതും അംഗീകൃത

രാഷ്ട്രീയ പാർട്ടികളാണെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഏതായാലും 2 ജി സ്പെക്ട്രവും കോമൺവെൽത്തും കൽക്കരി പാടങ്ങളുമെല്ലാം ഉണ്ടാക്കിയ ആ വികാരങ്ങൾക്കൊടുവിൽ, അഴിമതിയുടെ കഥകൾ ഉഴുതുമറിച്ച ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ കഴിഞ്ഞവർഷം അവസാനം യുപി.എ. ഗവൺമെന്റാണ് ലോക്പാൽ ബിൽ ഇന്ത്യയിൽ പാസ്സാക്കിയത്. ഇവിടെ ലോക്പാൽ ബില്ലിന്റെ കീഴിൽ പ്രധാനമന്ത്രി വരണമോ വേണ്ടയോ എന്നുള്ളതായിരുന്നു കുറേ കാലം നമ്മൾ നടത്തിയ ചർച്ച. അണ്ണാ ഹസാരെ ഇന്ത്യൻ പാർലമെന്റിന്റെ അധികാരം രാംലീല മൈതാനത്തിലേയ്ക്ക് കൊണ്ടുപോയത് ആ സമയത്താണ്. ഏതായാലും അതൊന്നും ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. പാർലമെന്റ് ചെയ്യേണ്ട കാര്യം മൈതാനത്തല്ല ചെയ്യേണ്ടത്, നിയമസഭ ചെയ്യേണ്ട കാര്യം ഇവിടത്തെ പുത്തിരിക്കണ്ടം മൈതാനത്തല്ല ചെയ്യേണ്ടത്. അങ്ങനെ സമ്മർദ്ദത്തിലല്ല നിയമങ്ങൾ ഉണ്ടാക്കേണ്ടത്. ഇവിടെ നടക്കുന്നതുപോലെ വ്യക്തമായ ചർച്ചകൾ നടന്നുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമുള്ള യോജിപ്പും വിയോജിപ്പും പറഞ്ഞുകൊണ്ടാണ് നിയമനിർമ്മാണങ്ങളിലെ ജനവികാരം പ്രതിഫലിപ്പിക്കേണ്ടത്. അങ്ങനെ ആ പ്രതിഫലനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ ലോക്പാൽ ബിൽ പാസ്സാക്കിയിരിക്കുകയാണ്. ഇവിടെയാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. ഇവിടെ ലോക്പാൽ നിയമത്തിനനുസരിച്ച് ലോക് ആയുക്ത ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഇവിടെ ലോക് ആയുക്ത നിയമം 1999-ൽ പാസ്സാക്കിയതാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, കോൺഗ്രസ് ഗവൺമെന്റ് പ്രധാനമന്ത്രിയുടെയും പ്രസിഡന്റിന്റേയും പേരിൽ ഒരു അന്വേഷണവും നടത്താൻ പാടില്ലായെന്ന് പറഞ്ഞത്, അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ത്യയിൽ അധികാരത്തിൽ വന്ന മൊറാർജി ദേശായി ഗവൺമെന്റ് ആ നിയമം മാറ്റി പ്രധാനമന്ത്രിയുടെയും പ്രസിഡന്റിന്റെയും പേരിലടക്കം അന്വേഷണം നടത്താൻ നിയമപരമായി അവകാശം കൊടുത്തുകൊണ്ട് ഭരണഘടനാ ഭേദഗതിയുണ്ടാക്കിയിട്ടുള്ളതാണ്. ഇതെല്ലാം ഈ അവസരത്തിൽ ചെറുതായെങ്കിലും ഓർമ്മിച്ചുകൊണ്ട് അഴിമതിക്കെതിരായി നമ്മൾ നടത്തുന്ന പോരാട്ടത്തിൽ ഒരു വാക്കെങ്കിലും പറയേണ്ടതായിരുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശ്രീ. സി. കെ. നാണുവേട്ടൻ അക്കാര്യം ഓർമ്മിപ്പിച്ചത് ഞാൻ പോസിറ്റീവായി കാണുന്നു. കാരണം നമ്മുടെ കൂട്ടത്തിൽ കാരണവരുടെ സ്ഥാനമാണ് അദ്ദേഹത്തിനുള്ളത്. മൊറാർജി ദേശായി, ജനതാ പാർട്ടി ഗവൺമെന്റെന്ന് കേൾക്കുമ്പോൾ അതിൽ വലിയ ആവേശം കൊള്ളുന്ന ആളാണ് അദ്ദേഹം. ഏതായാലും ഇക്കാര്യം ഓർമ്മപ്പെടുത്തിയത് നന്നായി. രാഷ്ട്രീയമായ ഒരു ചെറിയ വിമർശനം അതിലുണ്ട്. അത് ഒഴിച്ചുനിർത്തിയാൽ ഇപ്പുറത്തും അപ്പുറത്തും പറയുന്ന അഴിമതിക്കെതിരായ എല്ലാ നല്ല കാര്യങ്ങളെയും നമ്മൾ ഉൾക്കൊള്ളേണ്ടതാണ്. ഇത്തരത്തിലുള്ള മാറ്റങ്ങൾ ഓരോ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിട്ടുണ്ട്. പ്രധാനമന്ത്രിയെ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുവന്നതുതന്നെ കോൺഗ്രസ് നേതൃത്വം നൽകുന്ന യു.പി.എ. ഗവൺമെന്റാണ്. അപ്പോൾ ഓരോ കാലത്തിനനുസരിച്ചും മാറ്റങ്ങളുണ്ടാകും. കഴിഞ്ഞ കാലങ്ങളിലും ജനതാപാർട്ടിയുടെ ഗവൺമെന്റിന്റെ കാലത്തും അങ്ങനെ ഉണ്ടായിട്ടുണ്ട്. നമ്മൾ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന അംഗീകൃത രാഷ്ട്രീയ പാർട്ടികൾ

ഈ വിഷയത്തിൽ ഗൗരവമായ സമീപനം സ്വീകരിച്ചില്ലെങ്കിൽ ആം ആദ്മി പോലുള്ള പുതിയ രഷ്ട്രീയ പ്രതിഭാസങ്ങൾക്ക് ഇനിയും സാധ്യതയുണ്ട്. അതൊക്കെ പരാജയമാണെന്നുള്ളത് വളരെ കുറഞ്ഞകാലംകൊണ്ട് തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നമ്മൾ മായ്ക്കേണ്ട കാലത്തിന്റെ ചുമരെഴുത്ത് അതുതന്നെയാണെന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ഒരേ കാര്യത്തിൽ വിവിധ നിയമങ്ങൾ ഭൂഷണമല്ല. ലാ കമ്മീഷന്റെ ശുപാർശയെന്ന് പറയുന്നത് നിയമങ്ങളുടെ ഏകീകരണമാണ്. പല വിഷയത്തിലും നമുക്ക് കാണാൻ സാധിക്കും. അങ്ങനെ ഒരുപാട് നിയമങ്ങളുടെ ആവശ്യമില്ല. ലോക്പാൽ നിയമം ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയത് രാജ്യത്തൊട്ടുക്കുമാണ്. ഞാൻ മനസ്സിലാക്കുന്നത് അത് കേന്ദ്ര നിയമാണ്, ആ കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാനതലങ്ങളിൽ നിയമം ഉണ്ടാക്കേണ്ടിവരും. അല്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ വരുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആൾ ഇന്ത്യ തലത്തിൽ applicable-ആയിട്ടുള്ള central enactment ആകും. അതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ നമ്മൾ അറിയേണ്ടതുണ്ട്. ഇവിടെ ലോക്പാൽ നിയമത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ലോക് ആയുക്ത നിയമത്തിന് സമഗ്രമായ മാറ്റമാണ് ആവശ്യം. ഇപ്പോൾ പല്ലും നഖവുമില്ലാത്ത ലോക് ആയുക്ത നിയമമാണുള്ളത്. അതിന് ലോക്പാൽ ബില്ലിന്റെ സ്പിരിറ്റ് ഉൾകൊണ്ടുകൊണ്ടുള്ള മൊത്തത്തിലുള്ള മാറ്റമുണ്ടാകണം. ഇവിടെ പറയുന്ന ഭേദഗതി, നിയമനം പി.എസ്.സി.ക്ക് വിടുക, ആവശ്യമായ ചട്ടം ഉണ്ടാക്കുക എന്ന് മാത്രമേ പറയുന്നുള്ളൂ. നിയമനങ്ങളേയും ചട്ടങ്ങളേയും മാത്രം ബാധിക്കുന്ന ചെറിയ ഭേദഗതികളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. അത് പോരാ, നമുക്ക് ഇവിടെ ശക്തമായ

ലോക്പാൽ തന്നെയാണ് ഉണ്ടാകേണ്ടതെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് അങ്ങനെയുള്ള ആശയമാണ്. പക്ഷേ അതിൽ ഒന്നുരണ്ട് കാര്യങ്ങൾ അക്കാദമിക് ഇന്ററസ്റ്റിനു വേണ്ടി സൂചിപ്പിക്കുകയാണ്. നിലവിലുള്ള ലോക് ആയുക്തയിൽ റിപ്പോർട്ട് ചെയ്യാനുള്ള അധികാരം മാത്രമേയുള്ളൂവെന്ന് പറയുന്നത് ശരിയല്ല. അതിന്റെ 15–ാം വകുപ്പിൽ പറയുന്നത്, അന്വേഷണത്തിനുശേഷം ബന്ധപ്പെട്ട റിപ്പോർട്ട് കോടതിക്ക് കൈമാറാമെന്നാണ്. 19–ാം വകുപ്പിൽ പറയുന്നത്, കോടതി അലക്ഷ്യത്തിനുവരെ ശിക്ഷിക്കാവുന്ന നിയമം നിലവിലുള്ള ലോക് ആയുക്തയിലുണ്ടെന്നാണ്. 21–ാം വകുപ്പിൽ പറയുന്നത്, ദുരുപയോഗത്തിനുള്ള കൃത്യമായ താക്കീതാണ്. ആരെയെങ്കിലും ബുദ്ധിമുട്ടിക്കാൻ വേണ്ടി ഇത്തരത്തിലുള്ള കള്ള പരാതികൾ കൊടുത്താൽ അവർക്കെതിരെ നടപടി എടുക്കാനുള്ള സംഗതിയൊക്കെ നിലവിലുള്ള ലോക് ആയുക്തയിൽ ഉണ്ട്. പക്ഷേ അതു പോര, നമുക്കൊരു ലോക്പാലിന്റെ ശക്തമായ സംസ്ഥാന രൂപമാണ് ഉണ്ടാകേണ്ടതെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. എല്ലാവരും സംസാരിച്ചത് ആ ഒരു സ്പിരിറ്റിൽ തന്നെയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സ്റ്റേറ്റ് ലോക്പാൽ വേണമെന്നാണ് പറഞ്ഞത്. കേന്ദ്ര നിയമത്തിനനുസരിച്ച് നമുക്കൊരു നിയമം വേണമെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പ്രകടിപ്പിച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലയും അപ്പുറത്തും ഇപ്പുറത്തുനിന്നും സംസാരിച്ചവരും എല്ലാവരും പറഞ്ഞത് ഒന്നുതന്നെയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞുവരുന്നത് നമുക്ക് വേണ്ടത് ലോക് ആയുക്തയല്ല. അങ്ങനെയാണെങ്കിൽ ഈ ബിൽ

പിൻവലിച്ച് മറ്റൊരു നിയമനിർമ്മാണത്തിനുവേണ്ടി തയ്യാറെടുക്കുകയല്ലേ നല്ലത്. വെറുതെ സമയം കളയണമോ? ബിൽ അവതരിപ്പിച്ചുകൊണ്ട് ആ കാര്യങ്ങൾ പറയുകയും ചെയ്തു. ആ നിലയിൽ വേഗത്തിൽ തന്നെ സ്വീകരിക്കുന്നതല്ലേ നല്ലത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബിൽ പിൻവലിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രിയാണ് പറയേണ്ടത്. ഞാൻ പറഞ്ഞതിൽ ചെറിയ ഒരു ആശയക്കുഴപ്പം ഇവിടെയുണ്ട്. ദേശീയ തലത്തിൽ ലോക്പാൽ ബിൽ പാസ്സായി. അതിന്റെ സംസ്ഥാനതലത്തിലുള്ള ഇംപ്ലിമെന്റേഷൻ എങ്ങനെയാണെന്ന് നമുക്ക് പറയാൻ കഴിയില്ല. രണ്ട്, സംസ്ഥാനങ്ങൾക്ക് അതിന്റെ ചുവടുപിടിച്ചുകൊണ്ട് മറ്റൊരു സ്റ്റേറ്റ് ലോക്പാൽ ഉണ്ടാക്കലാണോ അതോ അതു തന്നെ നമുക്ക് ആപ്ലിക്കമ്പിളാണോ തുടങ്ങിയ കാര്യങ്ങൾ വരാനിരിക്കുന്നതേയുള്ളൂ. അതാണ് ഒരേ കാര്യത്തിന് ഒരുപാട് നിയമങ്ങൾ വേണ്ട ഒറ്റ നിയമം മതിയെന്ന് ഞാൻ ഇവിടെ നേരത്തേ പറഞ്ഞത്. ആ സന്ദർഭത്തിൽ ഇതെല്ലാം പരിശോധിക്കാവുന്നതാണ്. അതല്ലെങ്കിൽ ആ ലോക്പാൽ അനുസരിച്ച് നമ്മുടെ ലോക് ആയുക്തയ്ക്ക് ജീവൻ വയ്പ്പിച്ചാലും മതി. രണ്ട് രീതിയിലും സാധിക്കും. അക്കാദമിക് ഇന്ററസ്റ്റിൽ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രം. ആ രീതിയിലുള്ള ചർച്ചകൾ തുടരുമ്പോൾ ആ രീതിയിലുള്ള തീരുമാനം ആ വിഷയത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. എന്റെ ചർച്ച ഈ രൂപത്തിൽ കൺക്ലൂഡ് ചെയ്യുകയാണ്. ഇവിടെ എല്ലാവരും അഭിപ്രായപ്പെട്ടതുപോലെ ശക്തമായ ഒരു നിയമം പൊതുജീവിതത്തിൽനിന്നും ഭരണ രംഗത്തുനിന്നും ഉദ്യോഗസ്ഥ തലങ്ങളിൽനിന്നും അഴിമതി തുടച്ചുനീക്കുന്നതിനുള്ള സമഗ്രമായ നിയമമാണ് നമുക്കാവശ്യം. ആ നിയമം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നേതൃത്വം ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഗവൺമെന്റിൽനിന്നും

ഉണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ എളിയ നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ലോക് ആയുക്തയുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ള ഒരു ചെറിയ അമെന്റ്മെന്റാണ് ഇവിടെ വന്നിരിക്കുന്നത്. അത് വളരെ അത്യാവശ്യമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം ഇവിടെ സൂചിപ്പിച്ചു. ഈ നിയമം പാസ്സാക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. പി.എസ്.സി.-ക്ക് സെലക്ഷൻ നടത്തണമെങ്കിൽ സ്പെഷ്യൽ റൂൾസ് വേണം. അതിന് ഹൈക്കോടതിയുടെ പരാമർശമുണ്ടായതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ബിൽ പാസ്സാക്കുന്നതോടൊപ്പം സ്പെഷ്യൽ റൂൾസിന് അനുവാദം കൊടുത്തില്ലെങ്കിൽ ഈ ബില്ലിന് കടലാസ്സിന്റെ വില പോലുമുണ്ടാകില്ല. അതുകൊണ്ട് അത് എത്രയും വേഗം ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇവിടെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സംസാരിച്ചപ്പോൾ ലോക് ആയുക്തയുടെയും ലോക്പാലിന്റെയും പ്രസക്തിയെക്കുറിച്ചും അഴിമതിക്കെതിരെ ഈ സംവിധാനങ്ങളെങ്ങനെ പ്രയോജനപ്പെടുത്തണമെന്ന കാര്യത്തെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി നിലവിലുള്ള ലോക് ആയുക്തയെക്കുറിച്ചും പാർലമെന്റ് പാസ്സാക്കിയ ലോക്പാൽ ബില്ലിനെക്കുറിച്ചുമുള്ള അന്തരവും ഇത് കുറച്ചുകൂടി ശക്തിപ്പെടുത്തണമെന്നതിനെക്കുറിച്ചുള്ള ചില നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറയുകയുണ്ടായി. എന്റെ ബഹുമാന്യ സ്നേഹിതൻ കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗത്തിൽ, നിലവിലുള്ള ലോക് ആയുക്തയ്ക്ക് പല്ലും നഖവുമില്ലാത്ത ഒരു നിയമമാണുള്ളതെന്ന് പറഞ്ഞു.

നിങ്ങളുടെ കാലഘട്ടത്തിൽ ഉണ്ടാക്കിയ ഈ നിയമം പല്ലും നഖവുമില്ലാത്ത നിയമമാണെന്ന് ഇപ്പോഴെങ്കിലും അംഗീകരിച്ച അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ പല്ലും നഖവുമില്ലാത്ത ലോക് ആയുക്ത നിയമത്തിനെ കുറച്ചുകൂടി സജീവമാക്കാൻ പല്ലും നഖവുമൊക്കെ കൊടുത്ത് അഴിമതിക്കെതിരെ ശക്തമായ പോരാട്ടം നടത്തി ഒരു നിയമമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പരിശ്രമം ലോക്പാൽ ബില്ലിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ചിട്ടുണ്ട്. അതിനുമുമ്പുതന്നെ ഈ ഗവൺമെന്റ് അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുന്നതല്ല. കഴിഞ്ഞ കാലഘട്ടത്തിലെ ഗവൺമെന്റ് ഈ നിയമം പാസ്സാക്കിയപ്പോൾ, ഒരുപക്ഷേ മനഃപൂർവ്വമാണന്ന് പറയുന്നില്ല, ചിലപ്പോൾ മനഃപൂർവ്വമല്ലായിരിക്കാം, വലിയൊരു തെറ്റുപറ്റി. കേരളത്തിലെ പൊതു സേവകരിൽ വലിയൊരു ശതമാനത്തെ ലോക് ആയുക്ത ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ അവർക്ക് കഴിഞ്ഞില്ല. നമ്മുടെ സംസ്ഥാനത്ത് പതിനായിരക്കണക്കിന് സർക്കാർ അർദ്ധസർക്കാർ ജീവനക്കാരുണ്ട്. 1995-ലെ തിരു-കൊച്ചി ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരവും 1860-ലെ സൊസൈറ്റി ആന്റ് രജിസ്ട്രേഷൻ ആക്ട് പ്രകാരവുമാണ് ഇവരെയെല്ലാം സർക്കാർ ജീവനക്കാരായി കരുതുന്നത്. സെക്ഷൻ 2(7) പ്രകാരം അർദ്ധസർക്കാർ ജീവനക്കാരെ മുഴുവൻ പൊതു സേവകരാക്കാൻ ഒരു സാങ്കേതിക വ്യവസ്ഥ ആക്ടിൽ തിരുകിക്കയറ്റി. അത് മനഃപൂർവ്വമാണന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിന്റെയൊക്കെ മറവിൽ പലരും രക്ഷപെട്ടുപോയെന്ന് പിന്നീട് നമ്മുടെ ചരിത്രം തെളിയിക്കു

ന്നുണ്ട്. അത് മറ്റൊന്നുമായിരുന്നില്ല. അർദ്ധസർക്കാർ സ്ഥാപനങ്ങൾ 117 എണ്ണമുണ്ട്. ഇവ ലോക് ആയുക്തയുടെ പരിധിയിൽ വരണമെങ്കിൽ നോട്ടിഫൈ ചെയ്യണമെന്ന ഒരു തീരുമാനമെടുത്തു. അങ്ങനെ തീരുമാനമെ ടുത്തെങ്കിലും ഈ 117 സ്ഥാപനങ്ങളും അതിന്റെ പരിധിയിൽ വന്നില്ല. ഈ നിയമസഭയിൽത്തന്നെ ചർച്ചചെയ്ത് ലോക് ആയുക്തക്ക് വിട്ടെന്നുപറഞ്ഞ പല കേസ്സുകളിലെയും ബന്ധപ്പെട്ട വ്യക്തികൾക്ക് അതിന്റെ പരിധിയിൽ നിന്നും ചില ഒഴിവുകൾ കിട്ടിയതും അതെല്ലാം ഇവിടെ സജീവ ചർച്ചയായതു മൊക്കെ നമ്മൾ കണ്ടിട്ടുള്ളതാണ്. ഈ ബില്ലിന്റെ അവതരണ സമയത്ത് ഇത്തരം കാര്യങ്ങളൊക്കെ സംസാരിച്ചതുകൊണ്ട് ഞാൻ വീണ്ടും ആവർത്തി ക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ഇടതു പക്ഷ സർക്കാരിന്റെയും സമയത്ത് പാസ്സാക്കിയ പല്ലും നഖവുമില്ലാതിരുന്ന ബില്ലിന് കുറച്ചുകൂടി പല്ലുകൾ വച്ച് ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ 117 സ്ഥാപനങ്ങളെയും ഒരു നോട്ടിഫിക്കേഷൻ നടത്തി ഇതിനെ ലോക് ആയു ക്തയുടെ പരിധിയിൽ കൊണ്ടുവന്ന് അഴിമതി വിരുദ്ധ സമീപനത്തിന് കൂടുതൽ ശക്തി പകരാൻ കഴിഞ്ഞു എന്നതാണ് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ സമീപനം. അതുമാത്രം പോര. ഇവിടെ നിരവധി ആളുകൾ അഴിമതിയെക്കുറിച്ച് പറഞ്ഞു. ശ്രീ. വി. ഡി. സതീശനെപ്പോലെ യുള്ളവർ ജുഡീഷ്യറി തലത്തിലും അതുപോലെ സാമുദായിക രംഗത്തും പള്ളി ഭരണത്തിലും അമ്പല ഭരണത്തിന്റെ കാര്യത്തിലും മറ്റെല്ലാ തലങ്ങ ളിലും നടക്കുന്ന അഴിമതിയെക്കുറിച്ചൊക്കെ സൂചിപ്പിച്ചു. അഴിമതി വളരെ വ്യാപകമായി വന്നിരിക്കുന്നുവെന്ന് നമുക്കറിയാം. ലോക് ആയുക്തയെ നമുക്ക് കുറച്ചുകൂടി ശക്തിപ്പെടുത്തണം. 1999-ലെ ലോക് ആയുക്ത ആക്ട്

വന്നതിനുശേഷം കാലോചിതമായി ചില അമെന്റ്മെന്റുകളുണ്ടാകണം. 15 വർഷക്കാലത്തെ അനുഭവം നമ്മുടെ കയ്യിലുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച തുപോലെ സർക്കാർ–അർദ്ധസർക്കാർ–കോർപ്പറേഷനുകളെ നോട്ടിഫി ക്കേഷൻ നടത്തിയാൽ മാത്രമേ ഇതിന്റെ പരിധിയിൽ കൊണ്ടുവരൂ എന്നുപറഞ്ഞ് എഴുതിച്ചേർത്തതുപോലെയുള്ള ധാരാളം കാര്യങ്ങളെക്കുറി ച്ചുള്ള അനുഭവ സമ്പത്ത് നമ്മുടെ കയ്യിലുണ്ട്. ആ അനുഭവ സമ്പത്തിന്റെ അടിസ്ഥാനത്തിൽ ലോക് ആയുക്തയെ കുറച്ചുകൂടി ശക്തിപ്പെടുത്തണം. അതിനുവേണ്ടിയാണ് ജസ്റ്റിസ് കെ.പി. ബാലചന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് തന്നിട്ടുള്ളത്. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. ആ റിപ്പോർട്ട് നടപ്പാക്കുമെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുകയാണ്. ഇതിന്റെ പല്ലും നഖവുമൊക്കെ നഷ്ടപ്പെടുവാൻ കാരണമെന്താണ്? ഒരു സാധാരണ ജഡ്ജി അദ്ധ്യക്ഷനായ ട്രൈബ്യൂണലിനുപോലും അധികാരം നടപ്പാക്കുവാൻ എൻഫോഴ്സ്മെന്റ് കപ്പാസിറ്റിയുണ്ട്. നിർഭാഗ്യമെന്ന് പറയട്ടെ റിട്ടയേർഡ് ചീഫ് ജസ്റ്റീസ് ലോക് ആയുക്തയും രണ്ട് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിമാർ ഉപലോക് ആയുക്തയുമായിട്ടുള്ള ലോക് ആയുക്ത നിയമത്തിന് സാധാരണ ജഡ്ജി അദ്ധ്യക്ഷനായിരിക്കുന്ന ഒരു ട്രൈബ്യൂണലിന് ലഭിക്കുന്ന അധികാരം പോലും ഇല്ലായെന്ന വസ്തുത നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് അവർക്ക് കുറച്ചുകൂടി അധികാരം കൊടുക്കണം. നമുക്ക് റിക്രൂട്ട്മെന്റ് നടത്താം, റെക്കമെന്റേഷൻ കൊടുക്കാമെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. റിക്രൂട്ട്മെന്റും റെക്കമെന്റേഷനും കൊടുത്താൻ മാത്രം പോര. അങ്ങനെ ഒരു നിയമമുണ്ടാക്കിയിട്ട് ഇവിടത്തെ അഴിമതിയെ തടത്തുനിർത്താനോ

ഇല്ലാതാക്കാനോ നമുക്ക് കഴിയില്ല. ആ ശുപാർശകൾ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയില്ലെങ്കിൽ എന്താണ് ചെയ്യുന്നത്. ലോക് ആയുക്ത തയ്യാറാക്കുന്ന റിപ്പോർട്ട് കൊടുത്താൽ ആ റിപ്പോർട്ട് ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയില്ലെങ്കിൽ എന്താണ് ചെയ്യാൻ കഴിയുക. നമുക്ക് ഗവർണ്ണർക്ക് ഒരു സ്പെഷ്യൽ റിപ്പോർട്ട് കൊടുക്കാം. കൂടിവന്നാൽ അസംബ്ലിക്ക് ആ പേപ്പർ സബ്മിറ്റ് ചെയ്യാം. ഇതിനെക്കാൾ അപ്പുറത്ത് ഒരു നിയമം നമുക്കില്ല. അതുകൊണ്ട് അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനു പകരം ഉത്തരവ് നൽകാൻ കഴിയുന്ന രീതിയിൽ സെക്ഷൻ 12 അടിയന്തരമായി അമെന്റ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ സൂചിപ്പിക്കുകയാണ്. സ്വമേധയാ കേസ്സെടുക്കാനുള്ള അധികാരം ഉപ ലോക്ആയുക്തയ്ക്കുണ്ട്. നമുക്ക് ഉപലോക് ആയുക്തയും ലോക് ആയുക്തയും ഉണ്ട്. ഈ ആക്ടിന്റെ ഏറ്റവും വിചിത്രമായ ഒരു സവിശേഷത, ഉപ ലോക്ആയുക്തക്കുള്ള അധികാരം പോലും ലോക് ആയുക്തയ്ക്കില്ല എന്നതാണ്. കാരണം ഉപലോക് ആയുക്ത ഡീൽ ചെയ്യുന്നതും ലോക് ആയുക്ത ഡീൽ ചെയ്യുന്നതുമായ രണ്ട് സെക്ഷൻസുണ്ട്. ഇപ്പോൾ ഐ.എ.എസ്.-കാർ, മന്ത്രിമാർ, എം.എൽ.എ.-മാർ, രാഷ്ട്രീയ കക്ഷി നേതാക്കന്മാർ എന്നിവർ ലോക് ആയുക്തയുടെ പരിധിയിൽ വരുന്നതാണ്. ഉപലോക് ആയുക്തക്ക് കുറച്ചുകൂടി അധികാരമുണ്ട്. ലോക് ആയുക്തയ്ക്ക് ഇവരുടെ പേരിൽ നടപടിയെടുക്കുവാനോ..... ഉപലോക് ആയുക്തയ്ക്ക് ലഭിച്ചിരിക്കുന്ന അധികാരം പോലും നമ്മുടെ നിയമമനുസരിച്ച് ലോക് ആയുക്തക്കില്ല. ഞാൻ വീണ്ടും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ വാക്കുകളിലേക്ക് തിരിച്ചുവരുന്നു. പല്ലും

നഖവും നഷ്ടപ്പെട്ട ഒരു നിയമം 1999-ൽ നമ്മുടെ നിയമസഭയിൽ പാസ്സാക്കിയത് മാറ്റണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു. ഈ അപാകതകൾ നമുക്ക് മാറ്റണം. ലോക് ആയുക്തക്ക് കൂടുതൽ ശക്തികൊടുക്കണം. 117 സ്ഥാപനങ്ങളെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഈ 117 സ്ഥാപനങ്ങളെയും നോട്ടിഫൈ ചെയ്ത് ഇതിന്റെ പരിധിയിൽ കൊണ്ടുവന്നു. പക്ഷേ, ഇനിയും നമുക്ക് ഉത്തരവാദിത്വമുണ്ട്. ഇതുപോലെയുള്ള ഏതെങ്കിലും കോർപ്പറേഷനോ ബോർഡോ ഉണ്ടാക്കിയാൽ ഇനിയും അത് നോട്ടിഫൈ ചെയ്യേണ്ടിവരും. അതുകൊണ്ട് ഈ നിയമം ശക്തമാക്കാൻ പോകുമ്പോൾ ഇനിയും നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കാൻ പോകുന്ന സമാനമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലോക് ആയുക്തയുടെ പരിധിയിൽ കൊണ്ടുവരണമെന്ന ഒരു ക്ലോസ്സുകൂടി നമ്മുടെ പുതിയ നിയമത്തിൽ രേഖപ്പെടുത്തണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ, ഇതൊന്നും ഇവിടെ പ്രസക്തമല്ല. ഇവിടെ തീരുമാനിക്കാനും കഴിയില്ല. അതൊന്നുമല്ല ഇവിടെ ചർച്ച വരുന്നത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാനപ്പെട്ട അങ്ങയോട് ഞാൻ പറയുന്നു, ബഹുമാനപ്പെട്ട മന്ത്രി ഇത് അവതരിപ്പിച്ചുകൊണ്ട് ലോക്പാൽ ബില്ലിനേയും ലോക് ആയുക്തയേയും കുറിച്ച് കുറേകാര്യങ്ങൾ പറഞ്ഞു. ഒരു കാര്യം അങ്ങേയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു. സാധാരണ എടുക്കുന്ന സമയം ഞാൻ എടുക്കില്ല. പെട്ടെന്ന് അവസാനിപ്പിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ഔദ്യോഗിക പ്രഖ്യാപനമല്ലേ.

മി. സ്പീക്കർ: പ്രഖ്യാപനം നടത്തേണ്ട സമയത്തല്ലേ ശ്രീ. പി. സി. ജോർജ്, അത് നടത്തേണ്ടത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശ്രീ. പി. സി. ജോർജിന് ഒരു തെറ്റിദ്ധാരണയൊന്നും വേണ്ട. അങ്ങ് ചീഫ് വിപ്പ് അല്ലേ, അതുകൊണ്ട് ഔദ്യോഗികമായി പ്രഖ്യാപിച്ചാൽ എനിക്കതിൽ വിരോധമില്ല. പാർട്ടിയുടെ തീരുമാനം ചർച്ച ചെയ്യുന്നത് പാർട്ടി തീരുമാനിക്കും; ആര് സംസാരിക്കണ മെന്നുള്ളത് കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി തീരുമാനിക്കും. കോൺഗ്രസ്സ് പാർലമെന്ററി പാർട്ടി തീരുമാനിച്ചതനുസരിച്ചാണ് ഇപ്പോൾ നടക്കുന്നത്. ഞാൻ വേറൊരു കാര്യം കൂടി പറയുന്നു. നമുക്ക് ഈ ലോക് ആയുക്തയുടെ ഓഫീസ് മാറ്റണം. ഞാൻ ചെയറിനോട് പറയുകയാണ്, ലോക് ആയുക്തയുടെ ഓഫീസ് നമ്മൾ കമ്മിറ്റി കൂടാൻ പോകുന്ന ബ്ലോക്കിലാണ്. അസംബ്ലി ഹാളിലേയ്ക്ക് പ്രവേശിക്കാൻ നമ്മളെ പ്പോലെയുള്ള ആളുകൾക്കും കൂടെ വരുന്ന ശുപാർശക്കാർക്കും അറിയാമായിരിക്കും. പക്ഷെ, ഒരു സാധാരണക്കാരനെ സംബന്ധിച്ചിട ത്തോളം അത് അപ്രാപ്യമാണ്. പതിനായിരക്കണക്കിന് ആളുകളുടെയും, ലക്ഷക്കണക്കിന് ജീവനക്കാരുടെയും, സാധാരണക്കാരുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനുള്ള ലോക് ആയുക്തയുടെ ഓഫീസ് നിയമസഭാ കമ്മിറ്റി കൂടുന്ന സ്ഥലത്ത് ആയതിനാൽ അവിടേയ്ക്ക് വരാൻപോലുംകഴിയാത്ത സ്ഥിതിയാണുള്ളത്. ഹ്യൂമൻ റൈറ്റ്സ് കമ്മീഷനും, മറ്റു സ്ഥാപനങ്ങൾക്കും കൊടുത്തതുപോലെ ഇതിന്റെ ആസ്ഥാനം..............

മി. സ്പീക്കർ: ഇവിടെയുള്ള രണ്ടുമൂന്ന് ഓഫീസുകൾ മാറ്റുന്നതിന് കഠിനമായ പ്രയത്നം തുടങ്ങിയിട്ട് മൂന്നു വർഷമായി.

ശ്രീ. ബെന്നി ബെഹനാൻ: സർ, ആഭ്യന്തര വകുപ്പുമന്ത്രിയോടും, ഗവൺമെന്റിനോടും മാത്രമല്ല, അങ്ങയുടെകൂടി അധികാരപരിധിയിൽപ്പെട്ട ഈ സ്ഥലം കൊടുത്തതൊക്കെ നന്നായി. പക്ഷെ, ഇനി അത് മാറ്റണമെന്ന വിനയപുരസ്സരമായ അഭിപ്രായം ഞാനിവിടെ രേഖപ്പെടുത്തുകയാണ്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ലോക്പാലിനെക്കുറിച്ചും സെർച്ച് കമ്മിറ്റി വേണമെന്നുമൊക്കെയുള്ള ഒട്ടേറെ കാര്യങ്ങൾ പറയുകയുണ്ടായി. ഇതിന് സെർച്ച് കമ്മിറ്റിയില്ല. സെർച്ച് കമ്മിറ്റിയിൽ എസ്.സി./എസ്.റ്റി.-ക്കും പ്രാതിനിധ്യസ്വഭാവങ്ങളുണ്ട്. പ്രിലിമിനറി എൻക്വയറിക്ക് 90 ദിവസത്തെ സമയമുണ്ട്. അതുകഴിഞ്ഞാൽ വീണ്ടും 90 ദിവസംകൂടി സമയം നീട്ടികൊടുക്കാൻ കഴിയും. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ, പല അന്വേഷണങ്ങൾക്കും വളരെ കാലതാമസമുണ്ടാകുകയാണ്. അഴിമതിയെ ഒരു സുപ്രഭാത്തിൽ തുടച്ചുനീക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണം കൊണ്ട് മാത്രം എല്ലാ കാര്യങ്ങളും നടപ്പാക്കാൻ കഴിയുമെന്ന പ്രതീക്ഷ എനിക്കില്ല. നിയമനിർമ്മാണങ്ങളോടൊപ്പം നമ്മുടെ ജനാധിപത്യസംവിധാനത്തിൽ മാതൃകാപരമായി മാറേണ്ടത് രാഷ്ട്രീയ പാർട്ടികളും പൊതുപ്രവർത്തകരുമാണ്. “Charity begins at Home” അതാണ് ഇവിടെ പറയപ്പെടുന്നത്. ഈ രാജ്യത്തും സമൂഹത്തിലും നടക്കുന്ന അഴിമതി ഇല്ലാതാകണമെങ്കിൽ അത് പൂർണ്ണമായി ഉൾക്കൊള്ളേണ്ടത് പൊതുപ്രവർത്തകരായ നമ്മളാണ്. ഇൻഡ്യൻ

രാഷ്ട്രീയത്തിന്റെ പരിശുദ്ധിയും, പരിപാവനത്വവും കാത്തുസൂക്ഷിക്കുവാൻ മഹാത്മാഗാന്ധിയുടെ കാലഘട്ടത്തിലും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലഘട്ടത്തിലും കഴിഞ്ഞു. മഹാത്മാഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും കാലഘട്ടത്തുണ്ടായിരുന്ന ഇൻഡ്യൻ രാഷ്ട്രീയത്തിന്റെ പരിശുദ്ധി, moral rights, അതിന്റെ ഒരു ആത്മവിശ്വാസം നഷ്ടപ്പെടാൻ കാരണം ഇന്നത്തെ കാലികരാഷ്ട്രീയപ്രവർത്തകന്മാരായ നമ്മുടെയൊക്കെ പ്രവർത്തനത്തിന്റെ ഫലമാണ് എന്നതാണ് സത്യം. ബഹുമാനപ്പെട്ട വി. ഡി. സതീശൻ പള്ളികളിലും അമ്പലങ്ങളിലും സ്കൂളുകളിലും മതസ്ഥാപനങ്ങളിലും മറ്റുപല തലങ്ങളിലും നടക്കുന്ന അഴിമതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്തുകൊണ്ടാണ്? പലപ്പോഴും ഇതിനെ നിയന്ത്രിക്കാൻ, ഇതിനെതിരെ ആജ്ഞാ ശക്തിയോടു കൂടി സംസാരിക്കാൻ പറ്റുന്ന തലത്തിൽ, പൊതുപ്രവർത്തകരുടെ ഇച്ഛാശക്തി; ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല; അറിഞ്ഞോ അറിയാതെയോ നമുക്ക് നഷ്ടപ്പെട്ടുപോകുന്നു. അത് നമുക്കെങ്ങനെ വീണ്ടെടുക്കാൻ കഴിയും? ലോക് ആയുക്തയെക്കുറിച്ചും ലോക്പാൽ ബില്ലിനെക്കുറിച്ചും ആലോചിക്കുമ്പോൾ നമുക്കറിയണം. ലോക്പാൽ നിയമത്തിൽ പ്രധാനമന്ത്രിയെപ്പോലും ഉൾപ്പെടുത്താൻ സമ്മതിച്ച പാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. ഇൻഡ്യയുടെ പ്രധാനമന്ത്രിയെ ലോക്പാൽ നിയമത്തിന്റെ പരിധിയിൽകൊണ്ടുവരണമെന്ന് തീരുമാനിച്ച പാർട്ടിയും ഗവൺമെന്റുമാണ് കഴിഞ്ഞ ഗവൺമെന്റ്. ലോകത്തിന്റെ പല രാജ്യങ്ങളിലും അന്വേഷണം നടത്തിയാൽ ഇതുപോലുള്ള ചില നടപടികൾ ഉണ്ടായിക്കാണില്ല. പക്ഷെ, അതുകൊണ്ടുമാത്രം

സമൂഹത്തിലെ അഴിമതി നമുക്ക് തുടച്ചുമാറ്റാൻ പറ്റുമോ? ലോക് ആയുക്തയ്ക്ക് കൂടുതൽ ശക്തിപകരണം. അതിന് നിയമത്തിന്റെ പിൻബലം കൊടുക്കണം. ലോക്പാൽ പോലെ കുറച്ചുകൂടി വിശാലമായ, വിശദമായ, ഉള്ളടക്കമുള്ള, ഉൾക്കാമ്പുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഈ നിയമങ്ങൾ നടപ്പാക്കണമെന്നതിനെക്കുറിച്ച് ആലോചിക്കണം. ഇതെല്ലാം ഞാൻ സമ്മതിക്കുന്നു. അതോടൊപ്പംതന്നെ നമ്മുടെ സമൂഹത്തിൽ വളർന്നു വന്നിരിക്കുന്ന അഴിമതിയെ മാറ്റുന്നതിനുവേണ്ടി രാഷ്ട്രീയത്തിൽ ചുരുങ്ങിയ ഒരു ചർച്ചയെങ്കിലും വളരെ വേഗത്തിൽ ആരംഭിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ഇവിടെ കാണുന്നതെന്താണ്? ഒരു ഗവൺമെന്റ് നടത്തുന്ന അഴിമതിയെ പലപ്പോഴും നമ്മൾ ചൂണ്ടിക്കാണിക്കുന്നത്, കഴിഞ്ഞ കാലഘട്ടത്തിലെ ഗവൺമെന്റ് നടത്തിയ അഴിമതിയുടെ മറയിലാണ് ഇപ്പോൾ നടക്കുന്ന അഴിമതിയെ നമ്മൾ പലപ്പോഴും ന്യായീകരിക്കാൻ പോകുന്നത്. അതിൽ ആരും വ്യത്യസ്തരല്ല. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിൽ ചർച്ച ചെയ്യാൻ പറ്റുന്ന രാഷ്ട്രീയ സാഹചര്യമുള്ളതുകൊണ്ട്.... പണ്ട് നമുക്ക് എല്ലാത്തിന്റെയും ഉത്തരവാദിത്വം മുകളിലോട്ടു ചൂണ്ടി കാണിച്ചുകൊണ്ട് അവിടെനിന്നല്ലേയെന്ന് ചോദിക്കുമായിരുന്നു. ഇന്ന് നമുക്ക് അങ്ങനെ ചോദിക്കാനില്ലാത്തതുകൊണ്ടും, ചോദിക്കാൻ നമുക്ക് സാധിക്കാത്തതുകൊണ്ടും കുറച്ചുകൂടി മനസ്സുതുറന്ന്...... നിയമസഭയുടെ പാരമ്പര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ സൂചിപ്പിച്ചു. ഒട്ടേറെ നല്ല നിയമങ്ങൾ പാസ്സാക്കിയിട്ടുള്ള, രാഷ്ട്രീയരംഗത്ത് ആർജ്ജവം കാണിച്ചിട്ടുള്ള പലപ്പോഴും കുറച്ചുകൂടി സംശുദ്ധമായ ഭരണം വേണമെന്നും, അഴിമതിക്കെതിരായ ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്ത ഒരു സഭയുടെ വികാരം ഒരു സഭ നേതൃത്വം കൊടുക്കുന്ന പൊതുപ്രവർത്തന

ത്തിന്റെ അന്ത:സത്ത നമുക്കുള്ളതുകൊണ്ട് ഇവിടെ സൂചിപ്പിച്ച ഈ നിയമങ്ങൾ കുറച്ചുകൂടി കാര്യക്ഷമമായി നടപ്പിലാക്കണം. ഇനിയെങ്കിലും നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ലോക്പാലിന്റെ അന്ത:സത്ത ഉൾക്കൊണ്ടു കൊണ്ട് ലോക് ആയുക്ത നിയമത്തിന്റെ കുറവുകൾ പരിഹരിക്കുമ്പോൾ ജസ്റ്റിസ് കെ. പി. ബാലചന്ദ്രൻ കമ്മിറ്റി തന്നിരിക്കുന്ന റിപ്പോർട്ടുകൾ നടപ്പാക്കുന്നതിനുവേണ്ടി നിയമത്തിൽ ഭേദഗതിയുണ്ടാക്കുമ്പോൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പല്ലും നഖവും നഷ്ടപ്പെടാത്ത ഒരു നിയമമാക്കി ഇതിനെ മാറ്റാൻ ശ്രീ. രമേശ് ചെന്നിത്തലയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും നേതൃത്വത്തിൽ ഇതിന് സാധിക്കട്ടെയെന്ന് ആശംസി ച്ചുകൊണ്ട് ഒരിക്കൽകൂടി എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നേരത്തെ ഞാൻ പറഞ്ഞതുപോലെ, ലിമിറ്റഡ് പർപ്പസിനുവേണ്ടി കൊണ്ടുവന്ന ഒരു അമെന്റ്മെന്റാണെങ്കിൽപ്പോലും ഇന്ന് സമൂഹത്തിൽ വളർന്നുവരുന്ന അഴിമതിയെസംബന്ധിച്ചുള്ള വളരെ ശക്തമായ കൺസേൺ ആണ് സഭയുടെ എല്ലാഭാഗത്തുനിന്നും അംഗങ്ങൾ ഇവിടെ രേഖപ്പെടുത്തിയത്. ലോക്പാൽ നിയമത്തിന്റെ പശ്ചാത്തലത്തിൽ പുതിയൊരു നിയമം വരുന്ന സാഹചര്യത്തിൽ എന്തിനാണ് ഇവിടെ ഈ ബില്ല് കൊണ്ടുവന്നത് എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. ഇത് അദ്ദേഹത്തിന്റെ ബേബിയാണ്. അദ്ദേഹം കൊണ്ടുവന്ന ബില്ലാണിത്. നമ്മുടെ നിയമസഭയിൽ ബില്ലുകളെടുക്കാനുണ്ടാകുന്ന കാലതാമസം കൊണ്ട് നീണ്ടുപോയതാണ്. ഞാൻ അദ്ദേഹത്തിന്റെ ബേബിയെ അഡോപ്റ്റ്

ചെയ്തുവെന്ന് മാത്രമേയുള്ളൂ. സത്യം പറഞ്ഞാൽ, ലോക് ആയുക്ത ഫലപ്രദമായി പ്രവർത്തിച്ചില്ലായെന്നുള്ള അഭിപ്രായം എനിക്കില്ല. കേരള സർവ്വകലാശലായിലെ അസിസ്റ്റന്റ് ഗ്രേഡ്– 2 നിയമനത്തെ സംബന്ധിച്ച് ഉപലോക് ആയുക്ത ജസ്റ്റിസ് കൃഷ്ണൻ നായരാണ് അന്വേഷിച്ചത്. ഇപ്പോൾ കുറ്റക്കാരായ ആളുകളുടെ പേരിൽ പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അവർ ഒന്നും ചെയ്തില്ല എന്നുള്ളതല്ല. അവർ അവരുടേതായ ലിമിറ്റഡ് അധികാരം ഉപയോഗിച്ചുകൊണ്ടുള്ള നടപടികളുമായി മുന്നോട്ട് പോയിട്ടുണ്ട്. പക്ഷെ, മാറിയ സാഹചര്യത്തിൽ ലോക്പാൽ പോലുള്ള നിയമങ്ങൾ വന്ന സാഹചര്യത്തിൽ 15 വർഷങ്ങൾക്കു ശേഷം ലോക് ആയുക്ത നിയമത്തിൽ കാര്യക്ഷമമായ മാറ്റം ഉണ്ടാകണമെന്നുള്ളതാണ് ഇവിടെ സൂചിപ്പിക്കാനുള്ള കാരണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗമദ്ധ്യേ ഒരു കാര്യം ഇവിടെ പറഞ്ഞു. അത് ക്ലാരിഫൈ ചെയ്യുകയാണ്. വാളയാർ ചെക്ക്പോസ്റ്റിൽ വിജിലൻസ് ഒന്നും ചെയ്യുന്നില്ലായെന്ന് അദ്ദേഹം പറഞ്ഞു. 02-03-2014–ൽ പാലക്കാട് ഡിവൈ.എസ്.പി. വാളയാർ ചെക്ക്പോസ്റ്റിൽ സർപ്രൈസ് ചെക്കിംഗ് നടത്തുകയും മോട്ടോർ വാഹന ഉദ്യോഗസ്ഥർ കൈക്കൂലിയായി സൂക്ഷിച്ചിരുന്ന പണം കണ്ടെടുക്കുകയും അതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുകയുമാണ്. 06-05-2014–ൽ വാളയാർ ചെക്ക് പോസ്റ്റിൽ വിജിലൻസ് ടീം നടത്തിയ പരിശോധനയിൽ എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പക്കൽ നിന്ന് പണം കണ്ടെത്തുകയും, അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരികയാണ്. ഇവിടെമാത്രമല്ല എല്ലാ ചെക്ക്പോസ്റ്റുകളിലും വിജിലൻസിന്റെ ശക്തമായ സർപ്രൈസ്

ചെക്കിംഗുകൾ നടന്നുവരുന്നുണ്ടെന്നുള്ളത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞ കാര്യം, പി.എസ്.സി.-യും ലോക് ആയുക്തയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ; അത് ഗവൺമെന്റിന് റഫർ ചെയ്യുകയല്ലാതെ മറ്റു മാർഗ്ഗമില്ല. എല്ലാ ആക്ടിലും അങ്ങനെ തന്നെയാണ്. ഇതുവരെ നിലവിൽ വന്നിട്ടുള്ള എല്ലാ ആക്ടിലും അതു സംബന്ധിച്ചുള്ള അമെന്റ്മെന്റ് വരുമ്പോൾ അതേ നടപടിതന്നെയാണ് സ്വീകരിക്കാൻ കഴിയുന്നത്.

ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ച നിരവധി പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ഗുഡ് ഗവേണൻസ്, that is the order of the day. ലോകത്ത് എല്ലാ ഗവൺമെന്റുകളും ഇന്ന് പ്രാധാന്യം കൽപ്പിക്കുന്നത് ഗുഡ് ഗവേണൻസിനുവേണ്ടിയാണ്. ഗുഡ് ഗവേണൻസ് നടപ്പാക്കണമെങ്കിൽ പരമ പ്രധാനമായിട്ടുള്ളത് കറപ്ഷൻ തടയാനുള്ള നടപടികളെടുക്കുക എന്നുള്ളതാണ്. ജനാധിപത്യ സംവിധാനത്തെക്കുറിച്ച് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുന്നത് വർദ്ധിച്ചുവരുന്ന അഴിമതികൾ കൊണ്ടാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. ഒരു നിയമം കൊണ്ടുവരുന്നത് എന്തിനാണ്? ആ നിയമം ഒരു ഡിറ്ററന്റ് ഫാക്ടറായി മാറുക എന്നുള്ളതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അത്തരമൊരു നിയമമുള്ളതുകൊണ്ട് നിയമനിഷേധത്തിന് ആളുകൾ വരാതിരിക്കുകയും ഇന്ന കുറ്റം ചെയ്താൽ ഇന്ന ശിക്ഷ കിട്ടുമെന്നുള്ള ധാരണയിൽ ആളുകൾ കുറ്റം ചെയ്യാതിരിക്കാനുമാണ് നിയമങ്ങൾ കൊണ്ടുവരുന്നത്. അത് ഫലപ്രദമാക്കാനാണ് കൂടുതൽ നിയമത്തിന്റെ ആവശ്യകതയിലേയ്ക്ക്

അദ്ദേഹം വിരൽ ചൂണ്ടിയത്. പി.എസ്.സി.-യുമായും ലോക് ആയുക്തയുമായും ചർച്ച ചെയ്യുന്നതെന്തിനാണെന്ന് ശ്രീ. എം. ഹംസ പറഞ്ഞു. റൂൾസ് ഉണ്ടാക്കുമ്പോൾ റൂൾസിൽ അവ്യക്തതയുണ്ടാകാതിരിക്കാൻ ചില കാര്യങ്ങൾ അവരുമായി ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ ചൂണ്ടിക്കാണിച്ചതുപോലെ ലോകത്തെല്ലായിടത്തും ഇതുപോലെ നമുക്ക് മാതൃകയായ പല നിയമങ്ങളും നിലവിലുണ്ട്. ഇന്ത്യയിലെ ലോക്പാൽ നിയമം മാത്രമല്ല ലോകത്തിൽ പല ജനാധിപത്യരാജ്യങ്ങളിലും ഇപ്പോഴും ഇത്തരം നിയമങ്ങൾ നിലവിലുണ്ട്. അതെല്ലാം പരിശോധിക്കേണ്ടതാണ്. ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ചൂണ്ടിക്കാണിച്ച രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, അങ്ങ് ഇവിടെ മൂന്ന് വർഷമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞ, ലോക് ആയുക്തയുടെ ഓഫീസ് ഇവിടെനിന്ന് മാറ്റുന്ന കാര്യം സജീവ പരിഗണനയിലാണ്. അവർക്ക് ആവശ്യമായ കെട്ടിടമെടുക്കുന്നതിനുള്ള നടപടികൾ വേഗതയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് നിയമസഭയായതുകൊണ്ട് സാധാരണ ജനങ്ങൾക്ക് ഈ ഓഫീസ് അപ്രാപ്യമാണ് എന്നുള്ളതുകൊണ്ടാണ് ലോക് ആയുക്തയ്ക്ക് പുതിയൊരു ഓഫീസ് വേണമെന്ന് തീരുമാനിച്ചത്. അതിന്റെ നടപടികൾ അന്തിമഘട്ടത്തിൽ എത്തിയിരിക്കുകയാണ്. അതുപോലെ തന്നെയാണ് അദ്ദേഹമിവിടെ ചൂണ്ടിക്കാണിച്ച സെക്ഷൻ 12-ലെ ഭേദഗതി. ലോക് ആയുക്തയ്ക്കുള്ള അധികാരത്തേക്കാൾ ഉപലോക് ആയുക്തയ്ക്ക് അധികാരമുണ്ട് എന്നു പറയുന്നത് ശരിയല്ല. ലോക് ആയുക്തയുടെ പൊസിഷൻ അനുസരിച്ച് ഐ.എ.എസ്., ഐ.പി.എസ് ഉദ്യോഗസ്ഥന്മാർ, ഗവൺമെന്റ് സെക്രട്ടറിമാർ എന്നിവരുടെ കാര്യങ്ങളും ഉപലോക് ആയുക്ത താഴെയുള്ള

ഉദ്യോഗസ്ഥൻമാരുടെ കാര്യങ്ങളുമാണ് നോക്കുന്നത്. ലോക് ആയുക്തയ്ക്ക് ഇക്കാര്യങ്ങളിലുള്ള അധികാരംകൂടി നൽകണമെന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. പൊതുവായി അഴിമതിക്കെതിരായുള്ള ശക്തമായ നിയമനിർമ്മാണം വേണമെന്നുള്ള അഭിപ്രായത്തോട് ഗവൺമെന്റ് യോജിക്കുകയാണ്. ലോക്പാൽ നിയമത്തിന്റെ പശ്ചാത്തലത്തിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള നിയമങ്ങളുടെ പശ്ചാത്തലത്തിലും സമഗ്രവും കോംപ്രിഹെൻസീവുമായ ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. എന്തുവില കൊടുത്തും അഴിമതി തടയാൻ സമഗ്രമായ ഒരു നിയമം കൊണ്ടുവരുമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശന്റെ 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. ഹംസ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഹംസയുടെ 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോകായുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........................

പ്രതികൂലിക്കുന്നവർ ..........................

പ്രമേയം സഭ അംഗികരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2-ൽ താഴെപ്പറയുന്നത് ഉപഖണ്ഡം (എ) ആയി ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക:

''(എ) ''ഗസ്റ്റ്''എന്നാൽ സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റ് എന്നർത്ഥമാകുന്നു.''

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 (എ)-യിൽ, ''ഉപലോക് ആയുക്ത'' എന്നവാക്കിനു പകരം ''ഉപ ലോകായുക്ത'' എന്ന വാക്ക് ചേർക്കുക.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ.രമേശ് ചെന്നിത്തല): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 134–ാം ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 135–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്നമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ ............................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**3–ാം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ഖണ്ഡം 3(1)–ൽ ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും'' എന്നീ വാക്കുകൾക്കുപകരം ''ലോക് ആയുക്തയുടെ കീഴിൽ പ്രവർത്തിക്കേണ്ട സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും ഉൾപ്പെടുന്ന സർക്കാർ സേവകരുടെ'' എന്നീ വാക്കുകൾ ചേർക്കുക.

154. ഖണ്ഡം 3(2)(ബി)–ൽ ''അനുയോജ്യത'' എന്ന വാക്കിനു പകരം ''യോഗ്യത'' എന്ന വാക്ക് ചേർക്കുക.

157. ഖണ്ഡം 3(2)(ബി)–ൽ ''റഫർ ചെയ്യുന്ന'' എന്ന വാക്കിനു പകരം ''പ്രാമാണീകരിക്കുന്ന'' എന്ന വാക്ക് ചേർക്കുക.

160. ഖണ്ഡം 3(2)(ബി)–യുടെ ക്ലിപ്ത നിബന്ധനയിൽ ''സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ'' എന്നീ വാക്കുകൾക്കു ശേഷമുള്ള ''പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും'' എന്നീ വാക്കുകൾ ഒഴിവാക്കുക.

163. ഖണ്ഡം 3(2)(ബി)–യുടെ ക്ലിപ്ത നിബന്ധനയിൽ ''ഏതൊക്കെയാണെന്ന്'' എന്നീ വാക്കുകൾക്ക് പകരം ''സംബന്ധിച്ച്'' എന്ന വാക്ക് ചേർക്കുക.

166. ഖണ്ഡം 3(3)–ൽ ''സംഗതിയിൽ'' എന്ന വാക്കിന് പകരം ''വിഷയത്തിൽ'' എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം 3(3)–ൽ ''ലോക് ആയുക്ത '' എന്നീ വാക്കുകൾക്ക് ശേഷം വരുന്ന ''സംഗതി'' എന്ന വാക്കിനുപകരം ''വിഷയം''എന്ന വാക്ക് ചേർക്കുക.

171. ഖണ്ഡം 3(3)–ൽ ''റഫർ ചെയ്യേണ്ടതും'' എന്ന വാക്കിനു പകരം ''പ്രാമാണീകരിക്കേണ്ടതും'' എന്ന വാക്ക് ചേർക്കുക.

173. ഖണ്ഡം 3(3)–ന്റെ ക്ലിപ്ത നിബന്ധനയിൽ ''സംഗതി'' എന്ന വാക്കിനു പകരം ''വിഷയം'' എന്ന വാക്ക് ചേർക്കുക.

സർ, എന്റെ 137–ാം നമ്പർ ഭേദഗതിയിൽ ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും'' എന്നീ വാക്കുകൾക്കുപകരം ''ലോക് ആയുക്തയുടെ കീഴിൽ പ്രവർത്തിക്കേണ്ട സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും ഉൾപ്പെടുന്ന സർക്കാർ സേവകരുടെ''

എന്നാക്കണം എന്നാണ് ഉദ്ദേശിക്കുന്നത്. 154-ാം നമ്പർ ഭേദഗതിയിൽ ''അനുയോജ്യത'' എന്നാണ് പറയേണ്ടത്. ''...നിയമനങ്ങളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും,'' എന്നുള്ളതല്ല, 'യോഗ്യത' എന്നാണ് വരേണ്ടത്. 157-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നില്ല. 160-ാം നമ്പർ ഭേദഗതിയിൽ ക്ലിപ്ത നിബന്ധനയിൽ ''സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ'' എന്നീ വാക്കുകൾക്കു ശേഷമുള്ള ''പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും'' എന്നീ വാക്കുകൾ ഒഴിവാക്കിയാൽ കുഴപ്പമില്ല എന്നുമാത്രമല്ല, കുറേക്കൂടി precious-ഉം ക്ലിയറും ആകും. അതിൽ കുറച്ചുകൂടി ambiguity-യും ഉണ്ടാകും. 163-ാം നമ്പർ ഭേദഗതിയിൽ ക്ലിപ്ത നിബന്ധനയിൽ ''ഏതൊക്കെയാണെന്ന്'' എന്നീ വാക്കുകൾക്ക് പകരം ''സംബന്ധിച്ച്'' എന്ന വാക്കാണ് കൂടുതൽ യോജിക്കുന്നത്. അതിൽ '.......കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ സംബന്ധിച്ച് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്' എന്നു പറയുന്നതാണ് കറക്റ്റ് ആയിട്ടുള്ളത്. 166-ാം നമ്പർ ഭേദഗതിയിൽ ''സംഗതിയിൽ'' എന്നതിനുപകരം ''വിഷയത്തിൽ'' എന്നും 170-ാം നമ്പർ ഭേദഗതിയിൽ ''സംഗതി'' എന്ന വാക്കിനുപകരം ''വിഷയം''എന്നുമാക്കണം.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ഖണ്ഡം 3(1)-ൽ ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും'' എന്നീ വാക്കുകൾക്കുപകരം ''ലോക് ആയുക്തയിലെയും ഉപലോക് ആയുക്തയിലെയും എല്ലാ വിഭാഗം ജീവനക്കാരുടെയും'' എന്നീ വാക്കുകൾ ചേർക്കുക.

143. ഖണ്ഡം 3(1)-ൽ, ''എന്തുതന്നെ അടങ്ങിയിരുന്നാലും'' എന്നീ വാക്കുകൾക്കുശേഷമുള്ള വാക്കുകൾ നീക്കം ചെയ്യുകയും ''ലോക് ആയുക്തയിലെയും ഉപലോകായുക്തയിലേയും എല്ലാ വിഭാഗം ജീവനക്കാരെയും, നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുഖ്യ ചുമതലയായിരിക്കുന്നതാണ്'' എന്ന് ചേർക്കുകയും ചെയ്യുക.

147. ഖണ്ഡം 3(2)(എ)-ൽ ''ലോക് ആയുക്തയുടെ കീഴിലുള്ള'' എന്നീ വാക്കുകൾക്കുപകരം ''ലോക് ആയുക്തയുടെയും ഉപലോക് ആയുക്തയുടെയും കീഴിലുള്ള'' എന്നീ വാക്കുകൾ ചേർക്കുക.

149. ഖണ്ഡം 3(2)(ബി)-ൽ ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിന്'' എന്നീ വാക്കുകൾക്കുപകരം ''ലോക് ആയുക്തയിലെയും ഉപലോക് ആയുക്തയിലെയും എല്ലാ വിഭാഗം ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന്'' എന്നീ വാക്കുകൾ ചേർക്കുക.

175. ഖണ്ഡം 3(3)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

''പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പും പ്രകാരമുള്ള ഏതെങ്കിലും

സംഗതിയിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന പക്ഷം ലോക് ആയുക്ത ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാർ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. എന്നാൽ, സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് എതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് ആ സംഗതിയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന് വീണ്ടും നൽകേണ്ടതും അഭിപ്രായം ആരായേണ്ടതുമാണ്''.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. ഖണ്ഡം 3(1)-ൽ ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും സേവനവ്യവസ്ഥകളും സംബന്ധിച്ച്'' എന്നീ വാക്കുകൾക്കുപകരം ''നിയമനവും സേവന-വേതന വ്യവസ്ഥകളും സംബന്ധിച്ച്'' എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 3(2)(ബി)-യുടെ ക്ലിപ്ത നിബന്ധനയിൽ ''സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ'' എന്നീ വാക്കുകൾക്കുശേഷമുള്ള ''പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 3(1)-ൽ,

(i) ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടെയും, ജീവനക്കാരുടെയും'' എന്നീ വാക്കുകൾക്കു പകരം ''ലോക് ആയുക്തയുടെ കീഴിൽ പ്രവർത്തിക്കേണ്ട സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും ഉൾപ്പെടുന്ന സർക്കാർ സേവകരെ'' എന്നീ വാക്കുകൾ ചേർക്കുക.

(ii) ''നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനുവേണ്ടി'' എന്നീ വാക്കുകൾക്കു പകരം ''നേരിട്ടുള്ള തെരഞ്ഞെടുപ്പു മുഖേന നിയമിക്കുമ്പോൾ'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 3(1) താഴെ പറയും പ്രകാരം മാറ്റുക:

''(1) ലോക് ആയുക്തയുടെ കീഴിൽ പ്രവർത്തിക്കേണ്ട സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും ഉൾപ്പെടുന്ന സർക്കാർ സേവകരുടെ നിയമനവും, സേവന വ്യവസ്ഥകളും സംബന്ധിച്ച് 1999-ലെ കേരള ലോക് ആയുക്ത ആക്ടിലോ (1999-ലെ 8) അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ലോക് ആയുക്തയുടെ കീഴിൽ പ്രവർത്തിക്കേണ്ട സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും ഉൾപ്പെടുന്ന സർക്കാർ സേവകരെ നേരിട്ടുള്ള തെരഞ്ഞെടുപ്പ് മുഖേന നിയമിക്കുമ്പോൾ അതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്''.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 3(2)(എ)–ൽ ''നിയമനം സംബന്ധിച്ച കാര്യങ്ങളിലും'' എന്നീ വാക്കുകൾക്ക് ശേഷം ''അധികാരം സംബന്ധിച്ച കാര്യങ്ങളിലും'' എന്നീ വാക്കുകൾ ചേർക്കുക.

155. ഖണ്ഡം 3(2)(ബി)–ൽ ''അനുയോജ്യത'' എന്ന വാക്കിനു പകരം ''യോഗ്യതകൾ'' എന്ന വാക്ക് ചേർക്കുക.

158. ഖണ്ഡം 3(2)(ബി)–ൽ ''ഉപദേശം നൽകേണ്ടത്'' എന്ന വാക്കിനു ശേഷം ''സംസ്ഥാന ഗവൺമെന്റിന്റെ അനുമതിയോടെ'' എന്നീ വാക്കുകൾ ചേർക്കുക.

164. ഖണ്ഡം 3(3) ഒഴിവാക്കുക

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3(2)(ബി)–ൽ ''ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിന്'' എന്നീ വാക്കുകൾക്ക് പകരം ''ലോകായുക്തയുടെ കീഴിൽ പ്രവർത്തിക്കേണ്ട സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീ സിലും ഉൾപ്പെടുന്ന സർക്കാർ സേവകരെ നേരിട്ടുള്ള തെരഞ്ഞെ ടുപ്പ് മുഖേന നിയമിക്കുമ്പോൾ''എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3(2)(ബി)–ൽ ''അനുയോജ്യത'' എന്ന വാക്കുനുപകരം ''യോഗ്യതകൾ'' എന്ന വാക്ക് ചേർക്കുക.

169. ഖണ്ഡം 3(3)–ൽ ''അഭിപ്രായ വ്യത്യാസമുള്ളപക്ഷം'' എന്നീ വാക്കുകൾക്ക് ശേഷം വരുന്ന വാക്കുകൾ ഒഴിവാക്കുകയും പകരം ''പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുമാനം അന്തിമമായിരിക്കുന്നതാണ്:'' എന്നീ വാക്കുകൾ ചേർക്കുക.

172. ഖണ്ഡം 3(3)–ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

സർ, 169-ാം നമ്പർ ഭേദഗതിയെക്കുറിച്ച്, ലോക് ആയുക്തയും പബ്ലിക് സർവ്വീസ് കമ്മീഷനും തമ്മിൽ അഭിപ്രായ വ്യത്യാസം വരുമ്പോൾ അത് ഗവൺമെന്റിന് റഫർ ചെയ്യുകയും ഗവൺമെന്റ് തീരുമാനം അന്തിമമായിരിക്കുമെന്ന് പറയുമ്പോൾ നിയമനങ്ങളെ സംബന്ധിച്ച കാര്യങ്ങളിലാണ് അഭിപ്രായ വ്യത്യാസങ്ങൾ വരുന്നത്. അത് ഗവൺമെന്റിന് റഫർ ചെയ്യേണ്ട ആവശ്യമില്ല. മറ്റ് നിയമനങ്ങൾ ഏത് ഘട്ടത്തിലാണെന്നുള്ളതല്ല, നിയമനങ്ങൾ എങ്ങനെ നടക്കണം, നിയമനങ്ങളുടെ രീതി, സ്വഭാവം എന്നിവയിലെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായമാണ് അന്തിമമായി വരേണ്ടത്. അതിനുമുകളിൽ മറ്റൊരഭിപ്രായത്തിന് പ്രസക്തിയില്ല എന്നുള്ളതാണ് ഭേദഗതി. അതിന്റെ ഭാഗമാണ് 172–ാം നമ്പർ ഭേദഗതിയും. ഞാൻ ഭേദഗതികൾ മൂവ് ചെയ്യുകയാണ്.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3(2)(ബി)–യുടെ ക്ലിപ്ത നിബന്ധനയിൽ ''പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക'' എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 3(3)–ൽ ''(1)–ാം ഉപവകുപ്പും (2)–ാം ഉപവകുപ്പും'' എന്നീ വാക്കുകൾക്ക് പകരം ''(2)–ാം ഉപവകുപ്പ്'' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 3(3)–ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയുന്ന പ്രകാരം മാറ്റുക:

''എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി സർക്കാർ ഒരു തീരുമാനം എടുക്കുന്നതിന് മുൻപ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്''.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 3(3) താഴെ പറയും പ്രകാരം മാറ്റുക:

''പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ (2) –ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുള്ള പക്ഷം ലോക് ആയുക്ത ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്''.

ശ്രീമതി പി. അയിഷാ പോറ്റിയുടെ 136–ാം നമ്പർ ഭേദഗതിയും, ശ്രീ. കെ. എം. ഷാജിയുടെ 138–ാം നമ്പർ ഭേദഗതിയും ശ്രീ. എം. പി.

അബ്ദുസ്സമദ് സമദാനിയുടെ 142–ാം നമ്പർ ഭേദഗതിയും, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 151–ാം നമ്പർ ഭേദഗതിയും, ശ്രീ. റ്റി. എ. അഹമ്മദ് കബീറിന്റെ 162–ാം നമ്പർ ഭേദഗതിയും, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 168–ാം നമ്പർ ഭേദഗതിയും മറ്റു ഭേദഗതികൾക്ക് തുല്യ മായതിനാൽ മൂവ് ചെയ്യാൻ സാധിക്കുകയില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 3–ാം വകുപ്പിലെ 136, 137, 138, 139, 140, 141, 142 എല്ലാം identical amendments ആണ്. അത് അക്സെപ്റ്റ് ചെയ്യാൻ നിവർത്തിയില്ല. കാരണം state service, subordinate service എന്നിവയെപ്പറ്റിയുള്ള കാര്യങ്ങൾ റൂൾസ് ഉണ്ടാക്കുമ്പോൾ വരുന്നതാണ്. അതിൽ ക്ലാസിഫൈ ചെയ്താൽ മതി, പ്രത്യേകമായി പറയേണ്ട ആവശ്യമില്ല. 143–ാം നമ്പർ ഭേദഗതി, ലോക് ആയുക്ത ആക്ട് പ്രകാരം ഉദ്യോഗസ്ഥ നിയമനത്തിനായി റൂൾസ് ഉണ്ടാക്കു വാൻ ലോക് ആയുക്ത ആക്ടിൽ 16–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള താണ്. അതുകൊണ്ട് ലോക് ആയുക്ത നേരിട്ട് നിയമിക്കുന്ന ചില co-terminus ആയ ജീവനക്കാരുണ്ട്. അതുകൊണ്ടാണ് ആ അമന്റ്മെന്റ് സ്വീകരിക്കാൻ സാധിക്കാതെ വരുന്നത്. 144–ാം നമ്പർ ഭേദഗതി അക്സെപ്റ്റബിളല്ല. പി.എസ്.സി.ക്ക് വിട്ടുകൊടുത്തശേഷം പി.എസ്.സി. ചെയ്യേണ്ട കാര്യങ്ങൾ അവരാണ് തീരുമാനിക്കുന്നത്. ആക്റ്റിൽ അത് പ്രത്യേകമായി പറയേണ്ട കാര്യമില്ലായെന്നുള്ളതുകൊണ്ടാണ്. 145, 146 എന്നീ ഭേദഗതികൾ – state service, subordinate service, ഞാൻ നേരത്തെ പറഞ്ഞതാണ് പ്രത്യേകമായി പറയേണ്ട ആവശ്യമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി അംഗീകരിക്കാൻ സാധിക്കുകയില്ല. പി.എസ്.സി. യും ലോക് ആയുക്തയും തമ്മിലുള്ള കോൺഫ്ളിക്ട് വന്നാൽ അത് മാത്രമെ ചെയ്യാൻ സാധിക്കുക യുള്ളൂ. എല്ലാ ആക്റ്റിലും അങ്ങനെ തന്നെയാണുള്ളത്. 159-ാംനമ്പർ ഭേദഗതി സ്വീകരിക്കാൻ സാധിക്കുകയില്ല. കേവലം ഒരു ഗ്രമാറ്റിക്കലായിട്ടുള്ള കാര്യമാണ്.

അതുപോലെ തന്നെ 160, 161, 162, 163 എന്നീ ഭേദഗതികളിൽ നിലവി ലുള്ളത് ശരിയായ പ്രയോഗമാണ്. യോഗ്യതകളും മറ്റ് കാര്യങ്ങളും ചട്ടത്തി ലാണ് വരുന്നത്. ആയതിനാൽ അനുയോജ്യമായ വാക്ക് പ്രത്യേകമായി ചേർക്കേണ്ടതില്ല. ചട്ടത്തിൽ വരുമ്പോൾ അക്കാര്യം പരിശോധിക്കുന്നതാണ്. അതുപോലെ തന്നെ പി.എസ്.സി.യെ കൺസൾട്ട് ചെയ്യേണ്ടാത്ത ചില കാറ്റഗറീസുണ്ട്. അത് പോയിന്റ് ഔട്ട് ചെയ്യാനാണ് 'പ്രത്യേക സംഗതി' എന്ന് ചേർത്തിട്ടുള്ളത്. അതുപോലെ 164-ാംനമ്പർ ഭേദഗതി ഇവിടെ ചൂണ്ടി ക്കാണിച്ചു. അത് അക്സെപ്റ്റബിളല്ല. പി.എസ്.സി.യും ലോക് ആയുക്തയും തമ്മിലുള്ള കോൺഫ്ളിക്ട് സർക്കാരിലേയ്ക്ക് റഫർ ചെയ്യണമെന്നുള്ളത് മാറ്റാൻ സാധിക്കുകയില്ല. It is highly necessary. 166-ാം നമ്പർ ഭേദഗതി മൂവ് ചെയ്തതാണ് അത് അക്സെപ്റ്റബിളല്ല. On any matter എന്ന ഇംഗ്ലീഷ് പദപ്രയോഗത്തിന് 'വിഷയത്തിൽ' എന്നുപറഞ്ഞാൽ മറ്റൊരർത്ഥമാണ്, മലയാള പരിഭാഷയിൽ 'സംഗതിയിൽ' എന്നത് ശരിയായ വാക്കാണ്. 167-ാം നമ്പർ ഭേദഗതിയിലും ഇപ്പോഴുള്ളത് ശരിയായ പദപ്രയോഗമാണ്. അത് purely grammatical ആയ കാര്യമാണ്. അത് മാറ്റം വരുത്തേണ്ട യാതൊരു

ആവശ്യവുമില്ല. ശ്രീ. സുരേഷ് കുറുപ്പ് കൊണ്ടുവന്ന 169–ാം നമ്പർ ഭേദഗതി, പി.എസ്.സി. യും ലോക് ആയുക്തയും തമ്മിൽ കോൺഫ്ളിക്ട് വന്നാൽ only the Government can take-up further action എന്നുള്ളത് മാറ്റാൻ നിവർത്തി യില്ല. അതുപോലെ 170–ാം നമ്പർ ഭേദഗതി എന്നുപറയുന്നത് നേരത്തെ 166–ാം നമ്പർ ഭേദഗതിയിൽ വിശദീകരിച്ചിട്ടുള്ള കാര്യമാണ്. 172–ാം നമ്പർ ഭേദഗതിയും അക്സെപ്റ്റബിളല്ല. കാരണം പി.എസ്.സി നേരത്തെ അഡ്വൈസ് ചെയ്ത തീരുമാനമാണെങ്കിൽ മാത്രം പി.എസ്.സി–ക്ക് റഫർ ചെയ്താൽ മതി. അല്ലെങ്കിൽ അത് റഫർ ചെയ്യേണ്ട ആവശ്യമില്ല എന്നുള്ളതു കൊണ്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 165–ാം നമ്പർ ഭേദഗതി 3–ാം വകുപ്പിന്റെ 1–ാം ഉപ വകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് പി.എസ്.സി.യും ലോക് ആയുക്തയും സംബന്ധിച്ച് തർക്കം വരാൻ സാദ്ധ്യത യില്ല അതിനാൽ അത് സ്വീകരിക്കുകയാണ്.

അതുപോലെ ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 174–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. 174 ഖണ്ഡം 3 (3) –ന്റെ ക്ലിപ്ത നിബ ന്ധന താഴെപ്പറയുന്ന പ്രകാരം മാറ്റുക എന്നുള്ള ഭേദഗതി, സർക്കാർ എന്ന വാക്ക് മാറ്റിയിടുകയെന്ന് മാത്രമേയുള്ളൂ. സർക്കാർ എന്ന വാക്ക് ഉചിതമായ സ്ഥാനത്ത് ചേർത്തുകൊണ്ടുള്ള, എന്നാൽ എന്ന വാക്ക് കഴിഞ്ഞു ഒരു കോമ ഇടണം എന്ന ഭേദഗതി അംഗീകരിക്കുന്നു.

165–ാം നമ്പർ ഭേദഗതിയും 174–ാം നമ്പർ ഭേദഗതിയും അംഗീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റുള്ള ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസ് ചെയ്തില്ല.)

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 137, 154, 160, 163, 166, 170, 171 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീമതി കെ.എസ് സലീഖ അവതരിപ്പിച്ച 139, 143, 147, 149, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 140, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 155, 158, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 150-ാം, നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 156, 169, 172 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 141, 156 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 145-ാം, നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 161–ാം, നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 176–ാം, നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 4(1)–ൽ "ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം ഗസറ്റ് വിജ്ഞാപനം നടത്താവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 4(2) (ബി)–ൽ "ഉദ്ദേശത്തിന്" എന്ന വാക്കിനുപകരം "ഉദ്ദേശ്യത്തിന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 4(2) (ബി)–യ്ക്കുശേഷം വരുന്ന "വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

181. ഖണ്ഡം 4(2) (ബി)–യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക;

"(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും സംഗതി; "

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

182. ഖണ്ഡം 4(2) താഴെപ്പറയും പ്രകാരം മാറ്റുക;

"(2) അപ്രകാരം ഉണ്ടാകുന്ന ചട്ടങ്ങളിൽ,–

(എ) പബ്ലിക് സർവ്വീസ് കമ്മീനുമായി കൂടിയാലോചിക്കുന്നതിന് ലോക് ആയുക്ത അനുവർത്തിക്കേണ്ട നടപടിക്രമവും;

(ബി) പബ്ലിക് സർവ്വീസ് കമ്മീനുമായി കൂടിയാലോചിക്കുന്ന സംഗതിക്ക് ആനുഷംഗികമോ ആവശ്യമോ ആയ മറ്റേതെങ്കിലും സംഗതി ഉണ്ടെങ്കിൽ അതും;

(1) –ാം ഉപവകുപ്പിൽ നൽകിയിട്ടുള്ള അധികാരത്തിന്റെ സാമാന്യ തയ്ക്ക് ഭംഗം വരാത്തവിധം വ്യവസ്ഥ ചെയ്യാവുന്നതാണ്".

ശ്രീ. കെ. എൻ. എ. ഖാദർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 4(3)–ൽ "ഉണ്ടാകേണ്ടതില്ലെന്ന്" എന്ന വാക്കിനുപകരം "സാധുവല്ലെന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

188. ഖണ്ഡം 4(3)–ൽ "വിധത്തിലായിരിക്കേണ്ടതാണ്" എന്ന വാക്കിന് പകരം "വിധത്തിലായിരിക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക

മി. സ്പീക്കർ: 183, 186 എന്നീ ഭേദഗതികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവതരിപ്പിക്കാൻ സാധിക്കില്ല. പക്ഷെ അതുസംബന്ധിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഖണ്ഡം 4 (3)–ൽ, 'ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ട

തില്ലെന്ന്....' എന്നുപറയുമ്പോൾ ചട്ടം ഉണ്ടാക്കുകയെന്നുള്ളതല്ല ഉണ്ടായിക്കഴിഞ്ഞതാണ്, അതുകൊണ്ട് അതിന് സാധുവല്ലായെന്നാണ് പറയേണ്ടത്. ചട്ടം ഉണ്ടാക്കേണ്ടതില്ല എന്ന വാക്കിനു പകരം സാധുവല്ലായെന്ന് വേണം. അതിൽ ഒരു ജൂഡീഷ്യൽ മൈന്റ് അപ്ലൈ ചെയ്യണം. അത് തെറ്റായി കിടക്കരുത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 177–ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല. അതിലെ സെന്റൻസിലുള്ള മാറ്റം ശരിയല്ല. നിലവിലുള്ള പ്രയോഗം തന്നെയാണ് ശരിയായിട്ടുള്ളത്. ശ്രീമതി പി. അയിഷാ പോറ്റിയുടെ 179–ാം നമ്പർ ഭേദഗതി – 'ഉദ്ദേശത്തിന്' എന്ന വാക്കിനുപകരം 'ഉദ്ദേശ്യത്തിന്' എന്ന വാക്ക് ചേർക്കുക. അതാണ് ശരിയായ പ്രയോഗം അതുകൊണ്ട് ആ ഭേദഗതി സ്വീകാര്യമാണ്. ശ്രീ. റ്റി. വി രാജേഷിന്റെ 180–ാം നമ്പർ ദേഭഗതി – രണ്ട് കാര്യങ്ങൾ ഒരുമിച്ച് പറഞ്ഞിരിക്കുന്നതുകൊണ്ട് 'എന്നിവ' എന്ന് ചേർക്കുന്നത് അഭികാമ്യമാണ്. അതുകൊണ്ട് ആ ഭേദഗതിയും അംഗീകരിക്കുന്നു. അതുപോലെ ശ്രീ. കെ. എൻ. എ. ഖാദറിന്റെ 185–ാം നമ്പർ ഭേദഗതി, അതുസംബന്ധിച്ച് ശ്രീ. എം. ഉമ്മർ പറഞ്ഞ കാര്യങ്ങൾ, അത് സെന്റൻസിലുള്ള മാറ്റമാണ്. സാധാരണ ഗതിയിൽ എല്ലാ ആക്റ്റിലും ഇതേ വാക്ക് തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് അത് മാറ്റാൻ നിവൃത്തിയില്ല. അതുപോലെ 181–ാം നമ്പർ ദേഭഗതിയിൽ ബില്ലിലെ 3(2)–ലെ പ്രൊവിസോയിൽ ക്ലിപ്ത നിബന്ധനയിൽ

ഇതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത് അംഗീകരിക്കേണ്ട ആവശ്യമില്ല.

179-ാം നമ്പർ ഭേദഗതിയും 180-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതിയും ശ്രീ. റ്റി. വി രാജേഷ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗങ്ങൾ : പ്രസ്സ് ചെയ്യുന്നില്ല)

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. എൻ.എ ഖാദർ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. സണ്ണിജോസഫ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശീർഷകം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ "വിനിയോഗിക്കുന്നതിന്" എന്ന വാക്കിന് പകരം "നിർവ്വഹിക്കുന്നതിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

120. പീഠികയിൽ "വിനിയോഗിക്കുന്നതിന്" എന്ന വാക്കിനുപകരം "നിർവ്വഹിക്കുന്നതിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. ശീർഷകത്തിൽ "2011" എന്നതിനു പകരം "2014" എന്ന് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ "കൂടുതൽ" എന്ന വാക്കിനു പകരം "അധിക" എന്ന വാക്ക് ചേർക്കുക.

ദീർഘശീർഷകം

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111എ. ദീർഘശീർഷകത്തിൽ "ലോക് ആയുക്തയുടെ സർവ്വീസുകൾ" എന്ന വാക്കുകൾക്കുപകരം "കേരള ലോക് ആയുക്തയുടെയും ഉപലോക് ആയുക്തയുടെയും സർവ്വീസുകൾ" എന്ന വാക്കുകൾ ചേർക്കുക.

120എ. പീഠികയിൽ "കേരള ലോക് ആയുക്തയുടെ കീഴിലുള്ള" എന്ന വാക്കുകൾക്കുപകരം "കേരള ലോക് ആയുക്തയുടെയും ഉപലോക് ആയുക്തയുടെയും കീഴിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ "സർവ്വീസുകൾ" എന്ന വാക്കിനുപകരം "സർവ്വീസുകളെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ "ചില" എന്ന വാക്ക് ഒഴിവാക്കുക.

124. പീഠികയിൽ "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നീ വാക്കുകൾക്കുശേഷം വരുന്ന "ചില" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ "കൂടുതൽ" എന്ന വാക്കിനുപകരം "അധിക" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ താഴെപ്പറയും പ്രകാരം മാറ്റുക

"കേരള ലോകായുക്തയിൽ നേരിട്ട് നിയമിക്കുന്നതിനുള്ള ഉദ്യോഗസ്ഥരേയും ജീവനക്കാരേയും തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഏല്പിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ"

133. ഖണ്ഡം 1(1)-ൽ "(ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ)" എന്നീ വാക്കുകൾക്കു പകരം "(ലോകായുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം)" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. പീഠികയിൽ "ലോക് ആയുക്തയുടെ കീഴിലുള്ള സർവ്വീസുകൾ" എന്നീ വാക്കുകൾക്കു പകരം "ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. പീഠികയിൽ "ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു" എന്നീ വാക്കുകൾക്ക് പകരം "താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

"പീഠിക– കേരള ലോകായുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടേയും നേരിട്ടുള്ള നിയമനം സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചു നൽകുന്നത് യുക്തമായിരിക്കയാൽ;"

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ഖണ്ഡം 1(1)–ൽ "(ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ)" എന്നീ വാക്കുകൾക്കു പകരം, "(ലോക് ആയുക്തയുടെ സർവ്വീസുകളെ സംബന്ധിച്ച അധിക ചുമതലകൾ) " എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീന്റെ 110–ാം നമ്പർ ഭേദഗതി ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 109–ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി.ബി. അബ്ദുൾ റസാക്കിന്റെ 113–ാം നമ്പർ ഭേദഗതി ശ്രീ. വി. എം. ഉമ്മർ

മാസ്റ്ററുടെ 112–ാം ഭേദഗതിക്ക് തുല്യവും ശ്രീ. സി. മോയിൻകുട്ടിയുടെ 116–ാം നമ്പർ ഭേദഗതി ശ്രീ. പി. ഉബൈദുള്ളയുടെ 115–ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ.എം. ഷാജിയുടെ 117–ാം നമ്പർ ഭേദഗതിയും ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനിയുടെ 118–ാം നമ്പർ ഭേദഗതിയും 111–ാം നമ്പർ ഔദ്യോഗിക ഭേദഗതിക്ക് തുല്യവും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 123–ാം നമ്പർ ഭേദഗതി ശ്രീ. സി. മമ്മൂട്ടിയുടെ 122–ാം നമ്പർ ദേഭഗതിക്ക് തുല്യവും ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയുടെ 126–ാം നമ്പർ ഭേദഗതി ശ്രീ. എൻ. ഷംസുദ്ദീന്റെ 125–ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി.ബി. അബ്ദുൾ റസാക്കിന്റെ 128–ാം നമ്പർ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദറിന്റെ 127–ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.എസ്. സലീഖയുടെ 120 (എ) നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി.കെ. ബഷീറിന്റെ 132–ാം നമ്പർ ഭേദഗതി ശ്രീ. എ.കെ. ബാലന്റെ 133–ാം നമ്പർ ഭേദഗതിക്ക് തുല്യവുമാണ്. അതുകൊണ്ട് നിങ്ങൾക്ക് ഭേദഗതി മൂവ് ചെയ്യാൻ സാദ്ധ്യമല്ല. ആർക്കെങ്കിലും വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ ഭേദഗതി 119 ദീർഘശീർഷകത്തിൽ "കേരള ലോകായുക്തയിൽ നേരിട്ട് നിയമിക്കുന്നതിനുള്ള ഉദ്യോഗസ്ഥരേയും ജീവന ക്കാരേയും തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഏല്പിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ " എന്ന രൂപത്തിലാക്കണം. ഇത് ബില്ലിന്റെ ഉദ്ദേശശുദ്ധിക്ക് യോജിച്ചതല്ല ബില്ലിന്റെ പീഠികയെന്നാണ് എനിക്ക് തോന്നുന്നത്. ലോകായുക്ത നിയമന ങ്ങൾ പി.എസ്.സി–ക്ക് വിടുന്നതാണ് ഈ ബിൽ. എന്നാൽ പി.എസ്.സി–യുടെ ചുമതലയിൽ ചില നിയമനങ്ങൾ മാത്രം ഏൽപ്പിച്ചിരിക്കുന്നതെന്ന ധ്വനി

യാണ് പീഠികയിൽ വരുക. ലോകായുക്തയിലെ ജഡ്ജിമാരൊഴികെ എല്ലാ ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും എല്ലാ നിയമനങ്ങളും പി.എസ്.സി–യെ ഏൽപ്പിക്കണം. പീഠികയിൽ പറയുന്നതുപ്പോലെ ചില ചുമതലകളായി പരിമിതപ്പെടുത്താൻ പാടില്ല. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇതിന് സമാനമാണ് ഒന്നാം വകുപ്പിലെ 133.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിലെ 107,108, 109,110 എന്നിവ ഒരുപ്പോലുള്ള ഭേദഗതികളാണ്. അത് സ്വീകാര്യമല്ല. കാരണം അത് ക്രമപ്രകാരമല്ല. സഭയ്ക്ക് ചെയ്യാൻ കഴിയുന്ന കാര്യമല്ല. ദീർഘശീർഷകത്തെ സംബന്ധിച്ച് ഭേദഗതി നമ്പർ 111 ഞാൻ മൂവ് ചെയ്യുകയാണ്. ഭേദഗതി നമ്പർ 111എ, 112, 113, 114, 115, 116, എന്നിവ സ്വീകാര്യമല്ല. 111 എ എന്നാൽ ലോക് ആയുക്ത എന്നാൽ ഉപ ലോക് ആയുക്ത കൂടി അതിനകത്ത് വരുന്നത് തന്നെയാണ്. 112 സർവ്വീസുകൾ ഗ്രമാറ്റിക്കലാണ് അതും അംഗീകരിക്കാൻ നിവൃത്തിയില്ല. 114 ചില എന്ന വാക്ക് അവിടെ ആവശ്യമാണ്. ആ വാചകം പൂർണ്ണമായി ശരിയാകണമെങ്കിൽ അത് ഉണ്ടായേ മതിയാകൂ. 115, 116 കൂടുതൽ എന്ന വാക്കാണ് ഭരണഘടനയിലുള്ളത്. അതുകൊണ്ടാണ് ആ വാക്ക് അവിടെ ചേർത്തിട്ടുള്ളത്. 117, 118 ഒഫിഷ്യൽ അമന്റ്മെന്റുണ്ട്. അതുകൊണ്ട് അതിന്റെ ആവശ്യമില്ല. 119 സ്വീകാര്യമല്ല, കാരണം തെരഞ്ഞെടുപ്പ് പ്രക്രിയ മാത്രമല്ല ഇതിനകത്തുള്ളത്. അതുകൊണ്ട് പി.എസ്.സി.യുമായി കൂടിയാലോചിക്കേണ്ടത് അനുവാര്യമാണെന്നുള്ളതുകൊണ്ടാണ് അത് ചേർത്തിട്ടുള്ളത്. 120 ഞാൻ തന്നെ ഒഫിഷ്യൽ അമന്റ്മെന്റായി മൂവ് ചെയ്തിട്ടുണ്ട്. 120 എ സ്വീകാര്യമല്ല ലോക് ആയുക്ത ഉപലോക് ആയുക്ത ഇവ നിർവ്വചനത്തികത്തുതന്നെ പറഞ്ഞിട്ടുള്ളതായതുകൊണ്ടാണ് അത് വേണ്ടായെന്ന് വച്ചത്. 121 സർവ്വീസ് എന്നു പറഞ്ഞാൽ

ബാക്കിയെല്ലാം റൂൾ ഫ്രെയിം ചെയ്യുമ്പോൾ മറ്റുകാര്യങ്ങളെല്ലാം അതിൽ വരുന്നതാണ് അതുകൊണ്ടാണ് അത് സ്വീകാര്യമല്ലെന്ന് പറഞ്ഞത്. 122 മുതൽ 130 വരെയുള്ള ഉചിതമായ വാക്കുകൾ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ട് ഭേദഗതിയുടെ ആവശ്യം അതിനകത്തില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹമാനപ്പെട്ട അംഗങ്ങൾ : പ്രസ്സ് ചെയ്യുന്നില്ല)

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 111, 120 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിക്കുന്നു.

ശ്രീ. എൻ. എ നെല്ലിക്കുന്ന് അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 111 എ 120എ എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ എ.കെ. ബാലൻ അവതരിപ്പിച്ച 119–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 121–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നിബെഹനാൻ അവതരിപ്പിച്ച 129–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 130–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 131–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന വിഷയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ....................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് ബില്ല് പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: 2013–ലെ പബ്ലിക് സർവ്വീസ് കമ്മീഷൻ ലോക് ആയുക്ത സംബന്ധിച്ചുള്ള കൂടുതൽ ചുമതലകൾ എന്ന ബില്ല് പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാത്യു.റ്റി. തോമസ്: ബഹുമാനപ്പെട്ട മന്ത്രി വായിച്ചത് 2013-ലെ ആക്റ്റ് ആണെന്നാണ്. ഭേദഗതി ചെയ്ത് 2014 ആക്കിക്കഴിഞ്ഞിരിക്കുന്നു.

മൂന്നാം വായന

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ലോകായുക്തയിൽ രണ്ടുതരം നിയമനങ്ങളുണ്ട്. ഡയറക്ട് റിക്രൂട്ട്മെന്റുമുണ്ട്. ക്വാ ടെർമിനലായിട്ടുള്ള നിയമനങ്ങളുമുണ്ട്. അത് ഡയറക്ട് റിക്രൂട്ട്മെന്റായിട്ടുള്ള നിയമനങ്ങളാണ് പി.എസ്.സി- ക്ക് വിട്ടുകൊടുത്ത് തീരുമാനമെടുക്കുന്നത്. എനിക്ക് മൂന്നാം വായനയിൽ പറയാനുള്ളത് ഇത് നിയമമാകുന്നതോടുകൂടി പബ്ലിക് സർവ്വീസ് കമ്മീഷനെ ഇതിനുമുമ്പും പല നിയമനങ്ങളും വിട്ടുകൊടുത്തിട്ടുണ്ട്. പക്ഷേ ഈ വിട്ടുകൊടുത്ത നിയമനങ്ങളെ സംബന്ധിച്ച് കാണുന്നത് അതിന് റൂൾസ് ഉണ്ടാക്കാൻ കാലതാമസം വരുന്നതുകൊണ്ട് സഭ ഇത് പാസാക്കുന്നതല്ലാതെ നടപ്പിൽ വരുത്തുന്നില്ല. ഇതാണ് ഒട്ടുമിക്ക നിയമനങ്ങൾക്കും നിയമസഭ പാസാക്കി പി.എസ്.സി-ക്ക് വിട്ടുകൊടുത്തിടത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ പാസാക്കിയാൽ നമ്മൾ ധരിക്കുന്നത് പി.എസ്.സി-ക്ക് പോയിക്കഴിഞ്ഞുവെന്നാണ്. പക്ഷേ പി.എസ്.സി വഴിയുള്ള നിയമനം നടക്കണമെങ്കിൽ അഞ്ചും പത്തും വർഷം കാലതാമസം വരുന്നുവെന്നുള്ളതാണ് വസ്തുത. പി.എസ്.സി-ക്ക് വിട്ടുകൊടുത്തതിനെ നമ്മൾ ചിലപ്പോൾ തിരിച്ചെടുക്കുന്നു. ദേവസ്വം വകുപ്പിനെ പി.എസ്.സിക്ക് വിട്ടുകൊടുത്തതിനെ തിരിച്ചെടുത്തു. കാലതാമസം വന്നാൽ കുറച്ചുകഴിഞ്ഞാൽ തിരിച്ചെടുക്കാൻ തുടങ്ങും

അപ്പോൾ പറയുന്നത് പി.എസ്.സി-ക്ക് വിട്ടുകൊടുത്തിട്ട് നിയമനം നടക്കുന്നില്ലെന്നാണ് അതുകൊണ്ട് നമ്മൾ അത് തിരിച്ചെടുക്കാം എന്നൊരു സ്ഥിതി വിശേഷം വരുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വ്യക്തിപരമായി തന്നെ ഇടപെട്ട് ശ്രമിച്ചില്ലെങ്കിൽ ഇതിന്റെ റൂൾസ് അടുത്ത കാലത്തൊന്നും വരാൻ പോകുന്നില്ല. പണ്ട് പാസാക്കിയ ഫയർ സർവ്വീസ് ആക്റ്റിന്റെ റൂൾസുണ്ടാക്കാൻ 10, 30 വർഷങ്ങൾക്കഴിഞ്ഞു. അതാണ് റൂൾസിന്റെ കാര്യത്തിൽ ഇവിടെ സംഭവിക്കുന്നത്. അതുകൊണ്ട് നിയമമാക്കിയെന്നുള്ളതുകൊണ്ട് അടിയന്തരമായ റൂൾസ് രൂപീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പ്രത്യേകം സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ അടുത്ത സമയത്താണ് ജയിലിനെ സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസ് ഇവിടെ പാസ്സാക്കിയത്. ഇക്കാര്യത്തിലുണ്ടാകുന്ന അനിയന്ത്രിതമായ കാലതാമസം ഒരുവലിയ പ്രശ്നം തന്നെയാണ്. ഇക്കാര്യത്തിൽ വളരെ പെട്ടെന്നുതന്നെ റൂൾസ് ഉണ്ടാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതാണ്. അതിൽ കാലതാമസം ഉണ്ടാകില്ല. ഞാൻ തന്നെ വ്യക്തിപരമായി അക്കാര്യം ശ്രദ്ധിക്കുന്നതാണ്. സ്പെഷ്യൽ റൂൾസ് പാസ്സാക്കി എത്രയും പെട്ടന്ന് പി.എസ്.സി.യിലൂടെ നിയമനങ്ങൾ സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പക്ഷേ പി.എസ്.സി.യും നിയമനങ്ങൾ കാര്യക്ഷമമായി വേഗതയിൽ നടപ്പാക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട് എന്നുകൂടി ഞാൻ സൂചിപ്പിക്കട്ടെ.

<u>മി. സ്പീക്കർ</u>: ആറ് മാസം മാസത്തിനകം എല്ലാം റെഡിയായി വരണമെന്നുള്ള ഒരു ചട്ടം വന്നിട്ടുണ്ട്. നിർബന്ധമായും ആ സമയം നമ്മൾ നോക്കി

യാൽ മതി. നേരത്തേ ഒരു ഇയറിന്റെ കാര്യം പറഞ്ഞിരുന്നു. പക്ഷേ ഇവിടെ പാസ്സാക്കാൻ പോകുന്നത് 2011-ലെ ബില്ലാണ്. ചട്ടം വന്നതിനുശേഷം മാത്രമേ അങ്ങ് പറഞ്ഞ മാറ്റം വരികയുള്ളൂ.

ശ്രീ. മാത്യു.റ്റി. തോമസ്: പേരിന്റെ ക്ലോസ്സിൽ ഒഫീഷ്യൽ ഭേദഗതി കൊണ്ടുവന്ന് ആ പേര് മാറ്റി. പിന്നീട് ആ പേര് തന്നെ ഉപയോഗിച്ചാൽ എങ്ങനെയാണ് ശരിയാകുന്നത്; ആക്ടിന്റെ പേര് എന്ത് എന്നുള്ള ഇടത്ത് അമെന്റ്മെന്റ് ഒഫീഷ്യലായി കൊണ്ടുവന്ന് 2014-ലെ ആക്ട് എന്ന് പേര് മാറ്റി. പിന്നെങ്ങനെയാണ് 2011-ലെ നിയമം പാസ്സാക്കി എന്നു പറയുന്നത്? അങ്ങനെ ഒരു നിയമമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സാധാരണ എങ്ങനെയാണ് ചെയ്യുന്നത് അതുപോലെ നോക്കി ചെയ്താൽ മതി.

മി. ചെയർമാൻ: ഇങ്ങനെ മാത്രമേ പാസ്സാക്കാൻ പറ്റുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: 2011-ലെ ബില്ലാണ് പാസ്സാക്കുന്നത്. ആക്റ്റായി ഇന്നിവിടെ പാസ്സാക്കിക്കഴിഞ്ഞാൽ 2014 ആകും. അതിനാണ് മൂവ് ചെയ്തത്.

മി. ചെയർമാൻ: അതുതന്നെയാണ് പറഞ്ഞത്. 2011 എന്നുമാത്രമേ എനിക്ക് പറയാൻ കഴിയുകയുള്ളൂ. നേരത്തേ മന്ത്രി പറഞ്ഞതിലും ശ്രീ. മാത്യു.റ്റി. തോമസ് പറഞ്ഞതിലും റെലവൻസ് ഉണ്ട്. പക്ഷേ ഇവിടെ ഇത് പാസ്സായിക്കഴിഞ്ഞാൽ മാത്രമേ ആക്റ്റ് ആവുകയുള്ളൂ. അപ്പോൾ ഇത് 2012-ലേത് ആവുകയുള്ളൂ. ഞാൻ പറയുമ്പോൾ 2011 എന്ന് മാത്രമേ പറയാൻ സാധ്യതയുള്ളൂ.

2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാ ശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരള ത്തിലെ സർവ്വകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സാമുദായിക സംവരണം ഏകീകൃതരൂപത്തിൽ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സഭയിൽ അവതരിപ്പിച്ച് സഭ പാസ്സാക്കിയ 250-ാം നമ്പർ

ബില്ലിൽ പ്രതിപാദിച്ച സംവരണതത്വം കണ്ണൂർ സർവ്വകലാശാലയിലേതു പോലെ കൊച്ചി-ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയും തുഞ്ചെത്തെഴു ത്തച്ഛൻ മലയാള സർവ്വകലാശാലയും മാത്രമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള തായിരുന്നു. ഈ സംവരണം അതേ മാതൃകയിൽത്തന്നെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റ് സർവ്വകലാശാലകളായ കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, സംസ്കൃതം, നിയമ സർവ്വകലാശാലകളിൽ കൂടി പ്രാബല്യ ത്തിൽ കൊണ്ടുവരുന്നതിന് സർവ്വകലാശാല നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടും 2012-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ നമ്പർ 101 -ൽ പ്രതിപാദിച്ച പ്രകാരം കേരള സർവ്വകലാ ശാല, എം.ജി. സർവ്വകലാശാല, സംസ്കൃത സർവ്വകലാശാലകളിലും ബിൽ 102 പ്രകാരം കൊച്ചി-ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിലും ഉള്ളതു പോലെ ഐ.ടി./ബി.ടി. എന്നീ മേഖലകളിൽ നിന്നുള്ളവർക്ക് പകരമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി വിപുലീ കരിച്ച മാതൃകയിൽ കോഴിക്കോട് സർവ്വകലാശാലയിൽ കൂടി ഭേദഗതി കൊണ്ടുവന്ന് ഏകീകരിക്കുന്നതിനും അതോടൊപ്പം തന്നെ മറ്റ് സർവ്വകലാശാ ലകളിൽ നിന്ന് വിഭിന്നമായി എം.ജി. സർവ്വകലാശാലയിൽ വൈസ് ചാൻസലർ വിരമിക്കുമ്പോൾ, എന്ന് നിയമിതനായാലും പ്രോ-വൈസ് ചാൻസലറും ഒപ്പം വിരമിക്കേണ്ടിവരുന്നു. ഈ സ്ഥിതി അധികാരസ്ഥാനത്ത് ആളില്ലാത്ത അവസ്ഥ സംജാതമാക്കുന്നു. പലതവണ ഇങ്ങനെ ഉണ്ടായിട്ടു മുണ്ട്. അതിനാൽ മറ്റെല്ലാ സർവ്വകലാശാലകളിലുമെന്നപോലെ വൈസ് ചാൻസലറുടെ നിയമനകാലാവധി പോലെ തന്നെ പ്രോ-വൈസ് ചാൻസല റുടെ കാലാവധിയും നിയമനത്തീയതി മുതൽ നാല് വർഷത്തേക്ക് ആയിരി

ക്കണമെന്നും പുനർ നിയമനത്തിന് അർഹതയുണ്ടായിരിക്കണമെന്നുമുള്ള നിയമ ഭേദഗതി കൊണ്ടുവരുന്നതിനും കൂടിയാണ് ഈ ബിൽ കൊണ്ടുവന്നി ട്ടുള്ളത്. നേരത്തേ സബ്ജക്ട് കമ്മിറ്റി പോകുന്നതിനുമുമ്പ് വിശദമായ കാര്യങ്ങൾ സംസാരിച്ചതാണ്. സബ്ജക്ട് കമ്മിറ്റിയിലും ചർച്ച ചെയ്തതാണ്.

മി. സ്പീക്കർ: വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ബഹുമാന പ്പെട്ട ശ്രീ. റ്റി.വി. രാജേഷിന് സംസാരിക്കാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ എന്റെ വിയോജനം രേഖപ്പെടുത്തു ന്നു. ഇത് കേരളത്തിലെ മറ്റെല്ലാ സർവ്വകലാശാലകളിലും അദ്ധ്യാപക-അന ദ്ധ്യാപക നിയമനത്തിന് സംവരണം ബാധകമാക്കാൻ എല്ലാ ഡിപ്പാർട്ടുമെന്റു കളും ഒരു യൂണിറ്റായി കണക്കാക്കി സംവരണം കൊുവരാൻ വേിയുള്ള ഈ ബില്ലിലെ നിർദ്ദേശത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഇവിടെ സൂചിപ്പിച്ചതുപോലെ നേരത്തേ നിലവിലുായിരുന്നതും നമ്മുടെ സർവ്വകലാ ശാലകളിൽ ഐ.ടി./ബി.ടി. മേഖലയിൽ നിന്നുള്ള നാലിൽ കുറയാത്ത ആളു കളെ നോമിനേറ്റ് ചെയ്യാമെന്നുള്ളതായിരുന്നു. Not more than four experts nominated by the Government from the field of Information Technology and Bio-technology. ഇതിൽ മാറ്റം വരുത്തിക്കൊ് ഈ ബില്ലിൽ Not more than six members nominated by the Government from the field of higher education of which shall be a woman, one shall be from the Scheduled Caste/Scheduled Tribe person. ഇതിൽ സെനറ്റ് മെമ്പർമാരെ സംബന്ധിച്ച് അവരുടെ അംഗങ്ങളുടെ എണ്ണം നിശ്ചിതമായിരിക്കണം. എന്നാൽ ഇതിൽ ആറിൽ അധികരിക്കാത്ത എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതംഗീക

രിക്കാൻ കഴിയുന്നതല്ല. ഇവിടെ ഐ.ടി./ബി.ടി. വിദഗ്ദ്ധന്മാരെ സെനറ്റിൽ കൊുവരുന്നതിന് ഒരു സവിശേഷമായ സാഹചര്യമുായി. തീർച്ചയായും അത്തരം എക്സ്പെർട്ടുകളുടെ സാന്നിദ്ധ്യം സർവ്വകലാശാലകളുടെ സെനറ്റിൽ വരുന്നത് പൊതുവിൽ സർവ്വകലാശാലകളുടെ പൊതുവായ മുന്നോട്ടു പോക്കിന് വളരെയേറെ സഹായകരമായിത്തീരും ഈ കാലഘട്ടത്തിൽ എന്നുള്ളതുകൊാണ്. എന്നാൽ ഇപ്പോൾ ഐ.ടി./ബി.ടി. എന്നുള്ള വാക്ക് മാറ്റി the field of higher education, ആറ് പേരെയാണ് കൊുവരാൻ ഉദ്ദേശിക്കുന്നത്. ഇത്തരം ആളുകളുടെ യോഗ്യതയെന്താണ് എന്നത് സംബന്ധിച്ച് കാര്യമായ ഒരു പരിശോധന നടത്തേതു് എന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ ചൂിക്കാണിക്കാനുള്ളത്. കേരള യൂണിവേഴ്സിറ്റിയിലെ മുൻ സിൻഡിക്കേറ്റ് മെമ്പറായ ശശികുമാറിനെ സംബന്ധിച്ച് വളരെ ഗുരുതരമായ ആരോപണം ഉയർന്നുവന്നിട്ടു്. അദ്ദേഹം നിയമനങ്ങളിൽ കൈകടത്തുകയും സ്വന്തക്കാരെ സർവ്വകലാശാലകളിലെ പല പോസ്റ്റുകളിലും നിയമിക്കുകയും ചെയ്തിട്ടുള്ള വിഷയം ഇത്തരത്തിലുള്ള ആളുകളെ സർവ്വകലാശാലകളിൽ കൊുവന്നാൽ എന്തുസംഭവിക്കുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇദ്ദേഹത്തെ സംബന്ധിച്ച് ഇവിടെ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കാര്യങ്ങളെല്ലാം പുറത്തുവന്നിട്ടു്. അദ്ദേഹം അദ്ദേഹത്തിന്റെ സ്വന്തം മരുമകനെപ്പോലും ഒരു പ്രധാനപ്പെട്ട പോസ്റ്റിൽ നിയമിച്ചിരിക്കുകയാണ്. സർവ്വകലാശാല ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ വെളിവാകപ്പെട്ടിട്ടുള്ള കാര്യമാണ്. Sri. R.S. Sasikumar, member syndicate is retired employee of the University of Kerala. He retired from the service as Joint Registrar. He was nominated

to the senate/syndicate in 2011. Sri. Rahul.S.R. alleged that during the period of his service the **University has a staff member as member of syndicate.** Fifteen of his relatives were given permanent appointment through dubious methods. The prominent among them Sri. Manoj, of the University Engineering Unit. He is his nephew. Following are other allegations. ഇത് സർവ്വകലാശാല നടത്തിയ അന്വേഷണത്തിൽ കത്തെിയിട്ടു ള്ള കാര്യമാണ്. അതിൽ പറയുന്നത് എന്താണ്; He was instrumental in granting promotion as Section Officer to one of his close aids who has only SSE as qualification. മറ്റൊന്ന് എന്താണ് **with the help of Computer Center direct he had given out of ten appointment in the regular as well as Contract appointment.** വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യണമെന്നുള്ളതാണ് പി.വി.സി.യെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ആളുകളെയാണ് വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ എന്ന നിലയിൽ സർവ്വകലാശാലയിൽ കൊുവന്നിട്ടുള്ളത്. മറ്റൊരു വിഷയം സർവ്വകലാശാലയിലെ മുൻ സിൻഡിക്കേറ്റ് അംഗമായധ നിലവിൽ സെനറ്റ് അംഗമായ ശ്രീ. ജ്യോതികുമാർ ചാമക്കാലയെക്കുറിച്ചുള്ള താണ്. മാധ്യമങ്ങളിലൊക്കെ വലിയ വിവാദമായിരുന്നു. അദ്ദേഹം സെനറ്റിലെ മാനേജർമാരുടെ പ്രതിനിധിയായിരുന്നു. അദ്ദേഹം ഇക്കഴിഞ്ഞ നാളുകളിൽ കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗമെന്ന നിലയിൽ ആ സർവ്വ കലാശാലയുടെ കാര്യങ്ങളിലൊക്കെ കൈകടത്തിയിരുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം മാനേജർ എന്ന നിലയിലാണ് സെനറ്റിലേക്ക് കടന്നുവന്നത്. അദ്ദേ

ഹത്തിന്റെ ചാമക്കാല എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, അർക്കന്നൂർ...... ബഹുമാന്യനായ അംഗം, 2012–ൽ ഒരു ഭേദഗതി കൊുവരുന്ന സമയത്ത് ആരൊക്കെയാണ് നമ്മുടെ സിൻഡിക്കേറ്റിൽ ഇരിക്കുന്നത്, അവരുടെ യോഗ്യത എന്താണ് എന്നൊക്കെ ചോദിച്ചിരുന്നു. ആ ഭേദഗതിയിലൂടെ വന്ന ആളുകളെക്കുറിച്ചാണ് ഞാനിവിടെ പറയുന്നത്. ചാമക്കാല എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കോളേജ് ഓഫ് ടീച്ചേഴ്സ് എഡ്യൂക്കേഷൻ, അർക്കന്നൂരിന്റെ മാനേജർ എന്നാണ് ഇദ്ദേഹം അവകാശപ്പെടുന്നത്.

31-12-1992–ൽ അഞ്ചൽ സബ് രജിസ്ട്രാർ ഓഫീസിലാണ് ട്രസ്റ്റ് രജിസ്റ്റർ ചെയ്തത്. അഫിലിയേഷനുള്ള അപേക്ഷ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചത് 21-07-2004–ലാണ്. ട്രസ്റ്റിന് കോളേജ് ലഭിക്കുന്നതിനുള്ള യോഗ്യത ഉണ്ടോയെന്നുള്ളതാണ് പ്രശ്നം. 16-06-2004–ൽ ഇറക്കിയ യൂണിവേഴ്സിറ്റി ഓർഡർ പ്രകാരം കോളേജ് തുടങ്ങുന്നതിന് ട്രസ്റ്റിനുവേണ്ട മിനിമം ഭൂമി നാല് ഏക്കറാണ്. ഈ ട്രസ്റ്റ് യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകുമ്പോൾ സ്വന്തമായുള്ളത് ഒരു ഏക്കർ 29 സെന്റ് ഭൂമിയാണ്. മൂന്ന് ഏക്കർ സ്ഥലം സരസ്വതി അമ്മ എന്ന വ്യക്തിയുടേതാണ്. ഈ വസ്തു 2013–ൽ സരസ്വതി അമ്മ മറ്റൊരു വ്യക്തിക്ക് വിൽപന ചെയ്തു. ഇത് ട്രസ്റ്റിന്റെ ഭൂമിയല്ലെന്ന് ഇതിൽ നിന്ന് വളരെ വ്യക്തമാണ്. ഇത് സംബന്ധിച്ച് സെനറ്റ് അംഗം ശ്രീ. ഹരിലാൽ രാജൻ ഒരു പരാതി യൂണിവേഴ്സിറ്റിക്ക് കൊടുത്തു. അതുസംബന്ധിച്ച് യൂണിവേഴ്സിറ്റി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. അതിൽ പറയുന്നത്; "............... The

property covered by the Sale Deed No. 2020/1983 of Sub Registrar Office, Punalur cannot be taken as belong to the Trust at a time of making application for affiliation. Because the Trust did not own or possess the property covered by the Sale Deed No. 2020/1983 and the Trust made wrong declaration in the application form regarding the property requirements prescribed for affiliation. The wrong or false declaration given in the application form for affiliation is a sufficient ground for revoking affiliation apart from the fact that the Trust did not satisfy the property requirement at the time of making application for affiliation......" എന്നാണ്. ഇദ്ദേഹം ഗുരുതരമായ തെറ്റ് ചെയ്തിരിക്കുന്നുവെന്നുള്ളതാണ് ഇവിടെ കണ്ടെത്തിയിട്ടുള്ളത്. തെറ്റായ രേഖകൾ കൊടുത്ത് അഫിലിയേഷൻ വാങ്ങിക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ അദ്ദേഹത്തിനിപ്പോൾ സെനറ്റ് മെമ്പറായിരിക്കാനുള്ള ഒരു യോഗ്യതയുമില്ല. അദ്ദേഹത്തെ ഇതുവരെയും സെനറ്റിൽ നിന്ന് നീക്കം ചെയ്യാൻ യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. സർവ്വകലാശാലയുടെ ബഹുമാന്യനായ വൈസ് ചാൻസലർ ഇതുസംബന്ധിച്ച പരാതി ചാൻസലർകൂടിയായ ഗവർണർക്ക് ഫോർവേഡ് ചെയ്തിരിക്കുകയാണ്. ഇവരുടെ അന്വേഷണത്തിൽ വെളിവാക്കപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച്, പി.വി.സി. നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾവച്ച് അദ്ദേഹത്തെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാന്യനായ ചാൻസലർക്ക് ഫോർവേഡ് ചെയ്തിരിക്കുകയാണ്. ഇത്തരത്തിലുള്ള ആളുകൾ നമ്മുടെ സെനറ്റിൽ വരുന്നത് ശരിയാണോ; ഈ സെനറ്റ് അംഗത്തെയാണ് സിൻഡിക്കേറ്റ് മെമ്പർമാരാക്കുന്നത്. നമ്മുടെ സർവ്വകലാശാലക

ളിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ഇത് വെളിപ്പെടുത്തുന്നത്.

ശ്രീ. ആർ. രാജേഷ്: സർ, ഇല്ലാത്ത ഭൂമിയുടെ പേരിൽ ബി.എഡ്. സെന്റ റിന് അഫിലിയേഷൻ നേടിയെടുത്ത ശ്രീ. ജ്യോതികുമാർ ചാമക്കാലയുടെ ഇടപെടലിന്റെ ഭാഗമായാണ് ഇപ്പോൾ സർവ്വകലാശാലയിലെ പത്ത് ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. അതിനുവേണ്ടി അദ്ദേഹ ത്തിന്റെ ഒരു അനുചരനാണ് ഹൈക്കോടതിയിൽ കേസിന് പോയിട്ടുള്ളത്. കേസിൽ സർവ്വകലാശാലയുടെ സ്റ്റാന്റിംഗ് കൗൺസലിനെപ്പോലും കോടതി യിലേയ്ക്ക് കൊണ്ടുപോകാനോ ഈ ബി.എഡ്. സെന്ററിനായി വാദിക്കാനോ തയ്യാറായിട്ടില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പത്ത് ബി.എഡ്. സെന്ററുകൾ ഇപ്പോൾ പൂട്ടുന്നതിന്റെ വക്കിലെത്തിയിരിക്കുകയാ ണെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സംബ ന്ധിച്ച് വലിയ ആക്ഷേപമാണ് ഉയർന്നുവന്നിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പത്ത് ബി.എഡ്. കോളേജുകളുടെ ഭാവി സംബന്ധിച്ച് വലിയ പ്രശ്നം ഉയർന്നുവന്നിരിക്കുകയാണ്. ഈ പത്ത് ബി.എഡ്. കോളേ ജുകളും നിലനിർത്തണം. കേരളത്തിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിട ത്തോളം അവർക്ക് കുറഞ്ഞ ഫീസിൽ ബി.എഡ്.ന് പഠിക്കാനുള്ള അവസര മാണ് ഈ സെന്ററുകൾ ഒരുക്കുന്നത്. അതുകൊണ്ട് ആ കാര്യത്തിൽ നടപടി യുണ്ടാവണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പംതന്നെ ഈ ബില്ലിലെ ഒരു പ്രധാനപ്പെട്ട കാര്യം, വളരെ സ്വീകാര്യമായ വസ്തുത എന്നു പറയുന്നത്, നിലവിൽ ഓരോ യൂണിവേഴ്സിറ്റിയിലും സംവരണം വ്യത്യസ്ത മായ നിലയിലാണുള്ളത്. അതെല്ലാംമാറ്റി എല്ലാ സർവ്വകലാശാലകളിലെയും

സംവരണപോസ്റ്റുകൾ നഷ്ടമാകാതിരിക്കാനുള്ള ഈ ബില്ലിലെ വ്യവസ്ഥ കളെ തീർച്ചയായും സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ സർവ്വകലാശാ ലകളുടെ പൊതുവായ സ്ഥിതിയെന്താണെന്ന് നമ്മൾ പരിശോധിക്കണം. കേരളത്തിൽ മെയിൻ സ്ട്രീമിലുള്ള ആറ് സർവ്വകലാശാലകളാണുള്ളത്. അതിലൊന്നാണ് കണ്ണൂർ യൂണിവേഴ്സ്റ്റി. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ സാങ്ഷൻഡ് പോസ്റ്റ് 80 ആണ്. അതിന്റെ പ്രസന്റ് സ്ട്രെങ്ത് 36 ആണ്, വെക്കന്റ് പോസ്റ്റ് 44 ആണ്. അവിടെ വർക്ക് ചെയ്യുന്ന കോൺട്രാക്ട് ഫാക്കൽറ്റി 100 ആണ്. സാങ്ഷൻഡ് പോസ്റ്റിനേക്കാൾ കൂടുതൽ ആളുകൾ കണ്ണൂർ സർവ്വകലാശാലയിൽ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സാങ്ഷൻഡ് പോസ്റ്റ് 233 ആണ്, പ്രസന്റ് സ്ട്രെങ്ത് 162, വേക്കന്റ് പോസ്റ്റ് 71, ഗസ്റ്റ് ഫാക്കൽറ്റി 33. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സാങ്ഷൻഡ് പോസ്റ്റ് 543, പ്രസന്റ് സ്ട്രെങ്ത് 248, വേക്കന്റ് പോസ്റ്റ് 295 എന്നിങ്ങനെയാണ്. എന്നുപറഞ്ഞാൽ, കൊച്ചിൻ യൂണിവേഴ്സിറ്റി പോലുള്ള കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മൾട്ടി കാമ്പസ് യൂണിവേസിറ്റിയിൽ 543 സാങ്ഷൺഡ് പോസ്റ്റിൽ 295-ഉം വേക്കന്റാണ്. അവിടെ കോൺട്രാക്ട് ബേസിസിൽ 238 ആളുകൾ ജോലി ചെയ്യുകയാണ്. കാലടി സംസ്കൃത യൂണിവേഴ്സിറ്റിയിൽ സാങ്ഷൻഡ് പോസ്റ്റ് 212 -ഉം പ്രസന്റ് സ്ട്രെങ്ത് 180-ഉം വേക്കന്റ് പോസ്റ്റ് 32-ഉം ആണ്. അവിടെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 200 ആണ്. എം.ജി.യൂണിവേഴ്സിറ്റിയിൽ 112-ൽ 20 പോസ്റ്റ് വേക്കന്റാണ്. കേരള യൂണിവേഴ്സിറ്റിയിലെ സാങ്ഷൻഡ് പോസ്റ്റ് 250 ആണ്. അതിൽ പ്രസന്റ് സ്ട്രെങ്ത് 170 ആണ്, 80 പോസ്റ്റ് വേക്കന്റാണ്.

ഈ യൂണിവേഴ്സിറ്റിയിൽ ഗസ്റ്റായി ചെയ്യുന്നവർ 120 ആണ്. കേരളത്തിലെ മെയിൻ സ്ട്രീമിലുള്ള ആറ് യൂണിവേഴ്സിറ്റികളിലെ ടീച്ചേഴ്സിന്റെ സാങ്ഷൻഡ് പോസ്റ്റ് 1430 ആണ്, പ്രസന്റ് സ്ട്രെങ്ത് 888 ആണ്. 548 പോസ്റ്റ് വേക്കന്റായിരിക്കുകയാണ്. 716 ആളുകൾ കേരളത്തിലെ മെയിൻ സ്ട്രീം യൂണിവേഴ്സിറ്റികളിൽ ഗസ്റ്റായി ജോലി നോക്കുകയാണ്. അക്കാദമി കമായ കാര്യങ്ങളെക്കുറിച്ചും അക്കാഡമിക് എക്സലൻസിനക്കുറിച്ചും നമ്മൾ ചർച്ച ചെയ്യുന്നു. എന്നാൽ ലോകത്തിലെ അറിയപ്പെടുന്ന 100 യൂണിവേഴ്സി റ്റികളിൽ നമുക്കൊരു യൂണിവേഴ്സിറ്റിയുണ്ടോ; ഇൻഡ്യയിലെ ഏറ്റവും പയനിയറായിട്ടുള്ള കോളേജുകളിൽ നമുക്കൊരു കോളേജുണ്ടോ; ഇതിന് നമ്മുടെ ഗവൺമെന്റ് കണ്ടെത്തിയ കുറുക്കുവഴി, ചില കോളേജുകൾക്ക് ഓട്ടോണമി കൊടുക്കുക എന്നുള്ളതാണ്. അതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാൻ പറ്റുമോ; നമ്മുടെ കോളേജുകളെ നിയന്ത്രിക്കുന്ന സർവ്വകലാ ശാലകളിൽ നല്ല ഫാക്കൽറ്റിയുടെ അഭാവമുണ്ടാകുമ്പോൾ അത് സർവ്വകലാ ശാലയുടെ പ്രവർത്തനത്തെയാണ് ബാധിക്കുന്നത്. അക്കാദമിക് രംഗം പരിപൂർണ്ണമായും നിയന്ത്രിക്കുന്നത് അദ്ധ്യാപകരാണ്. അവർക്ക് അതിൽ മേജർ റോളുണ്ട്. അതുകൊണ്ട് അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ അടി യന്തരമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഗവേഷണ രംഗ ത്തെക്കുറിച്ച് കഴിഞ്ഞദിവസം ചർച്ച ചെയ്തതാണ്. നമ്മുടെ സർവ്വകലാശാല കളുടെ ഗവേഷണ രംഗമെന്ന് പറയുന്നത് വളരെയധികം പരിതാപകരമാണ്. വിവര സാങ്കേതികവിദ്യയുടെ ഇക്കാലത്ത് അറിവിന്റെ പുനരുത്പാദനം നട ക്കേണ്ടത് നമ്മുടെ സർവ്വകലാശാലകളുടെ ഗവേഷണ കേന്ദ്രങ്ങളിലാണ്. ആ ഗവേഷണ പ്രവർത്തനങ്ങൾക്ക് അക്കാദമികപരമായ നേതൃത്വം കൊടു

ക്കേണ്ടത്, അക്കാദമികമായ സമ്പുഷ്ടത നൽകേണ്ടത് അവിടുത്തെ അദ്ധ്യാപകരാണ്. അവിടെ ആവശ്യമായ അദ്ധ്യാപകരുടെ എണ്ണത്തിൽ നാൽപത് ശതമാനം കുറവുണ്ടെങ്കിൽ എങ്ങനെയാണ് സർവ്വകലാശാലയിലെ ഗവേഷണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുക? അതുകൊണ്ട് ഈ രംഗത്ത് നാം പുറകോട്ട് പോകുന്ന നിലയുണ്ടാകും. വിദ്യാർത്ഥികളുടെ ഗവേഷണ പദ്ധതികൾക്ക് പ്രോജ്ജ്വലമായ പിൻബലം നൽകേണ്ടത് അദ്ധ്യാപകരാണ്. പിഎച്ച്.ഡി., എം.ഫിൽ. ഡിഗ്രികൾ ലഭിക്കുന്നത് ഗവേഷകരായ വിദ്യാർത്ഥികൾക്കാണ്. ഈ ഗവേഷക വിദ്യാർത്ഥികളാണ് നാളെ കോളേജ് അദ്ധ്യാപകരായി വരേണ്ടത്. അവരുടെ തീസിസ് രൂപീകരണംതന്നെ അവതാളത്തിലാണ്. പലർക്കും ആവശ്യത്തിന് ഗൈഡുകളെ ലഭിക്കാത്ത ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് നമ്മുടെ അദ്ധ്യാപകരുടെ ഒഴിവ് പരിഹരിക്കാൻ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയുടെ കാരണം പറഞ്ഞ് സർവ്വകലാശാലകളെ വരിഞ്ഞുമുറുക്കുന്ന ഒരു നിലപാട് സ്വീകരിക്കുകയാണ്. സർവ്വകലാശാലകൾക്ക് ആവശ്യമായ ഫണ്ട് നൽകാൻ നമ്മുടെ ഗവൺമെന്റ് തയ്യാറാകേണ്ടതായിട്ടുണ്ട്. ഫണ്ട് ഇല്ലെങ്കിൽ എങ്ങനെ സർവ്വകലാശാലകൾക്ക് പ്രവർത്തിക്കാൻ കഴിയും? നമ്മുടെ ടീച്ചീംഗ്, നോൺ ടീച്ചിംഗ് പോസ്റ്റുകളിൽ സംവരണം ഉറപ്പുവരുത്താനാണല്ലോ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ഇത് പറയുമ്പോൾ നമ്മുടെ സർവ്വകലാശാലകളുടെ സ്ഥിതിയെന്താണ്; 2009–ൽ എൽ.ഡി.എഫ്. സർക്കാർ സർവ്വകലാശാലകളിലെ നിയമനത്തിലെ അഴിമതി അവസാനിപ്പിക്കാൻ, അതിന് സുതാര്യത ഉറപ്പുവരുത്താൻ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചു. യു.ഡി.എഫ്.ന്റെ പ്രകടന പത്രികയിൽ ഇത്

ആവർത്തിച്ചു, പി.എസ്.സി.ക്ക് വിട്ടു. പക്ഷെ 2011–ൽ പി.എസ്.സി.ക്ക് വിട്ടെങ്കിലും എന്തുകൊണ്ട് ഈ കാര്യത്തിൽ തുടർനടപടി സ്വീകരിച്ചില്ല?

സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുമാത്രമല്ല, ഇവിടെ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്ത് ഓർഡിനൻസ് കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. അത് കൊണ്ടുവരാത്തതുകൊണ്ട് സ്പെഷ്യൽ റൂൾ അമെന്റ് ചെയിതിട്ടില്ല. ഇതിന്റെ ഭാഗമായി കഴിഞ്ഞ 3 വർഷക്കാലമായി സർവ്വകലാശാലകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം അവതാളത്തിലായിരിക്കുകയാണ്. ഒരു നിയമനവും നടക്കുന്നില്ല. നമ്മുടെ സർവ്വകലാശാലകളുടെ സ്ഥിതി പരിശോധിച്ചാൽ, 1600 പേരാണ് കേരള യൂണിവേഴ്സിറ്റിയിൽ വേണ്ടത്. അവിടെ 942 നോൺ ടീച്ചിംഗ് പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എം.ജി. യൂണിവേഴ്സിറ്റിയിൽ 1600 നോൺ ടീച്ചിംഗ് പോസ്റ്റ് വേണ്ടതിൽ 420 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി കേരളത്തിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റിയാണ്, ഏറ്റവും കൂടുതൽ അഫിലിയേറ്റഡ് കോളേജുകളുള്ളതും, കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതുമായ യൂണിവേഴ്സിറ്റിയാണിത്. വിദ്യാർത്ഥികൾക്ക് അവരുടെ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിനുവേണ്ടി മഴ കാത്തുനിൽക്കുന്ന വേഴാമ്പലിനെപ്പോലെ യൂണിവേഴ്സിറ്റിയുടെ മുന്നിൽ കാത്തുനിൽക്കണമെന്ന് കഴി ദിവസം ഇവിടെ നടന്ന ചർച്ചയിൽ പറയുന്നത് കേട്ടു. യൂണിവേഴ്സിറ്റിയിൽ കയറിയിറങ്ങി ചെരുപ്പ് തേയുന്ന അവസ്ഥയാണ്. സർട്ടിഫിക്കറ്റിനുവേണ്ടി രണ്ടും മൂന്നും വർഷങ്ങൾ കാത്തിരിക്കേണ്ടി വരികയാണ്. നമ്മൾ യൂണിവേഴ്സിറ്റിയെയും അവിടത്തെ ജീവന

ക്കാരെയും വിമർശിക്കുന്നു. എന്നാൽ 2000 നോൺ ടീച്ചിംഗ് സ്റ്റാഫുകൾ വേണ്ട സ്ഥാനത്ത് ഏകദേശം 25 ശതമാനം ഒഴിവുകളും നികത്തപ്പെടാതെ കിടക്കുകയാണ്. കുസാറ്റിൽ 846 നോൺ ടീച്ചിംഗ് സ്റ്റാഫുകൾ വേണ്ടിടത്ത് അതിൽ 240 എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. 340-ഓളം തസ്തികകളുള്ള കണ്ണൂർ യൂണിവേഴ്സിറ്റിയിലെ മൂന്നിലൊന്ന് തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. കേരളത്തിലെ ഈ മെയിൻ സ്ട്രീം യൂണിവേഴ്സിറ്റികളിൽ 2600 നോൺ ടീച്ചിംഗ് പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഇവിടെ നമ്മൾ പലപ്പോഴും സർവ്വകലാശാലകളെ വിമർശിക്കുമ്പോൾ, ഉദ്യോഗസ്ഥൻമാർ അവരുടെ ഉത്തരവാദിത്തം യഥാസമയം നിർവ്വഹിക്കുന്നില്ല എന്ന് പറയുമ്പോഴും ഈ സർവ്വകലാശാലകളിലെ 2600-ഓളം പോസ്റ്റുകൾ നികത്തുന്നതിനെ സംബന്ധിച്ച് സംസാരിക്കേണ്ടതുണ്ട്. പഴയതുപോലല്ല, ഇപ്പോൾ കേരളത്തിൽ യൂണിവേഴ്സിറ്റികൾ വർദ്ധിച്ചു. കോളേജുകളുടെ എണ്ണം എത്രയാണ്? ഇപ്പോൾ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 250-ഓളം കോളേജുകളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 500-നടുത്തും എം.ജി. യൂണിവേഴ്സിറ്റിയിൽ 450 കോളേജുകളുമാണുള്ളത്. ഈ കോളേജുകളിലെ വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സുകൾ, അതിന്റെ പരീക്ഷ, മറ്റു കാര്യങ്ങളൊക്കെ ചെയ്യണമെങ്കിൽ പഴയ സ്റ്റാഫ് സ്ട്രെങ്ത്ത് കൊണ്ട് കഴിയില്ല. പക്ഷേ ആ സ്റ്റാഫ് സ്ട്രെങ്ത്തിലാണ് ഇപ്പോൾ 2600 പോസ്റ്റ് ഒഴിഞ്ഞുകിടക്കുന്നത്. അപ്പോൾ സംവരണം കൊണ്ടുവന്നതുകൊണ്ടുമാത്രം കാര്യമുണ്ടോ; പി.എസ്.സി.-ക്ക് വിട്ടതുകൊണ്ടുമാത്രം കാര്യമില്ല. പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞാൽ അതിനനുസൃത

മായിട്ടുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതാണ്. അതുകൊണ്ട് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കേരളം തൊഴിലില്ലായ്മ രൂക്ഷമായ ഒരു സംസ്ഥാനമാണ്. ഇന്ന് ഗവൺമെന്റ് ജോലിക്ക് വലിയ ഗ്ലാമറുള്ളൊരു നാടാണ് നമ്മുടെ കേരളം. വൻകിട വ്യവസായങ്ങളും മെഗാ പ്രോജക്ടുകളും കേരളത്തിലില്ല. മാനുഫാക്ച്ചറിംഗ് സെക്ടർ കേരളത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. അതുകൊണ്ട് 2600 പോസ്റ്റുകൾ എന്നുപറഞ്ഞാൽ അത് ചെറുതല്ല. പി.എസ്.സി.-ക്ക് വിട്ട 2600 പോസ്റ്റുകളിൽ എത്രയും വേഗം നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തീർച്ചയായും ഈ കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഇ ചന്ദ്രശേഖരൻ: സർ, ഞാൻ എന്റെ വിയോജനം രേഖപ്പെടുത്തുന്നു. ഇവിടെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നേരത്തെയുണ്ടായിരുന്ന നിർദ്ദേശത്തിൽനിന്നും വ്യത്യസ്തമായി മുഴുവൻ സർവ്വകലാശാലകളിലും സംവരണം കൊണ്ടുവരാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ സെനറ്റിലേക്കുള്ള അംഗങ്ങളുടെ എണ്ണത്തെ സംബന്ധിച്ച്, നേരത്തെ ബി.റ്റി, ഐ.റ്റി വിഭാഗത്തിൽപ്പെട്ടിട്ടുള്ള 4 വിദഗ്ധരായ ആളുകൾ വേണമെന്ന് പറയുന്നിടത്ത്, 6-ൽ അധികരിക്കാത്ത

എന്ന പ്രയോഗത്തോടുകൂടി, ഈ 6 പേർ ആരായിരിക്കണമെന്ന വ്യവസ്ഥ ചെയ്യാത്ത വിധമായിത്തീർന്നിരിക്കുന്നു എന്നതൊരു കാര്യമാണ്. സെനറ്റിലെ അംഗസംഖ്യ സംബന്ധിച്ച് നിശ്ചിതമായ എണ്ണത്തെ പരാമർശിക്കുന്നതിന് എന്താണ് കുഴപ്പം? നാലെങ്കിൽ നാല്, അഞ്ചെങ്കിൽ അഞ്ച്, ആറെങ്കിൽ ആറ് എന്ന രീതിയിൽ പറയാതെ, ആറിൽ അധികരിക്കാത്ത എന്ന പ്രയോഗത്തെ അംഗീകരിക്കാൻ കഴിയില്ല. അതുപോലെതന്നെ, ആക്ടിലെ സെക്ഷൻ 18 (3)-ന്റെ ക്ലിപ്ത നിബന്ധനയനുസരിച്ച്, "സെനറ്റിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട മറ്റ് അംഗങ്ങൾക്ക് നിലവിലുള്ള 4 വർഷക്കാലാവധിക്കുപകരം ചാൻസലർക്കോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളം കാലം" എന്ന പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യപരമായ എല്ലാ അവകാശങ്ങളെയും നിഷേധിക്കുന്ന രീതിയിൽ ഗവൺമെന്റ് നിലപാട് സ്വീകരിക്കുന്നു എന്ന് വേണം കാണാൻ. സർക്കാരിനോ ചാൻസലർക്കോ ഇഷ്ടമില്ല എന്നതിന്റെ അടിസ്ഥാനത്തിൽ, തെരഞ്ഞെടുക്കപ്പെട്ടവരുടെ കാലാവധി പൂർത്തീകരിക്കാൻ അവസരം നൽകാതെ അവരെ മാറ്റിനിർത്താനുള്ള തീരുമാനമെടുത്തത് കോഴിക്കോട് സർവ്വകലാശാലയിൽ കണ്ടതാണ്. സ്വാഭാവികമായി എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഇത്തരം കാര്യങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുമ്പോൾ, ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിതന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയാണുള്ളതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള പ്രധാനപ്പെട്ട കാര്യം. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, വെസ് ചാൻസ്‌ലർമാരുടെ നിയമനത്തെ സംബന്ധിച്ച് സർക്കാർതന്നെ അടുത്തകാലത്ത് പറഞ്ഞിട്ടുള്ളത്, കേര

ളത്തിലെ വി.സി.മാരിൽ മൂന്ന് പേർക്കുമാത്രമേ അതിന് വേണ്ടുന്ന എല്ലാ തരത്തിലുമുള്ള യോഗ്യതയുള്ളൂ എന്നാണ്. എന്ന് പറഞ്ഞാൽ മറ്റ് വി.സി.മാർ വേണ്ടത്ര അർഹതയില്ലാത്തവരോ യോഗ്യതയില്ലാത്തവരോ ആണെന്നും അവർക്ക് പ്രത്യേക പരിഗണന നൽകി അവർക്ക് സ്ഥാനലബ്ധി ഉണ്ടായി എന്നുമല്ലേ അനുമാനിക്കേണ്ടത്? അതുപോലെതന്നെയാണ് മറ്റ് വിവിധങ്ങളായ രീതിയിൽ ആളുകളെ അധികാരത്തിലേക്ക് കൊണ്ടു വരുന്നതിന്, അല്ലെങ്കിൽ അവരുടെ കയ്യിലേക്ക് അധികാരം എത്തിക്കുന്നതിനുവേണ്ടി ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. യൂണിവേഴ്സിറ്റികളിലെ പരീക്ഷാ നടത്തിപ്പും, ഫലപ്രഖ്യാപനവും, ബിരുദ സർട്ടിഫിക്കറ്റ് വിതരണവുമെല്ലാം പരിശോധിച്ചാൽ ഇവിടെ നേരത്തെ ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ചതുപോലെ ജീവനക്കാരുടെ കുറവ് ഒരു പ്രധാനപ്പെട്ട വിഷയമാണ്. എല്ലാ സർവ്വകലാശാലകളിലുമായി നിലവിലുള്ള 2000-ൽ പരം വരുന്ന ഒഴിവുകൾ നികത്തുന്നതിനാവശ്യമായ സംവിധാനമുണ്ടാകണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇത്രയും ഒഴിവുകൾ നികത്തുമ്പോൾ, അദ്ധ്യാപക-അനദ്ധ്യാപകൻമാരുടെ കാര്യത്തിൽ സംവരണം ഏർപ്പെടുത്താനുള്ള തീരുമാനംകൂടി നടപ്പാക്കിക്കഴിഞ്ഞാൽ തീർച്ചയായും അതിന്റെ ആനുപാതികമായി സംവരണ ആനുകൂല്യങ്ങൾ ലഭിക്കേണ്ട വിഭാഗങ്ങൾക്ക് അത് ലഭിക്കാൻ കൂടി സാഹചര്യമുണ്ടാകുമെന്നുള്ളത് വളരെ നല്ല കാര്യമാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലേയ്ക്ക്, വിവിധ സർവ്വകലാശാലകളിലേയ്ക്ക് ഉന്നത പഠനത്തിന്, ബിരുദാനന്തര ബിരുദത്തിനും ഗവേഷണത്തിനുമൊക്കെ പോകുന്ന വിദ്യാർത്ഥികളുണ്ട്. മറ്റുസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വന്ന് തുടർപഠനം നടത്താൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ,

കർണ്ണാടകത്തിലെ ബാംഗ്ലൂർ യൂണിവേഴ്സിറ്റി ആയാലും തമിഴ്നാട്ടിലെ പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയോ മറ്റ് ഏത് യൂണിവേഴ്സിറ്റിയോ ആയാലും അവിടങ്ങളിൽ പഠനം നടത്തിയിട്ടുള്ള വിദ്യാർത്ഥികൾ പരീക്ഷ കഴിഞ്ഞ് ഫല പ്രഖ്യാപനം വന്ന് അവരുടെ ബിരുദ സർട്ടിഫിക്കറ്റുകൾ ലഭിച്ചതിനുശേഷ മാണ് ഉന്നത പഠനത്തിന് വേണ്ടിവരുന്നത്. കേരളത്തിലെ മെയിൻ സ്ട്രീമിലുള്ള 6 സർവ്വകലാശാലകളുടെ കാര്യം ഇവിടെ പറഞ്ഞു. ഇവയിൽ ഏതെല്ലാം സർവ്വകലാശാലകളിലാണ് പി.ജി. കോഴ്സുകളിലെ പരീക്ഷ നട ത്തിക്കഴിഞ്ഞത്; ഇപ്പോഴും പരീക്ഷ നടക്കാത്ത എത്ര സർവ്വകലാശാലകൾ ഉണ്ട്; തിയറി പരീക്ഷ നടത്തി പ്രാക്ടിക്കൽ പരീക്ഷ നടത്താതെ എത്ര സർവ്വ കലാശാലകൾ ബാക്കി നിൽക്കുന്നു?

കേരളത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാർത്ഥത്തിൽ ഒരു വർഷം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ പി.ജി. പഠനത്തിനു ശേഷം തുടർപഠനത്തിനോ ഗവേഷണാവശ്യങ്ങൾക്ക് പോകണമെങ്കിൽ അവ രുടെ ബിരുദ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നില്ല. എന്നാൽ കേരളത്തിൽനിന്ന് അന്യ സംസ്ഥാനങ്ങളിൽപോയി പഠിച്ച് യഥാസമയം പരീക്ഷ നടത്തി ഫലപ്ര ഖ്യാപനം കഴിഞ്ഞ് സർട്ടിഫിക്കറ്റുമായി വരുന്ന വിദ്യാർത്ഥികൾക്കുമുന്നിൽ തീർച്ചയായും കേരളത്തിലെ സർവ്വകലാശാലകൾ ഒരു നോക്കുകുത്തിപോലെ നിലനിൽക്കുന്നുവെന്നത് ചൂണ്ടിക്കാണിക്കുകയാണ്. സർവ്വകലാശാലകളുടെ പിടിപ്പുകേടും കെടുകാര്യസ്ഥതയും, നേതൃത്വപരമായ ചുമതല വഹിക്കേണ്ട വൈസ് ചാൻസലർമാരെക്കുറിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായവുമെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നുവെന്നുവേണം കാണാൻ.

ശ്രീ. ജി. സുധാകരൻ: യൂണിവേഴ്സിറ്റി അധികാരികളുടെ ഉത്തരവാദിത്വത്തെപ്പറ്റി പറഞ്ഞകൂട്ടത്തിൽ, കേരള യൂണിവേഴ്സിറ്റിയിലെ ഒരു സിൻഡിക്കേറ്റ് മെമ്പറായ ജ്യോതികുമാർ ചാമക്കാല എന്നൊരാൾ അനധികൃതമായി സെനറ്റിൽ കടന്നുകൂടുകയും രേഖകളിൽ കൃത്രിമം കാണിച്ച് യോഗ്യതയില്ലാത്ത ഒരു കോളേജിന് യോഗ്യതയുണ്ടെന്ന് വരുത്തി, നിയമപ്രകാരം സ്വന്തമായി സ്ഥലമില്ലാതിരുന്നിട്ടും വല്ലവരുടെയും സ്ഥലം രേഖയിൽ കാണിച്ച് അംഗീകാരം നേടുകയും ചെയ്തതിനെപ്പറ്റി പരാതി ലഭിച്ചപ്പോൾ, അവിടത്തെ പ്രോ വൈസ്ചാൻസലർ അന്വേഷിച്ച് പരാതി ശരിയാണെന്ന് കണ്ടെത്തുകയും ചെയ്തതിനുശേഷവും അദ്ദേഹത്തെ സെനറ്റിൽനിന്നും ഇനി നടക്കാൻ പോകുന്ന സിൻഡിക്കേറ്റ് ഇലക്ഷനിൽനിന്നും തടയാതെ അധികാരത്തിൽ തുടരാൻ അനുവച്ചിരിക്കുകയാണ്. ഇദ്ദേഹത്തെ വിമർശിച്ചുവെന്നതിന്റെ പേരിൽ ഇരുപതുവർഷക്കാലം സിൻഡിക്കേറ്റ് മെമ്പറായിരുന്ന, നാൽപ്പത് വർഷത്തോളമായി സെനറ്റ് മെമ്പറായി തുടരുന്ന ലോ അക്കാഡമിയിലെ ഡോ. നാരായണൻ നായർ സാറിനെ ഫോണിൽ വിളിച്ച് നികൃഷ്ടമായ രീതിയിൽ ചീത്ത പറഞ്ഞു. ഇതേത്തുടർന്ന് അദ്ദേഹം വേദനയോടെ മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും പന്ത്രണ്ട് വർഷം ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചതുകൊണ്ട് എനിക്കും പരാതി നൽകുകയും ഞാൻ അത് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെയുള്ള ക്രിമിനലുകളെ, രേഖ തിരുത്തുന്നവരെ മഹത്തായ കേരള സർവ്വകലാശാലയുടെ സമിതികളിൽ അർഹതയില്ലാതെ കടന്നുവന്നിട്ടും അത് പരിശോധിച്ച് തിരുത്താതിരിക്കുന്ന ഈ സാഹചര്യം എത്ര കൂടുതൽ കുഴപ്പങ്ങളിലേയ്ക്കാണ് സർവ്വകലാശാലകളെ കൊണ്ടുപോകുന്നത്. അങ്ങ് സർവ്വകലാശാലകളെപ്പറ്റി ഇവിടെ പറയുന്ന കാര്യങ്ങൾക്ക് ആരാണ് പരിഹാരം കാണുക?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് പരാമർശിക്കുകയുണ്ടായി. സർവ്വകലാശാലയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കെടുകാര്യസ്ഥതയും കൊള്ളരുതായ്മയുമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിന്റെ ശക്തി എത്രമാത്രമാണ്, അല്ലെങ്കിൽ ഏതെല്ലാം രംഗങ്ങളിലാണ് ഇത് നിലനിൽക്കുന്നത് എന്നതിന്റെ സൂചനയാണ് തീർച്ചയായും ശ്രീ. ജി. സുധാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ജ്യോതികുമാർ ഒരു ബി.എഡ്. കോളേജിന്റെ മാനേജർ എന്ന നിലയിലാണ് സെനറ്റിലേയ്ക്ക് കടന്നുവന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ കടന്നുവന്ന സെനറ്റ് അംഗം സിൻഡിക്കേറ്റ് അംഗമാവുകയും ചെയ്തു. തീർച്ചയായും അദ്ദേഹത്തിനുള്ള രാഷ്ട്രീയ സ്വാധീനമൊക്കെ അതിന് പ്രധാന ഘടകമായിരിക്കാം. എന്നാൽ അതുസംബന്ധിച്ച് ഒരു പരാതി ഉയർന്നുവന്നപ്പോൾ ആ പരാതിയെ സംബന്ധിച്ച് അന്വേഷിക്കുകയും അദ്ദേഹം സെനറ്റ് മെമ്പറായ രീതി ശരിയല്ലെന്ന് സംശയാതീതമായി അന്വേഷണ ഏജൻസി റിപ്പോർട്ട് നൽകുകയും ചെയ്തതിനുശേഷവും ബന്ധപ്പെട്ട അധികാരികൾ ആ പ്രശ്നത്തെ അർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുന്നില്ലെന്നുവേണം കരുതാൻ. ഒരു ട്രസ്റ്റിന്റെ പേരിൽ ഇല്ലാത്ത നാലേക്കർ ഭൂമി ഉണ്ടെന്ന് കാണിച്ചുകൊണ്ടാണ് ബി.എഡ് കോളേജ് നിലനിർത്തിയത്.  അദ്ദേഹം കെ.പി.സി.സി. സെക്രട്ടറിയാണെന്നാണ് മറ്റൊരു പത്രത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. "ഭൂമി തട്ടിപ്പ് ; കെ.പി.സി.സി. സെക്രട്ടറിയെ സെനറ്റിൽനിന്നും പുറത്താക്കണമെന്ന് ഗവർണ്ണറോട് സർവ്വകലാശാല" എന്നൊരു വാർത്തകൂടി വന്നതായി കണ്ടു. അതിലൊരു പ്രധാനപ്പെട്ട വിഷയം, ഇദ്ദേഹം അനർഹമായിട്ടാണ് ഈ സ്ഥാനം നേടിയതെന്നപരാ

മർശം ഉയർന്നുവരികയും അന്വേഷിച്ച് വിശദാംശങ്ങൾ ബോദ്ധ്യപ്പെട്ട തിന്റെയും അടിസ്ഥാനത്തിൽ "...........The Trust played a fraud and the University itself is sufficient to revoke the affiliation already granted on false claim made by the Trust........." എന്ന് ആ അന്വേഷണ റിപ്പോർട്ടിൽ പ്രത്യേക മായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടതിന്റെ അടി സ്ഥാനത്തിലുള്ള പി.വി.സി.യുടെ അന്വേഷണ റിപ്പോർട്ടാണിത്. അതുകൂ ടാതെ, അതിലെ ഓരോ വിഷയങ്ങളും ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നീ ക്രമത്തിൽ പരിശോധിച്ചാൽ, അതിൽ അഞ്ചാമതായി പറയുന്നു, "...........the three acres of land wrongly shown as belonging to the Trust in the application form for the affiliation, belonged to Smt. B. Saraswathi Amma who let a sold property to a third party on May 2013; which is self evident that the Trust did not have any title or interest over the property belong to Smt. B. Saraswathi Amma". അതിൽ അവസാന ഭാഗത്ത് പറയുന്നത് "...........In these circumstances, it is indisputable that the College run by the Trust was not eligible for affiliation and the affiliation granted was due to mistake or inadvertence. Consequently Shri. Jyothi Kumar becomes ineligible to Hold the membership of the Senate and the Syndicate........" എന്നാണ്. ഈ സാഹചര്യത്തിൽ സ്വാഭാവികമായി അദ്ദേഹത്തെ ഒഴിവാക്കു ന്നതിനും അദ്ദേഹത്തിന്റെ പേരിൽ ക്രിമിനൽ കേസ് എടുത്ത് തുടർനടപടി കൾ സ്വീകരിക്കുവാനുമുള്ള എല്ലാവിധ തെളിവുകളുമാണ് അന്വേഷണ ഏജൻസി മുന്നോട്ടുവച്ചിരിക്കുന്നത്. ഇതെല്ലാമായിട്ടും അദ്ദേഹം അധികാര ത്തിൽ തുടരുകയാണ്. മാത്രമല്ല, ഉന്നതവിദ്യാഭ്യാസ രംഗത്തെ കാര്യങ്ങൾ പരിശോധിച്ചാൽ അവിടെ ഇപ്പോൾ നിലനിൽക്കുന്ന സ്ഥിതിയെക്കുറിച്ച്

എത്രയോ കാര്യങ്ങൾപറയാൻ കഴിയും. ഞാൻ അക്കാര്യങ്ങളൊന്നും വിശദമായി പറയുന്നില്ല. പരീക്ഷാ നടത്തിപ്പിലും പരീക്ഷാഫലം പ്രസിദ്ധികരിക്കുന്നതിലും ബിരുദ സർട്ടിഫിക്കറ്റ് നൽകാനെടുക്കുന്നതിലുമുള്ള കാലതാമസവുമാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. രണ്ട് വർഷത്തിനുശേഷവും ബിരുദ സർട്ടിഫിക്കറ്റുകൾ ലഭിക്കാത്ത ആളുകളുണ്ട്. അവർ എവിടെപ്പോകും? വിദേശത്ത് പോകാനോ പഠനത്തിനായി അന്യ സംസ്ഥാനങ്ങളിൽ പോകാനോ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇത് സംബന്ധിച്ച് അടുക്കും ചിട്ടയോടും കൂടി ഒരു നടപടി സ്വീകരിക്കാൻ കഴിയാത്തത് ജീവനക്കാരുടെ കുറവ് കൊണ്ടാണെങ്കിൽ ജീവനക്കാരെ നിയമിക്കുവാനുള്ള നടപടി തീർച്ചയായും സർക്കാർ സ്വീകരിച്ചേ മതിയാവൂ. അതിന്റെ മാത്രം കുറവാണെന്ന് തോന്നുന്നില്ല. അതുപോലെതന്നെ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച ചെയ്തപ്പോൾ, ഏതാനും ദിവസങ്ങൾക്കകം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട 12 കോളേജുകളിലെ മാനേജ്മെന്റ് പ്രതിനിധികളുമായി ചർച്ച നടത്തുമെന്നും അതിനുശേഷം തീരുമാനമുണ്ടാകുമെന്നുമാണ് പറഞ്ഞത്. ജൂലൈ 27-ാം തീയതി അവിടെ സെക്കന്റ് അലോട്ട്മെന്റ് നടത്താൻ പോവുകയാണ്. ഇനി എപ്പോഴാണ് ചർച്ച നടത്തുക? രണ്ടുദിവസം കഴിയുമ്പോൾ നിയമസഭാ പിരിയാൻ പോവുകയാണ്. സഭാതലത്തിൽ ഇത്തരം വിഷയങ്ങൾ ഉയർന്നുവരികയും ചർച്ചചെയ്യുകയും വാദപ്രതിവാദങ്ങൾ നടക്കുകയും ചെയ്തിട്ടുപോലും ഈ വിഷയത്തിന് അർഹിക്കുന്ന ഗൗരവം നൽകാൻ ബന്ധപ്പെട്ട വകുപ്പും മന്ത്രിയും ഗവൺമെന്റും സന്നദ്ധമായില്ല എന്നുള്ളതൊരു വസ്തുതയല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ. ആരോഗ്യ സർവ്വകലാശാലയെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പറഞ്ഞത്. തീർച്ചയായും അത് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിഷയമല്ലെന്നറിയാം. സർവ്വകലാശാലകൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ സർവ്വകലാശാല, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വെറ്ററിനറി സർവ്വകലാശാല എന്നിവയും വന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ ആയുർവ്വേദ സർവ്വകലാശാല വരാൻ പോകുകയാണ്. കലാമണ്ഡലമെന്നത് ഒരു ഡീംഡ് സർവ്വകലാശാലയാണ്. ഇത്തരത്തിൽ പല സർവ്വകലാശാലകളും ആരംഭിക്കുമ്പോൾ അതൊക്കെ നിയമത്തിനും അതിന്റെ അന്തഃസത്തക്കും അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാനുള്ള സംവിധാനമില്ല. ഒരു ഡീംഡ് സർവ്വകലാശാലയായ കേരള കലാമണ്ഡലത്തിന് ഒരുകാരണവശാലും ബ്രാഞ്ചുകളോ മറ്റ് സ്ഥാപനങ്ങളോ ഉണ്ടാവാൻ പാടില്ലാത്തതാണ്. എന്നാലിപ്പോൾ, കലാമണ്ഡലത്തിന് കോട്ടയത്ത് ബ്രാഞ്ച് ആരംഭിക്കാൻ പോവുകയാണ്. മാത്രമല്ല, മുഖ്യമന്ത്രിയാണ് അത് ഉദ്ഘാടനം ചെയ്യാൻ പോകുന്നത്. ഏത് നിയമപ്രകാരമാണ് കേരള കലാമണ്ഡലത്തിന് ഇങ്ങനെയൊരു ബ്രാഞ്ച് ആരംഭിക്കുന്നത്? അപ്പോൾ ഓരോ രാഷ്ട്രീയ പാർട്ടികളുടെയും താൽപ്പര്യമനുസരിച്ച് രാജ്യത്ത് ആരംഭിക്കുന്ന സർവ്വകലാശാലകൾ, അത് ഡീംഡ് സർവ്വകലാശാലയായാലും മറ്റേതൊരു സർവ്വകലാശാലയായാലും അവയ്ക്ക് എന്തും ചെയ്യാമെന്നൊരു സ്ഥിതിവിശേഷം ഉണ്ടാവുകയാണ്. മാത്രമല്ല, കേരള കലാമണ്ഡലത്തിന്റെ വി.സി. തൽസ്ഥാനത്തുനിന്നും മാറിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ യാതൊരു യോഗ്യതയുമില്ലാത്ത ഒരാളെ അവിടെ പകരം വച്ചിരിക്കുകയാണ്. അയാളെ മാറ്റാൻ സംവിധാനമില്ല. സംസ്ഥാനത്ത് എല്ലാ സ്ഥലത്തും നിയമവിരുദ്ധമായി

ബ്രാഞ്ചുകൾ ആരംഭിക്കുകയാണ്. ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? സർവ്വകലാശാലകൾ എന്ന പേരിൽ നാട്ടിൽ ആരംഭിച്ചിരിക്കുന്ന പല സ്ഥാപനങ്ങളെയും, അതിന്റെ അന്ത:സത്ത ഉൾക്കൊള്ളാതെ ഓരോ നേതൃത്വവും അവർക്ക് ഇഷ്ടപ്പെട്ടതുപോലെ മുന്നോട്ടുകൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ശ്രീ. വി. എസ്. സുനിൽകുമാർ ഇവിടെ ഉന്നയിച്ച വിഷയം വളരെ ഭീകരമാണ്. കാരണം, ആറ് മാസത്തെ ഒരു കോഴ്സ് പഠിക്കുന്ന കുട്ടികൾക്ക് അവരുടെ പേരിനോടൊപ്പം കലാമണ്ഡലമെന്ന പേര് ചേർക്കാനുള്ള അധികാരംകൂടി കൊടുക്കുകയാണ്. അപ്പോൾ നിരവധി വർഷങ്ങളായി കഷ്ടപ്പെട്ട് വിദ്യ അഭ്യസിച്ചിട്ടുള്ള ആളുകൾക്ക് തുല്യമായി ആറ് മാസം വെറുതെ ആസ്വാദന കോഴ്സിന് പോയാൽ കലാമണ്ഡം ഗോപാലൻ, കലാമണ്ഡലം സരസ്വതി എന്നൊക്കെ ചേർക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ പറഞ്ഞതുപോലെ, ഡീംഡ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റികൾ കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തിയാൽ പതിനാല്-പതിനഞ്ചെണ്ണം വരുമെന്നാണ് തോന്നുന്നത്. ഇതുപോലെ പ്രത്യേകമായി, വളരെ ചുരുങ്ങിയ കാലയളവിൽ ഒരു കോഴ്സിൽ ചേരാനും അതുകഴിഞ്ഞാൽ അവർക്ക് വലിയ അംഗീകാരം ലഭിക്കുന്നവിധത്തിൽ അത് പ്രചരിപ്പിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതുണ്ട് എന്നുതന്നെയാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ആർ ആന്റ് ഡി.-യുടെ കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ സർവ്വകലാശാലകൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ആർ ആന്റ് ഡി. രംഗത്തെ സ്ഥിതിയെന്താണ് എന്നത് സംബന്ധിച്ച്

ധാരാളം തവണ ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണ്. നമുക്ക് ഇതുകൊണ്ട് പുതിയ നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിയാത്ത സാഹചര്യത്തിലും ഒന്നിനുപുറകെ ഒന്നായി വിവിധങ്ങളായ മേഖലകൾക്ക് പ്രത്യേകം സർവ്വകലാശാലകളെക്കുറിച്ചുള്ള ആലോചന നമ്മൾ നടത്താറുണ്ട്. മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കാര്യം ഇവിടെ പറഞ്ഞു. ആ വിഷയത്തിലും ഈ യൂണിവേഴ്സിറ്റികളെല്ലാം പ്രത്യേകമായി ഉണ്ടാക്കിയപ്പോഴും അതിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള ആളുകളുടെ സെലക്ഷന്റെ കാര്യത്തിൽ സ്വാശ്രയ കോളേജുകൾ എന്ന രീതിയിൽ വരുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ളതിന്റെ കാര്യത്തിൽ എന്തുകൊണ്ട് ഗവൺമെന്റിന് നിശ്ചയമായും നിർബന്ധപൂർവ്വമായ ഒരു നടപടി സ്വീകരിക്കാൻ കഴിയുന്നില്ല എന്നത് വ്യക്തമാക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് സർവ്വകലാശാല ഭേദഗതികളും മറ്റും കൊണ്ടുവരുമ്പോൾ അത് ഈ സമൂഹത്തിന്റെ താൽപ്പര്യമായിരിക്കണം, നമ്മുടെ രാജ്യത്തിന്റെ ഭാവിക്കുതകുന്നവിധത്തിലായിരിക്കണം. അതുകൊണ്ടുള്ള നേട്ടങ്ങൾ തീർച്ചയായും ഈ സമൂഹത്തിന് ലഭ്യമാക്കണം. മറിച്ച്, ഏതെങ്കിലും സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും കക്ഷികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ആളുകളെ ഉൾപ്പെടുത്താനും ആളുകളെ സെനറ്റിലും സിൻഡിക്കേറ്റിലും കൊണ്ടുവരാനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള സങ്കുചിതമായ കാഴ്ചപ്പാടിലും വീക്ഷണത്തിലും ഇക്കാര്യങ്ങൾ കൊണ്ടുപോകരുതെന്നുള്ളതാണ് ഇതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്. ഓട്ടോണമി നടപ്പാക്കാൻ പോകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ഒരു ബിൽ വരുമെന്നുള്ളതുകൊണ്ട് ഞാൻ ഇപ്പോൾ അതിനെക്കുറിച്ച് പറയുന്നില്ല. തീർച്ചയായും ഈ സാഹചര്യത്തിൽ ഈ ബില്ലുമായി

ബന്ധപ്പെട്ട അതിലെ സ്വാഗതാർഹമായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം ചില വിഷയങ്ങളിലുള്ള വിയോജിപ്പുകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്. 3 ഭേദഗതികളാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ട് വന്നിട്ടുള്ളത്. അതിലൊന്നിനോട് എല്ലാവരും യോജിക്കും. ഒരു സർവ്വകലാശാലയിൽ മാത്രം അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ഒരു യൂണിറ്റാക്കി റിസർവ്വേഷൻ പാലിക്കണമെന്നുള്ള നിയമഭേദഗതിയായിരുന്നു ഉദ്ദേശിച്ചുകൊണ്ടുവന്നിരുന്നത്. ഞങ്ങളുടെ ഭാഗത്തുനിന്ന് എല്ലാ സർവ്വകലാശാലകൾക്കും അത് ബാധകമാക്കണമെന്ന നിർദ്ദേശം വന്നതിനെത്തുടർന്ന് എല്ലാ സർവ്വകലാശാലകൾക്കും അത് ബാധകമാക്കിക്കൊണ്ട് സർക്കാർ ബില്ല് കൊണ്ടുവരാൻവേണ്ടി, ഭേദഗതി കൊണ്ടുവരാൻവേണ്ടി മുന്നോട്ടുവന്നു. ഞാൻ അതിന് ബഹുമാന്യനായ മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. അഭിനന്ദിക്കുന്നതോടൊപ്പംതന്നെ അങ്ങയെ അഭിനന്ദിക്കാതിരിക്കുവാനുള്ള രണ്ട് ഭേദഗതികൾ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഒരു ഭേദഗതി നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, 'not more than six members nominated by the Government from the field of Higher Education.' നോമിനേഷൻ എന്നുപറയുന്നത്, സർവ്വകലാശാലകളിൽ നമ്മൾ എന്തിനാണ് കൊണ്ടുവന്നത്? സെനറ്റുകളിലും സിൻഡിക്കേറ്റുകളിലും നാമനിർദ്ദേശം ചെയ്യുക എന്നുള്ള ഒരു പുതിയ കീഴ്വഴക്കം നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുന്നത് തെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട്

വരുന്ന ആളുകൾ കോംപീറ്റന്റായിട്ടുള്ള ആളുകളാകില്ല. അവർ ബന്ധപ്പെട്ട മേഖലയിലെ എക്സ്പെർട്ട്സ് ആകാതിരിക്കാനും സാദ്ധ്യതയുണ്ട്. അത്തര മൊരു സാഹചര്യത്തിൽ സർവ്വകലാശാലകളുടെ ഭരണസമിതികൾ അങ്ങനെ യുള്ള എക്സ്പെർട്ടുകളുടെ അഭാവംകൊണ്ട് മോശപ്പെട്ട ഒരു അവസ്ഥയി ലേയ്ക്ക് പോകാൻ പാടില്ല എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് തെരഞ്ഞെ ടുപ്പിലൂടെ സെനറ്റ്-സിൻഡിക്കേറ്റുകളിലേയ്ക്ക് ആളുകൾ വരിക എന്നുള്ള തിന്റെ കൂടെത്തന്നെ നാമനിർദ്ദേശത്തിലൂടെ ആളുകളെ കൊണ്ടുവരിക എന്നുള്ള പൊതുഅഭിപ്രായം നമ്മുടെ സംസ്ഥാനത്ത് സ്വീകരിക്കപ്പെട്ടത്. യു. ഡി.എഫ്. ഗവൺമെന്റാണ് അത്തരത്തിലുള്ള ഒരു സംവിധാനം ആരംഭിക്കു ന്നത്. ഹയർ എഡ്യൂക്കേഷൻ മേഖലയിൽ നിന്നുള്ളവരാണ് സാധാരണഗതി യിൽ സർവ്വകലാശാലകളിൽ സെനറ്റ്-സിൻഡിക്കേറ്റുകളിലേയ്ക്ക് തെരഞ്ഞെ ടുപ്പിലൂടെ രംഗത്ത് വരാറുള്ളത്, തെരഞ്ഞെടുക്കപ്പെട്ട് വരാറുള്ളത്. കോളേ ജിലെ പ്രൊഫസർമാർ, പ്രിൻസിപ്പൽമാർ, ഏറ്റവും പ്രാമാണികരായിട്ടുള്ള അദ്ധ്യാപകന്മാർ, ഹയർ എഡ്യൂക്കേഷൻ മേഖലയിൽ നിന്നുള്ള ഉദ്യോഗസ്ഥ പ്രമുഖർ ഇവരെല്ലാം വരുന്നുണ്ട്. അതൊക്കെ ഉന്നത വിദ്യാഭ്യാസ മേഖല യിൽ നിന്നുതന്നെയാണെന്നിരിക്കെ, ഐ.ടി.ബി.റ്റി. മേഖലയിൽ നിന്ന് പ്രാവീ ണ്യമുള്ള ആളുകളെ നാമനിർദ്ദേശം ചെയ്ത് യൂണിവേഴ്സിറ്റികളുടെ ഭരണസ മിതികളിലേയ്ക്ക് കൊണ്ടുവരാൻവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിൽ എന്തിനാണ് ഇങ്ങനെയൊരു വെള്ളം ചേർക്കൽ നടത്തുന്നത്? ആരെയൊ ക്കെയോ മുന്നിൽ കണ്ടുകൊണ്ട് മനസ്സിൽ ഉദ്ദേശിച്ചുകൊണ്ടാണോ ഇത്തര ത്തിലുള്ള ഒരു നിയമം കൊണ്ടുവരുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ നമ്മൾ എങ്ങനെയാണ് കുറ്റപ്പെടുത്തുക? ഇനി വരാൻ പോകുന്നത്

ബി.ജെ.പി. യുടെ നോമിനിയായിട്ടുള്ള ചാൻസലറാണ്. 6 മെമ്പർമാർ, സംഘ്പരിവാർ അനുകൂലികളായിട്ടുള്ളവർ, നമ്മുടെ സർവ്വകലാശാലകളുടെ ഭരണസംവിധാനങ്ങളിലേയ്ക്ക് വരുമെന്ന കാര്യത്തിൽ സംശയം വേണ്ട. സർക്കാർ കൊടുക്കുന്ന ആളുകളെ നോമിനേറ്റ് ചെയ്യുമായിരുന്നു ഇതുവരെ. കാരണം, കേന്ദ്രത്തിൽ കോൺഗ്രസ്സ് ഗവൺമെന്റായിരുന്നു. കോൺഗ്രസ്സ് അപ്പോയിന്റ് ചെയ്തിരുന്ന, നിയോഗിച്ചിരുന്ന ഗവർണ്ണർമാരായിരുന്നു നമുക്കുണ്ടായിരുന്നത്. ഇടത്-വലത് ഗവൺമെന്റുകൾ മാറിമാറി കേരളത്തിൽ വന്നിട്ടുണ്ട്. അപ്പോഴൊന്നുംതന്നെ സംഘ്പരിവാർ അനുകൂലികളായിട്ടുള്ളവർ നമ്മുടെ സർവ്വകലാശാലകളുടെ ഭരണസമിതികളിലേയ്ക്ക് വരാനുള്ള സാദ്ധ്യതകൾ ഇല്ലായിരുന്നു. തെരഞ്ഞെടുപ്പിലൂടെ ഏതായാലും കേരളത്തിൽ അവർ വരാൻ പോകുന്നില്ല. എന്നാൽ ചാൻസലർക്ക് സമ്പൂർണ്ണമായിട്ടുള്ള അധികാരം, നോമിനേറ്റ് ചെയ്യാൻ നമ്മൾ നൽകിയാൽ, കഴുത്തും കത്തിയും ബി.ജെ.പി. നിയോഗിക്കുന്ന ഒരു ചാൻസലറെ നമ്മൾ ഏൽപ്പിച്ചാൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയും അപ്പുറത്തിരിക്കുന്നവരും ആലോചിക്കുന്നത് നന്നാകുമെന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിൽ സർക്കാർ കൊടുക്കുന്ന ലിസ്റ്റ് തിരുത്തിയിട്ടുണ്ട്. ഇടുതപക്ഷം കേരളം ഭരിച്ചിരുന്ന സമയത്ത് കൊടുത്ത ലിസ്റ്റിൽ അന്നത്തെ ഗവർണ്ണർ തിരുത്തൽ വരുത്തി. അന്ന് അത് വലിയ ചർച്ചകൾക്ക് വിഷയമാകാതെ പോയത്, എന്നാലും സെക്കുലാർ പാരമ്പര്യമുള്ളവരാണല്ലോ, കോൺഗ്രസ്സിന്റെ അനുകൂലികളാണല്ലോ സെനറ്റിലും സിൻഡിക്കേറ്റിലുമൊക്കെ വരുന്നതെന്നുള്ളതുകൊണ്ടാണ്. അതേ അവസ്ഥ വരുംകാലങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ ഇതി

നോട് ശക്തമായി വിയോജിക്കുന്നത്. സർവ്വകലാശാലകളുടെ സെനറ്റ്-സിൻഡിക്കേറ്റ് സംവിധാനങ്ങളിൽ സംഘ്പരിവാർ അനുകൂലികൾ വന്നാലുണ്ടാകുന്ന അപകടാവസ്ഥയെക്കുറിച്ച് സർക്കാരും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂടുതൽ ഗൗരവത്തോടുകൂടി ആലോചിക്കണമെന്നാണ് അതേക്കുറിച്ച് ഉണർത്തുവാനുള്ളത്. അതുപോലെതന്നെ, പുതിയ ഭേദഗതിയനുസരിച്ച് മറ്റ് മെമ്പർമാരെന്നുപറഞ്ഞ് ചാൻസലറും ഗവൺമെന്റും നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളുടെ പ്രവർത്തന കാലാവധി എത്രയുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാർക്ക് കാലദൈർഘ്യം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നോമിനേറ്റ് ചെയ്യപ്പെട്ടുവരുന്ന ആളുകൾക്ക് കാലദൈർഘ്യം എടുത്തുകളഞ്ഞുകൊണ്ടുള്ള ഭേദഗതിയാണ് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാരോട് നമ്മൾ കാണിക്കുന്ന ഒരു വലിയ അനീതിയും അന്യായവുമാണ് ഈ വ്യവസ്ഥയെന്ന് പറയേണ്ടിവരികയാണ്. നമ്മുടെ സർവ്വകലാശാലകൾ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും മാതൃകയാകേണ്ടവരുടെ മാതൃകാപുരുഷന്മാരാൽ, അവരുടെ സാന്നിദ്ധ്യം കൊണ്ട് ധന്യമാകേണ്ട വിദ്യാകേന്ദ്രങ്ങളാണ്. അങ്ങനെയാണോ ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്? കാലിക്കട്ട് സർവ്വകലാശാലയിൽ കുറച്ചുകാലമായി നടന്നുകൊണ്ടിരിക്കുന്ന വിവാദങ്ങൾ, നമുക്ക് അതിനോട് പുറംതിരിഞ്ഞുനിന്ന് മുന്നോട്ടുപോകാൻ കഴിയില്ല. 1968-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, സി.എച്ച്. മുഹമ്മദ്കോയ സാഹിബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് കാലിക്കട്ട് സർവ്വകലാശാല സ്ഥാപിതമാകുന്നത്. കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയായിരുന്നു അത്. ആ സർവ്വകലാശാലയുടെ വൈസ് ചാൻസലർ പദവികളിൽ

വലതുപക്ഷ–ഇടതുപക്ഷ സർക്കാരുകൾ മാറിമാറി വന്ന ഘട്ടങ്ങളിൽ പലരും ഇരുന്നിട്ടുണ്ട്; രാഷ്ട്രീയാഭിമുഖ്യമുള്ളവർ ഇരുന്നിട്ടുണ്ട്, പാർട്ടികളോട് വിധേയത്വമുള്ളവർ ഇരുന്നിട്ടുണ്ട്. പക്ഷേ, ഇത്രമേൽ വിവാദങ്ങൾക്ക് പാത്രമായ ഒരാൾ കാലിക്കട്ട് സർവ്വകലാശാലയുടെ വൈസ്ചാൻസലർ പദവിയിൽ ഇന്നു വരെ ഇരുന്നിട്ടില്ല.

സർ, ഞാൻ അങ്ങയുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കുന്നു. കുടത്തിൽനിന്ന് ഭൂതത്തെ തുറന്നുവിട്ട ഒരു കുട്ടിയുടെ മാനസികാവസ്ഥയിലാണ് അങ്ങ് ഇന്ന് ഇരിക്കുന്നത്. ആ സർവ്വകലാശാലയിൽ അത്തരമൊരു വി.സി.–യെ കൊണ്ടുവന്നതിൽ ഏറ്റവും വലിയ മനസ്താപം അങ്ങേയ്ക്കായിരിക്കും എന്നാണ് ഞാൻ കരുതുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിലെ വൈസ് ചാൻസലർ വാങ്ങുന്ന ശമ്പളത്തെ സംബന്ധിച്ച് വലിയ തോതിലുള്ള ആക്ഷേപങ്ങളും ആരോപണങ്ങളുമാണ് ഉയർന്നുവന്നിരിക്കുന്നത്. ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ വി.സി.–ക്കെതിരായി എല്ലാ ജീവനക്കാരുടെ സംഘടനകളും ഒരുമിച്ചുചേർന്ന് സമരം നടത്തിയ ഒരു പാരമ്പര്യം ഈ കേരളത്തിലുണ്ടോ? കാലിക്കറ്റ് സർവ്വകലാശാലയിൽ അങ്ങനെ സംഭവിച്ചിരിക്കുന്നു. കോൺഗ്രസ്സിനോട് ആഭിമുഖ്യമുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷൻ, മുസ്ലീം ലീഗിനോട് ആഭിമുഖ്യമുള്ള സോളിഡാരിറ്റി ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ്, സി.പി.എം–നോട് ആഭിമുഖ്യമുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ, ബി.ജെ.പി. ആഭിമുഖ്യമുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് സെന്റർ, ഒരു രാഷ്ട്രീയ പാർട്ടിയിലും വിശ്വസിക്കാത്തവരെന്ന് പറയപ്പെടുന്നവർ സ്വതന്ത്രമായി

രൂപവൽക്കരിച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഫോറം എന്നീ അഞ്ച് സംഘടനകൾ ഒരുമിച്ചുചേർന്നുകൊണ്ടാണ് കാലിക്കറ്റ് സർവ്വകലാശാലയിൽ വി.സി.-ക്കെതിരായി ഒരു സംയുക്ത സമരസമിതി രൂപവൽക്കരിച്ചിരിക്കുന്നത്. അവർ ഗവർണ്ണർക്ക് കൊടുത്തിട്ടുള്ള പരാതികളുടെ ഭാണ്ഡം അങ്ങയുടെ ശ്രദ്ധയിലുംപെട്ടിട്ടുണ്ടാകുമല്ലോ. നമ്മളെ വഴിനടത്തുവാൻ ബാധ്യതപ്പെട്ട വൈസ് ചാൻസലർമാർ, സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്നവർ ഉന്നതമായ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ബാധ്യതപ്പെട്ടവരാണ്. 1,97,168 രൂപയാണ് പെൻഷനും ശമ്പളവുമായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ വാങ്ങുന്നത്. 1,47,500 രൂപ, വൈസ് ചാൻസലർ എന്നുള്ള നിലയിലെ ശമ്പളവും റ്റി.എ., ഡി.എ.-യും അടക്കമുള്ള തുകയാണ്. നേരത്തെ അദ്ദേഹം ജോലി ചെയ്തിരുന്ന അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ വഹിച്ച പദവി വോളന്ററി റിട്ടയർമെന്റ് ചെയ്തുവെന്നുള്ളതിന്റെ പേരിൽ 49,668 രൂപ പെൻഷൻ, അങ്ങനെ 1,97,168 രൂപയാണ് സർവ്വകലാശാല വൈസ് ചാൻസലർ വാങ്ങിക്കൊണ്ടിരിക്കുന്നത്. ഡയറക്ട് അപ്പോയിന്റുമെന്റിലൂടെ അപ്പോയിന്റ് ചെയ്യപ്പെടുന്ന ഒരാൾക്ക് മാത്രമേ പെൻഷനും ശമ്പളവും ഒരേ സമയം വാങ്ങിക്കാൻ സാധിക്കൂ. കഴിഞ്ഞ ദിവസം ഞാൻ ഇക്കാര്യം പറഞ്ഞപ്പോൾ അങ്ങനെയൊക്കെ ഇവിടെ നടക്കുന്നുണ്ടെന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് അടക്കമുള്ള ആളുകൾ പറഞ്ഞത്. ശരിയാണ്, നടക്കുന്നുണ്ട്. നടത്താം. ഡയറക്ട് അപ്പോയിന്റ്മെന്റിലൂടെ ഇത്തരത്തിലുള്ള പോസ്റ്റുകളിലേയ്ക്ക് വരുന്ന ആളുകൾക്ക് ശമ്പളവും പെൻഷനും ഒരുമിച്ച് വാങ്ങാം. എന്നാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ റീ-എംപ്ലോയ്മെന്റിന്റെ അടിസ്ഥാനത്തി

ലാണ് നിയമനം നേടിയിരിക്കുന്നത്. റീ–എംപ്ലോയ്മെന്റിലൂടെയാണ് ഈ നിയമനമെന്ന് അദ്ദേഹത്തിന്റെ നിയമന വ്യവസ്ഥയിൽ ഒന്നാമതായിത്തന്നെ പറയുന്നുണ്ട്. ഈ വിധം ഏതെങ്കിലും തസ്തികകളിൽ നിയമിക്കപ്പെടുന്ന ഒരാൾക്ക് ശമ്പളവും പെൻഷനും ഒരേസമയം വാങ്ങിക്കാൻ പാടില്ലെന്ന് കെ.എസ്.ആർ –ൽ വ്യക്തമാക്കുന്നുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അങ്ങ് കോഴിക്കോട് സർവ്വകലാശാലയിലെ വൈസ് ചാൻസലറെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു ഭൂതത്തെ തുറന്നുവിട്ട കുട്ടിയുടെ അവസ്ഥയിലാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഈ ഭൂതത്തെ നിയന്ത്രിക്കാൻ ഇവിടത്തെ വിദ്യാഭ്യാസ വകുപ്പിനും മന്ത്രിക്കും പ്രോ–ചാൻസലർക്കും ഒന്നും ചെയ്യാൻ കഴിയില്ലേ? അഞ്ചുവർഷത്തെ റിസർച്ച് നടത്തിക്കൊണ്ടിരിക്കുന്ന, ഹോസ്റ്റലുകളിൽ താമസിക്കുന്ന പെൺകുട്ടികൾ മൂന്നു വർഷം കഴിയുന്ന മുറയ്ക്ക് ഒഴിഞ്ഞുപോയി പുറത്ത് താമസിക്കണമെന്നാണ് ഇന്നലെ അവിടെ ഇറങ്ങിയ ഒരു ഉത്തരവിൽ പറയുന്നത്. സ്ത്രീകളാരും എന്നെ കാണാൻ പാടില്ല. എം.ഫിൽ–ന് പേപ്പർ അവതരിപ്പിക്കുന്ന, റിസർച്ചിനു വേണ്ടി പേപ്പർ അവതരിപ്പിക്കുന്ന മുഴുവൻ ആളുകളും നേരിട്ട് വൈസ് ചാൻസലറുടെ ചേമ്പറിൽപ്പോയി അദ്ദേഹത്തെ മുഖാമുഖം കണ്ട് മാത്രമേ പേപ്പർ സബ്മിറ്റ് ചെയ്യാൻ പാടുള്ളൂ. ഹോസ്റ്റലുകളെല്ലാം സ്വാശ്രയ കോളേജുകൾക്ക് തുറന്നുകൊടുക്കുകയാണ്. യൂണിവേഴ്സിറ്റി സ്വാശ്രയ കോളേജുകളിൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ആ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി നിലവിലുള്ള സർവ്വകലാശാലയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് ഹോസ്റ്റലുകൾ തുറന്നുകൊടുക്കുക, സ്ത്രീകൾ കയറാൻ പാടില്ലായെന്ന് പറയുക, പ്രത്യേക മാഫിയാ സംഘത്തെ ഉപയോഗിച്ച്

അവിടെ അഴിഞ്ഞാടുക.... ഇങ്ങനെ അഴകിയരാവണനെപ്പോലെ അഴിഞ്ഞാടുന്ന ഒരു സർവ്വകലാശാല വൈസ് ചാൻസലറെ നിയന്ത്രിക്കാൻ ഈ നാട്ടിലെ ഗവൺമെന്റിനോ പ്രോ–ചാൻസിലർക്കോ ഒന്നും ചെയ്യാൻ കഴിയില്ലായെന്നാണോ അങ്ങ് പറയുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും ചെയ്യാൻ കഴിയും. തങ്ങൾ വിചാരിച്ചാൽ ഒരു വൈസ് ചാൻസലറെ പദവിയിൽനിന്ന് നീക്കം ചെയ്യാൻ കഴിയും, പുറത്താക്കാൻ കഴിയുമെന്നുള്ളതിന്റെ തെളിവല്ലേ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറെ ചാൻസലർ പുറത്താക്കിയതിലൂടെ വ്യക്തമായത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ ഗവർണ്ണർക്ക് എഴുതിയിരിക്കുന്ന കത്തിൽ പറയുന്നത്, തന്റെ ശമ്പളവും പെൻഷനുമായി ബന്ധപ്പെട്ട കാര്യമാണ് ഗവർണ്ണറുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഞാൻ ഇത് ഇവിടെ പറയുന്നത് യാദൃശ്ചികമാണെങ്കിലും, ലോക് ആയുക്തയുമായി ബന്ധപ്പെട്ട നമ്മുടെ സംസ്ഥാനത്തിന്റെ പൊതുരംഗം അഴിമതി മുക്തമാകണമെന്നതിനെ സംബന്ധിക്കുന്ന ചരിത്രപ്രധാന ബിൽ ഏകകണ്ഠമായി നമ്മുടെ നിയമസഭ പാസ്സാക്കിയ ദിവസമായതുകൊണ്ട് ഈ കാര്യങ്ങൾ ഇവിടെ ഉണർത്തേണ്ടതുണ്ട് എന്നുള്ളതുകൊണ്ടാണ്. വൈസ് ചാൻസലർ, ഗവർണ്ണർക്ക് എഴുതിയിട്ടുള്ള കത്തിലെ വാചകങ്ങളാണ്, Since my appointment was on re-employment basis as per reference (1) the Finance Wing of University seeks clarification as to whether rule 100 of KSR is applicable to be for deduction of my pensionary benefits from my present salary. വൈസ് ചാൻസലർ ശമ്പളവും പെൻഷനും ഒരുമിച്ച് വാങ്ങുന്നത് ശരിയല്ലായെന്ന് സർവ്വകലാശാലയിലെ വൈസ് ചാൻസലറുടെ

കീഴിൽ പ്രവർത്തിക്കുന്ന ഫിനാൻസ് വിംഗ് രേഖപ്പെടുത്തിയതിനെതിരായി വൈസ് ചാൻസലർ ഗവർണ്ണർക്ക് കത്തെഴുതിയിരിക്കുകയാണ്. തൊട്ടടുത്ത വരികളുംകൂടി ശ്രദ്ധിക്കണം. As per rule 92 of KSR, the order of re-employment shall specifically state whether any deduction is to be made from Pension and Salary. My order of re-employment and terms and conditions of my service do not specifically mention such a deduction, as such rule 100 is not applicable to me. എന്റെ നിയമനവ്യവസ്ഥയിൽ പെൻഷനും സാലറിയും ഒരുമിച്ച് വാങ്ങാൻ പാടില്ലെന്ന് പ്രത്യേകം നിഷ്ക്കർഷിക്കാത്തതുകൊണ്ട് കെ.എസ്.ആർ.–ലെ ആ വകുപ്പ് എനിക്ക് ബാധകമല്ലായെന്ന് വൈസ് ചാൻസലർ, ഗവർണ്ണർക്ക് എഴുതിയിരിക്കുന്ന കത്താണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറെ നിയമിച്ചു കൊണ്ട് പുറപ്പെടുവിച്ച നിയമനോത്തരവിൽ വളരെ വ്യക്തമായി അതിന്റെ ടേംസ് ആന്റ് കണ്ടീഷൻസിൽ അവസാനത്തെ ഇനമായി കൂട്ടിച്ചേർത്തിട്ടുണ്ട്. In respect of any other matter the provisions of Kerala Service Rules shall apply. തീർച്ചയായും കെ.എസ്.ആർ. ഇദ്ദേഹത്തിനും ബാധകമാണ്. അത് മറന്നുകൊണ്ടാണ് ശമ്പളും പെൻഷനും അദ്ദേഹം കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരായി ശക്തമായിട്ടുള്ള ഒരു നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെങ്കിൽ പല ജീവനക്കാരും ഇതൊരു പ്രീസിഡെന്റായി വ്യാഖ്യാനിക്കുകയും ഭാവിയിൽ ഇങ്ങനെയുള്ള അന്യായങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ പ്രവൃത്തികൾ അതുകൊണ്ടും നിന്നില്ല. കേരളത്തിലെ മന്ത്രിമാർക്ക് വീട്ടുപകരണങ്ങൾ വാങ്ങാൻ

ചില ടേംസ് ആന്റ് കണ്ടീഷൻസുണ്ട്. ഇത്ര രൂപയിൽ കുറയുന്ന സാധനങ്ങൾ വാങ്ങാനേ പാടുള്ളൂ, അതിലധികം വാങ്ങുകയാണെങ്കിൽ ബന്ധപ്പെട്ടവർ അതിന്റെ വില വകവെച്ച് കൊടുക്കണം. കാലിക്കറ്റ് സർവ്വകലാശാലയിലെ വി.സി.-ക്ക് ഇതൊന്നും ബാധകമല്ലായെന്നുള്ള രീതിയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. തന്റെ വീട്ടിലേയ്ക്ക് സാന്റ്വിച്ച് മേക്കർ, ഓവൻ -ടോസ്റ്റർ-ഗ്രില്ലർ, സ്വീയിംഗ് മെഷീൻ, ബെഡ് ഷീറ്റ് ഇവയെല്ലാം വാങ്ങിയ ഇനത്തിൽ 2,51,435 രൂപയാണ് കാലിക്കറ്റ് സർവ്വകലാശാലയുടെ ഫണ്ടിൽനിന്ന് വി.സി. എഴുതിയെടുത്തിരിക്കുന്നത്. മന്ത്രിമാർക്കുപോലും ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് നിയന്ത്രണമുള്ള ഒരു നാട്ടിലാണ് വൈസ് ചാൻസലർക്ക് ഇങ്ങനെയൊരു അധികാരം കൈവിട്ട് നൽകിയിരിക്കുന്നത്.

എല്ലാ നിയമങ്ങളും കാറ്റിൽ പറത്തി ഒരു വിദേശ വിദ്യാർത്ഥിക്ക് ഒരു ലക്ഷം രൂപയുടെ ഫീസിളവാണ് കാലിക്കട്ട് വി.സി. നൽകിയിരിക്കുന്നത്. ഈ irregularity യൂണിവേഴ്സിറ്റിയിലെ ഓഡിറ്റ് വിംഗ് തന്നെ ചൂണ്ടിക്കാണിച്ചത് ഞാനിവിടെ ഓർമ്മിക്കുകയാണ്. സർവ്വീസ് നിയമങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം സർക്കാരിന്റെ മുൻക്കൂട്ടിയുള്ള അനുവാദം വാങ്ങാതെ നിരവധി വിദേശയാത്രകളാണ് കാലിക്കട്ട് വൈസ് ചാൻസലർ നടത്തിയിരിക്കുന്നത്. പ്രോവൈസ് ചാൻസലറുടെ പി.എ.-യുടെ മകൾ പഠിക്കുന്ന കോളേജിലെ കുട്ടികൾക്കുമാത്രം ഒരു സ്പെഷ്യൽ പുന:പരീക്ഷ വി.സി.യുടെ ഉത്തരവ് പ്രകാരം നടത്തി സർവ്വകലാശാല പരീക്ഷകളുടെ വിശ്വാസ്യതയെയാണ് കാലിക്കട്ട് വി.സി. തകർത്തിരിക്കുന്നത്. കഴിഞ്ഞ ജൂൺ 26-ന് കാമ്പസിലെ

ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് വി.സി. നടത്തിയിട്ടുള്ള പ്രസംഗത്തിലെ വാചകങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞത് ജീവനക്കാർ കടമ മറന്നാൽ പൊതുജനം സർവ്വകലാശാല തകർക്കുമെന്നാണ്. ഒരു സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്ന വ്യക്തിയായ വൈസ് ചാൻസലറാണ് ഇപ്രകാരം ജനങ്ങളോട് പറഞ്ഞത്. എല്ലാ പാർട്ടികളിലും ഒരു പാർട്ടിയിലുംപെടാത്ത മുഴുവൻ ജീവനക്കാരുടെ സംഘടനകളും വി.സി.-യ്ക്കെതിരായി അണിനിരന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഭാഗത്ത് എന്തെങ്കിലും ന്യായമുണ്ടായിരുന്നെങ്കിൽ സർവ്വകലാശാലയിലെ മുഴുവൻ ജീവനക്കാരും ഒരുമിച്ച് അണിനിരക്കുന്ന ഒരു സാഹചര്യവും സ്ഥിതിയും ഉണ്ടാകുമായിരുന്നില്ല. എല്ലാ പത്രങ്ങളും അത് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

<u>മി. ചെയർമാൻ</u> : പ്ലീസ് കൺക്ലൂഡ്.

<u>ഡോ. കെ. ടി. ജലീൽ</u> : സർ, വനിതാ ജീവനക്കാർക്ക് വി.സി.യുടെ ഓഫീസിൽ വരാനുള്ള അവകാശം തടഞ്ഞുകൊണ്ട് വി.സി. ഉത്തരവ് ഇറക്കിയിരിക്കുന്നു.

<u>മി. ചെയർമാൻ</u> : ഇതിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്.

<u>ഡോ. കെ. ടി. ജലീൽ</u> : സർ, ഇൻഡ്യയിലെ ഒരു സർവ്വകലാശാലയിലും ഇല്ലാത്ത നിയമമാണ് കാലിക്കട്ട് സർവ്വകലാശാലയിലുള്ളത്. ഇങ്ങനെ മോശപ്പെട്ട ഒരു സർവ്വകലാശാലയാക്കി വി.സി. അവതരിപ്പിക്കുന്നത് എന്തിനാണ്? സ്ത്രീ ഉദ്യോഗസ്ഥകളെ ഉപയോഗിച്ചുതന്നെ കരിവാരി തേയ്ക്കാൻ ഗൂഢാലോചന നടക്കുന്നുണ്ടെന്ന ന്യായം പറഞ്ഞാണ് ഇത്തരമൊരു ഉത്തരവ് വി. സി. പുറപ്പെടുവിച്ചിരിക്കുന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ മുഴുവൻ വനിതാജീവനക്കാരെയും അപമാനിക്കുന്നതിന് തുല്യമാണ് വി.സി. -യുടെ

ഈ ഉത്തരവ്. 40 കോടി രൂപ ചെലവാക്കിക്കൊണ്ട് കാലിക്കട്ട് സർവ്വകലാശാ ലയിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉണ്ടാക്കാൻ വേണ്ടി തീരുമാനിച്ചി രിക്കുകയാണ്. ഇതൊരിക്കലും അംഗീകരിക്കാൻ പാടില്ലാത്തതാണ്. ഇപ്പോ ഴുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുതന്നെ ധാരാളമാണ്. സർവ്വകലാശാല യിൽ നിന്നും മെഡിക്കൽ യൂണിവേഴ്സിറ്റി വന്നതോടുകൂടി നിരവധി വിദ്യാർത്ഥികൾ ഇപ്പോൾതന്നെ പോകും. ടെക്നിക്കൽ യൂണിവേഴ്സിറ്റി വന്ന തോടുകൂടി എല്ലാ സാങ്കേതിക വിദ്യാർത്ഥികളും എം.ബി.എ.-യുമടക്കമുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളും സർവ്വകലാശാലയിൽ നിന്ന് പോകുന്നു. നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഇപ്പോൾതന്നെ പര്യാപ്തമാണ്. അക്കാദമിക് പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ട തുക, സർവ്വകലാശാലയിൽ പുതിയ കോഴ്സുകൾക്ക് വിനിയോഗിക്കുന്നതിന് ചെലവഴിക്കേണ്ട തുകയായ 40 കേടി രൂപ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുവേണ്ടി എന്തിനാണ് ഉപയോഗിക്കുന്നത്? ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. സർവ്വകലാശാലയിൽ പുതിയ വി.സി. വന്നതിനുശേഷം ഒരു പുതിയ കോഴ്സും ഒരു പുതിയ ഡിപ്പാർട്ടുമെന്റും ആരംഭിച്ചിരിക്കുകയാണ്. അക്കാദമികമായിട്ടുള്ള ഒരു കാര്യവും ഇവിടെ നടന്നിട്ടില്ല. വികസനപ്രവർത്തനമെന്നു പറഞ്ഞാൽ സിവിൽ കൺസ്ട്രക്ഷൻ വർക്കുകളാണ് എന്നു ധരിച്ചിരിക്കുന്ന ഒരു കൂപമണ്ഡൂകത്തെയാണ് സർവ്വകലാശാലയുടെ വൈസ്ചാൻസലർ പദവിയിലേയ്ക്ക് കൊണ്ടുവന്നത് എന്നുള്ളതാണ് നമ്മളെയൊക്കെ ഏറെ വേദനിപ്പിക്കുന്നത്. അങ്ങും സത്യത്തിൽ ഈ വി.സി. യെ കൊണ്ടുവന്നതിന് പുലിവാല് പിടിച്ചു എന്ന് മനസ്സുകൊണ്ടെങ്കിലും വിചാരിക്കുന്നു എന്ന് ഞങ്ങൾക്ക് ഉറപ്പാണ്. മാതൃഭൂമിയിൽ 25-6-2014-ൽ വന്ന ഒരു

വാർത്തയും കൂടി ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ആ വാർത്തയിൽ പറയുന്നത്, 'മാറാൻ തയ്യാർ പക്ഷേ, തുല്യമായ വേറെ പദവി വേണം. – കാലിക്കട്ട് വൈസ്ചാൻസലർ'. ഏതെങ്കിലും ഒരു പദവി അദ്ദേഹത്തിന് തത്തുല്യമായികൊടുത്തുകൊണ്ട് കാലിക്കട്ട് സർവ്വകലാശാലയുടെ വൈസ്ചാൻസലറുടെ കസേരയിൽ നിന്ന് അദ്ദേഹത്തെ മാറ്റണം. അങ്ങേയ്ക്ക് ഈ സർവ്വകലാശാലയോട് എന്തെങ്കിലും സ്നേഹവും പ്രതിബദ്ധതയും ഉണ്ടെങ്കിൽ അങ്ങത് ചെയ്യണം. 1968–ൽ കാലിക്കട്ട് സർവ്വകലാശാലയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് മഹാനായ സി.എച്ച്. മുഹമ്മദ്കോയ സായിബ്, അങ്ങയുടെ പാർട്ടിയുടെ സമുന്നതനായ നേതാവായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദ്കോയ സാഹിബ്, അന്ന് ഞാനും ഏറെ അഭിമാനത്തോടുകൂടി സി.എച്ച്. –ന്റെ വാക്കുകൾ ഉദ്ധരിച്ചിരുന്നു. 'Calicut University is my child' കാലിക്കട്ട് സർവ്വകലാശാല എന്റെ കുട്ടിയാണ് എന്നദ്ദേഹം പറഞ്ഞു. സി.എച്ച്. തന്റെ കുട്ടിയായി കരുതിയ ആ സർവ്വകലാശാലയുടെ കഴുത്തുഞെരിച്ച് കൊല്ലാൻ സി.എച്ചിന്റെ പാർട്ടിയിലെ പിന്തുടർച്ചക്കാരനായ വിദ്യാഭ്യാസ മന്ത്രിയെന്നുള്ള നിലയിൽ അങ്ങ് ഒരിക്കലും മുന്നോട്ടുവരരുത് എന്നുള്ള എന്റെ വിനീതമായിട്ടുള്ള അഭിപ്രായവുംകൂടി രേഖപ്പെടുത്തികൊണ്ട് ഇവിടെ അവതരിപ്പിച്ച ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014–ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നമ്മൾ ചർച്ചയ്ക്കെടുക്കേണ്ട മൂന്ന് വിഷയങ്ങളെക്കുറിച്ച് ഈ സഭയ്ക്ക് ഏകദേശം ധാരണയുള്ളതാണ്. ഒന്നാമത്തേത്, എം.ജി. സർവ്വകലാശാലയുടെ പി.വി.സി–ക്ക് നാലു വർഷത്തെ ഒരു ടേം സ്വതന്ത്രമായി ലഭിക്കുന്ന ഒരു തീരുമാനം വളരെ സ്വീകാര്യമാണ്. അത് ആ സർവ്വകലാശാലയ്ക്ക് ഗുണം ചെയ്യും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇന്നത്തെ ഒരു സാഹചര്യത്തിൽ അവരുടെ സേവനത്തിന് ലഭിക്കുന്ന ഒരു അംഗീകാരം കൂടിയാണ് യാദൃശ്ചികമാണെങ്കിലും ഈ തീരുമാനംവന്നു എന്നുള്ളതുകൊണ്ട് നമുക്ക് ഈ ഭേദഗതി നിയമത്തോട് അനുകൂലമാവാനാണ് മനസ്സു മന്ത്രിക്കുന്നത്. രണ്ടാമത്തേത്, കോഴിക്കോട് സർവ്വകലാശാലയിലെ സെനറ്റിലെ അംഗത്വത്തെക്കുറിച്ചാണ്. നേരത്തെ ഐ.റ്റി.ബി.റ്റി. മേഖലകളിലെ വിദഗ്ദ്ധന്മാരെ ഉൾക്കൊള്ളിക്കാൻ എടുത്ത തീരുമാനം അന്ന് പ്രസക്തമായിരുന്നു. എന്നാൽ ഇന്ന് വിവരസാങ്കേതിക വിദ്യയാണെങ്കിലും ബയോസയൻസസ് ആണെങ്കിലും നമ്മുടെ പൊതുജീവിതത്തെ ആകെ ആവരണം ചെയ്തു നിൽക്കുന്ന വലിയ ഒരു കാര്യമായി മാറിയിട്ടുള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട മേഖലകളിൽ വിദഗ്ദ്ധന്മാർക്ക് സ്വതന്ത്രമായി കടന്നുവരുവാനുള്ള ഒരു ഭേദഗതി വരുന്നത് അനുചിതമാണെന്ന് നമുക്ക് പറയാനാവില്ല. എന്നാൽ അങ്ങനെ വരുന്ന ആളുകൾ ഏതെങ്കിലുമൊരു രംഗത്ത് സർവ്വകലാശാല തലത്തിൽ സേവനം ചെയ്യാൻ കഴിയുന്ന പ്രഗല്ഭമതികളാകണമെന്ന സദുദ്ദേശപരമായ നിർദ്ദേശം ഈ സഭ തള്ളിക്കളയും എന്നു ഞാൻ വിചാരിക്കുന്നില്ല. മൂന്നാമത്തേത്, സംവരണത്തിന്റെ കാര്യത്തിലുള്ള ഒരു പൊതു തീരുമാനമാണ്. അത് പുതിയ ഒരു കാര്യമല്ല. മറിച്ച് കേരള സർവ്വീ

സസ് ആന്റ് സബ്ഓർഡിനേറ്റ് സർവ്വീസസ് റൂൾസിലെ ബന്ധപ്പെട്ട വകുപ്പുകൾ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാക്കുക എന്ന രീതിയിൽ ഒരാശയം കൊണ്ടുവരുന്നതിന്റെ പിന്നിൽ സർവ്വകലാശാല നിയമങ്ങൾതന്നെ ഏകീകരിക്കപ്പെടണമെന്ന ഇന്നത്തെ ഒരു പൊതു ആശയത്തോട് ഒത്തു നിൽക്കുന്നതാണ്. ഉദാഹരണത്തിന് അടുത്ത കാലത്ത് യു.ജി.സി. സമാനമായ ഡിഗ്രികളുടെ പേരുകൾ ഒന്നിപ്പിക്കാൻ തീരുമാനിച്ചു. അത് നമ്മുടെ ഭാവി തലമുറയ്ക്ക് വളരെ പ്രയോജനം ചെയ്യുന്ന ഒന്നാണ്. വ്യത്യസ്തമായ പേരുകളിൽ അറിയപ്പെട്ടിരുന്ന അത്തരം ബിരുദങ്ങളെല്ലാം സമാനമായ സിലബസാണെങ്കിൽ സമാനമായ ഡ്യൂറേഷൻ ഓഫ് കോഴ്സാണെങ്കിൽ ആ ഡിഗ്രിയുടെ പേര് സമാനമാക്കി മാറ്റുന്നതിന് യു.ജി.സി. എടുത്ത തീരുമാനം പോലെയാണ് യഥാർത്ഥത്തിൽ ഒരു ഏകീകൃത നിയമത്തിലേക്കുള്ള യാത്രയുടെ ഭാഗമായി ഇന്ന് ഈ ഭേദഗതികൾ വന്നിരിക്കുന്നു. എന്നാൽ ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സമൂഹത്തിന് കടന്നുവരുവാൻ സഹായകമാകുമാറ് ഒരു വലിയ ദിശാസൂചന അതിലുണ്ട്. ചരിത്ര പരമായ കാരണങ്ങളാൽ പിന്നോക്കം നിൽക്കേണ്ടിവന്ന ജനവിഭാഗങ്ങൾക്ക് ആത്മവിശ്വാസത്തോടുകൂടി രാഷ്ട്രനിർമ്മാണത്തിന്റെ പൊതുവഴിയിൽ കടന്നു വരാം എന്ന ഒരു സന്ദേശം ആ ഭേദഗതിയിൽ അടങ്ങിയിരിക്കുകയാണ്. നേരത്തെ നമ്മുടെ മുൻഗാമികൾ പരിഷ്ക്കർത്താക്കളായ കേരളത്തിന്റെ മുൻഗാമികൾ പണിതുവച്ച പുതിയവഴികളാണ് കേരളം പൊതു വഴികളാക്കി മാറ്റിയത്. അന്തർദേശീയ സമൂഹത്തിലും ദേശീയ സാഹചര്യത്തിലും ഒരുപാട് പ്രതിലോമചിന്തകൾ കടന്നുവരുന്ന ഒരു ഘട്ടത്തിൽ തീവ്ര വലതുപക്ഷ ചിന്താഗതികൾക്ക് മുൻകൈ കിട്ടുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ രാഷ്ട്രത്തിന്റെ ഭരണഘടനക്ക് അനുസൃതമായി ഈ ജനതയെ മുന്നോട്ടു കൊണ്ടുവരാൻ സഹാ

യകമാകുമാറ് നിയമനിർമ്മാണം നടത്തുന്നത് ആ ദിശയിലേക്കുള്ള സ്വദേശപരമായ യാത്രയാണ് എന്നുള്ളതുകൊണ്ട് പ്രൗഢമായ പ്രോജ്ജ്വലമായ അത്തരം നിർദ്ദേശങ്ങളെ ഈ സഭ രാഷ്ട്രീയമായ ഇടുങ്ങിയ ചിന്തകളിൽ തളച്ചിടുകയില്ല എന്നാണ് ഞാൻ അത്മാർത്ഥമായി വിശ്വസിക്കുന്നത്.

കോഴിക്കോട് സർവ്വകലാശാലയിൽ സെൽഫ് ഭരണമുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ സാക്ഷിയാണ്. ആ സെൽഫ് ഭരണത്തിന്റെ കെട്ടുകളിൽ വിള്ളൽ വീണതിന്റെ പരിഭ്രാന്തിയാണ് ഇന്നിങ്ങനെ ഒരാളെ കേന്ദ്രീകരിച്ച് കുറെ ദിവസങ്ങളായി വരുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് യോഗ്യരായ ആളുകൾ കടന്നു വരണമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല, ഏറ്റവും പ്രഗത്ഭരായ ആളുകളെ കണ്ടെത്താൻ നമ്മുടെ സംസ്ഥാനത്തിന് കഴിയേണ്ടതുണ്ട്. ഇന്ന് ഈ രാജ്യം ആവശ്യപ്പെടുന്നത് അതാണ്. നമ്മുടെ രാജ്യത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏകീകൃതമായ ഒരു നിയമനിർമ്മാണത്തിനുവേണ്ടി നമ്മൾ മുന്നോട്ട് വരേണ്ട ഒരു കാലമാണ്. കേരളത്തിൽ നമ്മൾ ചെയ്ത ഒരു വലിയ കാര്യമുണ്ട്, ബഹുമാന്യനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കാലത്ത്, സി. എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് വിദ്യാഭ്യാസം സാർവ്വത്രികമാക്കി. ഇന്ത്യാരാജ്യത്തിൽ 2009-ൽ മാത്രമാണ് വിദ്യാഭ്യാസാവകാശ നിയമം വന്നത്, വിദ്യാഭ്യാസം സാർവ്വത്രികമായി വന്നത്. കേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായാൽ പിന്നെ വരേണ്ടത് ഉന്നത വിദ്യാഭ്യാസ രംഗമാണ്. ആ ഉന്നത വിദ്യാഭ്യാസ രംഗത്ത്, ഇന്ന് ഇത് ചർച്ച ചെയ്യുമ്പോൾ ഹയർ സെക്കണ്ടറിയുടെ കാര്യ

ത്തിൽ മലബാർ മേഖലയിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന തീവ്രവേദന ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ബാധ്യസ്ഥനാണ്. ഈ കുട്ടികളുടെ ബ്രിഡ്ജ് കോഴ്സാണ് പ്ലസ് ടൂ. പല കാരണങ്ങളാൽ പ്ലസ് ടൂ-വിന് മലബാർ മേഖലയിൽ, എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആവശ്യമായ സീറ്റില്ല. ഇന്നലെ ഞാൻ മണ്ഡലത്തിൽ ഉണ്ടായിരുന്നപ്പോൾ ഒരു കുട്ടിവന്ന് എന്നോട് കരഞ്ഞുപറഞ്ഞത് 'എനിക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ആണ്. പക്ഷെ എനിക്കിതുവരെ ഒരു ഷുവർ കാർഡ് കിട്ടിയിട്ടില്ല' എന്നാണ്. ഈ വേദന സഭ മനസ്സിലാക്കണം, കേരളം മനസ്സിലാക്കണം. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള കുട്ടികൾ ഇന്ന് ഡിഗ്രിക്ക് ചേരാൻ കഴിയാതെ......

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. മലബാർ മേഖലയിൽ ഇത്തരമൊരു ബുദ്ധിമുട്ട് നിലനിൽക്കുന്നുവെന്നുള്ളത് ശരിയാണ്. എന്നാൽ അതുപോലെതന്നെ എറണാകുളത്തിനിപ്പുറത്തേക്കുള്ള മേഖലകളിൽ സീറ്റുകൾ പൂർണ്ണമായും തൃപ്തികരമാണ് എന്ന നിലയാണ് പൊതുവെയുള്ളത്, കോടതിപോലും സ്വീകരിച്ചത് അത്തരമൊരു നിലപാടാണ്. പക്ഷെ കോട്ടയം ജില്ലയിൽനിന്നുള്ള ഒരു എം.എൽ.എ. എന്നുള്ള നിലയിൽ, 86 ശതമാനം മാർക്ക് കിട്ടിയ കുട്ടികൾക്കുപോലും അഡ്മിഷൻ കിട്ടാത്ത വിധത്തിലുള്ള ബുദ്ധിമുട്ടുകൾ കോട്ടയം ജില്ലയിൽ നിലനിൽക്കുന്നുവെന്നുള്ള ഗുരുതരമായ പ്രശ്നം ഉയർന്നുവന്നിരിക്കുകയാണ്. ഇക്കാര്യങ്ങൾകൂടി പരിഹരിക്കപ്പെടേണ്ടതല്ലേ എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

<u>മി. ചെയർമാൻ</u>: അവിടെ മാത്രമല്ല, തലസ്ഥാന നഗരിയിൽ 92 ശതമാനം മാർക്ക് കിട്ടിയ കുട്ടികൾപോലും അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കുന്നുണ്ട്.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, പ്രാദേശികമായ ഒരു പ്രശ്നം ഈ സഭയിൽ അവതരിപ്പിക്കാൻ തീരെ താത്പര്യമില്ലാത്ത ഒരാളാണ് ഇവിടെ നിൽക്കുന്നത്. 'ഞാൻ മലയാളി, ഞാൻ കേരളീയൻ– എന്റെ കേരളം, എന്റെ മലയാളം'........ സീറ്റുകൾ കിട്ടാത്ത കുട്ടികളുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. പക്ഷെ ഒരു വലിയ ശതമാനം കുട്ടികൾ, ഒറ്റപ്പെട്ട കുട്ടികളുടെ കാര്യമല്ല. പഠിക്കാനാഗ്രഹമുള്ള എല്ലാ കുട്ടികൾക്കും അതിനുള്ള അവസരമുണ്ടാകണം. വേണ്ടിവന്നാൽ ഈ സഭ തീരുമാനിക്കേണ്ട ഒരു കാര്യമുണ്ട്, എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് പ്ലസ് ടൂ–വിന് സമാനമായ ഐ.റ്റി.ഐ, വി.എച്ച്.എസ്.സി. എന്നീ കോഴ്സുകളുണ്ട്. അതിനനുസൃതമായി എല്ലാ സ്കൂളുകളിലും പ്ലസ് ടൂ അനുവദിക്കുന്ന രീതിയിലേയ്ക്ക് പോകേണ്ടിവരും. എല്ലാ സ്കൂളുകളിലും, കുറച്ച് കുട്ടികളെ മാറ്റിനിർത്താൻ പറ്റില്ല വിദ്യാഭാസ ചർച്ചയിൽ ഈ വിഷയം പ്രസക്തമായതുകൊണ്ടുമാത്രം ഞാൻ പറയുകയാണ്. മലബാറുകാരനായിപ്പോയി എന്ന ഒറ്റക്കാരണത്താൽ, സാങ്കേതികത്വവും സാമ്പത്തിക ബുദ്ധിമുട്ടും പറഞ്ഞ് നേരത്തെ വിദ്യാഭ്യാസ സ്ഥാപനം അനുവദിച്ചില്ല എന്ന കാരണം പറഞ്ഞ് ആ കുട്ടികളെ മാറ്റിനിർത്തപ്പെടാൻ സമ്മതിക്കരുത് എന്ന വികാരം മാത്രമാണ് ഞാനിവിടെ പറഞ്ഞത്. ഇതൊരു ബ്രിഡ്ജ് കോഴ്സാണ്. ആ ബ്രിഡ്ജ് കോഴ്സിന് ആവശ്യമായ അവസരങ്ങളുണ്ടാകണം. അങ്ങനെ കേരളത്തെ ഒരു എഡ്യൂക്കേഷണൽ ഹബ് ആക്കിമാറ്റാൻ നമുക്ക് കഴിയും. എങ്ങനെയെന്നാൽ ലോകത്ത് ആഫ്രി

ക്കൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ എന്നിങ്ങനെയുള്ള ചെറിയ അവികസിത രാജ്യങ്ങളുണ്ട് – ഈ രാജ്യങ്ങളിലെ കുട്ടികൾക്ക് യൂറോപ്പിലോ അമേരിക്കയിലോ, കാനഡയിലോ ആസ്ട്രേലിയയിലോ പോയിപഠിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ വിരട്ടുവാദങ്ങൾ മാറ്റിവച്ച് കേരളത്തിനനുകൂല മായ സാഹചര്യങ്ങളിൽ അത്തരം കുട്ടികൾക്കുവരാൻ സൗകര്യമുണ്ടാകുമാറ് വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടാക്കാൻ കഴിയുന്ന വിതാനത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം വളരേണ്ടതുണ്ട്. അത് വളരണമെങ്കിൽ ആദ്യം നമ്മുടെ കുട്ടികൾ സ്വന്തം കാലിൽ നിൽക്കണം. അതിനുവേണ്ടിയാണ് ഞാൻ പറഞ്ഞത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മൾ... ഇന്നിപ്പോൾ റൂസ വന്നതോ ടുകൂടി, രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ വരുന്നത് നമ്മൾ പ്രയോജനപ്പെ ടുത്തേണ്ടതുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ഇംഗ്ലീഷിൽ ഒരു വാക്കുണ്ട്– വെതർ വ്യൂ– വളരെ വിജിലന്റായി, അറ്റൻറ്റീവായി ഒരു കാര ്യത്തെ ശ്രദ്ധിക്കുന്നതിന് ഇംഗ്ലീഷ് ഭാഷയിൽ പറയുന്ന ഒരു പദപ്രയോഗമാ ണ്. സത്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ വെതർ വ്യൂ വരേണ്ട കാലമായി എന്നാണ് ഞാൻ പറഞ്ഞത്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രിക മായി വന്ന ഒരു ഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് എല്ലാ വിഭാഗം കുട്ടികൾക്കും ഒരുമിച്ചുവരാൻ കഴിയുന്ന........ ഇപ്പോൾ ഇറാഖിൽ ഒരു വലിയ യുദ്ധം നടക്കുന്നു. ആ യുദ്ധത്തിൽകേട്ട ഒരു ശബ്ദമുണ്ട്. നമ്മുടെ നാട്ടിലെ പെൺകുട്ടികൾ– അതിന്റെ അർത്ഥമെന്താണ്; ആ കുട്ടികൾക്ക് ഇവിടെ പഠിക്കാൻ അവസരം ലഭിച്ചു. ഈ ലോകത്തിന് അത്തരമൊരുപാട് റിസോഴ്സ് പേഴ്സൺസിനെ സംഭാവന ചെയ്യാൻ കഴിയുന്ന ഒരു ബാക്ക്ഗ്രൗണ്ട് നമുക്കുണ്ട്. ആ ബാക്ക്ഗ്രൗണ്ട് പ്രയോജനപ്പെടുത്താൻ ഇനിയും അർഹതയുള്ള ജനവിഭാഗങ്ങളുണ്ട് എന്ന് മനസ്സിലാക്കി ആ രംഗത്ത്

നമ്മുടെ എല്ലാ വിഭാഗം ആളുകളും.... അതാണ് ഈ സംവരണത്തിന്റെ നിയമം ഭേദഗതിയായി വരുമ്പോൾ എന്റെ മനസ്സിൽ വന്ന ആശയം– പട്ടിക ജാതി മക്കൾ, പട്ടികവർഗ്ഗ മക്കൾ, ഈഴവ സമുദായം, നായർ സമുദായ ത്തിലെ പിന്നോക്കം നിൽക്കുന്ന പാവപ്പെട്ടവർ, ലത്തീൻ കത്തോലിക്കാ സമുദായം, ക്രൈസ്തവ സമുദായത്തിലെ പിന്നോക്കം നിൽക്കുന്ന മക്കൾ– അവർക്കെല്ലാവർക്കും ഹയർ എഡ്യൂക്കേഷന് യോഗ്യതയുണ്ടെങ്കിൽ ആ മക്കൾക്ക് കടന്നുവരാൻ കഴിയുന്ന രീതിയിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗം തുറന്നുവയ്ക്കേണ്ടതുണ്ട്. ആ രംഗത്ത് നമ്മൾ നിക്ഷേപിക്കുന്ന സമ്പത്ത് ഒരിക്കലും പാഴാകില്ല എന്ന് കേരളം തെളിയിച്ചുകഴിഞ്ഞു. നമ്മൾ മുടക്കുന്നത് നമുക്ക് നാളെ കൊയ്യാൻ കഴിയും– ഇന്ന് വിതയ്ക്കുന്നത് നാളെ നമ്മുടെ മക്കൾക്ക് കൊയ്യാൻ കഴിയുമെന്നുള്ളതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈയൊരു വെതർ –വ്യൂ ഉണ്ടാകാൻ നമ്മുടെ ഹയർ എഡ്യൂക്കേ ഷൻ കൗൺസിലടക്കം നമമുടെ സർവ്വകലാശാലയടക്കം ഈ സഭ യിലെത്രവട്ടം നമ്മൾ മുഴക്കിയ ശബ്ദമാണ് ............ ഞാൻ നിർത്തുകയാണ് ഒരു സംശയവും വേണ്ട. സർവ്വകലാശാലകൾക്ക് പരീക്ഷാ കലണ്ടർ ഉണ്ടാകണം. ഇവിടെ ഇങ്ങനെ കുറ്റം പറഞ്ഞുപോയിട്ട് കാര്യമില്ല. സത്യ ത്തിൽ പെൺകുട്ടികളെ ഇത് വല്ലാതെ ബാധിക്കുന്നു എന്ന വികാരംകൂടി ഈ സഭ ഉൾക്കൊള്ളേണ്ടതുണ്ട്. റിസൾട്ട് വന്നില്ലെങ്കിൽ സർട്ടിഫിക്കറ്റ് കിട്ടിയി ല്ലെങ്കിൽ, പരീക്ഷയുടെ സമയം ദീർഘിച്ചാൽ സത്യത്തിൽ നമ്മുടെ പെൺകു ട്ടികളുടെ വിവാഹംപോലും വൈകുന്ന രീതി– അതൊക്കെ അവരുടെ വ്യക്തി ത്വത്തെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ട് നമ്മുടെ പെൺകുട്ടിക ളുടെ കാര്യംകൂടി കണക്കിലെടുത്ത് നമ്മുടെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത രൂപമുണ്ടാകണമെങ്കിൽ സ്റ്റേറ്റിന് ഒരു ബാദ്ധ്യതയുണ്ട്. ഇതിന്

സ്വയംഭരണാവകാശമുണ്ട് എന്ന കാരണം പറഞ്ഞ് മാറിനിൽക്കാൻ ഈ സഭയ്ക്ക് സാധ്യമല്ല. ഭരണകൂടത്തിന് സാധ്യമല്ല. അതുകൊണ്ട് സ്റ്റേറ്റിൽ ഒരു വെതർ വ്യൂ ഉണ്ടാകണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കാവലുണ്ടാകണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് നമുക്ക് വളരാൻ കഴിയണം. നമ്മുടെ രാജ്യത്തെ ഒരു തീവ്രവലതുപക്ഷം പിടിമുറുക്കുമ്പോൾ നമ്മൾ ഒന്നാണെന്നും ഈ രാജ്യത്തെ ഒന്നിപ്പിക്കുന്ന മൗലികമായ ഭരണഘടനാ ആശയങ്ങളിൽനിന്നും കേരളീയ ജനത ഒരിഞ്ച് പോലും പിന്നോട്ടു പോകാതെ അർത്ഥശങ്കയ്ക്കിടം നൽകാതെ മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിക്കാൻ കഴിയുന്ന രീതിയിൽ നമ്മുടെ സംസ്ഥാനം മുന്നോട്ടുപോകണം. അതിന് സഹായകമാണ് ഈ കൊച്ചുഭേദഗതികൾ എന്നുള്ളതുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങേയ്ക്ക് ബിൽ വീണ്ടും അതേ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1974-ൽ കേരള സർവ്വകലാശാല ആക്ടും 1975-ൽ കോഴിക്കോട് യൂണിവേഴ്സിറ്റി ആക്ടും 1985-ൽ എം.ജി. സർവ്വകലാശാല ആക്ടും 1994-ൽ ശ്രീശങ്കരാ സംസ്കൃത സർവ്വകലാശാല ആക്ടും 1996-ൽ കണ്ണൂർ സർവ്വ

കലാശാല ആക്ടും 2005-ൽ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ആക്ടും നിലവിൽ വന്നു. ഈ നിയമങ്ങൾക്കുള്ള ഭേദഗതികളാണ് ഈ ബില്ലിൽ ഉള്ളത്. സർക്കാരിന്റെ തെറ്റായ നിലപാടുകളും തീരുമാനങ്ങളും ഉന്നത വിദ്യാഭ്യാസ മേഖലയെ ഗുരുതരമായ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. സർവ്വകലാശാലകൾക്ക് ബൗദ്ധികവും ഭരണപരവുമായ നേതൃത്വം നൽകേണ്ട വി.സി. സ്ഥാനം രാഷ്ട്രീയ–സാമുദായിക പരിഗണനകളുടെ അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിന്റെ ഫലമായി സർവ്വകലാശാലകൾ ഇന്നോളമില്ലാത്ത ശോചനീയാവസ്ഥയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. വി.സി. –മാരുടെ സ്ഥാനം വീതം വച്ചു എന്നുപറയുന്നത് വെറുതെയല്ല. ഇപ്പോൾ കേരള യൂണിവേഴ്സിറ്റി എസ്.എൻ.ഡി.പിക്കും എം.ജി. സർവ്വകലാശാല കേരള കോൺഗ്രസ്സ് (എം) –നും കോഴിക്കോട് സർവ്വകലാശാല മുസ്ലീം ലീഗിനും കണ്ണൂർ സർവ്വകലാശാലയും സംസ്കൃത സർവ്വകലാശാലയും കോൺഗ്രസ്സിനുമാണ്. ഇങ്ങനെ ഓരോന്നും പോകുകയാണ്. അതിന്റെ ഫലമെന്താണ്; എം.ജി. സർവ്വകലാശാലയിലെ വി.സി ഡോ. എ.വി ജോർജിനെ, കേരളത്തിലാദ്യമായി ഒരു ചാൻസലർ പുറത്താക്കിയിരിക്കുകയാണ്. എന്താണ് കാര്യം?

വൈസ് ചാൻസലർ യോഗ്യതയ്ക്കുള്ള ബയോഡാറ്റ തിരുത്തിയതാണ് പ്രശ്നം. അത് തിരുത്തിയതിന്റെ ഭാഗമായി യോഗ്യതയില്ലാത്ത ഡോ. എ. വി ജോർജിനെ വൈസ് ചാൻസലറായി അവിടെ നിയമിച്ചു. ഇതുസംബന്ധിച്ച ഒരു കേസ് ഹൈക്കോടതിയിൽ പോവുകയും ആ കേസ് അവിടെനിന്ന് തള്ളുകയും പിന്നീട് ആ കേസ് സുപ്രീം കോടതിയിൽ പോയപ്പോൾ അദ്ദേഹ

ത്തിന് ആ യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലറാകാനുള്ള അർഹതയി ല്ലായെന്ന് വിധി വരികയും ചെയ്തു. നമ്മുടെ ചീഫ് വിപ്പ് ഇപ്പോൾ സഭയിൽ ഇല്ല. ആ വി.സി.-യെ അടിയന്തരമായി, ഒരു സെക്കന്റ് കൊണ്ട് പുറത്താക്ക ണമെന്ന് അദ്ദേഹം സഭയിൽ പറഞ്ഞതാണ്. എങ്ങനെയാണ് വി.സി.-മാരെ നിയമിക്കേണ്ടത്? വി.സി.-മാരെ നിയമിക്കുന്നതിനൊക്കെ ചില നിയമ ങ്ങളൊക്കെയുണ്ട്. യു.ജി.സി. (യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ)-യിൽ ഇന്ന രീതിയിലുള്ള യോഗ്യതവേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആ യോഗ്യതയില്ലാതെയാണ് വി.സി.-യായി അദ്ദേഹത്തെ അവിടെ നിയമിച്ചത്. ഈ സർക്കാരിന് വിചാരിക്കുന്ന ആളുകളെ ഇപ്പോൾ വി.സി. ആക്കാൻ സാധിക്കില്ല. ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് പറയുകയാണ്, കേരള യൂണിവേഴ്സിറ്റിയിൽ എത്രയോ നാളുകൾ വി.സി. ഇല്ലായിരുന്നു. ഇപ്പോഴാണ് വി.സി. വന്നത്. ആരാണ് അവരെ ഭരിക്കുന്നത്? ഭരിക്കുന്നത്, വിദ്യാഭ്യാസ വകുപ്പിന്റെ സെക്രട്ടറിയാണ്; സർക്കാരിന്റെ നിയന്ത്രണത്തിലാണ്. അതു കൊണ്ട് വി.സി.-മാരായി സർക്കാർ വിചാരിക്കുന്ന ആളെ വരാവൂ അതാണ് ഇപ്പോഴത്തെ കോമ്പോസിഷൻ. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനിലും സർക്കാരിന്റെ കീഴിൽ നിൽക്കുന്ന ഒരാളാണ്; അവർ പറയുന്ന ആളാണ് അവിടെ വരേണ്ടത്. അതുകൊണ്ട് ഗവൺമെന്റ് വിചാരിക്കുന്ന ആൾ മാത്രമേ വി.സി. ആയി വരികയുള്ളു അതാണ് ഇവിടത്തെ സ്ഥിതി. കോഴിക്കോട് വി. സി.-യെ സംബന്ധിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. എന്റെ സ്നേഹി തൻ ശ്രീ. റ്റി. എ. അഹമ്മദ് കബീർ പറഞ്ഞു, വ്യക്തിപരമായി ആക്ഷിപേ ക്കാൻ പാടില്ലായെന്ന് പറഞ്ഞു. ഞാൻ ആക്ഷേപിക്കുന്നില്ല. ഇവിടെ ഒന്നു രണ്ടുപേർ സൂചിപ്പിച്ച ഒരു കാര്യവുമാണ്. അതുകൊണ്ട് ഞാൻ വ്യക്തിപര മായി പറയുന്നത് ശരിയല്ല. പക്ഷേ ഒരു കാര്യമുണ്ട്. തെറ്റ് ചെയ്താൽ നമുക്ക്

നോവാതെ വിമർശിക്കണം; ആ വിമർശനത്തിൽകൂടി നന്നായി വരും. അതു കൊണ്ടാണ് ഞാൻ ഭൂമിയിടപാട് സംബന്ധിച്ച് പറയാത്തത്. സർക്കുലറിൽ പറയുന്നില്ല. എന്താണ് സർക്കുലറിൽ പറയുന്നത്? വി.സി.യുടെ മുറിയിൽ സ്ത്രീകൾ കയറാൻ പാടില്ല എന്നാണ് സർക്കുലറിൽ പറയുന്നത്. അവിടത്തെ ജീവനക്കാരുടെ കാര്യം ഞാൻ പറയും. അവർ ഏത് പാർട്ടിയാണെങ്കിലും അത് ഐ.എൻ.ടി.യു.സി. ആണെങ്കിലും സി.ഐ.ടി.യു. ആണെങ്കിലും ലീഗിന്റെ ആളാണെങ്കിലും ഏത് ജീവനക്കാരനാണെങ്കിലും ജീവനക്കാർ ഒറ്റ ക്കെട്ടാണ്; അവർക്ക് സ്വാതന്ത്ര്യവും അവകാശവും കൊടുക്കുന്നില്ല. ഈ രീതിയിൽ ആ വി.സി.-ക്കെതിരായി ജീവനക്കാർ സമരം നടത്തികൊണ്ടിരി ക്കുകയാണ്; അതാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. മുസ്ലീം ലീഗി ന്റെയും സി.പി.ഐ.(എം)-ന്റെയും ജീവനക്കാർ ഒറ്റക്കെട്ടായി പറയേണ്ട കാര്യം എനിക്ക് സഭയിൽ പറയാതിരിക്കാൻ പറ്റുമോ? അതുകൊണ്ടാണ് ഞാൻ ഇതുസംബന്ധിച്ച് പറയാൻ ഉദ്ദേശിക്കുന്നത്. പത്രങ്ങളിൽ വി.സി.യെ സംബന്ധിച്ച് ഒരുപാട് വാർത്തകൾ വന്നു. ഒരു നിഷേധവും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല. കണ്ണൂർ വി.സി. -ക്ക് യോഗ്യതയില്ലാത്തതുകൊണ്ട് ഇപ്പോൾ അദ്ദേഹത്തെ മാറ്റി നിർത്തിയിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ അവിടെ പി.വി.സി.-ക്കാണ് ചുമതല. അവിടെ ഒരു അസിസ്റ്റന്റ് പ്രൊഫസറായ ഷീല ഷുക്കൂർ ഉണ്ട്. അവരെ എം.ജി. യൂണിവേഴ്സിറ്റിയിൽ നിയമിച്ചു; അവർക്ക് എറണാകുളം NUALS-ന്റെ അധിക ചാർജുംകൂടി കൊടുത്തു. അതാണ് അവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആകെ മൊത്തം പറഞ്ഞാൽ, നാല് യൂണിവേഴ്സിറ്റികളിലും വി.സി.-മാർ ഇപ്പോൾ ഇല്ല. അവർ യോഗ്യതയില്ലാത്തവരാണെന്ന കാര്യം ചോദ്യോത്തരവേളയിൽ ബഹുമാന

പ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതാണ്. കേരളത്തിലെ നാല് വി.സി. മാർ യോഗ്യതയില്ലാത്തവരാണ് എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിപറഞ്ഞതാണ്. ഇങ്ങനെ യോഗ്യതയില്ലാത്ത യു.ജി.സി.–യിലെ....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, നാല് വൈസ് ചാൻസലർമാർ യോഗ്യതില്ലാത്തവരാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റി ആക്ട് അനുസരിച്ച് യോഗ്യതയുള്ളവരാണെന്നും എന്നാൽ യു.ജി.സി. പുതിയതായി കൊണ്ടുവന്ന യോഗ്യത ഇല്ലായെന്നുമാണ് ഞാൻ പറഞ്ഞത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, പുതിയ രീതിയിൽ അങ്ങനെ ആയിക്കോട്ടെ. പുതിയ രീതിയിൽ കൊണ്ടുവന്ന യു.ജി.സി. ആക്ടിൽ നാല് വി.സി. മാർക്ക് യോഗ്യതയില്ലായെന്ന് പറഞ്ഞു. ഞാൻ അതുമായി പൊരുത്തപ്പെടുന്ന ഒരാളാണ്. എന്ത് പറഞ്ഞാലും ഞാൻ മന്ത്രിയുമായിട്ടും സ്പീക്കറുമായിട്ടും ഒക്കെ പൊരുത്തപ്പെട്ടുപോകുന്ന ഒരാളാണ്. ഞാൻ പ്രസംഗിക്കുമ്പോൾ എപ്പോഴാണോ ബഹുമാനപ്പെട്ട സ്പീക്കർ പ്രസംഗം അവസാനിപ്പിക്കാൻ പറയുന്നത് അപ്പോൾ ഞാൻ അവസാനിപ്പിക്കും. അക്കാര്യത്തിൽ സംശയമൊന്നുമില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കണ്ടുപഠിക്കേണ്ട ചില കാര്യങ്ങളുണ്ട്. നമ്മുടെ അടുത്ത സംസ്ഥാനമായ തമിഴ്നാട്, മധുര കാമരാജ് എന്നീ യൂണിവേഴ്സിറ്റികളിൽ ഇയാൾക്ക് യോഗ്യതയില്ല, മാറ്റിയേക്കണം എന്ന് യു.ജി.സി. പറഞ്ഞു, മാറ്റില്ല. മദ്രാസ് ഹൈക്കോടതി ഇടപെട്ടു. ഇപ്പോൾ അദ്ദേഹം വീട്ടിൽ ഇരിക്കുകയാണ്. അപ്പോൾ അതെങ്കിലും ഒന്ന് കാണണ്ടേ? ഇങ്ങനെ ആയാൽ ഇവിടെ പല വി. സി. മാരും വീട്ടിലിരിക്കും അതാണ് സ്ഥിതി. ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. കണ്ണൂർ സർവ്വകലാശാലയ്ക്കും സംസ്കൃത സർവ്വകലാശാലയ്ക്കും ഗ്രാന്റ്

തടയാൻ പോകുകയാണ്. അങ്ങനെ ഗ്രാന്റ് തടഞ്ഞാൽ അവരുടെ ഗവേഷണം, ശമ്പളം ഇതൊക്കെ പോകേണ്ട സ്ഥിതിയുണ്ടാകും. വി.സി. മാർക്ക് യോഗ്യതയില്ലാത്തതുകൊണ്ടാണ് ഈ രണ്ട് യൂണിവേഴ്സികളുടെയും ഗ്രാന്റ് യു.ജി.സി.–യിൽനിന്ന് തടയാൻ പോകുന്നത്. പഴയ ചരിത്രങ്ങളൊക്കെ പറഞ്ഞുതുടങ്ങിയാൽ ഒരുപാട് കാര്യങ്ങളൊക്കെ പറയേണ്ടിവരും. 'കാണാൻ സമയം അനുവദിക്കണം' എന്ന് ഒരു വി.സി. പറഞ്ഞു. അങ്ങോട്ട് എന്തുപ റഞ്ഞു, 'പാടില്ല. ഞാൻ അങ്ങോട്ട് വന്നുകാണും'. വി.സി. യുടെ സ്ഥാനം അത്രയും വലുതാണ്, ഒരു മുഖ്യമന്ത്രിയോടാണ് പറയുന്നത്. മുഖ്യമന്ത്രിയോട് പറഞ്ഞു, എനിക്ക് ഒന്ന് കാണണമെന്ന്. പാടില്ല, ഞാൻ അങ്ങോട്ട് കാണാൻ വരും. അപ്പോൾ വി.സി.–യുടെ സ്ഥാനം അത്രയാണ്. മുഖ്യമന്ത്രി ഇ.എം.എ സ്. നമ്പൂതിരിപാട് ആണ്, മറ്റേയാൾ ജോൺ മത്തായി ആണ്. ഒരുപാട് വി. സി. മാർ കേരളത്തിലെ സർവ്വകലാശാലയിൽ ഇരുന്ന ആളുകളാണ്. അവർ ആരൊക്കെയാണ്? വി.കെ. നന്ദൻമേനോൻ, ജോൺ മത്തായി, ഡോ. എസ്. കൃഷ്ണൻ, **ഡോ. എച്ച്. ഹോപ്പ് വർത്ത്**, ഡോ. ബി. ഇക്ബാൽ തുടങ്ങി എല്ലാവരും പ്രശസ്തന്മാരായ ആളുകളാണ് കേരള യൂണിവേഴ്സിറ്റിയിൽ വി. സി. മാരായി ഇരുന്നിട്ടുള്ളവർ. കേരള യൂണിവേഴ്സിറ്റിയെ മദർ യൂണിവേ ഴ്സിറ്റി എന്നാണ് പറയുന്നത്; ആദ്യം ഉണ്ടായ യൂണിവേഴ്സിറ്റി എന്നാണ്. ആ മദർ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർമാരെല്ലാം അത്ര പ്രഗത്ഭന്മാ രും പ്രശസ്തന്മാരുമായിരുന്നു. അങ്ങനെയുള്ള ആ യൂണിവേഴ്സിറ്റിയിൽ ഇന്ന് അഴിമതിയും കെടുകാര്യസ്ഥതയും ഉണ്ട്. അഴിമതി എന്ന് പറഞ്ഞാൽ ഒരാളല്ല, യൂണിവേഴ്സിറ്റിയാണ്. ആ യൂണിവേഴ്സിറ്റി ഇന്ന് അഴിമ തിയുടേയും കെടുകാര്യസ്ഥതയുടേയും കേന്ദ്രമാണ്. ആ യൂണിവേ

ഴ്സിറ്റിയിൽ വി.സി. യെ നിയമിച്ചിട്ട് കുറേ നാളായി; അവിടെ ഗവൺമെന്റ് സെക്രട്ടറിയുടെ ഭരണമായിരുന്നു. ഞാൻ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. കൂടുതലതായി ഒന്നും പറയുന്നില്ല.

മറ്റൊരു കാര്യം, കേരള യൂണിവേഴ്സിറ്റിയിലെ 10 ബി.എഡ്. സെന്റർ തുടങ്ങാൻ തീരുമാനിച്ചത് ശ്രീ. ജി. സുധാകരൻ സിൻഡിക്കേറ്റ് മെമ്പറായിരുന്നപ്പോഴാണ്. പിന്നീട് ഞാൻ വന്നപ്പോഴും അതിനെ പ്രോത്സാഹിപ്പിച്ചതേയുള്ളൂ. ആ കോളേജുകളിലുള്ള അദ്ധ്യാപകരെയും അനദ്ധ്യാപകരെയും പിരിച്ചുവിടാനും ബി.എഡ് സെന്ററുകൾ പൂട്ടാനുമുള്ള ശ്രമം നടക്കുകയാണ്. നല്ല വിജയശതമാനമുള്ള ഈ 10 ബി.എഡ്. സെന്ററുകൾ നിർത്തലാക്കാനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകരുത് എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ബി.എഡ് സെന്ററുകൾ നിർത്തലാക്കരുതെന്ന് യൂണിവേഴ്സിറ്റിയോട് പറയാനുള്ള ആർജ്ജവം മന്ത്രിക്കുണ്ടാകണം. സീമാറ്റ് പൂട്ടാൻ തുടങ്ങിയപ്പോൾ സഹകരണ വകുപ്പുമന്ത്രിയോട് അത് പൂട്ടാൻ പാടില്ലെന്ന് ഞാൻ ആവശ്യപ്പെട്ടതിനാൽ മന്ത്രി അതിൽനിന്ന് പിൻമാറിയിരുന്നു. ആദ്യമായി സ്വാശ്രയ കോളേജ് ആരംഭിച്ചത് ശ്രീ. എ. കെ. ആന്റണിയാണ്. മെഡിസിനും എഞ്ചിനീയറിംഗിനും നമ്മുടെ കുട്ടികൾ ബാംഗ്ലൂരിലും തമിഴ്നാട്ടിലുംപോയി ധാരാളം പണം കൊടുത്താണ് പഠിക്കുന്നത്. അതിനാൽ ഇവിടെ സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനെ ഞങ്ങൾ അംഗീകരിച്ചു. മാത്രമല്ല സഹകരണ മേഖല, യൂണിവേഴ്സിറ്റികൾ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ തുടങ്ങിയാൽ തരക്കേടില്ല എന്ന അഭിപ്രായത്തിലാണ് സ്വാശ്രയ കോളേജുകൾ തുടങ്ങിയത്. ഇപ്പോൾ സ്വകാ

ര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെഡിസിന് അഡ്മിഷൻ വേണമെങ്കിൽ 80 ലക്ഷം മുതൽ 1 കോടി രൂപവരെ കൊടുക്കേണ്ടിവരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിലൊക്കെ നമ്മൾ നിയന്ത്രണം ഏർപ്പെടുത്തണം. കോളേജ് ആരംഭിച്ചാൽ വ്യവസായം നടത്തുന്നതിനെക്കാൾ ലാഭം കിട്ടുമെന്നതിനാൽ കയർ മുതലാളിമാരും മദ്യവ്യവസായികളും കശുവണ്ടി മുതലാളിമാരുമാണ് ഈ രംഗത്തേയ്ക്ക് വന്നിരിക്കുന്നത്. സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 80 ലക്ഷംമുതൽ 1 കോടിരൂപവരെ അമിത ഫീസ് വാങ്ങുന്നത് നിർത്തലാക്കാൻ എങ്ങനെ സാധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറുംകൂടി ആലോചിക്കുന്നത് നന്നായിരിക്കും. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബില്ലിലെ മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് വലിയ വിമർശനങ്ങളുണ്ടായില്ല, മറ്റ് കാര്യങ്ങളാണ് പൊതുവായി പറഞ്ഞത്. ഐ.ടി യും ബി.ടി യുമായി ബന്ധപ്പെട്ടാണ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞത്. യൂണിവേഴ്സിറ്റി ആക്ടുകളിൽ ഐ.ടി. യും ബി.ടി യും വന്നത് വളരെ വർഷങ്ങൾക്കുമുമ്പാണ്. അന്ന് ഐ.ടി യും ബി.ടി യും വളരെ റെയറായിട്ടുള്ള സബ്ജക്ടുകളായിരുന്നു. ഇന്ന് അത് മാറിയതിന്റെ അടിസ്ഥാനത്തിലാണ് ഐ.ടി., ബി.ടി എന്നത് ഒഴിവാക്കി ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ എന്നുവച്ചത്. മെമ്പർമാർ ആറിൽ കവിയാൻ പാടില്ലെന്നുള്ളത് ഒരു പ്രയോഗമാണ്. അതിന് മുമ്പുള്ള എല്ലാ ആക്ടുകളിലും

not more than എന്ന പ്രയോഗമുണ്ട്. 4 എണ്ണത്തിനുപുറമെ ഒരു വനിതയ്ക്കും പട്ടികജാതി സമുദായത്തിൽപ്പെട്ടയാളിനും നോമിനേഷൻ കൊടുക്കാൻ വേണ്ടിയാണ് 6 എണ്ണം എന്നാക്കിയത്. അതിൽ അപാകതയൊന്നുമില്ല. പിന്നെ ഇവിടെ സൂചിപ്പിച്ചത് നോമിനേറ്റഡ് മെമ്പർമാർക്ക് കാലാവധി ഇല്ലെന്നാണ്. കാലാവധിയുണ്ട്. സാധാരണയുള്ള സെനറ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ നോമിനേറ്റഡായ മെമ്പർമാരുടെ കാലാവധിയും അവസാനിക്കും. നോൺ–ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനങ്ങൾ പി.എസ്.സി–ക്ക് വിട്ടു, എന്നാൽ നിയമനങ്ങൾ നടക്കുന്നില്ല എന്നത് ശരിയാണ്. നിയമനിർമ്മാണത്തിനനുസരിച്ചുള്ള ഭേദഗതികൾ ഓരോ യൂണിവേഴ്സിറ്റിയുടെയും ആക്ടിൽ വന്നാൽ മാത്രമേ നിയമനങ്ങൾ അതനുസരിച്ച് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അതിന്റെ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെയാണ് വൈസ് ചാൻസലർമാരുടെ യോഗ്യതയെ സംബന്ധിച്ചും. യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ യൂണിവേഴ്സിറ്റികളുടെ ആക്ടുകളിൽ ഉൾപ്പെടുത്തിയാൽ മാത്രമേ പുതിയ വി.സി മാരെ നിയമിക്കുമ്പോൾ അതുകൂടി യോഗ്യതകളുടെ ഭാഗമായി വരികയുള്ളൂ. ബി.എഡ് സെന്ററുകൾ നിർത്താനുള്ള തീരുമാനത്തെക്കുറിച്ച് പറഞ്ഞത് ശരിയല്ല. ബി.എഡ് സെന്ററുകൾ പൂട്ടാൻ തീരുമാനിച്ചിട്ടില്ല. മാത്രമല്ല, ഇപ്പോൾ തുടർന്ന് പ്രവർത്തിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലകളിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന മെമ്പർമാരെ കുറിച്ചുള്ള ആക്ഷേപങ്ങൾ പത്രങ്ങളിലും മാധ്യമങ്ങളിലും നമ്മൾ കാണുന്നുണ്ടെങ്കിലും ഔദ്യോഗികമായി ആക്ഷേപങ്ങൾ ലഭിക്കുമ്പോൾ അതിന് നടപടിയെടുക്കാനുള്ള അധികാരം സിൻഡിക്കേറ്റിനും വൈസ് ചാൻസലർക്കും ഗവൺമെന്റിനും ഉണ്ട്. ആക്ഷേപങ്ങൾ ലഭിക്കുന്ന

മുറയ്ക്ക് മാത്രമേ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ. സർവ്വകലാശാലകളിൽ അദ്ധ്യാപകരുടെ കുറവ് വളരെ വർഷങ്ങൾക്കു മുമ്പുതന്നെയുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർവ്വകലാശാല അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ നടപടികളുമായി മുന്നോട്ട് പോവുകയാണ്. അതുപോലെ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിലും കാലതാമസമുണ്ടായിരുന്നു. അത് വളരെയേറെ കുറച്ചുകൊണ്ടുവരികയാണ്. ഹയർസെക്കണ്ടറിയിലൊക്കെയുള്ളതുപോലെ കോഴ്സുകളുടെ പ്രവേശനം സംബന്ധിച്ച്, പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച ഷെഡ്യൂൾ, റിസൽട്ട് ഡിക്ലയർ ചെയ്യുന്ന ഷെഡ്യൂൾ ഇതൊക്കെ തന്നെ സ്ട്രീംലൈൻ ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഞാൻ നേരത്തെ പറയുകയുണ്ടായി. ഓരോ യൂണിവേഴ്സിറ്റിയിലും ഓരോ രീതിയിലായതുകൊണ്ടാണ് റിസൽട്ടിന്റെ താമസവും അതുപോലെ പരീക്ഷാ നടത്തിപ്പിലുള്ള..........

ഡോ. എൻ. ജയരാജ്: സർ, ഓരോ യൂണിവേഴ്സിറ്റിയിലും വ്യത്യസ്തമായ സാഹചര്യമുള്ളതുകൊണ്ട് ഏകീകൃത സർവ്വകലാശാല നിയമത്തെക്കുറിച്ച് അങ്ങ് കഴിഞ്ഞ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ ഗവൺമെന്റ് മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി .കെ. അബ്ദു റബ്ബ്: സർ, ഞാൻ അതാണ് പറഞ്ഞത്. സർവകലാശാലകളിലെ പ്രവേശനം, പരീക്ഷാ നടത്തിപ്പ് തുടങ്ങി എല്ലാ കാര്യങ്ങളിലും ഏകീകരണം വേണമെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. അതിന്റെ പരിശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്.

ശ്രീ റ്റി. വി. രാജേഷ്: സർ, യു.ജി.സി. യുടെ ക്വാളിഫിക്കേഷനനുസരിച്ച് സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുവെങ്കിലും 3 വർഷമായിട്ടും അതിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ടൈംബൗണ്ടായി നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഓരോ സർവ്വകലാശാലയും അതിന്റെ ആക്ടിലും റൂൾസിലും ഭേദഗതി വരുത്തണം. ഭേദഗതി വരുത്താൻ സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പല സർവ്വകലാശാലകളും ഇതുവരെ ചെയ്തിട്ടില്ല. അത് സ്പീഡ് അപ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം.

ഡോ. കെ.ടി. ജലീൽ: സർ, വൈസ് ചാൻസിലർമാർക്കുള്ള യു.ജി.സി യുടെ ക്വാളിഫിക്കേഷനനുസരിച്ച് സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യപ്പെട്ടിട്ടില്ല എന്ന് അങ്ങിവിടെ പറഞ്ഞു. അങ്ങനെയൊരു ഭേദഗതി ചെയ്യാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അങ്ങനെ ചെയ്യണമെന്ന് എല്ലാ യൂണിവേഴ്സിറ്റികളോടും ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ചെയ്യുന്ന മുറയ്ക്ക് മാത്രമേ അതുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഇ.പി. ജയരാജൻ : സർ, പി.എസ്.സി.-ക്ക് വിട്ട് 6 മാസത്തിനുള്ളിൽ ചട്ടങ്ങളുണ്ടാക്കി നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ കുറ്റകരമാണെന്ന് നേരത്തെ തന്നെ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. 3 വർഷമായിട്ടും പി.എസ്.സി. നിയമനം നടത്തിയിട്ടില്ലെന്നാണ് ഇവിടെ പറഞ്ഞത്. ഇത് അക്കാഡമിക് വിഷയങ്ങളാണ്. ഒരു യൂണിവേഴ്സിറ്റിയുടെ നടത്തിപ്പിനെ ഏറ്റവുമധികം പ്രതികൂലമായി ബാധിക്കുന്നതാണ്. ഇതുസംബന്ധിച്ച്

അടിയന്തരമായി അന്വേഷിച്ച് ഈ സഭയുടെ മുമ്പാകെ കാര്യങ്ങൾ വ്യക്തമാക്കാൻ അങ്ങ് തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, നിയമം പാസ്സാക്കി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റിയുടെ അമെന്റ്മെന്റും കൂടി വന്നാൽ മാത്രമേ നിയമം നടപ്പിലാക്കാൻ കഴിയുകയുള്ളു. പരമാവധി സ്പീഡ്-അപ് ചെയ്യാനുള്ള നിർദ്ദേശം യൂണിവേഴ്സിറ്റികൾക്ക് കൊടുക്കാം. വൈസ് ചാൻസിലർ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടും വൈസ് ചാൻസിലർമാരെപ്പറ്റിയും ഇവിടെ സംസാരിച്ചു. അതിനൊക്കെ വ്യക്തമായ ചട്ടങ്ങളും നിയമങ്ങളുമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ കോഴിക്കോട് യൂണിവേഴ്സിറ്റി വൈസ് ചാൻസിലറെ സംബന്ധിച്ച പരാതികൾ, കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതുപോലെ അഡീഷണൽ ചീഫ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഗവർണ്ണർക്ക് കൊടുത്തിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ട കാര്യങ്ങളും നടക്കുന്നുണ്ട്. നിയമിക്കാനുള്ള അതോറിറ്റി ഗവർണ്ണറായതുകൊണ്ട് നീക്കം ചെയ്യാനുള്ള അധികാരവും ഗവർണ്ണർക്കാണ്. കാലിക്കറ്റ് വി.സി. യെന്നല്ല, ഒരു വി.സി. യെയും നിയമിച്ചതിൽ എന്നെ സംബന്ധിച്ച് മാനസികമായ ഒരു മനസ്താപവുമില്ല. അതിന്റെ ആവശ്യമില്ല. കാരണം വ്യക്തിപരമായ കാര്യമല്ല. അതുകൊണ്ട് ഡോ. കെ.ടി. ജലീൽ പറഞ്ഞ കാര്യത്തിനോട് എനിക്ക് യോജിപ്പില്ല. എന്നോട് വ്യക്തിപരമായി എന്തെങ്കിലും ചെയ്തോ ഇല്ലയോ എന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. വ്യവസ്ഥാപിതമായ രീതിയിൽ നടപടിയെടുക്കേണ്ട അതോറിറ്റി നടപടി എടുക്കേണ്ട കാര്യങ്ങളുണ്ടെങ്കിൽ

നടപടി എടുക്കുമെന്ന് മാത്രമേ അക്കാര്യത്തെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളു. നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങളിൽ അയോഗ്യരായിട്ടുള്ള ആളുകൾ കടന്നുകൂടുമെന്നുള്ള കാര്യമാണിവിടെ പറഞ്ഞത്. കഴിഞ്ഞ ദിവസം മറ്റൊരു ബിൽ അവതരിപ്പിച്ചപ്പോഴും പറഞ്ഞതാണ്. അയോഗ്യരായിട്ടുള്ള ആളുകൾ കടന്നുകൂടാൻ പാടില്ലെന്നുള്ളത് ശരിയാണ്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തും അങ്ങനെ കടന്നുകൂടിയ ആളുകളുടെ പേര് ഞാൻ കഴിഞ്ഞ ദിവസം വായിച്ചത് ആവർത്തിക്കുന്നില്ല. അങ്ങനെ വരാതെ നോക്കേണ്ടത് നമ്മുടെയെല്ലാം കടമയാണ്. ഏതായാലും ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ആർക്കും വലിയ അഭിപ്രായ വ്യത്യാസങ്ങളില്ല. നമ്മുടെ സംസ്ഥാനത്ത് എല്ലാ സർവ്വകലാശാലകളിലും നിയമനവുമായി ബന്ധപ്പെട്ട് ഏകീകൃതസ്വഭാവം ഉണ്ടാകണം. അതോടൊപ്പം എം.ജി. യൂണിവേഴ്സിറ്റിയിലുണ്ടായിരുന്ന വൈസ് ചാൻസിലർ പോകുമ്പോൾ ആട്ടോമാറ്റിക്കായി പി.വി.സി. യും അവരുടെ കാലാവധി നോക്കാതെ പിരിഞ്ഞുപോകണമെന്നുള്ള വ്യവസ്ഥയും മാറ്റണം. പി. വി. സി. ഉള്ളതുകൊണ്ടാണ് അവിടെ ഭരണം മുന്നോട്ട് കോണ്ടുപോകാൻ സാധിക്കുന്നത്. എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറെ ഗവർണ്ണർ പുറത്താക്കുകയുണ്ടായി. അവിടെ പി.വി.സി. കൂടി ഇല്ലാത്ത അവസ്ഥ വന്നെങ്കിൽ ബുദ്ധിമുട്ടാകുമായിരുന്നു. ഈ ഓർഡിനൻസും നിയമവുമുള്ളതുകൊണ്ടാണ് പി.വി.സി. –ക്ക് തുടരാനുള്ള അവസരമുണ്ടായത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർമാരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന

പ്രമേയത്തെ................

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

Shri M. Ummer: Sir, I move the following amendment:

111. In Section 6 (2) of the Kerala University Act, 1974 proposed to be substituted by clause 2, after the words “In making appointments” insert the words “by direct recruitment”.

Smt. K.S. Saleekha: Sir, I move the following amendment:

114. In Section 6 (2) of the Kerala University Act, 1974 proposed to be substituted by clause 2, for the words “the teaching and non-teaching posts” substitute the words “each and every posts”.

Shri A.K. Balan: Sir, I move the following amendment:

115. In Section 6 (2) of the Kerala University Act, 1974 proposed to be substituted by clause 2, the words figures and symbols coming after the words *mutatis-mutandis,* shall be substituted with words and symbols “observe the relevant rules in KS&SSR regarding reservation, community wise rotation, special recruitment and connected matters. The community wise rotation for each category shall be determined treating all the departments as one unit.”

സർ, 1974–ൽ കേരള യൂണിവേഴ്സിറ്റി ആക്ട് സെക്ഷൻ 6(2)–ൽ സർക്കാർ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ ജീവനക്കാരുടെ നിയമനങ്ങൾ

സംബന്ധിച്ച കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ സംവരണത്തെ സംബന്ധിച്ച എല്ലാ ചട്ടങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ബില്ലിൽ ചട്ടങ്ങൾ 15, 16, 17, 17(എ)എന്നിവ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. 17(ബി), 17(സി) എന്നിവ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. സർവ്വീസിൽ എസ്.സി., എസ്.റ്റി. വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഗണിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ്, വയസ്സിളവ്, യോഗ്യതയിൽ ഇളവ് തുടങ്ങിയവ 17(ബി), 17(സി) ചട്ടങ്ങൾ പ്രകാരമാണ്. അത് ഈ ബില്ലിൽ പ്രൊട്ടക്ട് ചെയ്യുന്നില്ല. അതുകൊണ്ട് സംവരണാനുകൂല്യവുമായി ബന്ധപ്പെട്ട കെ.എസ്.എസ്.ആർ–ലെ എല്ലാ ചട്ടങ്ങളും ഉൾപ്പെടുത്തുന്നതിനാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടക്കില്ല. ഏതെങ്കിലും സാഹചര്യത്തിൽ മതിയായ പ്രാതിനിധ്യം ഇല്ലാതെ വന്നാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിന് ഉറപ്പുകൊടുക്കുന്നതാണ് 17(ബി), 17(സി) ചട്ടങ്ങൾ. ഇതൊഴികെ ബാക്കിയെല്ലാ കാര്യങ്ങളും ബില്ലിൽ വന്നിട്ടുണ്ട്.

Shri B. D. Devassy: Sir, I move the following amendment:

117. In Section 6(2) of the Kerala University Act, 1974 proposed to be substituted by Clause 2, for the words and figures 17 and 17A substitute the words and figures “17, 17A, 17B and 17C”.

Shri Abdurahiman Randathani: Sir, I move the following amendment:

119. In Section 6(2) of the Kerala University Act, 1974 proposed to be substituted by Clause 2, insert the following proviso namely: -

"Provided that three percent of the posts in addition to the above shall also be reserved for differently abled persons".

മി. സ്പീക്കർ : 113-ാം നമ്പർ ഭേദഗതി 112-ാം നമ്പർ ഭേദഗതിക്ക് തുല്യവും 120-ാം നമ്പർ ഭേദഗതി 119-ാം നമ്പർ ഭേദഗതിക്ക് തുല്യവും ആയതുകൊണ്ട് ഭേദഗതി മൂവ് ചെയ്യാൻ സാധ്യമല്ല. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. കെ. എൻ. എ. ഖാദർ എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(അംഗങ്ങളാരും സംസാരിച്ചില്ല.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 115-ാം നമ്പർ ഭേദഗതിക്ക്, ബില്ലിൽ നിലവിലുള്ള വ്യവസ്ഥ പര്യാപ്തമാണ്. മറ്റുഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 110-ാം നമ്പർ ഭേദ ഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>3-ാം വകുപ്പ്</u>

<u>Shri M. Ummer</u>: Sir, I move the following amendment:

121. In Section 6(2) of the Calicut University Act, 1975 proposed to be substituted by clause 3(a), after the words "In making appointments" insert the words "by direct recruitment."

<u>Shri N. Samsudheen</u>: Sir, I move the following amendment:

122. In Section 6(2) of the Calicut University Act, 1975 proposed to be substituted by clause 3(a), insert the words:-

"Other than the appointments by promotion" after the word "appointments."

<u>Smt. K.S. Saleekha</u>: Sir, I move the following amendments:

124. In Section 6(2) of the Calicut University Act, 1975 proposed to be substituted by clause 3(a), for the words "the teaching and non-teaching posts" substitute the words "each and every posts"

129. Delete clause 3(b).

135. In item (5), under the heading "Other Members" in section 17 of the Calicut University Act, 1975 proposed to be substituted by clause 3(b), for the words "six members" substitute the words "three members".

142. Delete clause 3(c)

145. In the fourth proviso to Section 18(3) proposed to be inserted by clause 3(c), for the words "during the pleasure of the Chancellor or the Government, as the case may be" substitute the words "for a period of 4 years".

Shri N.A. Nellikkunnu: Sir, I move the following amendment:

127. In Section 6 (2) of the Calicut University Act, 1975 proposed to be substituted by clause 3(a), add the following proviso namely;

"Provided that three percent of the posts in addition to the above shall also be reserved for differently abled persons".

Shri K. Suresh Kurup : Sir, I move the following amendments:

136. In item (5) under the heading "Other Members" in section 17 of the Calicut University Act, 1975 proposed to be substituted by clause 3(b), insert the words, "One shall be from the field of Teaching, one shall be from the field of Bio Technology" after the word "of which".

143. In the fourth proviso to Section 18(3) proposed to be inserted in the Calicut University Act, 1975 by clause 3(c), insert the words "till the term of the Senate is over," before the words "as the case may be"

സർ, കാലിക്കട്ട് യൂണിവേഴ്സിറ്റി ആക്ടിൽ, 'provided also that not more than 6 members nominated by the government from the field of Higher Education, of which one shall be a woman and one shall be from the scheduled caste or Scheduled Tribe.' ബയോടെക്നോളജി ഫീൽഡിൽ നിന്നും ഐ.റ്റി മേഖലയിൽ നിന്നുമുള്ള 2 പ്രഗത്ഭന്മാരെ എടുക്കണമെന്ന് 'one shall be from the field of Teaching, one shall be from the

field of Bio Technology' ഉണ്ടായിരുന്നതാണ്. ഇന്ന് ഏറ്റവും കൂടുതൽ വികസിച്ചുവരുന്നതും വളരെ പ്രധാനപ്പെട്ടതുമായ ബയോടെക്നോളജി വിഭാഗത്തിൽ നിന്നും ഒരാളുണ്ടാകണമെന്ന അടിസ്ഥാനത്തിലാണ് ഉൾപ്പെടുത്തിയത്. അത് മാറ്റുകയാണ് ചെയ്തത്. ഇപ്പോഴുള്ളതും ബയോടെക്നോളജി വിഭാഗത്തിൽ നിന്ന് ഒരാളും വേണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതുപോലെ, 'shall hold their office during the pleasure of the Chancellor or the Government as the case may be' എന്നുപറഞ്ഞിട്ടുണ്ട്. സെനറ്റിന്റെ കാലാവധി തീരുമ്പോൾ അവരുടെ കാലാവധിയും തീരണ്ടേ? അത് വ്യക്തമാക്കാതെ സെനറ്റിന്റെ കാലാവധി കഴിഞ്ഞും തുടരാമെന്നുള്ള കാര്യം വരുന്നത് ശരിയല്ല. അത് അവ്യക്തമായ കാര്യമാണ്. സെനറ്റിന്റെ കാലാവധി വരയേ മറ്റുള്ളവരുടെ കാലാവധിയുള്ളൂവെന്ന് വരണം.

Shri Kodiyeri Balakrishnan: Sir, I move the following amendment:

138. In item (5) under the heading "Other Members" in Section 17 of the Calicut University Act, 1975 proposed to be substituted by clause 3(b), shall be recast as follows;

"(5) Six members nominated by the Government from among eminent persons in the field of Higher Education, of which two shall be women and one shall be from the Scheduled Castes or Scheduled Tribes. Of these Six members, at least one each shall be an expert in the field of Information Technology and Bio-Technology.";

സർ, ക്ലോസ് 3(ബി) റീ-കാസ്റ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഈ ഭേദഗതി അതേപടി അംഗീകരിക്കുകയാണ് വേണ്ടത്.

Smt. K. K. Lathika: Sir, I move the following amendment:

137. In item 5 under the heading "Other Members" in section 17 of the Calicut University Act, 1975 proposed to be substituted by clause 3(b), for the words "one shall be a woman" substitute the words, "two shall be women".

Shri E.P. Jayarajan: Sir, I move the following amendment:

146. In the fourth proviso to Section 18(3) of the Calicut University Act, 1975 proposed to be inserted by clause 3(c), for the words "during the pleasure of the Chancellor or the Government, as the case may be." The words "for a period of four years from the date on which he enters upon his office." shall be substituted.

മി. സ്പീക്കർ : 123-ാം നമ്പർ ഭേദഗതി 122-ാം നമ്പർ ഭേദഗതിക്ക് തുല്യവും 128-ാം നമ്പർ ഭേദഗതി 127-ാം നമ്പർ ഭേദഗതിക്ക് തുല്യവും 131, 132, 133, 134 എന്നീ നമ്പർ ഭേദഗതികൾ 130-ാം നമ്പർ ഭേദഗതിക്ക് തുല്യവും 140, 141 എന്നീ നമ്പർ ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതുകൊണ്ട് ഭേദഗതികൾ മൂവ് ചെയ്യാൻ സാധ്യമല്ല. ശ്രീ. പി.ബി. അബ്ദുൾ

റസാക്ക്, ശ്രീ. സി. മമ്മൂട്ടി, ശ്രീ. എ. കെ. ശശീന്ദ്രൻ, ശ്രീ. ബി.ഡി. ദേവസ്സി, ശ്രീ. റ്റി.വി. രാജേഷ്, ശ്രീ. കെ. വി. വിജയദാസ് എന്നീ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(അംഗങ്ങളാരും സംസാരിച്ചില്ല.)

Shri. A.K. Balan: Sir, I move the following amendment.

144. In the fourth proviso to Section 18(3) proposed to be inserted in the Calicut University Act, 1975 by clause 3(c), for the words “during the pleasure of the Chancellor or the Government, as the case may be” substitute the words “till the reconstitution of the senate”.

സർ, സെനറ്റിലെ ഒരംഗത്തിന്റെ കാലാവധി നാലുവർഷമാണ്. ഈ കാലാവധി സർക്കാരിന് താൽപ്പര്യമുള്ള കാലത്തേയ്ക്കുമാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ ഭേദഗതിയിലൂടെ യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റിയിലേയ്ക്കുള്ള ഒരു കടന്നുകയറ്റം ഗവൺമെന്റ് നടത്തുകയാണ്. ‘during the pleasure of the Chancellor or the Government, as the case may be’ എന്നാണ് ഇതിനകത്ത് എഴുതിയിരിക്കുന്നത്. ഒരു ഗവൺമെന്റിന്റെ കാരുണ്യത്തിനനുസരിച്ചാണ് കാലാവധി നിശ്ചയിക്കപ്പെടുന്നത്. അതുകൊണ്ട് അത് മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ഭരണപക്ഷ അംഗങ്ങൾ അവിടവിടെ കൂട്ടംകൂടി നിൽക്കുകയാണ്. നിയമനിർമ്മാണവു

മായി ബന്ധപ്പെട്ടുകൊണ്ട് ഇങ്ങനെയാണ് നമ്മുടെ നാടിനെ കാണേണ്ടത്. നിയമനിർമ്മാണമാണല്ലോ നടക്കുന്നത്.

മി. സ്പീക്കർ: ദയവുചെയ്ത് നിങ്ങൾ ചർച്ചയിൽ പങ്കെടുക്കണമെന്നില്ല, ഭേദഗതികൾ അവതരിപ്പിക്കണമെന്നില്ല, പക്ഷെ പറയുന്ന ആളുകളോട് നിങ്ങൾക്കുള്ള പ്രത്യേക വികാരമെന്താണെന്ന് എനിക്കറിയാം. അതുകൊണ്ട് വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. മിനിസ്റ്റർ, ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഈ ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതു പോലെ ഐ.റ്റി., ബി.റ്റി. – യിൽ നിന്ന് അംഗങ്ങൾ ആരും പാടില്ലെന്ന് ഇതിൽ പറഞ്ഞിട്ടില്ല. ആറ് അംഗങ്ങളിൽ ഐ.റ്റി., ബി.റ്റി. – യിൽ നിന്നുള്ളവരുമാകാം. അവർ മാത്രമേ ആകാൻ പാടുള്ളൂ എന്നുള്ളതുമാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. ഐ.റ്റി., ബി.റ്റി. – യിൽ നിന്ന് ആളുകളെ നിയമിക്കുന്നതിന് കുഴപ്പമൊന്നുമില്ല. അതുപോലെതന്നെ, 'during the pleasure of the Chancellor' എന്നു പറഞ്ഞത് കാലാവധിക്കുള്ളിലുള്ള കാര്യത്തിനാണ്. സെനറ്റിന്റെ കാലാവധിവരെ മാത്രമേ ഈ നോമിനേറ്റഡ് മെമ്പർമാർ തുടരുകയുള്ളൂ. കാലാവധിക്കുള്ളിൽ എന്തെങ്കിലും പ്രശ്നങ്ങൾ വന്നാൽ അവരെ ഒഴിവാക്കാൻ വേണ്ടിയാണ് അങ്ങനെയൊരു കോളം ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: 'during the pleasure of the Chancellor' എന്നു പറഞ്ഞാൽ അവരുടെ തൃപ്തികാലം വരെ ഇരിക്കാമെന്നാണ് അർത്ഥമായി വരുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എന്തെങ്കിലും പരാതികൾ വന്നാൽ അതിനുവേണ്ടിയുള്ള ഒരു ക്ലോസ്സാണ് അത്.

ശ്രീ. ആർ. രാജേഷ്: സർ, അങ്ങനെയാണെങ്കിൽ കാലിക്കറ്റ് വി.സി.ക്കെതിരെ പ്രതികരിക്കുന്ന ഒരു സെനറ്റ് അംഗത്തെ മാറ്റാൻ സാധിക്കുമോ? അങ്ങനെ തീരുമാനിച്ച് മാറ്റുന്നത് ശരിയാണോ? ജനാധിപത്യത്തെ കശാപ്പു ചെയ്യുകയാണ്.

മി. സ്പീക്കർ: അങ്ങനെയൊന്നും മിനിസ്റ്റർ പറഞ്ഞില്ലല്ലോ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ്: ശ്രീ. ആർ. രാജേഷ്, സെനറ്റ് മെമ്പറെ മാറ്റാൻ വൈസ് ചാൻസിലർക്ക് അധികാരമില്ല.

മി. സ്പീക്കർ: ആരുടെയെങ്കിലും ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എന്റെ 144-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

**അനുകൂലിക്കുന്നവർ: 47**

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ

3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. ഹംസ
17. ശ്രീ. ജെയിംസ് മാത്യു
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോസ് തെറ്റയിൽ
22. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
23. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
24. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

26. ശ്രീമതി കെ. കെ. ലതിക

27. ശ്രീ. മാത്യു റ്റി. തോമസ്

28. ശ്രീ. സി. കെ. നാണു

29. ശ്രീ. കെ. കെ. നാരായണൻ

30. ശ്രീ. എ. പ്രദീപ്കുമാർ

31. ശ്രീ. പുരുഷൻ കടലുണ്ടി

32. ശ്രീ. കെ. രാധാകൃഷ്ണൻ

33. ശ്രീ. ആർ. രാജേഷ്

34. ശ്രീ. റ്റി. വി. രാജേഷ്

35. ശ്രീ. കെ. രാജു

36. പ്രൊഫ. സി. രവീന്ദ്രനാഥ്

37. ശ്രീ. സാജു പോൾ

38. ശ്രീമതി കെ. എസ്. സലീഖ

39. ശ്രീ. എസ്. ശർമ്മ

40. ശ്രീ. വി. ശശി

41. ശ്രീ. ബി. സത്യൻ

42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

43. ശ്രീ. ജി. സുധാകരൻ

44. ശ്രീ. വി. എസ്. സുനിൽകുമാർ

45. ശ്രീ. കെ. സുരേഷ് കുറുപ്പ്

46. ശ്രീ. ഇ. കെ. വിജയൻ

47. ശ്രീ. കെ. വി. വിജയദാസ്

<u>**പ്രതികൂലിക്കുന്നവർ: 68**</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ

21. ശ്രീ. എ. റ്റി. ജോർജ്

22. ശ്രീ. പി. സി. ജോർജ്

23. ശ്രീ. ഹൈബി ഈഡൻ

24. ശ്രീമതി പി. കെ. ജയലക്ഷ്മി

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. സി. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. കോവൂർ കുഞ്ഞുമോൻ

33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. സി. മോയിൻകുട്ടി

39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. സി. പി. മുഹമ്മദ്

41. ശ്രീ. ആര്യാടൻ മുഹമ്മദ്

42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ

45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

46. ശ്രീ. ഉമ്മൻ ചാണ്ടി

47. ശ്രീ. അടൂർ പ്രകാശ്

48. ശ്രീ. റ്റി. എൻ. പ്രതാപൻ

49. ശ്രീ. രമേശ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. റോഷി അഗസ്റ്റിൻ

52. ശ്രീ. വി. പി. സജീന്ദ്രൻ

53. ശ്രീ. വി. ഡി സതീശൻ

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദീൻ

57. ശ്രീ. ആർ. സെൽവരാജ്

58. ശ്രീ. ഷിബു ബേബി ജോൺ

59. ശ്രീ. കെ. ശിവദാസൻ നായർ

60. ശ്രീ. വി. എസ്. ശിവകുമാർ

61. ശ്രീ. സണ്ണി ജോസഫ്

62. ശ്രീ. സി. എഫ്. തോമസ്

63. ശ്രീ. തോമസ് ഉണ്ണിയാടൻ

64. ശ്രീ. പി. ഉബൈദുള്ള

65. ശ്രീ. എം. ഉമ്മർ

66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

67. ശ്രീ. എം. എ. വാഹീദ്

68. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ: 47

പ്രതികൂലിക്കുന്നവർ: 68

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിച്ച 124, 129, 135, 142, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിച്ച 136, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 137–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 146–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.................

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Smt. K. S. Saleekha: Sir, I move the following amendments.

147. Delete clause 4(a).

150. In section 11(4) of the Mahatma Gandhi University Act, 1985 proposed to be substituted by clause 4(a), delete the words “and shall be eligible for the re-appointment”.

154. In Section 78 of the Mahatma Gandhi University Act, 1985 proposed to be substituted by clause 4(b) for the words “teaching and non-teaching posts” substitute the words “each and every posts”.

Shri. K. Kunhammad Master: Sir, I move the following amendment.

148._In section 11(4) of the Mahatma Gandhi University Act, 1985 proposed to be substituted by clause 4(a), for the words "shall hold" substitute the words, "is entitled to hold".

Shri. K. Suresh Kurup: Sir, I move the following amendment.

149. In section 11(4) of the Mahatma Gandhi University Act, 1985 proposed to be substituted by clause 4(a) for the words "he enters upon his" substitute the words "he or she enters upon his or her".

Shri. M. Ummer: Sir, I move the following amendment.

151._In section 78 of the Mahatma Gandhi University Act, 1985 proposed to be substituted by clause 4(b), after the words "In making appointments" insert the words "by direct recruitment".

Shri. James Mathew : Sir, I move the following amendment.

156. In Section 78 of the Mahatma Gandhi University Act, 1985 proposed to be substituted by clause 4(b), for the figures Symbols and words "17 and 17A" Substitute the figures symbols and words 17, 17A, 17B and 17C".

<u>മി. സ്പീക്കർ:</u> 153 –ാം നമ്പർ ഭേദഗതി 152–നും 160 –ാം നമ്പർ ഭേദഗതി 159–നും തുല്യം. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അങ്ങയുടെ 153–ാം നമ്പർ ഭേദഗതി സമാന സ്വഭാവമുള്ളവയായതിനാൽ അവതരിപ്പിക്കേണ്ടതില്ല. വേണമെങ്കിൽ അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:</u> സംസാരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: അവതരിപ്പിക്കപ്പെട്ട ഭേദഗതികൾ ആരെങ്കിലും പ്രസ് ചെയ്യുന്നുണ്ടോ?

(പ്രസ് ചെയ്യുന്നില്ല)

ശ്രീമതി കെ. എസ്. സലീഖ അവതരിച്ച 147, 150, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞമത് മാസ്റ്റർ അവതരിപ്പിച്ച 148–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 149–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 151–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 156–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri. M. Ummer : Sir, I move the following amendment.

161. In section 32 of the Sree Sankaracharya University of Sanskrit Act, 1994, proposed to be substituted by clause 5, after the words "In making appointments" insert the words "by direct recruitment".

Shri. C. Mammutty: Sir, I move the following amendment.

162. In section 32 of the Sree Sankaracharya University of Sanskrit Act, 1994, proposed to be substituted by clause 5, after the word "appointments" the words "other than the appointments by promotion" shall be added.

Shri. A. Pradeepkumar : Sir, I move the following amendment.

164. In section 32 of the Sree Sankaracharya University of Sanskrit Act, 1994, proposed to be substituted by clause 5, for the words

figure and symbols "observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958 as amended from time to time, and communal rotation shall be followed category-wise" substitute the words, "observe the relevant rules in KS&SSR regarding reservation, community – wise rotation, special recruitment and connected matters. The community - wise rotation for each category shall be determined".

Smt. K.S. Saleekha: Sir, I move the following amendment.

166. In Section 32 of the Sree Sankaracharya University of Sanskrit Act 1994, proposed to be substituted by clause 5, for the words "teaching and non-teaching posts" substitute the words "each and every posts".

Shri. Purushan Kadalundi: Sir, I move the following amendment.

167. In Section 32 of the Sree Sankaracharya University of Sanskrit Act 1994, proposed to be substituted by clause 5, for the words and figures "17 and 17A", substitute the words and figures "17, 17A, 17B and 17C".

Shri. N. Samsudheen: Sir, I move the following amendment.

168. In Section 32 of the Sree Sankaracharya University of Sanskrit Act 1994, proposed to be substituted by clause 5, insert the following proviso namely:-

"Provided that three percent of the posts in addition to the above shall also be reserved for differently abled persons".

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീറിന്റെ 163-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ളയുടെ 169-ാം നമ്പർ ഭേദഗതിയും സമാന സ്വഭാവമുള്ള വയായതിനാൽ അവതരിപ്പിക്കേണ്ടതില്ല, വേണമെങ്കിൽ സംസാരിക്കാവുന്ന താണ്.

(അംഗങ്ങളാരും സംസാരിച്ചില്ല.)

മി. സ്പീക്കർ: മിനിസ്റ്റർ, ഭേദഗതികൾ സ്വീകാര്യമാണോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഭേദഗ തികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമ തിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാ കരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 166–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 167–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 168–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.................

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6–ാം വകുപ്പ്

Shri. M. Ummer: Sir, I move the following amendment.

170. In section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6 after the words “In making appointments” insert the words “by direct recruitment”.

Shri. K.N.A. Khader: Sir, I move the following amendment.

171. In section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6 after

the word "appointments" the following shall be inserted "other than the appointments by promotion".

Smt. K.S. Saleekha: Sir, I move the following amendment.

172. In section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6 for the words "teaching and non-teaching posts" substitute the words "each and every posts".

Shri. R. Rajesh: Sir, I move the following amendment.

173. In section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6, for the words, figures and symbols "observe the provisions of clauses (a), (b) and (c) of rule 14 and the provisions of rules 15, 16, 17 and 17A of the Kerala State and Subordinate Services Rules, 1958, as amended from time to time and communal rotation shall be followed category-wise" substitute the words, "observe the relevant rules in KS&SSR regarding reservation, community-wise rotation, special

recruitments and connected matters. The community-wise rotation for each category shall be determined".

Shri. Saju Paul: Sir, I move the following amendments.

175. In Section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6, for the words and figures "17 and 17A" substitute the words and figures "17, 17A, 17B and 17C".

177. Retain the existing proviso to Section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6(3).

Shri. T.A. Ahammed Kabeer: Sir, I move the following amendment.

178. In Section 4(3) of the National University of Advanced Legal Studies Act, 2005 proposed to be substituted by clause 6, insert the following proviso namely:-

"Provided that three percent of the posts in addition to the above shall also be reserved for differently abled persons".

മി. സ്പീക്കർ : 179–ാം നമ്പർ ഭേദഗതി 172-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. ഉമ്മർ അവതരിപ്പിച്ച 170–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 171–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 172–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 173–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 175, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.................

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7–ാം വകുപ്പ്

Shri. Kodiyeri Balakrishnan: Sir, I move the following amendment.

186. Clause 7 shall be recast as follows:

"7. The then members in office on the date of commencement of Calicut University (Amendment) Ordinance 2013 (48 of 2013) nominated under item (5) under the heading "Other Members" of Section 17 of the Calicut University Act 1975, shall be reinstated to their office forthwith".

സർ, ഈ ഭേദഗതി അംഗീകരിക്കുന്നതിൽ മന്ത്രിക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന് തോന്നുന്നില്ല. സാങ്കേതികമായിട്ടുള്ളൊരു പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഒന്നും അംഗീകരിക്കാൻ പാടില്ലായെന്ന തീരുമാനമെടുത്തുവന്ന സ്ഥിതിക്ക് ഇതും അംഗീകരിക്കില്ല. അംഗീകരിക്കുന്നില്ല എന്ന ഒരുത്തരം മാത്രമേ മന്ത്രി പറയുന്നുള്ളൂ, എന്തുകൊണ്ട് അംഗീകരിക്കുന്നില്ല എന്നുപോലും സഭയിൽ പറയുന്നില്ല. സാങ്കേതികമായിട്ടുള്ളൊരു പ്രശ്നമായതുകൊണ്ട് ഇത് പരിശോധിച്ച് നിയമവകുപ്പുമായി ആലോചിച്ച് ഉൾപ്പെടുത്തേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: 180, 181, 182, 183, 184, 185 എന്നീ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ള വകയിൽ ക്രമാനുസൃതമല്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 186–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..................

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**8–ാം വകുപ്പ്**

Shri. B. Satyan: Sir, I move the following amendment.

187. In clause 8(2), for the words “and the Calicut University Act, 1975” substitute the words “and anything done under the Calicut University Act, 1975 except termination of then Senate Members”.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. സത്യൻ അവതിരപ്പിച്ച 187–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..................

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-–ാം വകുപ്പും പീഠികയും പേരും**

മി.സ്പീക്കർ: മിനിസ്റ്റർ, അങ്ങേയ്ക്ക് 107-ാം നമ്പർ ഒഫിഷ്യൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, ഞാൻ താഴെപ്പറയുന്ന 107-ാം നമ്പർ ഒഫിഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

In sub-clause (1) of clause 1, for the word " Amendment" the words "Second Amendment" shall be substituted.

മി. സ്പീക്കർ : 108-ാം നമ്പർ ഭേദഗതി 107-നും 109-ാം നമ്പർ ഭേദഗതി 182 -നും തുല്യമായതിനാൽ ക്രമാനുസൃതമല്ല.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന് പ്രശ്നം സഭ അംഗീകിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u> : 2014–ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**<u>അനുകൂലിക്കുന്നവർ</u>: 67**

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ടി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം

16. ശ്രീ. പി. കെ. ബഷീർ

17. ശ്രീ. ബെന്നി ബെഹനാൻ

18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീ. കെ. ബി. ഗണേഷ് കുമാർ

21. ശ്രീ. എ. റ്റി. ജോർജ്

22. ശ്രീ. പി. സി. ജോർജ്

23. ശ്രീ. ഹൈബി ഈഡൻ

24. ശ്രീമതി പി. കെ. ജയലക്ഷ്മി

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. സി. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. കെ. എൻ. എ. ഖാദർ

31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

32. ശ്രീ. റ്റി. യു. കുരുവിള

33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. മോൻസ് ജോസഫ്

39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. രമേശ് ചെന്നിത്തല
49. ശ്രീ. പാലോട് രവി
50. ശ്രീ. റോഷി അഗസ്റ്റിൻ
51. ശ്രീ. വി. പി. സജീന്ദ്രൻ
52. ശ്രീ. വി. ഡി സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദീൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. ഷിബു ബേബി ജോൺ
58. ശ്രീ. കെ. ശിവദാസൻ നായർ
59. ശ്രീ. വി. എസ്. ശിവകുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്

62. ശ്രീ. തോമസ് ഉണ്ണിയാടൻ

63. ശ്രീ. പി. ഉബൈദുള്ള

64. ശ്രീ. എം. ഉമ്മർ

65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

66. ശ്രീ. എം. എ. വാഹീദ്

67. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u> **48**

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി

15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. എം. ഹംസ

17. ശ്രീ. ജെയിംസ് മാത്യു

18. ഡോ. കെ. ടി. ജലീൽ

19. ശ്രീ. ജി. എസ്. ജയലാൽ

20. ശ്രീ. ഇ. പി. ജയരാജൻ

21. ശ്രീ. ജോസ് തെറ്റയിൽ

22. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

23. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

24. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

26. ശ്രീമതി കെ. കെ. ലതിക

27. ശ്രീ. മാത്യു റ്റി. തോമസ്

28. ശ്രീ. സി. കെ. നാണു

29. ശ്രീ. കെ. കെ. നാരായണൻ

30. ശ്രീ. എ. പ്രദീപ്കുമാർ

31. ശ്രീ. പുരുഷൻ കടലുണ്ടി

32. ശ്രീ. കെ. രാധാകൃഷ്ണൻ

33. ശ്രീ. ആർ. രാജേഷ്

34. ശ്രീ. റ്റി. വി. രാജേഷ്

35. ശ്രീ. കെ. രാജു

36. പ്രൊഫ. സി. രവീന്ദ്രനാഥ്

37. ശ്രീ. സാജു പോൾ
38. ശ്രീമതി കെ. എസ്. സലീഖ
39. ശ്രീ. എസ്. ശർമ്മ
40. ശ്രീ. വി. ശശി
41. ശ്രീ. ബി. സത്യൻ
42. ശ്രീ. വി. ശിവൻകുട്ടി
43. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
44. ശ്രീ. ജി. സുധാകരൻ
45. ശ്രീ. വി. എസ്. സുനിൽകുമാർ
46. ശ്രീ. കെ. സുരേഷ് കുറുപ്പ്
47. ശ്രീ. ഇ. കെ. വിജയൻ
48. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ – 67

പ്രതികൂലിക്കുന്നവർ – 48

നിഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 – ന് വിണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ മാസം 15–ാം തീയതി രാവിലെ 8.30– ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.28–ന് പിരിഞ്ഞു.)

***********